
# ആത്മാവിന്റെ നിറവിൽ -12

കേരള ലത്തീൻ കത്തോലിക്കാസഭയുടെ വിശ്വാസപരിശീലനപാഠാവലി



# ക്രിസ്തീയ സാക്ഷ്യം

# Atmavinte Niraivil- 12
# Christeeya Sakshyam

Published by
**Kerala Region Latin Catholic Bishops' Council**
Commission for Catechtics
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B.No. 620, U.C.College P.O., Aluva - 02
Phone : 0484 - 2603705

First Published (In Tamil)
**September , 2016**
**8th impression May, 2019**

Copy right
**KRLCBC**
Commission for Catechetis

Design & Layout
Deepa Babu

Printing

Distribution
**Secretary**
**KRLCBC, Commission for Catechesis**
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B.No. 620, U.C.College P.O., Aluva - 02
Phone : 0484 - 2603705

Imprimatur:
**Most Rev. Dr. Soosa Pakiam, Archbishop of Trivandrum**
**Most Rev. Dr. Francis Kallarakal, Archbishop of Verapoly**
**Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara**
**Rt. Rev. Dr. Varghese Chakkalakal, Bishop of Kannur**
**Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy**
**Rt. Rev. Dr. Stanley Roman, Bishop of Quilon**
**Rt. Rev. Dr. Joseph Kariyil, Bishop of Kochi**
**Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram**
**Rt. Rev. Dr. Selvister Ponnumuthan, Bishop of Punalur**
**Rt. Rev. Dr. Joseph Karikassery, Bishop of Kottapuram**
**Rt. Rev. Dr. Vincent Arackal, Administrator of Calicut**



# ആശംസ

നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15). യേശുവിന്റെ ഈ ആഹ്വാനം ശിരസ്സാവഹിച്ചുകൊണ്ട് സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുന്ന ശിഷ്യന്മാരുടെ സ്നേഹസമൂഹത്തിന്, ദൈവരാജ്യത്തിനു രൂപം കൊടുക്കുന്നതിൽ സഭ എന്നും വ്യാപൃതയാണ്. യേശുവിലൂടെ ദൈവത്തെ നിരന്തരം അറിയുകയും അനുഭവിക്കുകയും ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട്, സമാഗതമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായാണ് സഭ നിലകൊള്ളുന്നത്. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനയും മാത്രമല്ല, ആന്തരികവളർച്ചയും സർവോപരി, ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ എല്ലാക്കാലത്തും പ്രഥമശുശ്രൂഷയായി പരിഗണിക്കാൻ സഭയെ പ്രേരിപ്പിച്ചിട്ടുണ്ട്.

കാലത്തിന്റെ ചുവരെഴുത്തുകൾ സുവിശേഷവെളിച്ചത്തിൽ വായിച്ചുമനസ്സിലാക്കാൻ ആഹ്വാനംചെയ്ത വത്തിക്കാൻസൂനഹദോസ്, മതബോധനശുശ്രൂഷയ്ക്ക് പുത്തൻ ഉണർവും നൂതനരൂപഭാവങ്ങളും പകർന്നുനല്കി. ഈ ചൈതന്യമുൾക്കൊണ്ടുകൊണ്ട് അടുത്തകാലത്തു പ്രസിദ്ധീകരിച്ച കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശ്വാസപരിശീലനം സംബന്ധിച്ചിടത്തോളം ആധികാരിക സംശോധനസ്രോതസ്സായി നിലകൊള്ളുന്നു. സാർവത്രികസഭയുടെ ഈ ആധികാരികപഠനങ്ങളും പൊതുവായ മാർഗനിർദേശങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കൊത്ത് അനുരൂപപ്പെടുത്തേണ്ടത് ഓരോ പ്രാദേശികസഭയുടെയും കടമയാണ്. ഈ ദൗത്യമാണ് 'ആത്മാവിന്റെ നിറവിൽ' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന പാഠ്യപുസ്തകങ്ങളിലൂടെ കേരള ലത്തീൻകത്തോലിക്കാസഭ നിർവഹിക്കുന്നത്.

ഈ വിശ്വാസപരിശീലനപാഠാവലിയിൽ വിശ്വാസസത്യങ്ങളുടെ അവതാരണത്തോടൊപ്പം കേരള ലത്തീൻ കത്തോലിക്കാസഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമത്തിലെ പ്രത്യേകതകളും ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസവും ആഘോഷവും ജീവിതവും പ്രാർത്ഥനയും സമന്വയിപ്പിക്കുന്ന ഒരു സമീപനം ഉള്ളടക്കത്തിലും അവതാരണത്തിലും കാണുന്നുണ്ട്. ലളിതമായ ഭാഷയും കുട്ടികളെ ആകർഷിക്കുന്ന ആധുനിക ബോധനരീതികളും ശ്രദ്ധേയമാണ്. ഇത്രയേറെ മനോഹരമായ രീതിയിൽ, അങ്ങേയറ്റം വ്യക്തതയോടെ ഈ പാഠാവലി രൂപകല്പനചെയ്തു പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചനെയും സഹപ്രവർത്തകരെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുഞ്ഞുമക്കളെല്ലാവരും യേശുവിനെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും (ലൂക്കാ 2:52) വളരാൻ ഇടവരട്ടെ എന്ന് ആശംസിക്കുന്നു.

തിരുവനന്തപുരം
ജൂൺ 1, 2012

**ആർച്ച്ബിഷപ്പ് സൂസപാക്യം എം.**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി.
തിരുവനന്തപുരം



# സമർപ്പണം

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും മതബോധനംവഴി വിശ്വാസജീവിതത്തിൽ ആഴപ്പെടേണ്ടത് ആവശ്യമാണ്. പക്വമായ വിശ്വാസജീവിതത്തിനും ക്രൈസ്തവസാക്ഷ്യത്തിനും ഒരുവനെ ഒരുക്കുന്ന പ്രക്രിയ എന്ന നിലയിൽ മതബോധനം സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ്.

നാമാരും സ്വകാര്യവ്യക്തികളല്ല, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ്. ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ച് സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രചാരകരുമാകാനുള്ള നമ്മുടെ വിളിയും ദൗത്യവും നാം വിസ്മരിച്ചുകൂടാ. ക്രിസ്തുവിന്റെ മൗതികശരീരമായ സഭാംഗം എന്നനിലയിൽ സുവിശേഷമൂല്യങ്ങൾക്കനുസരിച്ചു ജീവിക്കാനും സമൂഹത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി വർത്തിക്കാനും നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു.

കേരള റീജിയൻ ലാറ്റിൻ കാത്തലിക് ബിഷപ്സ്കൗൺസിൽ മതബോധന കമ്മീഷൻ കഴിഞ്ഞ ചില വർഷങ്ങളിലായി 'ആത്മാവിന്റെ നിറവിൽ' എന്നപേരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പാഠപുസ്തകങ്ങൾ വളർന്നുവരുന്ന തലമുറയിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുന്നതിൽ ഏറെ ഉപകാരപ്രദമാണ്. മതബോധനകമ്മീഷന്റെ ചെയർമാൻ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ഈ ചരിത്രദൗത്യത്തിൽ പങ്കുവഹിക്കുന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഒന്നുമുതൽ ആറുവരെയുള്ള പാഠ്യപുസ്തകങ്ങളുടെ രൂപീകരണത്തിനു നേതൃത്വംവഹിച്ച അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസപാക്യത്തിന് ഹൃദയംനിറഞ്ഞ നന്ദി. ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് നേതൃത്വം നല്കിയ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും ടീമംഗങ്ങൾക്കും എല്ലാവിധ ആശംസകളു നേരുന്നു. നവീകരിച്ച പുസ്തകങ്ങളുടെ പഠനംവഴി കേരള ലത്തീൻസഭയിലെ എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർഥികൾക്കും ക്രിസ്തുവിന്റെ ധീരസാക്ഷികളും സുവിശേഷപ്രചാരകരുമായി മാറാൻ കഴിയട്ടെ എന്ന പ്രാർഥനയോടെ 'ക്രിസ്തീയസാക്ഷ്യം' എന്ന പേരിലുള്ള പന്ത്രണ്ടാം ക്ലാസ്സിലെ ഈ പുസ്തകം സർവജനസമക്ഷം സമർപ്പിക്കുന്നു.

കൊച്ചി
ജൂൺ 1, 2012

**ബിഷപ്പ് ജോസഫ് കരിയിൽ**
ചെയർമാൻ, ബൈബിൾ - മതബോധന കമ്മീഷൻ
കെ.ആർ.എൽ.ബി.സി.
കൊച്ചി

# കൃതജ്ഞത

കേരള ലത്തീൻകത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലിയായ ആത്മാവിന്റെ നിറവിൽ എന്ന പരമ്പരയിലെ പന്ത്രണ്ടാമതു പുസ്തകമാണ് 'ക്രിസ്തീയസാക്ഷ്യം'.

ഈ കാലഘട്ടമുയർത്തുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ് യുവതലമുറയെ ക്രിസ്തുവിന്റെ സാക്ഷികളും സഭയിലെ വിശ്വസ്തമക്കളുമാക്കിത്തീർക്കാൻ സഹായകമാകുന്ന രീതിയിലാണ് ഈ പുസ്തകത്തിലെ ഏഴുപാഠങ്ങളും തയ്യാറാക്കിയിട്ടുള്ളത്. ബൈബിളും ക്രിസ്തീയ ജീവിതവും എന്ന ഒന്നാംപാഠം പതിനൊന്നാംക്ലാസ്സിലെ 'ബൈബിൾ ജീവന്റെ വചനം' എന്ന പാഠത്തിന്റെ തുടർച്ചയാണ്. ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു, പരിശുദ്ധാത്മാവും ക്രിസ്തീയസാക്ഷ്യവും എന്ന രണ്ടും മൂന്നും പാഠങ്ങൾ പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള തുടർപഠനങ്ങളാണ്. നാല്, അഞ്ച് പാഠങ്ങളിൽ ദൈവകല്പനകൾ: ക്രിസ്തീയ ജീവിതത്തിന്റെ മാർഗരേഖകൾ, മാനവസമൂഹം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. ആറാം പാഠത്തിൽ കലയുടെ ക്രിസ്തീയദർശനം എന്ന വിഷയവും ഏഴാംപാഠത്തിൽ മരണവും മരണാനന്തരജീവിതവും എന്ന വിഷയവും ഉൾപ്പെടുത്തിയിരിക്കുന്നു.

കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് എന്നും പ്രോത്സാഹനവും കരുത്തുമേകുന്ന KRLCBC പ്രസിഡണ്ട് അഭിവന്ദ്യ സൂസപാക്യം പിതാവിനും അഭിവന്ദ്യഫ്രാൻസിസ് കല്ലറക്കൽ പിതാവിനും ബൈബിൾ-മതബോധനകമ്മീഷൻ ചെയർമാൻ അഭിവന്ദ്യ കരിയിൽപിതാവിനും മറ്റെല്ലാ അഭിവന്ദ്യപിതാക്കന്മാർക്കും KRLCBC സെക്രട്ടറി റവ. ഫാ. ഫ്രാൻസിസ് സേവ്യറിനും ഹൃദയം നിറഞ്ഞനന്ദി. പുസ്തകരചനയിൽ സഹായിച്ച റവ. ഡോ. ജോയി പുത്തൻവീട്ടിൽ, റവ. ഡോ. ലോറൻസ് കുലാസ്, റവ. ഫാ. സെബാസ്റ്റ്യൻ ഇരിയങ്ങലത്ത് എന്നിവർക്കും പാഠപുസ്തകങ്ങളുടെ ഭാഷ പരിശോധിക്കുകയും ഗാനങ്ങൾ തയ്യാറാക്കുകയും പുസ്തകരചനയിൽ സഹായിക്കുകയും ചെയ്ത ഷെവ. ഡോ. പ്രാമുസ് പെരിഞ്ചേരിക്കും പ്രത്യേകം നന്ദിപറയുന്നു. ജിതിൻ സെബാസ്റ്റ്യൻ, അനീഷ് ആന്റണി, നിഖിൽ ജോർജ്, എമിൽ സ്റ്റാൻലി, ലേ ഔട്ടും ഗ്രാഫിക്സും നിർവഹിച്ച അനൂപ് ഉമ്മൻ (ടച്ച് സ്റ്റോൺ), സുരേഷ് ജനാർദ്ദനൻ എന്നിവർക്കും ഫോട്ടോഗ്രാഫിയിൽ സഹായിച്ച സോബിൻ (എക്സ്‌വിഷൻ), പ്രിന്റിംങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ് പ്രസ്സ് അംഗങ്ങൾ എന്നിവർക്കും നന്ദി.

വെണ്ണല
ജൂലൈ 1, 2012

**ഡോ. സ്റ്റാൻലി മാതിരപ്പള്ളി**
സെക്രട്ടറി, ബൈബിൾ-മതബോധന കമ്മീഷൻ
വെണ്ണല, കൊച്ചി

# ഉള്ളടക്കം


| | | |
|---|---|---|
| ബൈബിളും ക്രിസ്തീയജീവിതവും | – | 8–26 |
| ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു | – | 27–46 |
| പരിശുദ്ധാത്മാവും ക്രിസ്തീയസാക്ഷ്യവും | – | 47–69 |
| ദൈവകല്പനകൾ<br>ക്രിസ്തീയ സാക്ഷ്യത്തിന്റെ മാർഗരേഖകൾ | – | 70–100 |
| മാനവസമൂഹം | – | 101–120 |
| ക്രൈസ്തവകലാദർശനം | – | 121–145 |
| മരണവും മരണാനന്തരജീവിതവും | – | 146–169 |
| വിശുദ്ധ അൽഫോൺസ | – | 170–172 |

1




# ബൈബിളും ക്രിസ്തീയ ജീവിതവും



വചനം മാംസമായതാണ് ക്രിസ്തു. അതുകൊണ്ട് ക്രിസ്തുസ്നേഹിതരെല്ലാം വചനോപാസകരാണ്. ക്രിസ്തുസ്നേഹത്തിൽ പാവങ്ങൾക്കായി ജീവിതം സമർപ്പിച്ച മദർ തെരേസയും വചനോപാസകയായിരുന്നു. എന്റെ നാമത്തിൽ ഈ ശിശുവിനെ സ്വീകരിക്കുന്ന ഏവരും എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു (ലൂക്കാ 9,48) എന്ന ക്രിസ്തുവചനമാണ് മദർ തെരേസ യുടെ ജീവിതം ധന്യമാക്കിയത്. അതുപോലെ, ഭാരതത്തിന്റെ അപ്പസ്തോലനായ ഫ്രാൻസിസ് സേവ്യറിന് സ്വന്തം നാടും വീടും ഉപേക്ഷിച്ച് നമ്മുടെ മണ്ണിലേക്കു വരാൻ പ്രേരണ നല്കിയത് അന്യദേശത്തേക്കുപോകാൻ ദൈവം അബ്രാഹത്തെ പ്രേരിപ്പിച്ച ദൈവവചനഭാഗമാണ്. നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകുക (ഉത്പ. 12,1). ലൗകികതയിൽ മതിമറ ന്നുജീവിച്ച അഗസ്റ്റിന്റെ മാനസാന്തരത്തിനു വഴിതെളിച്ചത് (റോമാ. 13, 13-14) പൗലോസ് അപ്പസ്തോലന്റെ ഈ ആഹ്വാനമാണ്.

മേല്പറഞ്ഞ വിശുദ്ധരുടെജീവിതത്തിൽ നാം ദർശിച്ചതുപോലെ, ദൈവവചന മാണ് ക്രിസ്തീയജീവിതത്തിന്റെ ആധാരം. ദൈവവചനത്തെ നാം നോക്കിക്കാണു ന്നത് വചനംതന്നെയായ ക്രിസ്തുവിലൂടെയാണ്. ക്രിസ്തുവിലുള്ള ജീവിതം എന്നുപ റയുന്നതും വചനാധിഷ്ഠിതമായ ജീവിതം എന്നുപറയുന്നതും ഒന്നുതന്നെയാണ്. പഴ യനിയമത്തിൽ വെളിവാക്കപ്പെട്ടതും പുതിയനിയമത്തിൽ പൂർത്തീകരിക്കപ്പെട്ടതുമായ ദൈവവചനത്തിന്റെ പൂർണത നാം ക്രിസ്തുവിൽ കാണുന്നു.




## 1. പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ഐക്യം

ക്രിസ്തുവിൽ മനുഷ്യരക്ഷയ്ക്കായുള്ള ദൈവപുത്രന്റെ മനുഷ്യാവതാരം പഴയ നിയമത്തിൽ ദൈവം വെളിപ്പെടുത്തിയതും കാലത്തിന്റെതികവിൽ പൂർത്തീകരിക്കപ്പെട്ടതുമാണ്. മനുഷ്യാവതാരത്തിന്റെ കാര്യത്തിൽ മാത്രമല്ല, പുതിയനിയമകാലത്ത് ക്രിസ്തുവിൽ നിറവേറ്റപ്പെട്ട എല്ലാകാര്യങ്ങളുടെയും പ്രതിരൂപങ്ങൾ പഴയനിയമത്തിൽ നമുക്കു കണ്ടെത്താനാകും. അഥവാ പഴയ നിയമത്തിൽ പറയുന്നകാര്യങ്ങളുടെ പൂർത്തീകരണമാണ് പുതിയനിയമത്തിൽ നാം ദർശിക്കുന്നത്. വേറേവാക്കിൽ, ഉത്ഥിതനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ചാണ് നാം പഴയനിയമം വായിക്കേണ്ടത്. ക്രിസ്തീയവിശ്വാസത്തിൽ പഠിച്ചകാര്യങ്ങൾ നമുക്കോർക്കാം.

വിശുദ്ധഅഗസ്റ്റിന്റെ സൂക്തമനുസരിച്ച്, പുതിയത് പഴയതിൽ ഒളിഞ്ഞിരിക്കുന്നു. പഴയത് പുതിയതിനെ വ്യക്തമാക്കുന്നു. അതായത് പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞിരിക്കുന്നു. പഴയനിയമം പുതിയ നിയമത്തിൽ തെളിഞ്ഞുവരുന്നു.

### പ്രവർത്തനം 1

പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമങ്ങളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണമാണ് യേശു എന്നതിന് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽനിന്ന് അഞ്ച് ഉദാഹരണങ്ങൾ കണ്ടെത്തുക.

## 2. വിശുദ്ധഗ്രന്ഥം സഭാജീവിതത്തിൽ

ക്രിസ്തു ദൈവവചനത്തിന്റെ പൂർത്തീകരണമായതുകൊണ്ട് ക്രിസ്തുവിന്റെ മണവാട്ടിയായ സഭയ്ക്ക് താങ്ങായിരിക്കുന്നതും സഭാമക്കൾക്ക് ആദ്ധ്യാത്മികജീവിതത്തിന് കരുത്തായിരിക്കുന്നതും ദൈവവചനംതന്നെയാണ്. തിരുസഭ പഠിപ്പിക്കുന്നതുപോലെ, ക്രിസ്തീയവിശ്വാസികൾക്ക് വിശുദ്ധ ഗ്രന്ഥത്തിലേക്കുള്ളമാർഗം വിശാലമായി തുറന്നുകിടക്കുന്നു. ദൈവവചനം ആധാരമാക്കിയാണ് സഭയുടെ ദൈവശാസ്ത്രം രൂപപ്പെടുന്നതും വചനശുശ്രൂഷ നിറവേറ്റപ്പെടുന്നതും. അതായത്, അജപാലനപരമായപ്രഘോഷണം, മതബോധനം, ആരാധനക്രമം, കൂദാശകളുടെ പരികർമം തുടങ്ങിയ സഭാപ്രവർത്തനങ്ങളെല്ലാം ദൈവവചനത്തിലധിഷ്ഠിതമായാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള മഹത്തരമായ വിജ്ഞാനം സഭാമക്കളായ നാം ആർജിക്കേണ്ടതാണ്. കൂടെക്കൂടെയുള്ള വിശുദ്ധഗ്രന്ഥപാരായണമാണ് അതിനുള്ള പ്രധാന മാധ്യമം. വിശുദ്ധജെറോം നമ്മെ ആഹ്വാനം ചെയ്യുന്നതുപോലെ, വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്. 11,12 ക്ലാസ്സുകളിൽ വിശുദ്ധഗ്രന്ഥത്തിന്റെ വിശദമായപഠനം ഉൾപ്പെടുത്തിയിരിക്കുന്നതും അതുകൊണ്ടുതന്നെയാണ്.



### 3. 11-ാം ക്ലാസ്സിൽ പഠിച്ച കാര്യങ്ങൾ

- ദൈവമാണ് മനുഷ്യജീവന്റെ ഉറവിടം.
- ദൈവം സ്വയംപരിചയപ്പെടുത്തുന്ന വാക്കുകളും പ്രവൃത്തികളുമാണ് ബൈബിളിന്റെ ഉള്ളടക്കം
- ഈ വചനം ജീവൻ നല്കുന്നതും ഫലദായകവുമാണ്.
- ബൈബിൾ ജീവന്റെ വചനവും നിത്യജീവനിലേയ്ക്കുള്ള മാർഗവുമാണ്.
- ബൈബിൾ മനുഷ്യകുലചരിത്രത്തിൽ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലും ദൈവ-മനുഷ്യഉടമ്പടിയുമാണ്.
- ദൈവം സ്വയംവെളിപ്പെടുത്തുന്ന (ദൈവികവെളിപാടിന്റെ) പാരമ്പര്യം, ലിഖിതരൂപം എന്നീ രണ്ട് കൈവഴികളുടെ ലിഖിതരൂപമാണ് ബൈബിൾ.
- കൂടാതെ, ബൈബിളിന്റെ ഘടനയും പുസ്തകവിഭജനവും മനസ്സിലാക്കി.
- അതോടൊപ്പം, ലിഖിതരൂപമായ വചനഗ്രന്ഥം ഇന്നത്തെ രൂപത്തിൽ പരിണാമം പ്രാപിച്ചതിന്റെ ലഘുചരിത്രവും ബൈബിൾ, വചനം, ഉടമ്പടി എന്നീ വാക്കുകളുടെ ഉദ്ഭവവും ബൈബിളിന്റെ ദൈവനിവേശനം, അപ്രമാദിത്വം, കാനോനികത എന്നിവയും നാം പഠിച്ചു.

### 4. 12-ാം ക്ലാസ്സിൽ പഠിക്കാൻപോകുന്ന കാര്യങ്ങൾ

ബൈബിളും ക്രിസ്തീയജീവിതവും എന്ന ഈ അദ്ധ്യായത്തിൽ ബൈബിളിനെ സംബന്ധിച്ച് നാം തുടർന്നും പഠിക്കാൻപോകുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു:

- ബൈബിളിന്റെ രൂപവത്കരണചരിത്രം
- ബൈബിൾ വ്യാഖ്യാനം
- ബൈബിളിന്റെ വിവിധ അർത്ഥതലങ്ങൾ
- ബൈബിൾവ്യാഖ്യാനരീതികൾ
- ബൈബിളിന്റെ സാഹിത്യരൂപങ്ങൾ
- ബൈബിളിന്റെ “ദൈവികവായന”

### 5. ബൈബിളിന്റെ രൂപവത്കരണചരിത്രം

#### 1. രൂപവത്കരണകാലഘട്ടം

ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് ഇസ്രായേൽജനത്തെ കാനാൻ ദേശത്തേക്കു നയിച്ച മോശയ്ക്കും നാലാമത്തെ സുവിശേഷത്തിന്റെ രചയിതാവായ

യോഹന്നാൻ അപ്പസ്തോലനുമിടയ്ക്കുള്ള കാലഘട്ടത്തിലാണ് (ഏകദേശം ബി. സി.1300 എ.ഡി.100) ബൈബിളിലെ പുസ്തകങ്ങൾ രൂപംകൊണ്ടിട്ടുള്ളത്. അതായത്, 1400 വർഷങ്ങളോളം വ്യാപിച്ചുകിടക്കുന്ന ഒരു നീണ്ട കാലയളവാണ് ബൈബിൾരചന യുടെ കാലഘട്ടമായി കണക്കാക്കപ്പെടുന്നത്.

ബൈബിൾരചനയുടെ നീണ്ടകാലഘട്ടം എന്നു പറയുമ്പോൾ നാം മനസ്സിലാ ക്കേണ്ടത്, ബൈബിളിലെ ഓരോപുസ്തകവും സുദീർഘമായ പരിണാമപ്രക്രിയയി ലൂടെ കടന്നുവന്നുവെന്നാണ്.

### 2. ഗ്രന്ഥകർത്താക്കൾ

ബൈബിളിന്റെ ഗ്രന്ഥകർത്താവ് അടിസ്ഥാനപരമായി ദൈവം തന്നെയാണെന്നും (Divine Author) ബൈബിളിന്റെ അവതരണത്തിൽ മനുഷ്യകരങ്ങളുടെ പ്രവർത്ത നമുണ്ടെന്നും (Human author) നാം പഠിച്ചതാണല്ലോ. ബൈബിളിലെ പുസ്തകങ്ങൾ പൊതുവേ അവയെഴുതിയ ഗ്രന്ഥകർത്താക്കളുടെ പേരിൽത്തന്നെയാണ് അറിയപ്പെടു ന്നത്. എന്നാൽ, ചില ഗ്രന്ഥങ്ങൾ അവയുടെ കർത്താക്കളെന്നു പറയപ്പെടുന്നവരുടേ തല്ല. മറിച്ച്, ദൈവജനത്തിന്റെ ചരിത്രത്തിൽ നിർണായകപങ്കുവഹിച്ച വ്യക്തികളുടെ പേരിൽ ഭക്ത്യാദരപൂർവം അറിയപ്പെടുന്നതാണ്. ഉദാഹരണം, മോശയാണ് പഞ്ചഗ്ര ന്ഥിയുടെ കർത്താവെന്ന് പരമ്പരാഗതമായി വിശ്വസിച്ചിരുന്നെങ്കിലും ബൈബിൾ പണ്ഡിതന്മാർ ഈ ഗ്രന്ഥത്തിന്റെ രൂപവത്കരണത്തിന്റെപിന്നിൽ നിയമാവർത്തനഗ്ര ന്ഥകാരൻ (Deutronomist) ആണെന്ന് സ്ഥാപിച്ചിട്ടുണ്ട്.

### 3. വാമൊഴി, വരമൊഴി

വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കം ദീർഘകാലം വാചികപാരമ്പര്യമായി അഥവാ വാമൊഴിയിലൂടെ (Oral Tradition) പ്രചരിച്ചുപോന്നു. വാമൊഴിയായി പ്രചരി ക്കുന്നതിനിടെ അവയ്ക്ക് ചില നിയതരൂപങ്ങൾ കൈവരുകയുംചെയ്തു. ഇങ്ങനെ നിര വധിവർഷങ്ങൾ വാചികകൈമാറ്റം നടന്നശേഷമാണ് പലഗ്രന്ഥങ്ങൾക്കും ലിഖിതരൂപം ലഭിച്ചത്. ഇവയിൽ ആദ്യത്തെ ലിഖിതരൂപങ്ങൾ വീരകീർത്തനങ്ങളും (ballads) നിയ മസംഹിതകളും (law codes) ഇതിഹാസങ്ങളും (epic narratives) ഒക്കെയായിരുന്നു.

### 4. ലിഖിതരൂപവത്കരണം: പഴയനിയമം

പഞ്ചഗ്രന്ഥി (ഉത്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം)യിലെ ഏതാ നുംഭാഗങ്ങളാണ് ആദ്യമേ ലിഖിതരൂപത്തിലുണ്ടായിരുന്നത്. എങ്കിലും ബൈബിൾ ഇന്നു

കാണുന്നതുപോലെ പുർണരൂപത്തിലുള്ള പുസ്തകങ്ങളായി ആദ്യം പ്രത്യക്ഷപ്പെട്ടവ പ്രവാചകഗ്രന്ഥങ്ങളായിരുന്നു.

✸ ഏറ്റവും ആദ്യത്തേത് ബി.സി.750-നോടടുത്ത് വിരചിതമായ ആമോസിന്റെ പ്രവചനമാണ്.

✸ താമസിയാതെ ഹോസിയ, ഏശയ്യാ ഒന്നാംഭാഗം (1,39), മിക്ക എന്നീ പ്രവാചകഗ്രന്ഥങ്ങൾ 7-ാം നൂറ്റാണ്ടിൽ പുറത്തുവന്നു. ഇവയ്ക്കുപുറമേ നിയമാവർത്തനപുസ്തകം, സാമുവേൽ, ന്യായാധിപന്മാർ എന്നിവയും ഈ നൂറ്റാണ്ടിൽത്തന്നെ രചിക്കപ്പെട്ടു.

✸ 6-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടവയാണ് രാജാക്കന്മാർ, ഒബാദിയാ, എസെക്കിയേൽ, ഏശയ്യായുടെ രണ്ടാംഭാഗം (40-54), ഹഗ്ഗായി, സഖറിയാ, വിലാപങ്ങൾ എന്നിവ.

✸ പഞ്ചഗ്രന്ഥി ഇന്നുള്ളതുപോലെ പൂർണരൂപത്തിൽ വിരചിതമായത് 5-ാം നൂറ്റാണ്ടിലാണ്. ജോഷ്വാ, മലാക്കി, റൂത്ത്, ചില സങ്കീർത്തനങ്ങൾ എന്നിവയും ഈ കാലയളവിൽ പ്രത്യേക്ഷപ്പെട്ടു.

✸ 4-ാം നൂറ്റാണ്ടിന്റെ സംഭാവനയാണ് സുഭാഷിതങ്ങൾ, ജോബ്, മറ്റുചില സങ്കീർത്തനങ്ങൾ, പ്രവാചകഗ്രന്ഥങ്ങളായ ജോയേൽ, യോനാ എന്നിവ.

✸ ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹെമിയാ, സഭാപ്രസംഗകൻ, ഉത്തമഗീതം, ബാക്കിയുള്ള സങ്കീർത്തനങ്ങൾ എന്നിവ രണ്ടാംനൂറ്റാണ്ടിലും രചിക്കപ്പെട്ടു.

### 5. ലിഖിതരൂപവത്കരണം: പുതിയനിയമം

പെന്തക്കൊസ്തയ്ക്കും സുവിശേഷകനായ യോഹന്നാന്റെ മരണത്തിനും മുമ്പുള്ള ചുരുങ്ങിയ കാലഘട്ടത്തിൽത്തന്നെ പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും എഴുതപ്പെട്ടുകഴിഞ്ഞിരുന്നു. വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളാണ് പുതിയ നിയമത്തിലെ ആദ്യലിഖിതഗ്രന്ഥങ്ങൾ. അവയിൽ ഏറ്റവും ആദ്യത്തേത് തെസ്സലോണിയക്കാർക്കുള്ള ഒന്നാംലേഖനമാണ്. എ.ഡി. 51-ലാണ് ഇതു രചിക്കപ്പെട്ടത്. സുവിശേഷങ്ങളിൽ ആദ്യം രചിക്കപ്പെട്ടത് വിശുദ്ധ മർക്കോസിന്റെ സുവിശേഷമാണ്. അവസാനം രചിക്കപ്പെട്ട യോഹന്നാന്റെ കൃതികളാണ്. ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തിലാണ് അവയുടെ രചന.

## 6. അദ്ധ്യായങ്ങളുടെ രൂപവത്കരണം: പുതിയനിയമം

ആരംഭകാലത്ത് ബൈബിളിലെ പുസ്തകങ്ങളിൽ സങ്കീർത്തനങ്ങൾ ഒഴികെ, പ്രത്യേകിച്ച് വിഭജനങ്ങളൊന്നുമുണ്ടായിരുന്നില്ല. സങ്കീർത്തനങ്ങളിലെ വിഭജനത്തിനുകാരണം, ഓരോ സങ്കീർത്തനവും വേവ്വേറെ പദ്യങ്ങളായി നിലകൊണ്ടിരുന്നതും അവതരിപ്പിക്കപ്പെട്ടതുമാണ്. പുസ്തകങ്ങൾക്കുള്ളിൽത്തന്നെ വേർതിരുവുകൾ ഏർപ്പെടുത്തിത്തുടങ്ങിയത് ആദ്യമായി പുതിയ നിയമത്തിലാണ്.

i. മാർജിനിലെ കുറിപ്പുകൾ : രണ്ടാംനൂറ്റാണ്ടിൽ പുതിയ നിയമഗ്രന്ഥങ്ങളുടെ മാർജിനിൽ ആശയങ്ങൾ സൂചിപ്പിക്കുന്ന ചില കുറിപ്പുകൾ (Massorah Marginalis) രേഖപ്പെടുത്തിയത് തസിയാൻ (Tatian) ആണ്.

ii. ഖണ്ഡികകൾ: മറ്റു ചിലർ സുവിശേഷങ്ങളിൽ ഇടവിട്ട് ഖണ്ഡികകൾ തിരിച്ചെഴുതാൻ ശ്രമംതുടങ്ങി. ഇതിന് ഗ്രീക്കിൽ "തിത്ലോയ്" (titloi = title) എന്നാണ് പറഞ്ഞിരുന്നത്.

iii. തലക്കെട്ട്: അങ്ങനെയുള്ള പല ഖണ്ഡികകൾ ആശയത്തിന്റെ അടിസ്ഥാനത്തിലും മറ്റും കൂട്ടിച്ചേർത്ത് ഒരു തലക്കെട്ടുനല്കി യോജിപ്പിച്ചു. ഈ തലക്കെട്ടിന് "കെഫാലയോൻ" (Kephalaion = chapter) എന്നാണ് അവർ നല്കിയ ഗ്രീക്കുനാമം.

iv. അദ്ധ്യായങ്ങൾ: പുതിയനിയമഗ്രന്ഥങ്ങളിൽ ഇന്നുകാണുന്നപോലുള്ള അധ്യായങ്ങൾ തിരിച്ചത് 1216-ൽ സ്റ്റീഫൻ ലാങ്ടൺ ആണെന്നു പറയപ്പെടുന്നു. പാരീസ് സർവകലാശാലയിൽ പ്രൊഫസറായിരുന്ന അദ്ദേഹം പിന്നീട് കാന്റർബറി മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു.

v. വാക്യങ്ങൾ: പുതിയനിയമഗ്രന്ഥങ്ങൾ വീണ്ടും ചെറിയ ചെറിയഭാഗങ്ങളായി തിരിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടായി. "സ്റ്റിക്കോയി" (Stichoi = വരികൾ അഥവാ വാക്യങ്ങൾ) എന്നായിരുന്നു ഈ വിഭജനത്തിന്റെ പേര്. വായിക്കുമ്പോൾ നിറുത്തി നിറുത്തി അർത്ഥവത്തായി വായിക്കുന്നതിനു സഹായകമാകുന്ന അടയാളമായിരുന്നു അവ. ഇന്നു ബൈബിളിൽ കാണുന്ന വാക്യങ്ങളെക്കാൾ ചെറുതായിരുന്നു അവ. ഈ വിഭജനത്തിൽ പുതിയനിയമത്തിലെ ആകെ വാക്യങ്ങൾ (Stichoi) 19, 241 ആയിരുന്നു. എന്നാൽ 1550-ൽ റോബർട്ട് സ്റ്റീഫൻ അധ്യായങ്ങൾ കൂടുതൽ ദൈർഘ്യമുള്ളവാക്യങ്ങളായി തിരിച്ചു. അതനുസരിച്ച് പുതിയനിയമത്തിൽ 7959 വാക്യങ്ങളാണുള്ളത്. റോബർട്ട് സ്റ്റീഫന്റെ പുത്രൻ ഹെന്റി സ്റ്റീഫൻ പ്രസ്തുത വിഭജനത്തോടുകൂടിയ പുതിയനിയമം ആദ്യമായി ഗ്രീക്കുഭാഷയിൽ 1551-ൽ പ്രസിദ്ധീകരിച്ചു.

## 7. അദ്ധ്യായങ്ങളുടെ രൂപവത്കരണം: പഴയനിയമം

പഴയനിയമഗ്രന്ഥങ്ങളുടെ കാര്യത്തിൽ ബെൻ ആഷേർ (Ben Asher) 10-ാം നൂറ്റാണ്ടിൽ വിഭജനത്തിനുശ്രമിച്ചിരുന്നു. എന്നാൽ ഇന്നു കാണുന്നതുപോലെയുള്ള വിഭജനം നടത്തിയത് എ.ഡി. 1448-ൽ റബ്ബി നാഥാൻ (Rabbi Nathan) ആണ്. അത് 1524-ൽ ആദ്യമായി അച്ചടിപ്പിക്കുകയും ചെയ്തു. പഗ്നിനൂസ് (Pagninus) 1528-ൽ പ്രസിദ്ധീകരിച്ച ലത്തീൻ ബൈബിളിൽ ഈ രീതിയാണ് അവലംബിച്ചിരിക്കുന്നത്. അങ്ങനെ 16-ാം നൂറ്റാണ്ടുമുതൽ അദ്ധ്യായങ്ങളും വാക്യങ്ങളുമായിത്തിരിച്ച ബൈബിൾ ലഭ്യമായിത്തുടങ്ങി (മൂലഭാഷയനുസരിച്ച് ബൈബിളിൽ ആകെ 1189 അദ്ധ്യായങ്ങളും 31,173 വാക്യങ്ങളും 7,73,692 വാക്കുകളും 35,66,480 അക്ഷരങ്ങളുമുണ്ട്).

### പ്രവർത്തനം 2

പുതിയനിയമത്തിലെ ഓരോ പുസ്തകത്തിലും എത്ര അദ്ധ്യായങ്ങൾ വീതമുണ്ടെന്നു കണ്ടെത്തി മനഃപാഠമാക്കുക.

## 8. ബൈബിൾവ്യാഖ്യാനം (Interpretation of the Bible)

വിശുദ്ധഗ്രന്ഥത്തിൽ ദൈവം മനുഷ്യരോട് മാനുഷികരീതിയിൽ സംസാരിക്കുന്നു. ദൈവത്തിന്റെ വചനം മാനുഷിക ഭാഷയിലാണ് വെളിപ്പെടുത്തിയതെങ്കിലും അവ ശരിയാംവണ്ണം മനസ്സിലാക്കാൻ വ്യാഖ്യാനം കൂടിയേതീരൂ.

1. **വ്യാഖ്യാനത്തിലെ പരിമിതികൾ** : ശരിയായ ബൈബിൾ വ്യാഖ്യാനത്തിനു ശ്രമിക്കുമ്പോൾ രണ്ടു കാര്യങ്ങൾ നാം ഓർത്തിരിക്കണം. (i) മാനുഷിക ഗ്രന്ഥകാരന്മാർ (Human authors) യഥാർത്ഥത്തിൽ എന്തു വ്യക്തമാക്കാനാണ് ഉദ്ദേശിച്ചത് (ii) അവരുടെ വാക്കുകൾവഴി നമുക്കായി എന്ത് വെളിപ്പെടുത്താനാണ് ദൈവം തിരുവുള്ളമായത്? (Sensus plenior = fuller sense). ഇതത്ര എളുപ്പമല്ല. മാനുഷികഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന അർത്ഥം ഉൾക്കൊള്ളാൻ ബൈബിൾഗ്രന്ഥകാരന്റെ കാലഘട്ടം, അന്നത്തെ വിനിമയശൈലി, ഗ്രന്ഥകാരന്റെ സെമെറ്റിക്ചിന്താരീതി, പ്രതിപാദനരീതി എന്നിവ മനസ്സിലാക്കണം. ഇവ ഇന്നത്തേതിൽനിന്നു വളരെയേറെ വ്യത്യസ്തമായിരുന്നു. ബൈബിൾരചനയിൽ ദൈവവും മനുഷ്യനും പങ്കുചേർന്നിട്ടുണ്ടെന്നസത്യം ബൈബിൾവ്യാഖ്യാനശ്രമങ്ങൾ ഏറെ സങ്കീർണമാക്കുന്നു. ഇത് ദൈവം വെളിപ്പെടുത്താനുദ്ദേശിക്കുന്ന കാര്യം ഗ്രഹിക്കുന്നതിന് പ്രയാസം കൂടു

ന്നു. ബൈബിളിലെ പദപ്രയോഗങ്ങൾക്ക് ഇതരകാര്യങ്ങളിലെ പദപ്രയോഗങ്ങളിൽനിന്നുള്ള വ്യത്യസ്തമായ അർത്ഥം വ്യക്തമായി കണ്ടെത്തിയാൽ മാത്രമേ ഗ്രന്ഥകാരന്റെ ഉദ്ദേശ്യം കൃത്യമായി നിർണയിക്കാനും ഇന്നത്തെ ജീവിതവുമായി ബന്ധപ്പെടുന്ന വിശ്വാസസത്യങ്ങൾ കണ്ടെത്താനും കഴിയുകയുള്ളൂ. അതിനാൽ, ബൈബിൾവ്യാഖ്യാനത്തിന്റെ ശാസ്ത്രീയമായ രീതികൾ ഗ്രഹിക്കാതെ ബൈബിൾവ്യാഖ്യാനത്തിനു മുതിരുന്നത് ശരിയല്ല.

2. **ഹെർമന്യൂട്ടിക്സ് എന്ന പദം:** ശാസ്ത്രീയമായി ബൈബിൾ വ്യാഖ്യാനിക്കുന്നരീതിയെ (ബൈബിൾ വ്യാഖ്യാനശാസ്ത്രത്തെ) പരമ്പരാഗതമായി "ഹെർമന്യൂട്ടിക്സ്" (hermeneutics) എന്നാണു വിളിച്ചിരുന്നത്. ഇതിന് ആധാരമാക്കിയ ഹെർമെനെയാ (hermeneia) എന്ന ഗ്രീക്കുവാക്ക് "ഹെർമെസ്" എന്ന പേരിൽനിന്നാണ് ഉരുത്തിയിരുന്നത്. ജൂപ്പിറ്ററിന്റെ വ്യാഖ്യാതാവും ഗ്രീക്ക് ദേവന്മാരുടെ സന്ദേശവാഹകനുമായിരുന്നു ഹെർമെസ്.

3. **ശരിയായ വ്യാഖ്യാനത്തിനു ശ്രദ്ധിക്കേണ്ടവ, ബൈബിൾ വ്യാഖ്യാനത്തിനുപൊതുവേ ആവശ്യമായവ താഴെപ്പറയുന്നവയാണ്:**

   1. വിശുദ്ധഗ്രന്ഥം ദൈവവചനമാണെന്ന വിശ്വാസം.
   2. സാമാന്യബുദ്ധി; അതായത്, പൊതുവിൽ സ്വീകാര്യമായവയും അസ്വീകാര്യമായവയും തമ്മിൽ വേർതിരിച്ചറിയാനുള്ള കഴിവ്.
   3. ബൈബിളിന്റെ മൂലഭാഷകളെപ്പറ്റിയും ചരിത്ര-സാംസ്കാരിക-ഭൂമിശാസ്ത്രപശ്ചാത്തലത്തെപ്പറ്റിയുമുള്ള പരിജ്ഞാനം.
   4. ദൈവവചനത്തോടുള്ള വിധേയത്വവും തുറവിയും.
   5. ജീവിതവിശുദ്ധിയും, ഉദ്ദേശ്യശുദ്ധിയും

## 8. ബൈബിളിന്റെ വിവിധ അർത്ഥതലങ്ങൾ

ബൈബിൾ വ്യാഖ്യാനത്തിനുള്ള ശ്രമം ബൈബിൾ രൂപവത്കരിക്കപ്പെട്ട കാലം മുതല്ക്കേ ഉള്ളതാണ്. പ്രാചീനകാലങ്ങളിൽ പ്രധാനമായും രണ്ടുതരം അർത്ഥരീതികളാണ് വിശുദ്ധലിഖിതത്തിനു കല്പിച്ചുനല്കിയിരുന്നത്: വാച്യാർത്ഥവും (literal sense) ആദ്ധ്യാത്മികാർത്ഥവും (Spiritual sense).

## 1. വാച്യാർത്ഥം (literal sense)

വാച്യാർത്ഥം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പദങ്ങളുടെ പ്രഥമ അർത്ഥമാണ്, അടിസ്ഥാനപരമായ അർത്ഥം. വാക്കുകൾ സംവഹിക്കുന്നതും അതേസമയം ഗ്രന്ഥകാരൻ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതുമായ അർത്ഥം എന്ന് വാച്യാർത്ഥം നിർവചിക്കാം. പദങ്ങളുടെ വാച്യാർത്ഥവും ഗ്രന്ഥകാരൻ കല്പിക്കുന്ന അർത്ഥവും സാധാരണഗതിയിൽ ഒന്നുതന്നെയായിരിക്കും. എന്നാൽ, എല്ലായിടത്തും അങ്ങനെതന്നെ ആവണമെന്നില്ല. അതിനാൽ, വാച്യാർത്ഥംമാത്രമേ എപ്പോഴും കണക്കിലെടുക്കാവൂ എന്നു ശഠിക്കാൻ പാടില്ല. കാരണം, ആലങ്കാരികവും കാവ്യാത്മകവുമായ ശൈലി ഗ്രന്ഥകാരന്മാർ മിക്കപ്പോഴും സ്വീകരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം:

സ്നാപകയോഹന്നാൻ യേശുവിനെക്കുറിച്ച്, "ഇതാ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പറയുന്നു, (യോഹ 1,29). നാമിതിനെ വാച്യാർത്ഥത്തിൽ മാത്രമെടുത്ത് യേശുവിനെ ഒരു കുഞ്ഞാടായി പരിഗണിച്ചാൽ യേശുവിന്റെ സ്ഥിതി എന്താകും? അവിടന്ന് ഒരു മൃഗംമാത്രമായിരിക്കില്ലേ? (കാലത്തിന്റെ രക്ഷയ്ക്കായി ദൈവപദ്ധതിപ്രകാരം മനുഷ്യനാൽ ബലിയർപ്പിക്കപ്പെടേണ്ട ദൈവപുത്രനാണ് യേശു എന്നാണല്ലോ സ്നാപകയോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നത്). അതുകൊണ്ട് ഇവിടെ വാച്യാർത്ഥമല്ല ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതെന്നു വ്യക്തമാണല്ലോ. "ഞാൻ യഥാർത്ഥ മുന്തിരിവള്ളിയാണ്; എന്റെ പിതാവ് തോട്ടക്കാരനും" (യോഹ 15,1), "ഞാൻ ജീവന്റെ അപ്പമാകുന്നു" (യോഹ 6,48), "നീ പത്രോസ് ആകുന്നു (പത്രോസ്=പാറ) ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും" (മത്താ 16,18) എന്നിങ്ങനെയുള്ള തിരുവചനങ്ങൾ ശ്രദ്ധിക്കൂ. ഇവിടെയെല്ലാം വാച്യാർത്ഥമാണ് ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയാനാകില്ല.

ബൈബിൾഗ്രന്ഥകാരൻ വിവക്ഷിക്കുന്ന യഥാർത്ഥവാച്യാർത്ഥം കണ്ടെത്താൻ മറ്റു പല വിജ്ഞാനശാഖകളെക്കൂടി ആശ്രയിക്കേണ്ടിവരും. ഉദാഹരണം: ബൈബിളിന്റെ രൂപവത്കരണഘട്ടത്തിലെ ഭൂമിശാസ്ത്രം, പുരാവസ്തുവിജ്ഞാനീയം, പാഠനിരൂപണം, പശ്ചിമേഷ്യൻചരിത്രം, മൂലഭാഷകൾ, സാഹിത്യരൂപങ്ങൾ, സാംസ്കാരിക പശ്ചാത്തലം, അപ്പസ്തോല പിതാക്കന്മാരുടെ പ്രബോധനങ്ങൾ, സഭാപാരമ്പര്യം എന്നിവ. വിശുദ്ധഗ്രന്ഥത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നതും വാക്യവിശകലനത്തിൽനിന്ന് അനാവൃതമാകുന്നതുമായ അർത്ഥമാണ് വാച്യാർത്ഥം. വിശുദ്ധഗ്രന്ഥത്തിന്റെ മറ്റെല്ലാ അർത്ഥങ്ങളും വാച്യാർത്ഥത്തിൽ അധിഷ്ഠിതമാണ് (വിശുദ്ധ തോമസ് അക്വിനാസ്).

## 2. ആദ്ധ്യാത്മികാർത്ഥം (Spiritual sense)

ആദ്ധ്യാത്മികാർത്ഥം എന്നത് വിശുദ്ധഗ്രന്ഥത്തിലെ വാക്കുകൾക്കും അതീതമായി നില്ക്കുന്നതലമാണ്. ദൈവികപദ്ധതിയുടെ ഐക്യംനിമിത്തം വിശുദ്ധഗ്രന്ഥത്തിലെ വാക്കുകളും അവ പ്രതിപാദിക്കുന്ന യാഥാർത്ഥ്യങ്ങളും സംഭവങ്ങളുമെല്ലാം മനുഷ്യര ക്ഷയ്ക്കുള്ള അടയാളങ്ങളാണ്. ആധ്യാത്മികാർത്ഥത്തെ പ്രതീകാത്മകം (allegorical), ധാർമ്മികം (moral), സനാതനം (anagogical) എന്നിങ്ങനെ തിരിച്ചിരിക്കുന്നു.

i. പ്രതീകാത്മകാർത്ഥം (Allegorical sense) : പഴയനിയമകാലസംഭവങ്ങൾ ക്രിസ്തുവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാൻ ശ്രമിക്കുകയാണിവിടെ. ഉദാഹരണത്തിന്, ഇസ്രായേൽ ചെങ്കടൽ കടക്കുന്നത് ക്രിസ്തുവിന്റെ വിജ യത്തിന്റെയും തന്മൂലം ക്രിസ്തീയ മാമോദീസായുടെയും അടയാളമാണ് (ക ത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 117.1).

ii. ധാർമ്മികാർത്ഥം (Moral sense) : ബൈബിളിൽ വിവരിക്കുന്ന സംഭവങ്ങ ളെല്ലാം നല്ല ധാർമ്മികജീവിതത്തിലേക്കും അവയ്ക്കനുസൃതമായ പ്രവർത്ത നങ്ങളിലേക്കും നയിക്കാൻ സഹായിക്കാനുള്ളവയാണ്. പൗലോസ് അപ്പ സ്തോലൻ പറയുന്നതുപോലെ, അവ നമ്മുടെ ഉദ്ബോധനത്തിനുവേണ്ടി യാണ് (1 കോറി-10,11).

iii. സനാതനാർത്ഥം (Anagogical sense) : സനാതനർത്ഥം ഗ്രീക്കിലെ anagoge എന്ന പദത്തിൽ നിന്നുവരുന്നു. നയിക്കുന്നത് (leading) - എന്നാണിതി നർത്ഥം. വിശുദ്ധഗ്രന്ഥത്തിലെ വസ്തുതകളും സംഭവങ്ങളും ഈ ലോകജീ വിതവെളിച്ചത്തിൽ മനസ്സിലാക്കേണ്ടവയല്ല; മറിച്ച്, അവ വരാനിരിക്കുന്ന ലോകം മുന്നിൽകണ്ട് ഗ്രഹിക്കണം എന്നതാണ്. അതിനാൽ ഭൂമിയിലെ സഭ സ്വർഗീയ ജെറുസലേമിന്റെ പ്രതീകമാണ് (വെളി 21, 1-22,5).

എല്ലാ അർത്ഥതലങ്ങളുടെയും (വാച്യാർത്ഥം, പ്രതീകാത്മകാർത്ഥം, ധാർമ്മി കാർത്ഥം, സനാതനാർത്ഥം) സമന്വയത്തിലൂടെമാത്രമേ വിശുദ്ധലിഖിതത്തിന്റെ അർത്ഥ പൂർണത നമുക്ക് അളക്കാനാകൂ. ഈ നാല് അർത്ഥതലങ്ങളുടെയും പ്രാധാന്യം ഒരു മദ്ധ്യകാലപദ്യശകലത്തിൽ സംഗ്രഹിച്ചിട്ടുണ്ട്:

സംഭവങ്ങളെക്കുറിച്ചു സംസാരിക്കുന്നു അക്ഷരാർത്ഥം;
വിശ്വാസത്തിലേക്കാനയിക്കുന്നു പ്രതീകാത്മകാർത്ഥം;
എങ്ങനെ പ്രവർത്തിക്കണമെന്നു ചൊല്ലുന്നു ധാർമ്മികാർത്ഥം;
അന്ത്യമെന്തെന്നു ചൊല്ലുന്നു സനാതനാർത്ഥം.

**പ്രവർത്തനം 3**

ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ് (യോഹ 15,5) എന്ന ക്രിസ്തു വചനത്തിന്റെ വാച്യാർത്ഥം, പ്രതീകാത്മകാർത്ഥം, ധാർമ്മികാർത്ഥം, സനാതനാർത്ഥം എന്നിവ കണ്ടെത്തുക.

## 9. ബൈബിൾ വ്യാഖ്യാനരീതികൾ

ബൈബിൾ വ്യാഖ്യാനമേഖലയിൽ മുകളിൽ നാംകണ്ട കാര്യങ്ങൾ കൂടാതെ ശാസ്ത്രീയമായി ബൈബിൾ വ്യാഖ്യാനിക്കുന്നതിന് മറ്റുചില മേഖലകൾകൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. അവയിൽ ചിലത് അറിഞ്ഞിരിക്കുന്നതു നല്ലതാണ്.

1. അനുദിനം നാം ഉപയോഗിക്കുന്ന ബൈബിൾതർജ്ജിമകൾക്കപ്പുറമുള്ള മൂലഗ്രന്ഥങ്ങളുടെ പഠനം (Textual criticism) ഏറ്റവും വിശ്വസനീയമായ മൂലഗ്രന്ഥം (Genuine Text) കണ്ടെത്താൻ നമ്മെ സഹായിക്കും.
2. ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ ചരിത്രപരത (Historicity) കണ്ടെത്താൻ നമ്മെ സഹായിക്കുന്നതാണ് ചരിത്രവ്യാഖ്യാനരീതി.
3. വിശുദ്ധഗ്രന്ഥരചനയ്ക്ക് ആവശ്യമായ വിഷയങ്ങൾ (Materials) കണ്ടെത്താൻ ഗ്രന്ഥകർത്താക്കൾ അവലംബിച്ചിട്ടുള്ള വ്യത്യസ്ത ഉറവിടങ്ങളെക്കുറിച്ചുള്ള പഠനമാണ് ഉറവിടവ്യാഖ്യാനശാസ്ത്രം (Source Criticism)
4. വിശുദ്ധഗ്രന്ഥകർത്താക്കൾ അവരുടെ ഗ്രന്ഥങ്ങളിൽ പൊതുവായും മറ്റുവിവരണങ്ങളിലും ഉപയോഗിച്ചിട്ടുള്ള സാഹിത്യശാഖയെക്കുറിച്ചും (Literary Criticism) സാഹിത്യരൂപങ്ങളെക്കുറിച്ചു (Literary forms)മുള്ള സാഹിത്യവ്യാഖ്യാന ശാസ്ത്രം.
5. ബൈബിളിലെ ഓരോഗ്രന്ഥത്തിന്റെയും ഗ്രന്ഥകർത്താക്കൾ, മറ്റ് രചയിതാക്കൾ (Editors) ആരൊക്കെയാണെന്നറിയാൻ നമ്മെ സഹായിക്കുന്ന പഠനം (Redactional criticism)
6. നമ്മുടെ കൈവശമുള്ള ലിഖിതരൂപങ്ങൾ (Written text)ക്ക് അപ്പുറമുള്ള വാചികപാരമ്പര്യ (Oral tradition)ത്തെക്കുറിച്ചുള്ള പഠനം (traditional-Historical criticism).

7. ഓരോ പുസ്തകത്തിന്റെയും പൊതുവായഘടനയും അതിൽത്തന്നെയുള്ള വ്യത്യസ്തഘടനകളെയുംകുറിച്ചുള്ള പഠനം (Structural criticism).

8. ബൈബിളിലെ ഓരോ വചനവും വചനഭാഗവും പ്രത്യേകം പ്രത്യേകം നമുക്ക് വ്യാഖ്യാനിക്കാമെങ്കിലും ബൈബിൾ ഏകഗ്രന്ഥമായതിനാൽ അവയെ ബൈബിളിന്റെ പൊതുദർശനത്തിലൂടെ മനസ്സിലാക്കുന്ന പഠനം (Canonical criticism).

ആധുനികസഭാപ്രബോധനമനുസരിച്ച് ബൈബിൾവ്യാഖ്യാന മേഖലയിൽ വിശ്വാസികളവലംബിക്കേണ്ട ഏറ്റവും ഉദാത്തമായ രീതി അവസാനം പറഞ്ഞിരിക്കുന്നതാണ് കാനോനിക്കൽ വ്യാഖ്യാനപഠനം.

## 10. ബൈബിളിന്റെ സാഹിത്യരൂപങ്ങൾ (Literary Forms of the Bible)

ബൈബിൾ പഴയനിയമത്തിനും പുതിയനിയമത്തിനും വ്യത്യസ്ത സാഹിത്യരൂപങ്ങളുണ്ട്.

### 1. പഴയനിയമത്തിലെ സാഹിത്യരൂപങ്ങൾ:

- പഞ്ചഗ്രന്ഥി: നിയമങ്ങളെയും പ്രബോധനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവരണം.

- ചരിത്രഗ്രന്ഥങ്ങൾ : പ്രവാചകന്മാർ, ഗോത്രപിതാക്കന്മാർ, രാജാക്കന്മാർ എന്നിവരുടെ ജീവിതകഥകൾ

- സുഭാഷിതങ്ങൾ : സുഭാഷിതങ്ങൾ സൂക്തങ്ങളുടെയും പഴഞ്ചൊല്ലുകളുടെയും സമാഹാരമാണ്.

- കൂടാതെ, താത്ത്വികരചനകൾ (സഭാപ്രസംഗകൻ), ആത്മീയകീർത്തനങ്ങൾ (സങ്കീർത്തനങ്ങൾ), പ്രേമകാവ്യങ്ങൾ (ഉത്തമഗീതം), വിലാപകാവ്യം (വിലാപങ്ങളുടെ പുസ്തകം) എന്നീ സാഹിത്യരൂപങ്ങളും ബൈബിളിലുണ്ട്.

- ദൈവശാസ്ത്രബന്ധിയായ നാടകീയാവിഷ്കരണമാണ് ജോബിന്റെ പുസ്തകം.

- പ്രവാചകഗ്രന്ഥങ്ങളിലും ധാരാളം കാവ്യരൂപങ്ങൾ കാണുന്നുണ്ട്.

## 2. പുതിയനിയമത്തിലെ സാഹിത്യരൂപങ്ങൾ

- ✸ സുവിശേഷങ്ങൾ ചരിത്രങ്ങളാണ്. എന്നാൽ സാധാരണ അർത്ഥത്തിലുള്ള ചരിത്രമല്ല അവയിലുള്ളത്. യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും ഓർമ്മയിൽനിന്നു സംഭരിച്ച് പുനരാഖ്യാനംചെയ്ത് ക്രമവത്കരിച്ചിട്ടുള്ളതാണ് സുവിശേഷങ്ങൾ. വായനക്കാരെ യേശുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നതിനുവേണ്ടിയാണ് അവ വിരചിതമായിട്ടുള്ളത്. സുവിശേഷങ്ങൾ പൊതുവേ ചരിത്രഗ്രന്ഥങ്ങൾ എന്നു നാം പറയുമ്പോഴും അവയിൽത്തന്നെ വ്യത്യസ്ത സാഹിത്യരൂപങ്ങൾ ദർശിക്കാനാകും. ഉദാഹരണത്തിന്, യേശു പറഞ്ഞ ഉപമകൾ, യേശു പ്രവർത്തിച്ച അദ്ഭുതങ്ങൾ മുതലായവ.
- ✸ അപ്പസ്തോലപ്രവർത്തനങ്ങൾ: ഇതുമൊരു ചരിത്രപുസ്തകമാണ്. ലൂക്കായുടെ സുവിശേഷത്തിന്റെ തുടർച്ചയാണിത്. ഇതിൽ സഭയുടെ ഉദ്ഭവം, വളർച്ച, രക്തസാക്ഷിത്വം എന്നിവ വിവരിച്ചിരിക്കുന്നു.
- ✸ വെളിപാടുപുസ്തകം: യുഗാന്തസാഹിത്യം അഥവാ ഭവിഷ്യൽസൂചികാ സാഹിത്യരൂപമാണിതിലുള്ളത്. ഭൂമി, സ്വർഗം, നരകം എന്നിവയെപ്പറ്റിയുള്ള ചില ദർശനങ്ങൾ പ്രതീകങ്ങളായി വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിവിധഘട്ടങ്ങളിലൂടെ മുന്നേറുന്ന മാനവചരിത്രത്തിന്റെ അന്തരാർത്ഥത്തിലേക്ക് ഒരു ഉൾക്കാഴ്ച നല്കുന്നതാണ് വെളിപാടുപുസ്തകത്തിലെ പ്രതിപാദ്യം.
- ✸ പുതിയനിയമത്തിൽ ബാക്കിയുള്ള പുസ്തകങ്ങൾ ലേഖനങ്ങളാണ്. പൗലോസിന്റെയും മറ്റ് അപ്പസ്തോലന്മാരുടെയും കത്തുകളാണ് അവയിലുള്ളത്. ഹെബ്രായർക്കെഴുതിയ ലേഖനം ഉൾപ്പെടെ പൗലോസിന്റെപേരിൽ പരമ്പരാഗതമായി 14 ലേഖനങ്ങൾ കണക്കാക്കുന്നു. യാക്കോബിന്റെലേഖനം, യോഹന്നാന്റെ മൂന്ന് ലേഖനങ്ങൾ, പത്രോസിന്റെ രണ്ട് ലേഖനങ്ങൾ യൂദായുടെ ലേഖനം എന്നിങ്ങനെയുള്ള ഏഴ് സാർവത്രികലേഖനങ്ങളും ഉൾപ്പെടെ മൊത്തം ഇരുപത്തിയൊന്ന് പുസ്തകങ്ങളാണ് ലേഖനങ്ങളിൽപ്പെടുന്നത്.

### പ്രവർത്തനം 4

സമാന്തരസുവിശേഷങ്ങളിൽ (മത്തായി, മർക്കോസ്, ലൂക്കാ എന്നിവരുടേത്) ക്കാണുന്ന യേശുവിന്റെ ഉപമകൾ ഏതെല്ലാമെന്നും യോഹന്നാന്റെ സുവിശേഷത്തിൽ യേശു പ്രവർത്തിച്ച അദ്ഭുതങ്ങൾ ഏതെല്ലാമെന്നും കണ്ടെത്തി പട്ടിക തയ്യാറാക്കുക.

## 11. ബൈബിളിന്റെ "ദൈവികവായന" (Lectio Divina)

മനുഷ്യന്റെ വായനയ്ക്ക് വ്യത്യസ്തമായ തലങ്ങളുണ്ടെന്ന് നമുക്കറിയാം. ആസ്വാദനത്തിനായും അറിവിനുവേണ്ടിയും വിലയിരുത്തലിനു വേണ്ടിയുമൊക്കെ വായന ഉപയോഗപ്പെടുത്തുന്നു. പരമ്പരാഗതമായി എന്നാൽ ദൈവാനുഭവത്തിനായി ദാഹിക്കുന്ന മനുഷ്യഹൃദയത്തിന് ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായ വായനയുടെ ഒരു തലമുണ്ട്. വായന പ്രാർത്ഥനാനുഭവമാക്കി മാറ്റാൻ കഴിയുന്ന ഈ തലത്തെ "ദൈവികവായന" (Lectio Divina) എന്നു പേരുവിളിക്കുന്നു. ഇതിലൂടെ ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണം സാധ്യമാക്കാനാകും. വിശുദ്ധ അഗസ്റ്റിൻ പറയുന്നതുപോലെ, "നീ ബൈബിൾവായിക്കുമ്പോൾ ദൈവം നിന്നോടു സംസാരിക്കുന്നു. നീ പ്രാർത്ഥിക്കുമ്പോൾ നീ ദൈവത്തോടു സംസാരിക്കുന്നു. ദൈവികവായനയിൽ സംഭവിക്കുന്നത് ഈ രണ്ടു കാര്യങ്ങളുമാണ്: ദൈവം നമ്മോടു സംസാരിക്കുന്നു (വെളി); നാം ദൈവത്തോടു സംസാരിക്കുന്നു.

### 1. ദൈവികവായനയ്ക്ക് ഒരുക്കമായി ചെയ്യേണ്ടത്:

★ ആദ്യം ശാന്തമായ ഒരു സ്ഥലം കണ്ടെത്തുക.

★ ശാന്തമായ മനസ്സിനെ ഏകാന്തതയിലേക്കു നയിക്കുക.

★ കൊച്ചുകൊച്ച് പ്രാർത്ഥനകൾ ഉരുവിടുക. ഉദാഹരണത്തിന്, "കർത്താവായ യേശുവേ, പാപിയായ എന്നിൽ കനിയണമേ"; "പരിശുദ്ധാത്മാവാം ദൈവമേ എന്റെമേൽ എഴുന്നള്ളിവരണമേ"

★ ഈ ഏകാഗ്രതയിൽ ദൈവികവായനയിലേക്ക് പ്രവേശിക്കുക.

### 2. ദൈവികവായനയുടെ തലങ്ങൾ:

വിശുദ്ധഗ്രന്ഥത്തിന്റെ ദൈവികവായനയ്ക്ക് പൊതുവേ അഞ്ചുതലങ്ങൾ കണക്കാക്കപ്പെടുന്നു:

### 1. വായന (Lectio)

ദൈവികവായനയുടെ ഒന്നാമത്തെഘട്ടം ദൈവവചനവായനയാണ്. ബൈബിളിലെ ഏതെങ്കിലും വചനഭാഗം ദൈവികവായനയ്ക്കായി തിരഞ്ഞെടുക്കുന്നു. അല്പം സമയമെടുത്ത് വചനത്തിന്റെ ആത്മാവ് കണ്ടെത്തി വചനംതന്നെയായ യേശുവിലേക്കുള്ള നയിക്കപ്പെടലാവണം ഈ വായന. വായനാമദ്ധ്യേ ഏതെങ്കിലും ഒരു പദപ്രയോഗമോ, വാക്കോ ഹൃദയത്തെ സ്പർശിച്ചേക്കാം. അപ്രകാരം സ്പർശിക്കപ്പെട്ട വചനത്തിൽ ഞാൻ സ്വയം അലിഞ്ഞുചേരുന്നു.



## 2. ധ്യാനം (Meditatio)

വായിച്ച വചനഭാഗം ആഴമേറിയ ഒരു ചിന്തയ്ക്കായി ക്ഷണിക്കുന്നു. ഈ രണ്ടാം ഘട്ടത്തിലാണ് ചരിത്രത്തിന്റെ ഭാഗമായ വചനം ഇന്ന് എന്റെ ജീവിതത്തിൽ എന്നോട് എന്തു സംസാരിക്കുന്നു എന്നു മനനം ചെയ്യേണ്ടത്. ഹൃദയത്തിലാക്കപ്പെട്ട വചനം ആന്തരികമായ ഒരുചലനം എന്നിൽ സൃഷ്ടിക്കുന്നു. എന്റെ ജീവിതത്തിൽ എന്തു മാറ്റമാണ് ദൈവം ഇതിലൂടെ ആഗ്രഹിക്കുന്നതെന്ന് കണ്ടെത്താൻ ഞാൻ ആത്മാർത്ഥമായി ശ്രമിക്കുന്നു.

## 3. പ്രാർത്ഥന (Oratio)

വായിച്ച് ചിന്തയ്ക്കു വിധേയമാക്കിയ വചനത്തോടുള്ള എന്റെ പ്രത്യുത്തരമാണ് മൂന്നാംഘട്ടമായ പ്രാർത്ഥന. ഈ പ്രാർത്ഥന നൈസർഗികമാണ് (spontaneous). ഇത് ഹൃദയത്തിൽനിന്നുള്ള ഒഴുക്കാണ്; ഇത് തികച്ചും അനന്യമാണ് (unique). ഇപ്രകാരം ഒഴുകുന്ന പ്രാർത്ഥന ഏതുരൂപവും പ്രാപിക്കാവുന്നതാണ്. യാചന, മധ്യസ്ഥപ്രാർത്ഥന, കൃതജ്ഞത, സ്തുതി, ആരാധന എന്നിങ്ങനെ.

### 4. ധ്യാനാത്മകമായ ജീവിതം (Contemplatio)

ദൈവികവായനയുടെ നാലാംഘട്ടം ധ്യാനാത്മജീവിതമാണ്. ഇവിടെ ഞാൻ തികച്ചും നിഷ്ക്രിയനാണ് (passive). എന്നിൽ പ്രവർത്തിക്കുന്നത് ദൈവമാണ്. ദൈവം ലോകത്തെ വീക്ഷിക്കുന്നതുപോലെ, ദൈവത്തോടുചേർന്നുനിന്ന് ലോകത്തെ വീക്ഷിക്കാൻ എനിക്കു കഴിയുന്നു. മനസ്സിന്റെ നവീകരണംവഴി ക്രിസ്തുവിന്റെ മനസ്സോടു ചേരാൻ സമ്പൂർണ ധ്യാനാത്മകമായ ജീവിതം എന്നെ പ്രാപ്തനാക്കുകയുംചെയ്യുന്നു.

### 5. പ്രവൃത്തി (Actio)

ദൈവവുമായുള്ള ഒന്നാകലാണ് അഞ്ചാംഘട്ടത്തിലെ ധ്യാനാത്മകജീവിതം. ഈ ഒന്നാകലിൽ ധ്യാനവുംജീവിതവും രണ്ടായിനില്ക്കുന്നില്ല; മറിച്ച്, ജീവിതംതന്നെ ധ്യാനാത്മകമാകുന്നു. ഈ ഘട്ടത്തിൽ ദൈവത്തിൽനിന്നു സ്വീകരിച്ചസ്നേഹം സഹോദരങ്ങളുമായി പങ്കുവയ്ക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. അതായത് പ്രവൃത്തിയിൽ എത്തിച്ചേരുന്നതുവരെ ദൈവികവായന അവസാനിക്കുന്നില്ല.

ദൈവികവായനരീതി വ്യക്തിഗതജീവിതത്തിലും കുടുംബജീവിതത്തിലും കൂട്ടായ്മകളിലും പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്. അനുദിനജീവിതത്തിൽ ദൈവവചനവുമായി അടുത്തബന്ധമുണ്ടാകുന്നതിനും വചനാനുസൃതം നമ്മുടെ പ്രവൃത്തികൾ രൂപപ്പെടുത്തുന്നതിനും ദൈവികവായന നമ്മെ സഹായിക്കും.

### പ്രവർത്തനം 5

ക്ലാസ്സിലെ കുട്ടികളുടെ എണ്ണമനുസരിച്ച് ഗ്രൂപ്പ്തിരിഞ്ഞ് വിശുദ്ധ ലൂക്കായുടെ സുവിശേഷം 10-ാം അദ്ധ്യായം 25 മുതൽ 37 വരെയുള്ള വാക്യങ്ങൾ (നല്ല സമറിയാക്കാരന്റെ ഉപമ) ഉപയോഗിച്ച് ദൈവികവായന നടത്തുക.

### സംശയനിവാരണം

1. കത്തോലിക്കരായ നാം ബൈബിൾ വാങ്ങുമ്പോൾ പ്രത്യേകിച്ച് എന്തെങ്കിലും ശ്രദ്ധിക്കേണ്ടതുണ്ടോ?

കത്തോലിക്കരായ നാം ബൈബിൾ വാങ്ങുമ്പോൾ കത്തോലിക്കാ സഭയുടെ മേല്നോട്ടത്തിൽ പ്രസിദ്ധീകരിച്ചതാണെന്ന് ഉറപ്പുവരുത്തണം (ഉദാഹരണത്തിന്, മലയാളത്തിൽ പി.ഒ.സി പ്രസിദ്ധീകരിക്കുന്നതും, ഇംഗ്ലീഷാണെങ്കിൽ (Catholic Edition എന്ന് എഴുതിയിട്ടുള്ളതുമായിരിക്കണം). കാരണം സഭാപ്രബോധനങ്ങൾക്കും സഭയുടെ ദൈവശാസ്ത്രവീക്ഷണത്തിനും വിരുദ്ധമായി പ്രസിദ്ധീകരിക്കപ്പെടുന്ന

ബൈബിളും നിലവിലുണ്ട്. മാത്രമല്ല, കത്തോലിക്കാബൈബിളിൽ ആകെ 73 പുസ്തകങ്ങളുള്ളപ്പോൾ പ്രൊട്ടസ്റ്റന്റ് സഭയുൾപ്പെടെയുള്ള സഭകൾ പ്രസിദ്ധീകരിക്കുന്ന ബൈബിളിൽ 66 പുസ്തകങ്ങളേ ഉള്ളൂ.

2. കത്തോലിക്കർ ബൈബിളിന് അർഹമായ പ്രാധാന്യംനല്കുന്നില്ല എന്ന പ്രൊട്ടസ്റ്റന്റുകാരുടെ ആരോപണത്തിൽ എന്തെങ്കിലും കഴമ്പുണ്ടോ?

ക്രൈസ്തവവിശ്വാസജീവിതം നയിക്കുന്നതിന് ബൈബിൾ മാത്രം മതി (Sola Scriptura) എന്ന പ്രൊട്ടസ്റ്റന്റ് വാദം ശരിയല്ല. ആദിമ സഭാവിശ്വാസികളുടെ ക്രിസ്തീയജീവിതം വിശുദ്ധഗ്രന്ഥം എഴുതപ്പെടുന്നതിനു മുമ്പുള്ള ജീവിതമായിരുന്നല്ലോ. വിശുദ്ധഗ്രന്ഥവും പാരമ്പര്യവും ഉൾക്കൊള്ളുന്ന വിശ്വാസനിക്ഷേപം (Depositum Fidei) അപ്പസ്തോലന്മാർ കാത്തുസൂക്ഷിക്കുക മാത്രമല്ല ചെയ്തത്, സമസ്തസഭയ്ക്കുമായി കൈമാറ്റംചെയ്യുകയും ചെയ്തു. അപ്പസ്തോലികപാരമ്പര്യം പിൻതുടർന്ന് വിശുദ്ധഗ്രന്ഥത്തെയും സഭാപാരമ്പര്യത്തെയും നാം ഒന്നുപോലെ വിലമതിക്കുകയും ആദരിക്കുകയും വേണം. വിശുദ്ധഗ്രന്ഥത്തോടൊപ്പം കൂദാശകൾക്കും മറ്റ് സഭാപാരമ്പര്യങ്ങൾക്കും പ്രാധാന്യം കല്പിക്കുന്നത് അതുകൊണ്ടാണ്. പ്രൊട്ടസ്റ്റന്റ് വാദം തെറ്റായിത്തീരുന്നതിനുള്ള കാരണവും മറ്റൊന്നല്ല.

3. ബൈബിളിന് കൂദാശകളോളം പ്രാധാന്യംകല്പിക്കേണ്ടതുണ്ടോ?

ആദിമസഭയുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്രബിന്ദു പ്രാർത്ഥനയും അപ്പം മുറിക്കൽശുശ്രൂഷയും, കൂട്ടായ്മയുമായിരുന്നു. സുവിശേഷചൈതന്യമാണ് ഇതിനുപിന്നിലെ ചാലകശക്തിയായി നിലകൊണ്ടത്. മേല്പ്പറഞ്ഞ വിശ്വാസജീവിതത്തിന്റെ പാരമ്പര്യത്തിൽനിന്നാണ് വിശുദ്ധ ഗ്രന്ഥം രൂപപ്പെട്ടത്. അതുകൊണ്ട്, വിശുദ്ധഗ്രന്ഥം പാരമ്പര്യത്തിന്റെ സൃഷ്ടിയാണെന്നു പറയാം. ജീവന്റെ അപ്പമായ ക്രിസ്തു ദിവ്യകാരുണ്യത്തിലൂടെ നമ്മോടൊപ്പമായിരിക്കുന്നതുകൊണ്ടാണ് ആദിമ സഭയുടെ ചൈതന്യം പിൻതുടർന്ന് കൂട്ടായ്മയിലും പ്രാർത്ഥനയിലും അപ്പംമുറിക്കൽ ശുശ്രൂഷയിലുമൊക്കെ പങ്കുചേർന്ന് മുന്നോട്ടുപോകാൻ നമുക്കു സാധിക്കുന്നത്. അതുകൊണ്ട്, വിശുദ്ധഗ്രന്ഥത്തോളംതന്നെ കൗദാശിക ജീവിതത്തിനും പ്രാധാന്യമുണ്ട്. കൂദാശവചനം ദൃശ്യവത്കരിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുന്നു.

4. ബൈബിൾ ഉപയോഗിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്തൊക്കെയാണ്?

ബൈബിൾ ഏതെങ്കിലുമൊരു കാലഘട്ടത്തിലേക്കോ ഒരു പ്രത്യേക സമൂഹത്തിനുവേണ്ടി മാത്രമോ എഴുതപ്പെട്ടതല്ല. മറിച്ച്, എല്ലാ കാലത്തുമുള്ള എല്ലാ മനു

ഷ്യർക്കുംവേണ്ടി എഴുതപ്പെട്ടതാണ്. അതുകൊണ്ട് ദൈവം അനുദിനം ബൈബിളി ലൂടെ നമ്മോട് സംഭാഷിക്കുന്നു. ഈ തിരിച്ചറിവ് ബൈബിൾ ഉപയോഗിക്കുമ്പോഴെല്ലാം നമുക്കുണ്ടാകണം. അനാദരമായി ഉപയോഗിക്കുകയോ അലക്ഷ്യമായി വയ്ക്കുകയോ ചെയ്യരുത്. മാത്രമല്ല, ബൈബിളിൽ അനാവശ്യമായി കുത്തിവരയ്ക്കുകയോ മറ്റുരേഖ കൾ സൂക്ഷിക്കാനുള്ള ഇടമായി ഉപയോഗിക്കുകയോ ചെയ്യാൻപാടുള്ളതല്ല. അതീവ ഭക്തിയോടും ശ്രദ്ധയോടും വിശ്വാസത്തോടുംകൂടെ അനുദിനം ബൈബിൾ വായി ക്കുകയും, ധ്യാനിക്കുകയും ദൈവതിരുമനസ്സറിഞ്ഞ് ജീവിക്കുകയും വേണം.

5. ദിവ്യബലിയിൽ അപ്പത്തിന്റെ മേശ (Table of the Eucharist) വചനത്തിന്റെ മേശ (Table of the Word) എന്നിങ്ങനെ രണ്ട് പ്രധാന ശുശ്രൂഷകളുണ്ടെന്നു പറയു ന്നതിന്റെ അർത്ഥമെന്ത്?

എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ അനുഭവം വിശുദ്ധ ലൂക്കാ 24:13-35 -ൽ വിവരിച്ചിരിക്കുന്നത് നമുക്കറിയാമല്ലോ. ഉത്ഥിതനായ ക്രിസ്തു ഈ രണ്ടു ശിഷ്യ ന്മാരോടുമൊപ്പം നടന്ന് ദൈവവചനം വ്യാഖ്യാനിച്ചുനല്കി. ആ അനുഭവത്തെപ്പറ്റി പിന്നീട് അവർ പരസ്പരം പറഞ്ഞു: വഴിയിൽവച്ച് അവൻ വിശുദ്ധലിഖിതം വിശദീക രിച്ച് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ? (24,32). അവ രോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കുകൊടുത്തു. അപ്പോൾ അവരുടെ കണ്ണ് തുറക്കപ്പെട്ടു. അവർ അവനെ തിരി ച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽനിന്ന് അപ്രത്യക്ഷനായി (24,30.31). അനു ദിനബലിയിൽ പങ്കെടുക്കുമ്പോൾ നമുക്കുണ്ടാവുന്ന അനുഭവം ഇതുതന്നെയാണ്. ദിവ്യ ബലിയിലെ വചനംമുറിക്കൽശുശ്രൂഷയിൽ നമ്മുടെ ഹൃദയവും ദൈവവചനത്താൽ ജ്വലിക്കുന്നു. വചനംകേട്ട് ജ്വലിച്ച ഹൃദയത്തിലേക്ക് നോക്കുമ്പോൾ, അപ്പത്തിന്റെ രൂപ ത്തിൽ പ്രത്യക്ഷനാകുന്ന യേശുവിനെ തിരിച്ചറിയാൻ നമുക്കു കഴിയുന്നു. ദിവ്യകാരു ണ്യസ്വീകരണംവഴി അവൻ നമ്മിലേക്ക് അലിഞ്ഞൊന്നാവുകയും ചെയ്യുന്നു. അതു കൊണ്ട്, ദിവ്യബലിയിലെ വചനംമുറിക്കൽ ശുശ്രൂഷയിൽ പങ്കുചേരാതെ, അപ്പംമുറി ക്കൽശുശ്രൂഷയിൽ പങ്കുചേരാതെ കൂദാശാനുഭവം പൂർണമാകുന്നില്ല.

**2**



# ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു



ദൈവാന്വേഷണത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. തന്റെ ശക്തിക്കതീതമായ ഒരു ശക്തിയെക്കുറിച്ചുള്ള മനുഷ്യന്റെ തിരിച്ചറിവാണ് അവനെ മതാത്മകതയിലേക്കു നയിച്ചത്. വിവിധ വിശ്വാസങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും അവനത് അംഗീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്തുപോന്നു. എന്നാലും ദൈവാസ്തിത്വം ഇപ്പോഴും അനേകർക്ക് അന്വേഷണവിഷയമായി നിലകൊള്ളുന്നു. വേറെ ചിലർ ദൈവം ഇല്ല എന്നുപോലും പഠിപ്പിക്കുന്നു.

കത്തോലിക്കാവിശ്വാസപ്രഖ്യാപനം ആരംഭിക്കുന്നതുതന്നെ ദൈവത്തിലാണ്. കാരണം, അവിടന്നാണ് എല്ലാറ്റിന്റെയും ആദിയും അന്തവും.

"കർത്താവ് അരുൾചെയ്യുന്നു: ഞാൻ ആദിയും അന്തവുമാണ്. ഞാനല്ലാതെ മറ്റൊരു ദൈവമില്ല".

ഏശയ്യാ പ്രഖ്യാപിക്കുന്ന ഈ ഏകനും സർവശക്തനുമായ ദൈവം ഉണ്ട് എന്ന, സത്യത്തിലേക്ക് മനുഷ്യന് എത്തിച്ചേരാൻ രണ്ടു മാർഗങ്ങളുണ്ട്: യുക്തിയുടെ മാർഗവും വെളിപാടിന്റെ മാർഗവും.

## 1. ദൈവാസ്തിത്വവും യുക്തിയുടെ മാർഗവും

"ദൈവത്തെ അറിയാത്തവർ സ്വതേ ഭോഷരാണ്. ഗോചരമായ നന്മകളിൽനിന്ന് ഉൺമയായവനെ തിരിച്ചറിയാൻ അവർക്കുകഴിഞ്ഞില്ല. ശില്പങ്ങളിൽ ശ്രദ്ധപതിച്ച അവർ ശില്പിയെ തിരിച്ചറിഞ്ഞില്ല. അഗ്നി, വായു, കാറ്റ്, നക്ഷത്രവലയങ്ങൾ, ക്ഷോഭിച്ച സമുദ്രം, ആകാശതേജസ്സുകൾ ഇവ ലോകത്തെഭരിക്കുന്ന ദേവന്മാരായി അവർ കരുതി. അവിടത്തെ സൃഷ്ടികളുടെമദ്ധ്യേജീവിച്ച് അവർ അന്വേഷണംതുടരുകയാണ്. ദൃശ്യവസ്തുക്കൾ മനോഹരമാകയാൽ അവർ അതിൽ പ്രത്യാശയർപ്പിക്കുന്നു; എങ്കിലും അവർക്കു ന്യായീകരണമില്ല" (ജ്ഞാനം 13,1-2; 7-8).

### ദൈവം ഉണ്ടോ? യുക്തി എന്തുപറയുന്നു?

ദാഹവും പാനീയവും പരസ്പരപൂരകങ്ങളാണെന്നു പറയുംപോലെയാണ്, വിശപ്പും ഭക്ഷണവും. പ്രാണവായുവും ശ്വസനേന്ദ്രിയവും തമ്മിലുള്ള ബന്ധവും അപ്രകാരമുള്ളതുതന്നെ. ശ്വസനേന്ദ്രിയത്തിന് ശ്വാസത്തിനായുള്ള 'ദാഹം' പ്രാണവായുവിന്റെ അസ്തിത്വം (സാന്നിദ്ധ്യം) നിസ്സംശയം പ്രഖ്യാപിക്കുന്നു. വിശപ്പിന്റെ അനുഭവം അതു ശമിപ്പിക്കാൻ ഈ ലോകത്തിലെ എവിടെയോ ഉള്ള ഭക്ഷണത്തിന്റെ സാന്നിദ്ധ്യവും വിളിച്ചോതുന്നു. ജീവജാലങ്ങളുടെ ശാരീരികമായദാഹം, അതു ശമിപ്പിക്കുന്ന ജലത്തിന്റെ അസ്തിത്വം അടിവരയിട്ടുറപ്പിക്കുകയും ചെയ്യുന്നു. ശാരീരികജീവൻ നിലനിറുത്താനുള്ള ജീവജാലങ്ങളുടെയും മനുഷ്യന്റെയും വിശപ്പും ദാഹവും സംബന്ധിച്ച കാര്യങ്ങളാണ് ഇപ്പറഞ്ഞവ.

മനുഷ്യനിൽ ശാരീരികമായ വിശപ്പിനും ദാഹത്തിനുമുപരി മറ്റൊരു വിശപ്പും ദാഹവും ആദിമുതലേ ദൃശ്യമാണ്. അതായത്, നന്മയ്ക്കായും സത്യത്തിനായും യഥാർത്ഥനീതിക്കായും പരിശുദ്ധസ്നേഹത്തിനായും യഥാർത്ഥസംതൃപ്തിക്കായുമുള്ള നിലയ്ക്കാത്ത ഒരു ദാഹമാണത്. ശാരീരികദാഹത്തിന് ജലവും, ശാരീരികവിശപ്പിന് ഭക്ഷണവും ശ്വസനേന്ദ്രിയത്തിനു പ്രാണവായുവും ആരംഭംമുതലേ സത്യമായും ഉള്ളതുപോലെ, മനുഷ്യനിലുള്ള ആത്മീയദാഹത്തിനും അറുതിവരുത്തുന്ന, ആത്മീയസ്നേഹവും, ആത്മീയനന്മയും, യഥാർത്ഥനീതിയും ഉറപ്പുവരുത്തുന്ന യഥാർത്ഥ്യവും തീർച്ചയായും ഉണ്ട്. ആ യാഥാർത്ഥ്യത്തിന്റെ പേരാണ് ദൈവം.

ദൈവത്തിനുവേണ്ടിയുള്ള ദാഹം മനുഷ്യഹൃദയത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. കാരണം, മനുഷ്യൻ ദൈവത്താലും ദൈവത്തിനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടവനാണ്. തന്നിലേക്ക് മനുഷ്യനെ ആകർഷിക്കുന്നതിൽനിന്ന് ദൈവം ഒരിക്കലും വിരമിക്കുന്നില്ല; മനുഷ്യൻ നിരന്തരം അന്വേഷിക്കുന്ന സത്യവും സൗഭാഗ്യവും ദൈവത്തിൽ മാത്രമേ അവൻ കണ്ടെത്തുകയുള്ളൂ (CCC. 27).

**പ്രവർത്തനം 1**

ഡ്യൂപ്ലിക്കേറ്റുകളുടെ കാലമാണല്ലോ ഇത്. ഒരു നല്ല വാച്ച് കമ്പോളത്തിൽ ഇറങ്ങേണ്ടതാമസം അതിന്റെ ഡ്യൂപ്ലിക്കേറ്റുകൾ പലരും നിർമ്മിച്ചിറക്കിയിരിക്കും. കമ്പ്യൂട്ടർ, സെൽഫോൺ, പേന, ടി.വി. എന്നുവേണ്ടാ, എല്ലാറ്റിന്റെയും കാര്യങ്ങൾ ഇതുപോലെതന്നെയായിക്കഴിഞ്ഞു.

പക്ഷേ, ഡ്യൂപ്ലിക്കേറ്റിന്റെ നിർമ്മാണത്തിനുപിന്നിൽ കാരണക്കാരുണ്ട്. ഒറിജിനൽ ചുമ്മാ ഉണ്ടായതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അത് മഹാവിഡ്ഢിത്തമാവില്ലേ?

ചുവടേചേർക്കുന്ന ഉദാഹരണം ശ്രദ്ധിച്ച് അവയിലെ യുക്തിയും അതു ബോദ്ധ്യപ്പെടുത്തുന്ന സത്യവും ചർച്ചചെയ്തു തിരിച്ചറിയുക.

ശാസ്ത്രജ്ഞന്മാർ ചേർന്ന് നിലവിലുണ്ടായിരുന്ന ഒരു മൂലകോശം (Stem cell) ത്തിൽനിന്ന് ഡോളി എന്നു വിളിക്കുന്ന ഒരു ആടിന് ജന്മംനല്കി. (ഇല്ലായ്മിൽനിന്ന് ഒന്നുമുണ്ടാക്കാൻ ശാസ്ത്രജ്ഞന്മാർക്കാവില്ലല്ലോ!). മേല്പ്പറഞ്ഞ ആടിന്റെ ജന്മം ലോകമെമ്പാടും വാർത്തയായി. അതിന്റെ പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞന്മാരെ ലോകം പുകഴ്ത്തി.

'ഡോളി' ഒരു ഡ്യൂപ്ലിക്കേറ്റ് ആടാണെങ്കിലും അനേകരുടെ ബുദ്ധിയും പ്രയത്നവും പ്രാഗല്ഭ്യവും അതിന്റെ ജന്മത്തിനു പിന്നിലില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ, അത് വിഡ്ഢിത്തമാകില്ലേ? ഇതിൽനിന്നു തിരിച്ചറിയേണ്ട പ്രധാനപ്പെട്ടൊരു കാര്യമുണ്ട്; ആടുകളുടെ കാര്യത്തിൽ മാത്രമല്ല, ലോകാരംഭം മുതലുള്ള സർവജീവജാലങ്ങളുടെയും പ്രപഞ്ചത്തിന്റ പിന്നിൽ ഒരു ജ്ഞാനവും ബുദ്ധിയും കാരണവുമില്ലെന്നോ അതൊക്കെ വെറുതെ അങ്ങനെ സംഭവിച്ചുപോയതാണെന്നോ ആരെങ്കിലും പറയുകയോ അങ്ങനെയുള്ളവരെ പിൻതാങ്ങുകയോ ചെയ്താൽ, അവരെ നമ്മൾ ഏതു ഗണത്തിൽപ്പെ

ടുത്തും. ഒരു ഡ്യൂപ്ലിക്കേറ്റ് ഡോളിയുടെ പിന്നിൽ ആരോ പ്രവർത്തിച്ചു. എന്നാൽ 'കോടാനുകോടി' ഒറിജിനലുകളുടെ കാരണക്കാരനായി ആരുമില്ലെന്നു പുലമ്പുന്നത് പമ്പരവിഡ്ഢിത്തമല്ലേ:

ഒരു കവിത ശ്രദ്ധിക്കൂ...

നാലുകാലുള്ളൊരു കട്ടിലു കൂട്ടിയതാശാരിയെന്നു ചൊല്ലും
തെല്ലും ശങ്കകൂടാതെ ചൊല്ലും
നിന്റെ കൈകാലുകൾ നന്നായ് ചമച്ചോനെ
കാണാത്തതെന്തു ന്യായം?
സ്തുതിയേകാത്തതെന്തു ന്യായം – നന്ദി
ചൊല്ലാത്തതെന്തു ന്യായം?

ഓടി വാ കൂട്ടരേ പാടിടാം നമ്മൾക്ക് ദൈവസ്തുതികളൊന്നായ്
നന്ദിയേകും സ്തുതികളൊന്നായ്
കണ്ണട ചുമ്മാ ഉണ്ടായെന്നു ചൊല്ലുമ്പോൾ
മണ്ടനെന്നോതുകില്ലേ – നിങ്ങൾ
മണ്ടനെന്നോതുകില്ലേ?
കണ്ണുകൾ വിസ്മയമാർന്നുചമച്ചോനെ
കാണാത്തതെന്തു ന്യായം?
സ്തുതിയേകാത്തതെന്തു ന്യായം? നന്ദി
ചൊല്ലാത്തതെന്തു ന്യായം?

കൃത്രിമപ്പൂക്കൾ നീ കാണുകിൽ ചൊല്ലില്ലേ
എന്തൊരുശോഭയെന്ന് ഇങ്ങ–
നാരിതൊരുക്കിയെന്ന്?
ഭൂലോകമാകവേ പൂക്കൾ വിരിച്ചോനെ
കാണാത്തതെന്തു ന്യായം?
സ്തുതിയേകാത്തതെന്തു ന്യായം? നന്ദി
ചൊല്ലാത്തതെന്തു ന്യായം?

കണ്ണുകൾ കാതുകൾ കൈകാൽ കരളുകൾ
നാവും നിൻ പല്ലുകളും
നിന്റെ നൃത്തം നിൻ ചിത്തമതും
നീയും ചമച്ചില്ല ഞാനും ചമച്ചില്ല
ഭൂലോകരൊട്ടുമല്ല
സൃഷ്ടിചെയ്തവൻ ദൈവമല്ലോ
സ്തുതിചൊല്ലുക ന്യായമല്ലോ

മേല്പ്രസ്താവിച്ചവയുടെ വെളിച്ചത്തിൽ, ദൈവം ഉണ്ട് എന്ന് നിങ്ങളുടെ സുഹൃത്തിനെ ബോധ്യപ്പെടുത്തുന്ന ഒരുവാദമുഖം ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്താൻ ശ്രമിക്കുക.

## ഏകനും സർവശക്തനുമായ ദൈവം

ദൈവം എന്ന യാഥാർത്ഥ്യത്തിൽനിന്ന് വേർതിരിക്കാനാവാത്ത മറ്റൊരു വസ്തുതയുണ്ട്. അത് അവിടത്തെ ഏകത്വവും സർവശക്തിയുമാണ്. ദൈവം ഏകദൈവമാണ്. ദൈവം എന്ന ശക്തി ഏറ്റവും ഉന്നതമായ ശക്തിയുമാണ്. ഏറ്റവും ഉന്നതമായത് (ദൈവം) സത്തയിൽ ഒന്നുമാത്രമായിരിക്കണമെന്നതും (ഏകസത്ത) സ്വാഭാവികയുക്തിയാണ്.

## പ്രവർത്തനം 2

മനുഷ്യന്റെ പരിമിതിയിൽനിന്നുകൊണ്ട് ദൈവത്തെ പൂർണമായി മനസ്സിലാക്കാനോ നിർവചിക്കാനോ സാധ്യമല്ല. എങ്കിലും നമ്മുടെ പരിമിതിയിൽനിന്നുകൊണ്ട് ചില നിർവചനങ്ങൾക്കു ശ്രമിക്കാം. താഴേ പറയുന്ന നിർവചനങ്ങൾ വായിച്ച് ചുവടേ ചേർത്തിരിക്കുന്നവ പൂരിപ്പിക്കുക;

★ ആ അത്യുന്നതസൗന്ദര്യത്തെക്കാൾ വലിയ മറ്റൊരു സൗന്ദര്യമില്ല എന്ന് ഏതു യാഥാർത്ഥ്യത്തെപ്പറ്റി പറയാമോ, ആ യാഥാർത്ഥ്യമാണ് ദൈവം.

★ ആ അത്യുന്നതശക്തിയെക്കാൾ...

★ ആ അത്യുന്നതപരിശുദ്ധിയെക്കാൾ...

★ ആ അത്യുന്നതനന്മയെക്കാൾ...

★ ആ അത്യുന്നതആനന്ദത്തെക്കാൾ...

## ദൈവാസ്തിത്വവും വെളിപാടിന്റെ മാർഗവും

സർവസൃഷ്ടിജാലങ്ങളും ഏറെക്കുറെ ദൈവത്തോടു സാധർമ്യം വഹിക്കുന്നുണ്ട്. എന്നാൽ മനുഷ്യൻ പ്രത്യേകമായവിധത്തിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. സൃഷ്ടിജാലങ്ങളുടെ (മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും) നാനാവിധ ഗുണവിശേഷങ്ങൾ – അവയുടെ സത്യവും നന്മയും സൗന്ദര്യവും – ദൈവത്തിന്റെ അനന്തമായ പരിപൂർണതയുടെ പ്രതിഫലനമാണ്. തന്നിമിത്തം, സൃഷ്ടികളുടെ ഗുണവിശേഷങ്ങളിൽ പദമൂന്നിനിന്നുകൊണ്ട്, നമുക്ക ദൈവത്തെക്കുറിച്ച് സംസാരിക്കാൻ സാധിക്കും. “കാരണം; സൃഷ്ടികളുടെ മഹനീയതയിൽനിന്നും സൗന്ദര്യത്തിൽനിന്നും അവയുടെ സ്രഷ്ടാവിനെ ബുദ്ധിപരമായി ദർശിക്കാൻ കഴിയും” (ജ്ഞാനം 13,5).

എന്നാലും, മനുഷ്യന്റെ ചിന്തയ്ക്കും ഭാവനയ്ക്കുമതീതമായ മറ്റൊരു വിജ്ഞാനമണ്ഡലമുണ്ട് – ദൈവിക വെളിപാടിന്റെ (Revelation) തലം. ദൈവം തന്റെ പരിപൂർണമായ സ്വതന്ത്രതീരുമാനമനുസരിച്ച് മനുഷ്യനു സ്വയം വെളിപ്പെടുത്തുകയും നല്കുകയും ചെയ്തതാണത്. ഇങ്ങനെ സ്വയം വെളിപ്പെടുത്തുന്നതിലൂടെ ദൈവം അഭിലഷിക്കുന്നത്, മനുഷ്യർ അവിടത്തേക്കു പ്രത്യുത്തരം (Response) നല്കുന്നതിനും,



അവരുടെ സ്വാഭാവികകഴിവിന് അതീതമായി അവിടത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനും പ്രാപ്തരാകണമെന്നാണ്.

ദൈവംതന്നെ സ്വയം വെളിപ്പെടുത്തുന്ന സാഹചര്യത്തിൽമാത്രമേ അവിടത്തെ രഹസ്യങ്ങൾ കുറച്ചെങ്കിലും മനുഷ്യന് ഉറപ്പോടും വ്യക്തതയോടുംകൂടെ അറിയാനാവൂ. മനുഷ്യകുലചരിത്രത്തിൽ ദൈവം സ്വയംവെളിപ്പെടുത്തിയ ധാരാളം അവസരങ്ങൾ നമുക്കു കാണാൻ കഴിയും.

പഴയനിയമകാലത്ത് ദൈവം സ്വയംവെളിപ്പെടുത്തുക മാത്രമല്ല അവിടന്ന് മനുഷ്യകുലവുമായി ഉടമ്പടി ചെയ്യുകയുമുണ്ടായി. ആ വെളിപ്പെടുത്തലിൽ അവിടത്തെ ഏകത്വം (ഏകദൈവം) അവിടത്തെ അസ്തിത്വത്തിൽനിന്ന് വേർതിരിക്കാനാവാത്ത വിധം ഒന്നായിരിക്കുന്നുവെന്ന് കാണാനാവും. അതായത്, സ്വഭാവത്തിലും (Nature) സാരാംശത്തിലും (Substance) അന്തസ്സത്തയിലും (Essence) ദൈവം ഏകമാണ്. ഇത് ക്രൈസ്തവരായ നമ്മൾ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**ദൈവം സ്വയംവെളിപ്പെടുത്തുന്ന പഴയനിയമത്തിലെ ചില സന്ദർഭങ്ങൾ ശ്രദ്ധിക്കുക:**

കത്തിജ്ജ്വലിക്കുകയായിരുന്നെങ്കിലും എരിഞ്ഞുചാമ്പലാകാതിരുന്ന മുൾപ്പടർപ്പിന്റെ മധ്യേനിന്ന് ദൈവം മോശയെ വിളിച്ചു. അവിടന്ന് അവനോടു പറഞ്ഞു: "ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്; അബ്രാഹത്തിന്റെ ദൈവം, ഇസഹാക്കിന്റെ ദൈവം, യാക്കോബിന്റെ ദൈവം (പുറ 3,6). ഇതിൽനിന്നു നാം മനസ്സിലാക്കുന്നത് അവിടന്ന് അദൃശ്യനും സ്ഥലകാലാതീതനും പലതലമുറകളെ അറിയുന്നവനും പല സ്ഥലങ്ങളിൽ ഒരേ സമയം വസിക്കുന്നവനും സർവവ്യാപിയുമായ ദൈവമാണെന്നാണ്.

"മോശ ദൈവത്തോടുപറഞ്ഞു: ഇതാ ഞാൻ ഇസ്രായേൽമക്കളുടെ അടുക്കൽപോയി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കലേക്കയച്ചിരിക്കുന്നു എന്നു പറയാം. എന്നാൽ അവിടത്തെ പേരെന്തെന്ന് അവർ ചോദിച്ചാൽ ഞാൻ എന്തു പറയണം? ദൈവം മോശയോട് അരുൾചെയ്തു: **ഞാൻ ഞാൻ തന്നെ.** ഇസ്രായേൽമക്കളോടു നീ പറയുക. ഞാനാകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു. അവിടന്ന് വീണ്ടും അരുൾചെയ്തു. ഇസ്രായേൽ മക്കളോടു നീ പറയുക: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവ്, അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, എന്നെ നിങ്ങളുടെ അടുത്തേക്ക്



**ദൈവം പിതാക്കന്മാരുടെ ദൈവമാണ്.**
**ദൈവം സർവശക്തനും (omnipotent) സർവവ്യാപിയും (omnipresent) സർവജ്ഞാനി (omniscient)യുമാണ്.**

അയച്ചിരിക്കുന്നു. ഇതാണ് എന്നേക്കും എന്റെ നാമധേയം. അങ്ങനെ സർവപുരുഷാന്തരങ്ങളിലൂടെയും ഈ നാമധേയത്താൽ ഞാൻ അനുസ്മരിക്കപ്പെടണം". (പുറ 3,13-15).

ബൈബിളിൽ പേര് സൂചിപ്പിക്കുന്നത് വ്യക്തിയെയാണ്. മലയാളഭാഷാ പ്രയോഗത്തിലും പേരിന് വ്യക്തിയെന്ന അർത്ഥം കല്പിക്കാറുണ്ട്. ഉദാ: "ഈ ക്ലാസ്സിൽ എത്രപേരുണ്ട്" എന്നു ചോദിച്ചാൽ എത്ര വ്യക്തികളുണ്ട് എന്നാണർത്ഥം. ബൈബിളിൽ പേര് വ്യക്തിയെ സൂചിപ്പിക്കുന്നതിനുള്ള പ്രധാന ഉപാധിയാണ്. പേരിടുകയോ പേര് മാറ്റുകയോ ചെയ്തിരുന്നത് ആ വ്യക്തിയുടെ സവിശേഷതകളനുസരിച്ചാണ്. ഉദാ. വെള്ളത്തിലൂടെ ഒഴുകിവന്നു കിട്ടിയതിനാൽ 'വെള്ളത്തിൽനിന്ന് എടുക്കപ്പെട്ടവൻ' എന്നർത്ഥമുള്ള മോശയെന്നു പേരിട്ടു. സഭയുടെ അടിസ്ഥാനമായിത്തീരാനായി കർത്താവു വിളിച്ചതിനാൽ 'പാറ'യെന്നർത്ഥമുള്ള കേപ്പ/പത്രോസ് എന്ന് ശിമയോന് യേശു പേരുനല്കി.

ദൈവം, യാഹ്‌വേ (YHWH) “ഞാൻ ആകുന്നവൻ ആകുന്നു” എന്ന് സ്വയം തന്റെ പേര് വെളിപ്പെടുത്തിയപ്പോൾ അതിൽ അവിടത്തെ സ്വഭാവം വെളിപ്പെടുത്തുകയായിരുന്നു. “ആകുന്നവൻ” എന്നതിന്റെ വിപരീതം “ഇല്ലാതാകുന്നവൻ” എന്നാണല്ലോ. അപ്പോൾ, “ഞാൻ ആകുന്നവൻ ആണ്” എന്നതിന് “ഞാൻ ഇല്ലാതാകുന്നവൻ അല്ല” എന്നും അർത്ഥമുണ്ടല്ലോ. മറ്റു വാക്കിൽപറഞ്ഞാൽ, എല്ലാം ഇല്ലാതാകും, പക്ഷേ “ഞാൻ ഇല്ലാതാകുന്നവൻ അല്ല” എന്നാണ്. അതിനാൽ എന്നും ഉള്ളവൻ/അനാദിയായവൻ, അനന്തൻ എന്നൊക്കെ അർത്ഥം. നമുക്ക് ഗ്രഹിക്കാവുന്നതും വർണിക്കാവുന്നതുമായ സർവവസ്തുക്കളെയുംകാൾ അനന്തമായതോതിൽ ശ്രേഷ്ഠനാണ് ദൈവം. അവിടന്ന് മറഞ്ഞിരിക്കുന്നവനാ (invisible)ണെങ്കിലും മനുഷ്യന്റെ സമീപത്തേക്ക് ഇറങ്ങിവരുന്നവ(visible)നുമായ ദൈവമാണ്.

### പ്രവർത്തനം 3

ചുവടെ ചേർത്തിരിക്കുന്ന തിരുവചനഭാഗങ്ങൾ ഗ്രൂപ്പ്ചർച്ചയിലൂടെ പരിശോധിച്ച് ദൈവം സ്വയംവെളിപ്പെടുത്തുന്നത് എപ്രകാരമുള്ള ദൈവമാണെന്നും അവിടത്തെ മുമ്പിൽ മനുഷ്യൻ എപ്രകാരം വ്യാപരിക്കുന്നതായാണു കാണുന്നതെന്നും കണ്ടെത്തുക.

| | | | |
|---|---|---|---|
| പുറ 3:16 | പുറ 33:12-17 | പുറ 34:5-9 | പുറ 34:10-17 |
| ഏശ 6:1-7 | ലൂക്കാ 5:1-11 | യോഹ 1:5-10 | 1 യോഹ 4:7 |
| യാക്കോ 1:17 | ഏശ 44:1-8 | നിയ 4:37 | പുറ 3:13-15 |
| സങ്കീ 138:1-8 | സങ്കീ 102:25-28 | പുറ 33:18-23 | ഏശ 45:15 |

### ദൈവത്തിന്റെ വിവിധനാമങ്ങളും അർത്ഥങ്ങളും

മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് എല്ലാ ജനതകളെയും പഠിപ്പിക്കാൻ ദൈവം എല്ലാ ജനതകളുടെയും മധ്യേനിന്ന് ഇസ്രായേലിനെ തന്റെ സ്വന്തംജനമായി തിരഞ്ഞെടുക്കുകയും തന്നെത്തന്നെ അവർക്കു വെളിപ്പെടുത്തുകയും ചെയ്തു. ഈ തിരഞ്ഞെടുപ്പ് ഇസ്രായേലിന്റെ ഏതെങ്കിലും യോഗ്യതകളാലല്ല ചെയ്തത്. ഏറ്റവും ചെറുതും ദുർബലവുമായ ആ സമൂഹത്തോടുള്ള തന്റെ സവിശേഷ സ്നേഹംകൊണ്ടുമാത്രമായിരുന്നു. ജനത്തിന്റെ അവി



ശ്വസ്തതയിലും ദൈവം തന്റെ സ്നേഹം മങ്ങാതെ അവരിൽ തുടർന്നത് അവിടത്തെ കാരുണ്യംകൊണ്ടായിരുന്നു.

"അവിടന്ന് നിങ്ങളുടെ പിതാക്കന്മാരെ സ്നേഹിച്ചതുകൊണ്ട് അവർക്കുശേഷം അവരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു, അവിടന്ന് തന്റെ മഹാശക്തിയും സാന്നിധ്യവും പ്രകടമാക്കിക്കൊണ്ട് നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവരുകയും ചെയ്തു" (നിയമാ 4,37).

**പ്രവർത്തനം 4**

ചുവടേ ഗ്രൂപ്പുതിരിച്ചു കൊടുത്തിരിക്കുന്ന തിരുവചനഭാഗങ്ങൾ ഓരോ ഗ്രൂപ്പും എടുത്തുവായിച്ച് അനുബന്ധമായി നല്കിയിരിക്കുന്നവയിൽ ദൈവത്തിന്റെ ഏതു വിശേഷണമാണ് ആ ഭാഗത്തു പ്രതിപാദിച്ചിരിക്കുന്നത് എന്നു കണ്ടെത്തി അതിന്റെ നേരെ ആ തിരുവചനം എടുത്തെഴുതുക. മറ്റു വിശേഷണങ്ങളാണെങ്കിൽ അവ കൂട്ടിച്ചേർക്കുകയും ചെയ്യുക.

| | |
|---|---|
| Group I | സങ്കീ 119:160; 2 സാമു 7:28; നിയ 7:9; ജ്ഞാനം 7:19-21; മലാ 2:6 യോഹ 18:37; 1 യോഹ 5:20 |
| Group II | യോഹ 3:16; ഹോസി 2:14-19; 3:1-5 ഏശ 62:1-5; ഏശ 43:1-7; ഏശ 54:1-6; ഏശ 60:16; ഏശ 60:19 |
| Group III | വെളി 21:23-24; ഏശ 9:1-2; മത്താ 4:14-17; യോഹ 8:11-12; ഏശ 62:1; യോഹ 9:5; 1 യോഹ 4:8,16 |
| Group IV | ഏശ 49:15-16; ഏശ 54:8; ഏശ 54:10; എസ 34:11-16; യോഹ 10:10-18; ലൂക്കാ 15:1-7; യോഹ 4:22-30; യോഹ 14:6 |

| വിശേഷണം | തിരുവചനങ്ങൾ |
|---|---|
| ദൈവം സ്നേഹമാകുന്നു | |
| ദൈവം സത്യമാകുന്നു | |
| ദൈവം കരുണയാകുന്നു | |
| ദൈവം ഇടയനാകുന്നു | |
| ദൈവം ഭർത്താകുന്നു | |
| ദൈവം പ്രകാശമാകുന്നു | |



## ദൈവം സത്തയിൽ ഏകവും വ്യക്തിത്വത്തിൽ ത്രിത്വവും

"ത്രിത്വം" എന്ന പദം ബൈബിളിൽ ഇല്ലല്ലോ. അപ്പോൾ ദൈവം ത്രിത്വമാണ് എന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു തെറ്റല്ലേ എന്ന ചോദ്യവുമായി കത്തോലിക്കാവിരുദ്ധചിന്താഗതിക്കാർ നിങ്ങളെ സമീപിച്ചേക്കാം. അവരുടെ ചോദ്യം ശരിയാണെന്ന് കേൾക്കുന്നവർക്കു തോന്നിയേക്കാം. ത്രിത്വമെന്ന ദൈവികരഹസ്യത്തിന്റെ വസ്തുതയിലേക്കു കടക്കുംമുമ്പ് ഈ ചോദ്യത്തിലെ ഭോഷത്തം മനസ്സിലാക്കാൻ നമുക്ക് ആദ്യം ശ്രമിക്കാം.

"മാതൃത്വം" എന്ന പദമെടുക്കുക. ഈ പദം മലയാളഭാഷയിൽ ഉണ്ടായപ്പോഴാണോ മാതൃത്വം എന്ന യാഥാർത്ഥ്യം ഉണ്ടായത്? അതോ മനുഷ്യകുലത്തിലെ ആദ്യത്തെ സ്ത്രീ തന്റെ ആദ്യത്തെ കുഞ്ഞിന് ജന്മംകൊടുത്തപ്പോൾ മുതലാണോ? ആദ്യത്തെ സ്ത്രീ ആദ്യകുഞ്ഞിന് ജന്മംകൊടുത്തപ്പോഴാണെന്നത് അനിഷേധ്യസത്യമാണല്ലോ. മാതൃത്വമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് അന്വേഷിക്കുന്നയാൾ ആ പദം തേടിപ്പോവുകയല്ല വേണ്ടത്. മറിച്ച്, സ്ത്രീയും അവൾ ജന്മംനല്കുന്ന കുഞ്ഞുമുണ്ടെങ്കിൽ അവിടെ മാതൃത്വവും ഉണ്ടെന്ന് തിരിച്ചറിയുകമാത്രമാണു ചെയ്യേണ്ടത്. ഇതുപോലെ, "ത്രിത്വം" എന്ന പദം ബൈബിളിൽ തേടുകയല്ല, മറിച്ച് ദൈവം സത്തയിൽ ഏകവും വ്യക്തിത്വത്തിൽ മൂന്നും എന്ന വസ്തുത ബൈബിളിൽ കാണാനാവുമോ എന്ന് അന്വേഷിക്കുകയും അതുണ്ടെങ്കിൽ ദൈവം ത്രിതൈ്വകദൈവമാണ് എന്ന സത്യം എളിമയോടെ അംഗീകരിക്കുകയുമാണ് വേണ്ടത്.

ത്രിത്വം ഒരു വിശ്വാസരഹസ്യമാണ്; അതായത്, 'ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ മനുഷ്യർക്ക് അറിയാൻ കഴിയാത്ത, ദൈവത്തിൽ നിഗൂഢമായിരിക്കുന്ന രഹസ്യങ്ങളിൽ ഒന്നാണ്'. അത് അംഗീകരിക്കുകയും വിശ്വസിച്ച് ഏറ്റുപറയുകയും ചെയ്യുകമാത്രമാണ് നമുക്കു ചെയ്യാനുള്ളത്. സ്വന്തം സൃഷ്ടികർമ്മത്തിലൂടെയും (Creation) പഴയനിയമലാകത്തെ വെളിപാടുകളി (Revelation)ലൂടെയും ദൈവം തന്റെ ത്രിത്വാത്മക അസ്തിത്വത്തിന്റെ (Trinitarian Existence) ചില അടയാളങ്ങൾ മനുഷ്യർക്കു നല്കിയിട്ടുണ്ടെന്നതു തീർച്ച. എന്നാൽ പരിശുദ്ധത്രിത്വമെന്ന നിലയിലുള്ള അവിടത്തെ ആന്തരികാസ്തിത്വം ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മാവിന്റെ ആഗമനത്തിലും കൂടെമാത്രം വെളിപ്പെടുത്തപ്പെട്ട യാഥാർത്ഥ്യമാണ്. അതിനുമുമ്പ് മനുഷ്യബുദ്ധികൊണ്ടുമാത്രമോ ഇസ്രായേലിന്റെ വിശ്വാസത്തിനുപോലുമോ ഗ്രഹിക്കാനാവാത്ത ഒരു രഹസ്യമായിരുന്നു അത്. മത്താ 28, 19.20-ൽ കാണുന്ന യേശുവിന്റെ ആഹ്വാനമനുസരിച്ച് ക്രിസ്ത്യാനികൾ മാമ്മോദീസ സ്വീകരിക്കുന്നത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്താലാണ്. അവരുടെ "നാമങ്ങളിൽ" അല്ല. കാരണം സർവശക്തനായ പിതാവും, അവിടത്തെ ഏകജാതനും പരിശുദ്ധാത്മാവുമായ ദൈവം ഒരുവൻ മാത്രമേയുള്ളു. സർവക്രിസ്ത്യാനികളുടെയും വിശ്വാസം പരിശുദ്ധത്രിത്വത്തിൽ അധിഷ്ഠിതമാണ്. കാരണം, സഭയുടെ ആരംഭംമുതലേ "പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നുവോ?" എന്ന മൂന്നുഭാഗങ്ങളുള്ള ഒരു ചോദ്യത്തിന് "ഞാൻ വിശ്വസിക്കുന്നു" എന്ന് ഉത്തരം നല്കുന്നെങ്കിൽ മാത്രമാണ് മാമ്മോദീസ നല്കിവന്നിരുന്നത് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 237).

### പ്രവർത്തനം 5

പിതാവും പുത്രനും സത്തയിൽ ഏകമാണ്.

1. ദൈവം പിതാവാണ്.
2. പുത്രനായ യേശുവിനെ പിതാവായ ദൈവമാണ് അയച്ചത്.
3. പിതാവും പുത്രനും ഒന്നാണ്.
4. പുത്രനിലൂടെ തന്നിൽ വസിക്കുന്ന പിതാവ് പ്രവർത്തിക്കുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവും സത്തയിൽ ഏകമാണ്; വ്യക്തിത്വത്തിൽ ത്രിത്വമാണ്.

1. പിതാവിന്റെ അടുത്തുനിന്ന് പുത്രൻ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു.

2. പിതാവിനുള്ളത് പുത്രനുള്ളതാണ്.

3. പുത്രനുള്ളവയിൽനിന്ന് പരിശുദ്ധാത്മാവ് പ്രഖ്യാപിക്കുന്നു.

മേൽപറഞ്ഞിരിക്കുന്ന 8 പ്രസ്താവനകൾക്കുനേരെ അവ ശരിവയ്ക്കുന്ന തിരുവചന ഭാഗങ്ങൾ ചുവടേ ചേർക്കുന്നവയിൽനിന്ന് കണ്ടെത്തി രേഖപ്പെടുത്തുക

| ഗ്രൂപ്പ് -1 | ഗ്രൂപ്പ് -2 | ഗ്രൂപ്പ് -3 | ഗ്രൂപ്പ് -4 |
|---|---|---|---|
| നിയ 32, 6; മലാ 2,10 പുറ, 4,22 | നിയ 32, 6; മലാ 2,10 പുറ 4,22 | നിയ 32, 6; മലാ 2,10; പുറ 4, 22 | നിയ 32, 6; മലാ 2,10 |
| യോഹ 5,19-21 | യോഹ 5, 22-23 | യോഹ 5,23 | യോഹ 5,36-38 |
| യോഹ 6,38-39 | യോഹ 7,16 | യോഹ 5,26 | യോഹ 7,28-29 |
| യോഹ 7,33 | യോഹ 8,16 | യോഹ 7,37-39 | യോഹ 8,26-27 |
| യോഹ 8,28 | യോഹ 8,38 | യോഹ 8,18-19 | യോഹ 8,42 |
| യോഹ 14,9-11 | യോഹ 14,9-11 | യോഹ 8,54-55 | യോഹ 14,9-11 |
| യോഹ 17,21-23 | യോഹ 17,21-23 | യോഹ 14,9-11 | യോഹ 17,21-23 |
| യോഹ 14,15 | യോഹ 14,15 | യോഹ 17,21-23 | യോഹ 14,15 |
| യോഹ 14,26 | യോഹ 14,26 | യോഹ 14,15 | യോഹ 14,26 |
| യോഹ 15,26 | യോഹ 15,26 | യോഹ 14,26 | യോഹ 15,26 |
| യോഹ 16,7-8 | യോഹ 16, 7-8 | യോഹ 15,26 | യോഹ 16,7-8 |
| യോഹ 16,12-15 | യോഹ 16,12-15 | യോഹ 16,17-8 | യോഹ 16,12-15 |
| | | യോഹ 16,12-15 | |

## സംശയനിവാരണം

1. പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്, അവയ്ക്കുമുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത് (പുറ 20,4-5). കത്തോലിക്കാസഭയിൽ രൂപങ്ങളും പ്രതിമകളും മറ്റും വണങ്ങുന്നത് ഈ തിരുവചനത്തിനു വിരുദ്ധമല്ലേ?

പുറപ്പാട് പുസ്തകത്തിലെ ഈ കല്പന ദൈവം മോശവഴി ഇസ്രായേൽ ജനത്തിനുനല്കി. ഈ വചനം ദൈവവചനമാണ്. അതേ ദൈവം അതേ മോശയോട് പുറ 25,17-22-ൽ പറയുന്നത്, ദൈവം തന്റെ കല്പനകളെല്ലാം അറിയിക്കുന്നത് അവിടത്തെ കല്പനയനുസരിച്ച് അടിച്ചുപരത്തിയ സ്വർണം കൊണ്ടുണ്ടാക്കുന്ന രണ്ടു കെരുബുകളുടെ (മാലാഖമാരുടെ സ്വർണപ്രതിമകളുടെ) നടുവിൽ നിന്നായിരിക്കും എന്നാണ്.

സംഖ്യ 21,8-9 ൽ മോശ ദൈവത്തിന്റെ കല്പനയനുസരിച്ച് സർപ്പത്തിന്റെ പ്രതിമ പിത്തളകൊണ്ടുണ്ടാക്കിവയ്ക്കുന്നു. അതിനെ നോക്കിയപ്പോൾ ദൈവശക്തിപ്രവഹിച്ച് സർപ്പദംശനമേറ്റവർ മരിക്കാതെ രക്ഷപ്പെട്ടു.

മേല്പറഞ്ഞ രണ്ടു തിരുവചനങ്ങളും ദൈവത്തിന്റെ വചനം തന്നെയാണ്. അപ്പോൾ ആദ്യത്തെ തിരുവചനം അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടതെന്നു നാം മന



സ്സിലാക്കണം. ദൈവമല്ലാത്തതും ദൈവവുമായി ഒരു ബന്ധവുമില്ലാത്തതുമായ സൃഷ്ട വസ്തുക്കളെ ദൈവമാണെന്നുപറഞ്ഞ് ആരാധിച്ചതിനെയാണ് ദൈവം നിരോധിച്ചത്.

മാത്രമല്ല, പഴയനിയമകാലത്ത് ദൈവം തീർത്തും അരൂപിയായി നിലകൊണ്ടു. പക്ഷേ, പുതിയനിയമത്തിൽ ദൈവം യേശുക്രിസ്തുവിൽ മനുഷ്യരൂപമെടുത്തു.

പിത്തളസർപ്പത്തിലൂടെ ദൈവശക്തി പ്രവഹിക്കാൻ തിരുമനസ്സായ ദൈവത്തിന് അവിടത്തെ തിരുക്കുമാരന്റെ ക്രൂശിതരൂപത്തിലൂടെയും മറ്റും അടയാളങ്ങൾ പ്രവർത്തിക്കാനാവില്ലെന്നു പറയാൻ നമുക്കെന്ത് അധികാരം? മാലാഖമാരുടെ സ്വർണപ്രതിമ ദൈവസാന്നിദ്ധ്യം ഓർമ്മിപ്പിച്ചെങ്കിൽ, അവിടത്തെ തിരുക്കുമാരന്റെയും പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും രൂപങ്ങളും ദൈവത്തിലേക്ക് വിരൽചൂണ്ടുന്നവതന്നെയാണ്. അവയോട് ബഹുമാനം കാണിക്കുമ്പോൾ അത് പ്രതിനിധാനം ചെയ്യുന്നവർക്കും അവർ പ്രഘോഷിച്ച ദൈവത്തിനുമാണ് ആ ബഹുമാനം ലഭിക്കുന്നത്.

2. ദൈവത്തിൽ വിശ്വസിക്കേണ്ട ആവശ്യമുണ്ടോ? നന്മചെയ്തു ജീവിച്ചാൽപ്പോരേ?

ശ്വാസോച്ഛ്വാസം മുറപോലെ നടത്തിക്കൊണ്ട്, പ്രാണവായുവിന്റെ ആവശ്യമുണ്ടോ എന്നു ചോദിക്കുംപോലുണ്ട് ഈ ചോദ്യം. പ്രാണവായു ആവശ്യമില്ലെന്നുപറയാനും മനുഷ്യന് പ്രാണവായു ആവശ്യമുണ്ട്. അതിനെ നിഷേധിക്കുന്നതുപോലും അതിനെ ഏറ്റുപറയുന്നതാകുന്നു. അമ്മയുടെ മുഖത്തുനോക്കി "നിങ്ങളെന്റെ അമ്മയല്ല" എന്നു പറയുംപോലെയുമാണിത്. അമ്മ അവനെ പ്രസവിച്ചതിനാലാണ്, അമ്മ അവനെ പ്രസവിച്ചില്ലെന്നു പറയാൻ ഇന്ന് അവനുള്ളത്. അമ്മ അവനെ പ്രസവിച്ചില്ല എന്നു പറയുന്നതുതന്നെ, അമ്മ അവനെ പ്രസവിച്ചു എന്നതിനു തെളിവാകുന്നു.

പ്രാണവായുവില്ലെങ്കിൽ ഞാനില്ലാതാകും. ഞാനില്ലാതായാൽ പ്രാണവായു ഇല്ലാതുകുന്നില്ലല്ലോ. ഇതുപോലെ, ദൈവത്തിൽ നീ വിശ്വസിച്ചില്ലെങ്കിൽ ദൈവം ഇല്ലാതാകുന്നില്ല. നീ ദൈവത്തിൽ വിശ്വസിക്കാതിരുന്നാൽ നീയാണ് ആന്തരികമായി ഇല്ലാതാകുന്നത്. ദൈവത്തിൽ വിശ്വസിക്കേണ്ടത് നിന്റെ ആവശ്യമാണ്, ദൈവത്തിന്റേതല്ല. അതിനാൽ വിശ്വസിക്കുക. നന്മചെയ്തു ജീവിച്ചാൽപോരേ എന്നു ചോദിക്കുന്നവരോട് ഒരു ചോദ്യം: നീ നന്മയാണു ചെയ്യുന്നതെങ്കിൽ നന്മ തന്നെയായവനെ നിനക്ക് എങ്ങനെ നിഷേധിക്കാനാവും?

ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ദൈവവും നിത്യജീവനും ഒരു അഭിപ്രായമോ സാധ്യതയോ അല്ല. മറിച്ച്, അത് ക്രിസ്തുവിന്റെ പ്രബോധനങ്ങളിലൂടെയും

അടയാളങ്ങളിലൂടെയും ഏറ്റവും ഉന്നതമായ അടയാളമായ ഉത്ഥാനത്തിലൂടെയും അതിലുപരി, ചരിത്രത്തിലുടനീളമുള്ള അവിടത്തെ സജീവസാന്നിദ്ധ്യത്തിലൂടെയും പ്രഘോഷിക്കപ്പെടുന്ന വസ്തുതയാണ്. അതിനാൽ, വെറും നന്മചെയ്തു ജീവിക്കലിലൂടെയല്ല, ക്രിസ്തുവിനെ ദൈവമയച്ച രക്ഷകനും നാഥനുമായി ഹൃദയത്തിൽ വിശ്വസിക്കുകയും അധരങ്ങൾകൊണ്ട് ഏറ്റുപറയുകയും അവിടന്ന് ആത്മാവിന്റെ ഭോജനമായി നല്കിയവയും ആത്മാവിന്റെ ശുദ്ധീകരണത്തിനായി സ്ഥാപിച്ചവയും സ്വീകരിക്കുകയും അവിടത്തെ മൗതികശരീര (mystical body)ത്തിന്റെ സജീവ അവയവമായി വ്യാപരിക്കുകയും വേണം.

3. പിതാവായ ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏകമദ്ധ്യസ്ഥൻ ക്രിസ്തുവാണെന്നു പറയുന്നത് എന്തുകൊണ്ട്?

1 തിമോ 2,5 ആണ് ഇതിനു പിന്നിലുള്ളത്: "എന്തെന്നാൽ ഒരു ദൈവമേയുള്ളൂ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി ഒരുവനേയുള്ളൂ – മനുഷ്യനായ യേശുക്രിസ്തു". ഏക മദ്ധ്യസ്ഥനെന്നു പറയാനുള്ള കാരണം അടുത്ത വാക്യത്തിൽ പറയു



ന്നുണ്ട് : "അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനദ്രവ്യമായി നല്കി." അതായത്, കർത്താവായ യേശുക്രിസ്തുവിന്റെ രക്തം മാത്രമാണ് മനുഷ്യകുലത്തിന്റെ രക്ഷയുടെ കാരണം എന്നാണ്. ലോകത്തെ ദൈവപിതാവുമായി രമ്യതപ്പെടുത്തിയ മധ്യസ്ഥൻ കർത്താവായ യേശുവാണ് എന്നാണ്.

പക്ഷേ, മധ്യസ്ഥൻ എന്ന അർത്ഥംകൂടാതെ, ഏകമധ്യസ്ഥനായ യേശുവിന്റെപക്കൽ ആർക്കുവേണ്ടിയും ഏതുവിശ്വാസിയും വഹിക്കുന്നൊരു മാധ്യസ്ഥ്യവുമുണ്ടെന്ന് പൗലോസ് വ്യക്തമാക്കിത്തരുന്നുണ്ട്. യേശുക്രിസ്തുവിന്റെ അനന്യമായ മാധ്യസ്ഥ്യത്തെപ്പറ്റി തിമോ 2,5 പറയുമ്പോൾ വിശ്വാസി വഹിക്കുന്ന മാധ്യസ്ഥ്യം ആരെങ്കിലും തള്ളിപ്പറയാൻ ഇടയുള്ളതിനാൽ പൗലോസ് തന്നെ 1 തിമോ 2,1-4 വരെ വാക്യങ്ങളിൽ അത് ആദ്യമേറ്റുപറയുന്നുണ്ട്. അദ്ദേഹം ഇപ്രകാരം പറയുന്നു: എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനംചെയ്യുന്നു. ഇത് ഉത്തമവും നമ്മുടെ രക്ഷകനായ ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യവുമത്രേ".

ചുരുക്കത്തിൽ ക്രിസ്തുവിനുവേണ്ടി സ്വന്തംജീവൻപോലും നല്കി സാക്ഷ്യംവഹിച്ച് നിത്യമായി ജീവിക്കുന്നവിശ്വാസികളോടും 'ഇപ്പോൾ ജീവിച്ചിരിക്കുന്ന വിശ്വാസികളോടും നിങ്ങൾ ഞങ്ങൾക്കുവേണ്ടി കർത്താവിനോട് പ്രാർത്ഥിക്കണമേ' എന്ന് അപേക്ഷിക്കണമെന്ന് പൗലോസ് ശക്തമായി പറയുന്നു.

1 കോറി 12,13 പറയുന്നു: "നമ്മളെല്ലാവരും ഒരേആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു." 1 കോറി 12,27 പറയുന്നു: "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്". 1 കോറി 12,26 ഇങ്ങനെ വായിക്കുന്നു: "ഈ ക്രിസ്തുഗാത്രത്തിൽ ഒരവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു." 1 കോറി 12,21 പറയുന്നു: ഈ ക്രിസ്തുഗാത്രത്തിൽ കണ്ണിന് കൈയോട് 'എനിക്ക് നിന്നെക്കൊണ്ട് ആവശ്യമില്ല എന്നോ, തലയ്ക്ക് കാലിനോട് എനിക്ക് നിന്നെക്കൊണ്ട് ഉപയോഗമില്ല' എന്നോ പറയുക സാദ്ധ്യമല്ല. ഇത് പൗലോസിന് യേശു ബോദ്ധ്യപ്പെടുത്തിക്കൊടുത്തതിനാലാണ് പൗലോസ് തന്റെ എല്ലാ ലേഖനങ്ങളിലുംതന്നെ ഈ സത്യം പ്രതിപാദിക്കുന്നത്. അപ്പസ്തോലന്മാരുടെ നേതൃപാരമ്പര്യത്തിൽ തുടരുന്ന വിശ്വാസികളുടെ കൂട്ടായ്മ ക്രിസ്തുവിന്റെ ശരീരം തന്നെയാണ് എന്ന സത്യം, സഭയെ പീഡിപ്പിച്ച സാവൂളിനോട് "നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ" (അപ്പ 9,5;22,8;26,15; ഗലാ 1,13) എന്നുപറയുന്നതുവഴി യേശു വ്യക്തമാക്കുന്നു.

യേശു സഭയുമായി ഒരൊറ്റ ജൈവയാഥാർത്ഥ്യമാണെന്ന സത്യം "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്" (യോഹ 15,5) എന്നുപറഞ്ഞ് മുന്നേ പഠിപ്പിച്ചിട്ടുള്ളത് അവിടന്ന് ഇവിടെ ആവർത്തിച്ചുപറഞ്ഞു എന്നു ചുരുക്കം. സഭയെ സംബന്ധിച്ചുള്ള ഈ അടിസ്ഥാനപ്രബോധനം വ്യക്തമാക്കുന്നത്, ക്രിസ്തുവിനുവേണ്ടി രക്തം ചൊരിഞ്ഞുസാക്ഷ്യംവഹിച്ച വിശുദ്ധരാകുന്ന അവയവങ്ങൾ, അവരുടെ മരണത്തോടെ ക്രിസ്തുഗാത്രത്തിൽനിന്ന് വിച്ഛേദിക്കപ്പെടുകയല്ല, ക്രിസ്തുഗാത്രത്തിലെ കൂടുതൽ ശക്തിയുള്ള അവയവങ്ങളായി രൂപാന്തരപ്പെടുകയാണ് എന്നത്രേ. അതിനാൽ വിശ്വാസികളാകുന്ന മറ്റ് അവയവങ്ങളുടെ ആവശ്യങ്ങളിൽ വിശുദ്ധരാകുന്ന അവയവങ്ങൾക്ക് സഹായിക്കാതിരിക്കാനാവില്ല. വിശുദ്ധരാകുന്ന അവയവങ്ങളെക്കൊണ്ട് ഞങ്ങൾക്കാവശ്യമില്ല എന്ന്, ജീവിച്ചിരിക്കുന്ന വിശ്വാസികളായ അവയവങ്ങൾക്ക് പറയാൻ അവകാശമില്ല. എന്നു മാത്രമല്ല, പറയുക സാദ്ധ്യമല്ലെന്നതാണ് യാഥാർത്ഥ്യം (1 കോറി 12,21)

4. ദൈവത്തെപ്പോലെ വിശുദ്ധരെയും കത്തോലിക്കാസഭ ആരാധിക്കുന്നെന്നു പറയുന്നതിൽ വല്ല വസ്തുതയുമുണ്ടോ?

വസ്തുത ഇല്ല. ഇതൊരു തെറ്റിദ്ധാരണമാത്രമാണ്. കത്തോലിക്കാസഭ ത്രിത്വൈകദൈവത്തെമാത്രമാണ് ആരാധിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തിന് അതിവണക്കം നല്കുന്നു. വിശുദ്ധരെ വണങ്ങുകയും ചെയ്യുന്നു. വിശുദ്ധരെ വണങ്ങുക; ഏറ്റുപറയുക എന്നത് യേശുവിന്റെ പ്രബോധനങ്ങളിൽനിന്നു വ്യക്തമാണ്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും" (യോഹ 14,12).

"മനുഷ്യരുടെമുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്താ 10,32.33).

കർത്താവിനെ ഏറ്റുപറഞ്ഞ പരിശുദ്ധ അമ്മയെയും വിശുദ്ധരെയും കർത്താവ് ഏറ്റുപറയുന്നെങ്കിൽ ഭൂമിയിൽ അവരെ തള്ളിപ്പറയാൻ ആർക്ക്, എന്ത് അധികാരം?

3



# പരിശുദ്ധാത്മാവും ക്രിസ്തീയസാക്ഷ്യവും



കാലചക്രം അതിവേഗം തിരിയുന്നു. ശാസ്ത്രം വളരുന്നു. മനുഷ്യന്റെ സാമൂഹിക-സാംസ്കാരിക-ശാസ്ത്രമേഖലകളിലെ കുതിച്ചുചാട്ടം, സകലതും അവന്റെ വിരൽത്തുമ്പിൽ എത്തിച്ചിരിക്കുന്നു. അദ്ഭുതാവഹമായ ഇത്തരം വളർച്ച പൂർണമായും സത്യത്തിലേക്കും നന്മയിലേക്കുമായിരുന്നില്ല എന്നത് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ചിലപ്പോഴത് മനുഷ്യരുടെ നാശത്തിനും ദൈവനിഷേധത്തിനുംവരെ ഇടയാക്കിയിട്ടുമുണ്ട്.

ബ്രിട്ടീഷ് ജന്തുശാസ്ത്രജ്ഞൻ പ്രൊഫസർ ഡാകിൻസ് തന്റെ 'അന്ധനായ ഘടികാരനിർമ്മാതാവ്' (The Blind Watch Maker) എന്ന ഗ്രന്ഥത്തിൽ ഡാർവിന്റെ പരിണാമസിദ്ധാന്തം പുനർരചിച്ചു. ഡാർവിനെപ്പോലെ സ്രഷ്ടാവിന്റെ അസ്തിത്വം നിഷേധിച്ച ഡാകിൻസ്, പ്രകൃതിനിർദ്ധാരണം പകരംവയ്ക്കുകയുംചെയ്തു. എല്ലാസൃഷ്ടികൾക്കു പിന്നിലും ഒരു സ്രഷ്ടാവുണ്ട് എന്ന സാമാന്യതത്ത്വം അതുവഴി നിഷേധിക്കുകയും ചെയ്തു.

മേൽവിവരിച്ചതുപോലെയുള്ള ദൈവനിഷേധപ്രഖ്യാപനങ്ങൾ വേറെയും ഉണ്ടായിട്ടുണ്ട്. വാസ്തവത്തിൽ, മനുഷ്യൻ തന്റെ അസ്തിത്വംതേടിയുള്ള യാത്രയിൽ ആത്യന്തികമായി എത്തിച്ചേരുന്നത് പരമസത്യമായ ദൈവത്തിലാണ്. ശാശ്വതസത്യമായ ദൈവം, ഭൂതം, വർത്തമാനം, ഭാവി എന്നീ അവസ്ഥകൾക്ക് അതീതനായി നിത്യം നിലകൊള്ളുന്നു.

## ഈശ്വരാന്വേഷിയായ മനുഷ്യൻ

ദൈവത്തിനുവേണ്ടിയുള്ള ദാഹം മനുഷ്യഹൃദയത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കാരണം, മനുഷ്യർ ദൈവത്താലും ദൈവത്തിനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യജീവനുണ്ടാകാൻ ദൈവം ജീവശ്വാസം മനുഷ്യനിലേക്ക് ഊതുന്നു. ഈ ജീവശ്വാസമാണ് മനുഷ്യർക്ക് ജീവൻനല്കിയത് (ഉത്പ 2,7). അതുകൊണ്ട് മനുഷ്യനിൽ ജീവനുള്ളിടത്തോളംകാലം മനുഷ്യാത്മാവ് ദൈവത്തിനായി ദാഹിക്കുകയും ചെയ്യുന്നു (1 കോറി 3,16;6,19). ഈ ദാഹം ശമിപ്പിക്കാനായി മനുഷ്യൻ നിരന്തരം അന്വേഷിക്കുന്ന സത്യവും ശാന്തിയുമെല്ലാം ദൈവികമായ ഐക്യത്തിലൂടെമാത്രമേ പൂർത്തീകരിക്കപ്പെടുകയുള്ളൂ.

മനുഷ്യർ പലവിധത്തിൽ ദൈവാന്വേഷണത്തിൽ തത്പരരാണ് എന്നു കാണിക്കാൻ ചരിത്രത്തിൽ തെളിവുകളുണ്ട്. മതാത്മകവിശ്വാസങ്ങളിലൂടെയും ആചാരങ്ങളിലൂടെയും പ്രാർത്ഥനകൾ, ബലികൾ, ആരാധനാനുഷ്ഠാനങ്ങൾ, ധ്യാനങ്ങൾ മുതലായവയിലൂടെയും ഇന്നും ആ അന്വേഷണം തുടരുന്നു. ദൈവവുമായുള്ള ഐക്യത്തിനുവേണ്ടി മനുഷ്യാത്മാവിലുള്ള ഈ ദാഹവും അന്വേഷണവും ദൈവം അറിയുന്നുണ്ട്. അതുകൊണ്ട്, തന്നെ അന്വേഷിക്കുന്നതിനായി ദൈവം ഓരോ മനുഷ്യനെയും വിളിക്കുന്നതിൽനിന്ന് വിരമിക്കുന്നുമില്ല.

## പരിശുദ്ധത്രിത്വത്തെ തേടുന്ന ക്രിസ്തുവിശ്വാസി

മറ്റെല്ലാ മതവിശ്വാസങ്ങളിലുംനിന്നു വ്യത്യസ്തമായി ക്രിസ്ത്യാനി ത്രിതൈ്വക ദൈവവുമായുള്ള ഐക്യമാണു തേടുന്നത്. സത്യദൈവം ഏകനാണെന്നും അവിടന്ന് നിത്യനും അനന്തവ്യാപിയും മാറ്റമില്ലാത്തവനും അഗ്രാഹ്യനും സർവശക്തനും അവർണനീയനുമായ പിതാവും പുത്രനും പരിശുദ്ധാത്മാവുമാണെന്നും മൂന്നാളുകളാണെങ്കിലും ഒരേയൊരു സാരാംശവും സത്തയും അഥവാ പ്രകൃതിയും മാത്രമാണുള്ളതെന്നും അവിടന്ന് പൂർണകേവലനാ (entirely simple)ണെന്നും ഓരോ ക്രിസ്ത്യാനിയും വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.

ദൈവം ഏകകർത്താവാണെന്നും അവിടത്തെ 'പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ' സ്നേഹിക്കണമെന്നും (നിയമാ 6,4-5; മർക്കോ 12,29-30) പഠിപ്പിക്കുന്ന യേശു, താൻതന്നെയാണ് ഈ 'കർത്താവ്' എന്നും വെളിപ്പെടുത്തുന്നു (മർക്കോ 12,35-37). യേശു കർത്താവാണെന്നു പ്രഖ്യാപിക്കുന്നതും 'കർത്താവും ജീവദാതാവുമായ' പരിശുദ്ധാത്മാവിലുള്ള വിശ്വാസം ഏറ്റുപറയുന്നതും ഏകദൈവത്തിൽ ഒരു വിഭജനവും വരുത്തുന്നില്ല.

പരിശുദ്ധത്രിത്വത്തെ സംബന്ധിക്കുന്ന രഹസ്യം ക്രൈസ്തവവിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രരഹസ്യമാണ്. ദൈവത്തിന്റെതന്നെ അന്തഃസത്തയെ സംബന്ധിക്കുന്ന ദിവ്യരഹസ്യമാണത്. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' ആണ് ക്രിസ്ത്യാനികൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നത് (മത്താ 28,19).

### പ്രവർത്തനം 1

ദിവ്യബലിയിലും മറ്റ് കൂദാശകളിലും ത്രിത്വൈകദൈവത്തിന്റെ നാമം നാം ഉരുവിടുന്ന സന്ദർഭങ്ങൾ കണ്ടുപിടിച്ചെഴുതുക.

### പരിശുദ്ധാത്മാവായ ദൈവം

പരിശുദ്ധത്രിത്വത്തിലെ മൂന്നാമാളാണ് പരിശുദ്ധാത്മാവ് (പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചും മുൻക്ലാസ്സുകളിൽ നാം വിശദമായി പഠിച്ചിട്ടുള്ളതാണ്). ആദിമുതൽ 'സമയത്തിന്റെ തികവുവരെ' (ഗലാ 4,4) പിതാവിന്റെ വചനവും ആത്മാവും നിഗൂഢമായ രക്ഷാകരപദ്ധതിയനുസരിച്ചു പ്രവർത്തിക്കുന്നു. ദൈവത്തിന്റെ വചനവും (പുത്രനായ ദൈവം) അവിടത്തെ നിശ്വാസവും (പരിശുദ്ധാത്മാവായ ദൈവം) സർവ സൃഷ്ടികളുടെയും അവയുടെ അസ്തിത്വത്തിന്റെയും ജീവന്റെയും ഉദ്ഭവത്തിൽ നിലകൊള്ളുന്നു (സങ്കീ 33,6; 104,30; ഉത്പ 1,2-7). എല്ലാ സൃഷ്ടികളെയും ഭരിക്കുന്നതും വിശുദ്ധീകരിക്കുന്നതും സജീവമാക്കുന്നതും പരിശുദ്ധാത്മാവായ ദൈവമാണ്.

### പരിശുദ്ധാത്മാവിന്റെപ്രവർത്തനങ്ങൾ പഴയനിയമത്തിൽ

പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ ദൈവികസത്തയുടെ ഭാഗമായി പരിഗണിച്ചിരുന്നില്ല. എന്നാൽ, ദൈവത്തിന്റെയും ദൈവാത്മാവിന്റെയും പ്രവർത്തനങ്ങൾ ഒരേ അർത്ഥത്തിലാണ് പഴയനിയമം വീക്ഷിച്ചിരുന്നത് (ഏശ 40,13;63,10-14).

രൂപരഹിതമായ ഭൂമിക്ക് ജീവൻനല്കുന്നതും (ഉത്പ 1,2; സങ്കീ 33,6) പിന്നീട് തിന്മയാൽ ഊഷരമായ ലോകത്തെ ദൈവകൃപയുടെ വിളഭൂമിയാക്കിമാറ്റുന്നതും പരിശുദ്ധാത്മാവാണ് (ഏശ 44,3). ദൈവത്തിന്റെ നീതിയും നന്മയും ലോകത്ത് പ്രകടമാകുന്നതും (ഏശ 32,14-17) ദൈവകൃപയിൽനിന്ന് അകന്നുപോകുന്ന മനുഷ്യരിൽ ആന്തരിക പരിവർത്തനമുണ്ടാക്കുന്നതും (എസ 11,19-20; 18,31; സങ്കീ 36,26-27; 143,10) ഈ ആത്മാവാണ്.

ദൈവികപദ്ധതിയനുസരിച്ച് ദൈവം തിരഞ്ഞെടുക്കുന്ന വ്യക്തികളെ ശക്തിപ്പെടുത്തുന്നതും (എസ 2,2;3,12,24; ന്യായ 14,6,19; 15,14) നയിക്കുന്നതും (സംഖ്യ 27,18-20; സാമു 10:1-3;16,13; സഖ 4,6) പരിശുദ്ധാത്മാവാണ്.

സ്വപ്നം വ്യാഖ്യാനിക്കാൻ ജോസഫിനെ സഹായിച്ചതും (ഉത്പ 41:38), ദാവീദിലൂടെ സംസാരിച്ചതും (2 സാമു 23,2) പ്രവാചകന്മാരിലൂടെ പ്രവർത്തിച്ചതും (1 രാജാ 18,12; മിക്കാ 2,8; ഏശ 48,16) സകലമനുഷ്യരെയും ദൈവത്തിങ്കലേക്കു നയിക്കുന്നതും (ജോയേ 2,28-29) പരിശുദ്ധാത്മാവാണ്. വരാനിരിക്കുന്ന ക്രിസ്തുവിൽ ദൈവാത്മാവിന്റെ നിറവുണ്ടായിരിക്കും (ഏശ 11,2; 42,1;61,1).

'റൂവാ' എന്ന ഗ്രീക്കുപദമാണ് ആത്മാവിനെ സൂചിപ്പിക്കാൻ പഴയനിയമത്തിൽ ഉപയോഗിക്കുന്നത്. ശ്വാസം, കാറ്റ് എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. ഒരാളുടെ ഇച്ഛാശക്തി, ബുദ്ധിശക്തി, മനഃസാക്ഷി, അമർത്യത എന്നിവയെല്ലാം റൂവായുടെ നിയന്ത്രണത്തിലാണ്. 'പരിശുദ്ധാത്മാവ്' എന്നതിന് 'റൂവാ കാദോഷ്' എന്ന പദമാണ് ഹീബ്രുവിലുള്ളത് (ഗ്രീക്കിൽ 'പ്നെവുമാ ഹഗിയോൺ').

'ആത്മാവ്' എന്ന അർത്ഥത്തിൽ ഹീബ്രുവിൽ ഉപയോഗിക്കുന്ന മറ്റൊരുപദമാണ് 'നെപെഷ്'. ജീവൻ, മനസ്സ് തുടങ്ങിയ അർത്ഥങ്ങളും ഈ പദത്തിനുണ്ട്. ഒരാളുടെ വൈയക്തികത, വികാരങ്ങൾ എന്നിവയുടെ അടിസ്ഥാനം 'നെപെഷ്' ആണ്.

### പുത്രനായ ദൈവവും പരിശുദ്ധാത്മാവും

പഴയനിയമം പിതാവായ ദൈവത്തെക്കുറിച്ച് വളരെവ്യക്തമായി പ്രഘോഷിക്കുന്നു. പുതിയനിയമമാകട്ടെ, പുത്രനായ ദൈവത്തെക്കുറിച്ച് പൂർണമായും വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വെളിപാടുകൾ അപൂർണമാണെങ്കിലും പിതാവിലുള്ള ജീവചൈതന്യവും പുത്രനിൽ പ്രകടമാകുന്ന ശക്തിയുമെല്ലാം പരിശുദ്ധാത്മാവിന്റെ നിറവാണ്.

### ജനം കാത്തിരുന്ന ക്രിസ്തുവിന്റെ സവിശേഷതകൾ

"ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും; അവന്റെ വേരിൽനിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും. കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ്" (ഏശ 11,1.2).

"ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടന്ന് എന്നെ അഭിഷേകംചെയ്തിരിക്കുന്നു." (ഏശ 61,1; ലൂക്കാ, 4,18.19).

മിശിഹായുടെ സവിശേഷതകൾ സർവോപരി കർതൃദാസന്റെ പാട്ടുകളിൽ വെളിവാക്കപ്പെടുന്നു (ഏശ 42,1-9; 49,1-7; 50,4-11,52,13-53,12). കർതൃദാസന്റെ ഈ ഗാനങ്ങൾ യേശുക്രിസ്തു ആത്മാവിന്റെ നിറവിൽ നിർവഹിച്ച് പീഡാനുഭവത്തിന്റെ അർത്ഥം വ്യക്തമാക്കിത്തരുന്നു.

പുത്രനും പരിശുദ്ധാത്മാവും തങ്ങൾ രണ്ടുപേരുടെയും സംയുക്തദൗത്യത്തിൽ വ്യത്യസ്തരാണെങ്കിലും വേർപിരിക്കാനാവാത്തവരുമാണ്. യേശു ദൈവത്തിന്റെ 'അഭിഷിക്തൻ' (ക്രിസ്തു) ആകുമ്പോൾ, പരിശുദ്ധാത്മാവ് അവിടത്തെ 'അഭിഷേക'മാണ്.

പുത്രനെ മഹത്ത്വപ്പെടുത്തുന്ന പരിശുദ്ധാത്മാവിനെ പുത്രൻ തന്നിൽ വിശ്വസിക്കുന്നവരിലേക്കും അയയ്ക്കുന്നു. ക്രിസ്തുവിലൂടെ സാധ്യമായ രക്ഷയും മറ്റ് ദൈവികകാര്യങ്ങളും ഗ്രഹിക്കാൻ ദൈവാത്മാവിലൂടെയല്ലാതെ ആർക്കും സാധിക്കുകയില്ല. "യേശു കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവ് മുഖേനയല്ലാതെ ആർക്കും സാധ്യമല്ല" (1 കോറി 12,3). മാത്രമല്ല, "ഏകസത്യമായ അവിടത്തെയും (പിതാവിനെയും) അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17,3). പരിശുദ്ധാത്മാവാണ് ഈ നിത്യജീവൻ നമുക്കു സാധ്യമാക്കിത്തരുന്നത്.

### പ്രവർത്തനം 2

യേശു നിർവഹിച്ച രക്ഷാകരദൗത്യത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും ശക്തിയും പ്രകടമായ സന്ദർഭങ്ങൾ സുവിശേഷങ്ങളിൽനിന്ന് കണ്ടെത്തി എഴുതുക.

### പരിശുദ്ധാത്മാവും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും

പഴയനിയമത്തിലെന്നപോലെ പുതിയനിയമത്തിലും, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂടെ പരിശുദ്ധാത്മാവിന്റെ പ്രത്യേകസാന്നിധ്യമുള്ളതായി കാണാം. പരിശുദ്ധമറിയത്തിന്റെമേലും സ്നാപകനിലും അപ്പസ്തോലന്മാരിലും ആദിമസഭാവിശ്വാസികളിലുമെല്ലാം ഇറങ്ങിവന്ന ആത്മാവിന്റെ നിറവിലാണ് അവർ ക്രിസ്തുവിനു സാക്ഷ്യംനല്കിയത്.



**ആത്മാവിന്റെ നിറവിൽ മറിയത്തിന്റെ സാക്ഷ്യം**

രക്ഷാകരപദ്ധതിയനുസരിച്ച്, പിതാവായദൈവം അവിടത്തെ പരിശുദ്ധാത്മാവിന് ഇറങ്ങിച്ചെല്ലാനും അതുവഴി അവിടത്തെപുത്രന് മനുഷ്യാവതാരംചെയ്യാനും ആവശ്യമായ ഒരു വാസസ്ഥാനം പരിശുദ്ധമറിയത്തിൽ കണ്ടെത്തുകയായിരുന്നു. ദൈവപുത്രനു ജന്മംനല്കിയശേഷം പരിശുദ്ധാത്മാവിന്റെ ശക്തിമൂലവും മറിയത്തിന്റെതന്നെ വിശ്വാസം മൂലവും അവളുടെ കന്യാത്വം അന്യൂനമാംവിധം കാത്തുസൂക്ഷിക്കപ്പെട്ടു. അവൾ 'നിത്യകന്യക' (Aeiparthenos)യായി പ്രകീർത്തിക്കപ്പെടുന്നു (Lumen Gentium 52). പെന്തക്കുസ്താദിനത്തിൽ അപ്പസ്തോലന്മാരോടൊപ്പം പരിശുദ്ധാത്മാവിന്റെ പ്രത്യേകഅഭിഷേകം മറിയത്തിനു ലഭിക്കുന്നു. പരിശുദ്ധാത്മാവിൽ നിറഞ്ഞ വചനം ദൃശ്യരൂപത്തിൽ ലോകത്തിനു നല്കിയ മറിയം ജീവിക്കുന്നവരുടെ അമ്മ (പുതിയ ഹവ്വ)യായി നമ്മോടൊപ്പം വസിക്കുന്നു (യോഹ 19,25-27). 'ഇതാ കർത്താവിന്റെ ദാസി' (ലൂക്കാ 1,38) എന്നു പറഞ്ഞുകൊണ്ട് ദൈവികപദ്ധതിക്കു സ്വയംസമർപ്പിച്ച മറിയം ചാർച്ചക്കാരിയായ എലിസബത്തിന് ശുശ്രൂഷ ചെയ്യാൻ ആത്മാവിന്റെ നിറവിൽ തിടുക്കത്തിൽ (ലൂക്കാ 1,39) പോകുന്നു.

'സഹരക്ഷക' എന്നനിലയിൽ ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിക്ക് ആദ്യന്തം സമർപ്പിതയായ പരിശുദ്ധമറിയം ക്രിസ്തുവിന്റെ പ്രഥമസാക്ഷിയും ക്രിസ്തുസാക്ഷികളായ നമ്മുടെ ഏറ്റവുംവലിയ മാതൃകയുമാണ്.

## ആത്മാവിന്റെ നിറവിൽ സ്നാപകന്റെ സാക്ഷ്യം

ദൈവപുത്രനു വഴികാട്ടിയായി ദൈവത്താൽ അയയ്ക്കപ്പെട്ട സ്നാപകയോഹന്നാൻ (യോഹ 1,6) അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ പരിശുദ്ധാത്മാവിൽ നിറഞ്ഞിരുന്നു (ലൂക്കാ 1,15,41). ആത്മാവിന്റെനിറവിൽ 'മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദ'മായി മാറിയ യോഹന്നാൻ "മാനസാന്തരത്തിനു യോജിച്ചഫലങ്ങൾ പുറപ്പെടുവിക്കുവിൻ" (ലൂക്കാ 3,8) എന്ന് ഏവരെയും ആഹ്വാനംചെയ്യുന്നു. "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1,29) എന്നുപറഞ്ഞ് ലോകത്തിനുമുമ്പിൽ ദൈവപുത്രനെ അവതരിപ്പിച്ച യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു (മത്താ 14,1-12).

## ആത്മാവിന്റെ നിറവിൽ അപ്പസ്തോലന്മാരുടെ സാക്ഷ്യം

മഹത്ത്വീകൃതനായ ക്രിസ്തുവും അവിടത്തെ അപ്പസ്തോലന്മാരും തമ്മിലുള്ള ബന്ധത്തിന്റെ കണ്ണിയായി വർത്തിച്ചത് പരിശുദ്ധാത്മാവാണ്. യേശുവിൽ ആവസിച്ച പരിശുദ്ധാത്മാവുതന്നെയാണ് ശിഷ്യന്മാരുടെമേലും നിറഞ്ഞിരുന്നത്. "യേശുവിന്റെ ആത്മാവ്" എന്നാണ് നടപടിപുസ്തകം പരിശുദ്ധാത്മാവിനെ വിളിച്ചത് (16,7). മഹത്ത്വത്തിലേക്ക് പ്രവേശിച്ച യേശുവിന് ശിഷ്യന്മാരുടെമേലുള്ള ഭൗമികസാന്നിധ്യം കൂടിയായിരുന്നു പരിശുദ്ധാത്മാവ്. തനിക്കുശേഷം മറ്റൊരു 'സഹായകനെ' (പാറക്ലേത്താ) അയയ്ക്കുമെന്ന് ശിഷ്യന്മാർക്ക് അവിടന്ന് വാഗ്ദാനം നല്കിയിരുന്നതാണല്ലോ (യോഹ 14,7). ഉത്ഥാനാനന്തരം ശിഷ്യന്മാരുടെമേൽ നിശ്വസിച്ചുകൊണ്ട് അവിടന്നു പറഞ്ഞു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). പിന്നീട് പന്തക്കുസ്താദിനത്തിൽ തീനാളങ്ങളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് അവരുടെമേൽ ഇറങ്ങിവരുകയും ചെയ്തു (അപ്പ 2,1-13). ഭൂമിയുടെ അതിർത്തികളോളം യേശുവിനു സാക്ഷ്യംവഹിക്കാൻ അപ്പസ്തോലന്മാരെ ശക്തരാക്കിയത് ഈ ആത്മാവാണ് (അപ്പ 1,8). പന്തക്കൊസ്തായ്ക്കുപുറമേ, പത്രോസിലും (അപ്പ 4,8) എസ്തപ്പാനിലും (അപ്പ 6,10;7,55) ഡീക്കന്മാരിലും (അപ്പ 6,1-3) പൗലോസിലും (അപ്പ 9,17), ബർണബാസിലും (അപ്പ 11,24), മറ്റു വിശ്വാസികളിലും (അപ്പ 4,24-31) പരിശുദ്ധാത്മാവ് വന്നുനിറഞ്ഞിരുന്നു.

ജീവൻവെടിഞ്ഞും ക്രിസ്തുവിനു സാക്ഷ്യംനല്കാൻ അപ്പസ്തോലന്മാർക്കും ഇതര ശിഷ്യർക്കും വിശ്വാസധീരതയും ശക്തിയും പകർന്നത് പരിശുദ്ധാത്മാവാണ്.

## ആത്മാവിന്റെനിറവിൽ ആദിമസഭയുടെ സാക്ഷ്യം

യേശു തന്റെ മരണവും ഉത്ഥാനവുംവഴി മഹത്ത്വീകൃതനാകുന്നതുവരെ പരിശുദ്ധാത്മാവിനെ പൂർണമായും വെളിപ്പെടുത്തിയിരുന്നില്ല. നിക്കദേമൂസിനോടും (യോഹ 3,5-8) സമരിയാക്കാരിയോടും (യോഹ 4,10,14,23.24) കൂടാരത്തിരുനാളിൽ പങ്കെടുത്തവരോടും (യോഹ 7,37-39) മറ്റ് അവസരങ്ങളിലും (യോഹ 6,27,51,62,63) യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു സംസാരിക്കുന്നുണ്ടെങ്കിലും അതെല്ലാം ഭാഗികമാണ്. പിന്നീട് തന്റെ അപ്പസ്തോലന്മാർക്കു മാത്രമാണ് അവിടന്ന് പരിശുദ്ധാത്മാവിനെ നല്കിയത്.

എന്നാൽ ഉത്ഥാനാനന്തരം ക്രിസ്തുവിശ്വാസികൾക്കേവർക്കും ആത്മാവിനെ ലഭിക്കുമെന്ന് ആദിമസഭയിൽത്തന്നെ വിശ്വാസമുണ്ടായിരുന്നു. ആദിമസഭ വളർന്നത് ദൈവഭയത്തിലും പരിശുദ്ധാത്മാവിന്റെ സമാശ്വാസത്തിലും (അപ്പ 9,31) ആയിരുന്നു. അന്ന് വിശ്വാസികൾ ഒരേഹൃദയവും ഒരേ ആത്മാവുമായി ജീവിച്ചത് പരിശുദ്ധാത്മാവിന്റെ നിറവിലായിരുന്നു (അപ്പ 4,32-37).

ആദിമസഭയിൽ വിവിധശുശ്രൂഷകർക്കായി വിശ്വാസികളെ തിരഞ്ഞെടുത്തത് പരിശുദ്ധാത്മാവാണ് (അപ്പ 20,28). അപ്പസ്തോലന്മാരുടെയും ശ്രേഷ്ഠന്മാരുടെയുംമാത്രം അവകാശമായല്ല ആദിമസഭ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിച്ചത്, വിശ്വാസികളുടെ മുഴുവൻ ശക്തിയായാണ് (ലൂക്കാ 1,17;4,14; 5,17; 6,19; അപ്പ 1,5-8). യേശുവിൽ വിശ്വസിച്ച ആർക്കും പരിശുദ്ധാത്മാവിനെ ലഭിച്ചിരുന്നു (ലൂക്കാ 6,19). മാത്രമല്ല, ജ്ഞാനസ്നാനം സ്വീകരിക്കാത്തവരുടെമേലും (ലൂക്കാ 10,44-48), യഹൂദർ നിന്ദ്യരായി കരുതിയിരുന്ന സമരിയാക്കാരുടെമേലും പരിശുദ്ധാത്മാവ് ആവസിച്ചിരുന്നു (ലൂക്കാ 8,12-17). ക്രിസ്തുസാക്ഷികളെല്ലാവരും തങ്ങളുടെ ജീവനെക്കാൾ പ്രാധാന്യം ക്രിസ്തുവിലുള്ള വിശ്വാസത്തിനു നല്കാനും അതിനുവേണ്ടി രക്തസാക്ഷിത്വംവരിക്കാനും തയ്യാറായത് പരിശുദ്ധാത്മാവിന്റെ കൃപയാലാണ്.

## പരിശുദ്ധാത്മാവും സഭയും

ക്രിസ്തുവിന്റെ സഭ അപ്പസ്തോലന്മാരുടെ വിശ്വാസത്തിൽ ജീവിക്കുന്ന കൂട്ടായ്മയും ക്രിസ്തുവിശ്വാസം പകർന്നുകൊടുക്കുന്ന വേദിയുമാണ്. അവൾ ക്രിസ്തുവിന്റെ ശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമാണ്. പരിശുദ്ധാത്മാവ് സഭാമക്കളുടെ ഹൃദയങ്ങളിൽ ഒരു പുതിയനിയമം ആലേഖനംചെയ്തിരിക്കുന്നു. അവിടന്ന് അവരിൽ നിരന്തരം പ്രവർത്തനനിരതനുമാണ് (ഗലാ 5,25; മത്താ 16,24-26). ചിതറിപ്പോയതും വിഭജിക്കപ്പെട്ടതുമായ ജനതകളെ ശേഖരിക്കുകയും അനുരഞ്ജിപ്പിക്കുകയും

ചെയ്തുകൊണ്ട് കർത്താവിനായി പരിപൂർണമായ ഒരു ജനത്തെ (ലൂക്കാ 1,17) പരിശുദ്ധാത്മാവ് സജ്ജീകരിക്കുന്നു.

ഉത്ഥിതനായ കർത്താവിനെ വെളിപ്പെടുത്തിയും അവിടത്തെ വചനം അനുസ്മരിപ്പിച്ചും ക്രിസ്തുരഹസ്യം സന്നിഹിതമാക്കിയും പരിശുദ്ധാത്മാവ് നിരന്തരം സഭയിൽ പ്രവർത്തിക്കുന്നു. സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ 5,22.23) തുടങ്ങിയ മാനങ്ങളാൽ പരിശുദ്ധാത്മാവ് സഭയെ നിറയ്ക്കുകയും നയിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ ആത്മാവ് വസിക്കുന്നതുമൂലം നാം ജഡികരല്ല, ആത്മീയരാണ് (റോമാ 8:13). ആത്മാവിന്റെ നിറവിൽ നാം ദൈവപുത്രരും ക്രിസ്തുവിന്റെ കൂട്ടവകാശികളുമാണ് (റോമ 8,14-17).

## പരിശുദ്ധാത്മാവിന് സഭയിൽ ഉപയോഗിക്കുന്ന സംജ്ഞകളും പ്രതീകങ്ങളും

പിതാവിനോടും പുത്രനോടുമൊപ്പം നാം ആരാധിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നവന്റെ യഥാർത്ഥനാമം പരിശുദ്ധാത്മാവ് എന്നാണ്. ഈ പേര് സഭ കർത്താവിൽനിന്നാണ് സ്വീകരിച്ചത്. സഭ നവജാതരുടെ ജ്ഞാനസ്നാനത്തിൽ അത് ഏറ്റുപറയുകയും ചെയ്യുന്നു.

## പരിശുദ്ധാത്മാവിന്റെ സംജ്ഞകൾ

പാറക്ലേത്ത: യേശു തന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ സഭയോടൊത്ത് വാഗ്ദാനം ചെയ്തുകൊണ്ടു പറഞ്ഞു: "ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ നിങ്ങളുടെയടുക്കൽ വരികയില്ല" (യോഹ 16,7; 14,1626; 5,26). പരിശുദ്ധാത്മാവ് ഇന്നു വസിക്കുന്നത് തന്നെ പ്രചോദിപ്പിച്ച (inspired) വിശുദ്ധഗ്രന്ഥത്തിലും (Sacred Scripture) അവിടത്തെ സഹായത്താലുള്ള സഭയുടെ പ്രബോധനാധികാരത്തിലും (Magisterium), വാക്കുകളിലൂടെയും പ്രതീകങ്ങളിലൂടെയും ക്രിസ്തുഐക്യത്തിലേക്ക് നമ്മെ കൊണ്ടുവരുന്ന കൗദാശിക ആരാധന (Sacred Liturgy) യിലൂടെയുമാണ്. കൂടാതെ, നമ്മുടെ മധ്യസ്ഥപ്രാർത്ഥനകളിലും, സഭയിലെ വിവിധ വരങ്ങളിലും ശുശ്രൂഷകളിലും അപ്പസ്തോലികവും പ്രേഷിതപ്രവൃത്തിപരവുമായ ജീവിതത്തിലും വിശുദ്ധരുടെ സാക്ഷ്യത്തിലുമെല്ലാം അവിടന്ന് സന്നിഹിതനായിരിക്കുന്നു. പ്രഘോഷിക്കുകയും വാഗ്ദാനം നടത്തുകയും ചെയ്തപ്പോൾ യേശു പാറക്ലേത്താ എന്ന് പരിശുദ്ധാത്മാവിനെ വിളിച്ചു. ഒരുവന്റെ പക്ഷത്തേക്കു വിളിക്കപ്പെട്ടവൻ (ad-voatus) എന്നാണ് ഈ പദത്തിന്റെ വാച്യാർത്ഥം (യോഹ 14,16,26; 16:17).

പരിശുദ്ധാത്മാവിന്റെ നാമത്തിൽ വിശുദ്ധഗ്രന്ഥം ഉപയോഗിക്കുന്ന മറ്റു സംജ്ഞകൾ താഴെ ചേർക്കുന്നു:

"സത്യത്തിന്റെ ആത്മാവ്" - യോഹ 16,13
"വാഗ്ദാനത്തിന്റെ ആത്മാവ്" - ഗലാ 3,14; എഫേ 1,13
"ദത്തെടുപ്പിന്റെ ആത്മാവ്" - റോമാ 8,15; ഗലാ 4,6
"ക്രിസ്തുവിന്റെ ആത്മാവ്" - റോമാ 8,9
"കർത്താവിന്റെ ആത്മാവ്" - 2 കോറി 3,17
"ദൈവത്തിന്റെ ആത്മാവ്" - റോമാ 8.9, 1 കോറി 6,11
"മഹത്ത്വത്തിന്റെ ആത്മാവ്" - 1 പത്രോ 4,14

## പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ

### ജലം

ജലം വിശുദ്ധീകരണകർമ്മത്തെയും ജീവന്റെ ഫലദായകത്വത്തെയും നവജീവനെയും സൂചിപ്പിക്കുന്നു. പുതിയനിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമെന്നനിലയിൽ ജലം ജ്ഞാനസ്നാനം എന്ന കൂദാശയിലെ ദൈവികജീവനിലേക്കുള്ള ഒരുവന്റെ ജനനം സൂചിപ്പിക്കുന്നു (1 കോറി 12,13). മാത്രമല്ല, നിത്യജീവനിലേക്ക് ഒരുവനെ നയിക്കുകയും ചെയ്യുന്നു (യോഹ 4, 10-14; 7, 38; 1 കോറി 10,4).

### അഭിഷേകം

ക്രിസ്തു (ഗ്രീക്കിൽ, ക്രിസ്തുസ്; ഹീബ്രുവിൽ മെസയാ) എന്നതിന് 'ദൈവാത്മാവാൽ അഭിഷേകം ചെയ്യപ്പെട്ടവൻ' എന്നാണർത്ഥം. എണ്ണകൊണ്ടുള്ള അഭിഷേകം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് (1 യോഹ 2,20-21, 2 കോറി 1,21). സ്ഥിരീകരണത്തിന്റെ കൗദാശികാടയാളവുമാണത്.

### അഗ്നി

ആത്മാവിന്റെ പ്രവർത്തനത്താൽ ഒരുവനിൽ സംഭവിക്കുന്ന രൂപാന്തരത്തെയും ഊർജ്ജത്തെയും അഗ്നി എന്ന പ്രതീകം സൂചിപ്പിക്കുന്നു. അഗ്നിപോലെ ഉയർന്നവനും പന്തംപോലെ ജ്വലിക്കുന്ന വാക്കുള്ളവനുമായ ഏലിയാപ്രവാചകൻ പ്രാർത്ഥിച്ചപ്പോൾ, കർമ്മല മലയിലെ ബലിവസ്തുവിന്മേൽ സ്വർഗത്തിൽനിന്ന് അഗ്നി ഇറങ്ങിവന്നു (പ്രഭാ 48,1, 1 രാജാ 18,38.39) പുതിയനിയമകാലത്ത്, ഏലിയായുടെ തീക്ഷ്ണതയിൽ ആത്മാവിലും അഗ്നിയിലും സ്നാനം നല്കുന്ന യോഹന്നാനെയും നമുക്കു കാണാം

(ലൂക്കാ 1,17;3,16). "ഞാൻ ഭൂമിയിൽ തീയിടാൻ വന്നു; അത് ഇതിനകം കത്തിയിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു" (ലൂക്കാ 12,49) എന്ന് യേശു പറയുന്നു. അപ്പ 2,3.4ൽ പെന്തക്കുസ്ത സമയത്ത് 'അഗ്നിജ്വാലകൾപോലുള്ള നാവുകൾ' (അപ്പ 2,3) ശിഷ്യന്മാരുടെമേൽ ആവസിക്കുകയും അവർ പരിശുദ്ധാത്മാവാൽ നിറയുകയും ചെയ്തു. നമ്മിലുള്ള പരിശുദ്ധാത്മാവിനെ കെടുത്തരുതെന്ന് പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (1 തെസ 5,19).

### മേഘം, പ്രകാശം

പരിശുദ്ധാത്മാവിന്റെ വെളിപ്പെടലുകളിൽ മേഘവും പ്രകാശവും എന്ന രണ്ടുപ്രതീകങ്ങൾ അവിഭാജ്യമാണ്. മോശയോടുകൂടെ സീനായ്മലയിലും (പുറ 24,15-18) സമാഗമകൂടാരത്തിലും (പുറ 33,9.10), ജനം മരുഭൂമിയിൽ അലഞ്ഞുതിരിയുന്ന സമയത്തും (പുറ 40,36-38) പരിശുദ്ധാത്മാവ് മേഘമായും പ്രകാശമായും പ്രത്യക്ഷപ്പെടുന്നു. സോളമനോടുകൂടെ ദേവാലയപ്രതിഷ്ഠാസമയത്തും (1 രാജാ 8,10-12) പുതിയനിയമത്തിൽ യേശുവിന്റെ രൂപാന്തരീകരണസമയത്തും (ലൂക്കാ 9,34.35) സ്വർഗാരോഹണസമയത്തും (ലൂക്കാ 1,35) ഇവ പ്രത്യക്ഷപ്പെടുന്നു. അന്തിമദിനത്തിൽ മനുഷ്യപുത്രനെ ഈ രണ്ടു പ്രതീകങ്ങൾ കൂടുതൽ വെളിപ്പെടുത്തും (അപ്പ 1,9; ലൂക്കാ 21,27).

### മുദ്ര

മുദ്ര അഭിഷേകത്തിന്റെ പ്രതീകമാണ്. പിതാവായ ദൈവം തന്റെ അംഗീകാരമുദ്രവച്ച പുത്രനിലൂടെ നമ്മുടെമേൽ മുദ്രപതിക്കുന്നു (യോഹ 6,27; 2 കോറി 1,22; എഫേ 1,13, 4,30). മാമ്മോദീസ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകൾവഴി പരിശുദ്ധാത്മാവിലുള്ള അഭിഷേകത്തിൽ സംഭവിക്കുന്ന മായ്ക്കാനാവാത്തഫലം ഈ മുദ്ര സൂചിപ്പിക്കുന്നു.

### കൈവയ്പ്

യേശു രോഗികളുടെമേൽ കരങ്ങൾവച്ച് അവരെ സുഖപ്പെടുത്തുകയും കുട്ടികളുടെമേൽ കരങ്ങൾവച്ച് ആശീർവദിക്കുകയും ചെയ്യുന്നു (മർക്കോ 6,5; 8,23; 10,16). യേശുവിന്റെ നാമത്തിൽ അപ്പസ്തോലന്മാരും കൈവയ്പുപ്രാർത്ഥന നടത്തുന്നു (മർക്കോ 16,18; അപ്പ 5,12; 14,3). കൈവയ്പുവഴിയാണ് അവർ വിശ്വാസികൾക്ക് പരിശുദ്ധാത്മാവിനെ നല്കിയത് (അപ്പ 8,17-19, 13,3; 19,6) പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്ന പ്രാർത്ഥനകളിലും (epiclesis) തിരുപ്പട്ടശുശ്രൂഷയിലും മറ്റ് പല അവസരങ്ങളിലും സഭ അപ്രകാരം ചെയ്യുന്നുണ്ട്.

## കൈവിരൽ

ദൈവം തന്റെ വിരലുകൾകൊണ്ടാണ് കല്പലകകളിൽ നിയമം എഴുതി മോശയ്ക്ക് നല്കിയത് (പുറ 31,18). യേശുവിന്റെ ശിഷ്യരുടെ ഹൃദയങ്ങളിലും ദൈവത്തിന്റെ വിരൽകൊണ്ട് പുതിയ കല്പനകൽ എഴുതിച്ചേർക്കപ്പെട്ടു (2 കോറി 3,3). ദൈവത്തിന്റെ വിരൽകൊണ്ടാണ് യേശു പിശാചുകളെ ബഹിഷ്കരിച്ചത് (ലൂക്കാ 11,20).

## പ്രാവ്

ജലപ്രളയത്തിന്റെ അവസാനം നോഹ വിട്ടയച്ചപ്രാവ് ഒരു ഒലിവ്മരക്കൊമ്പ് കൊത്തിക്കൊണ്ടുവന്നു. ഭൂമി വീണ്ടും മനുഷ്യവാസയോഗ്യമായി എന്നതിന്റെ അടയാളമായിരുന്നു അത് (ഉത്പ 8,12). യേശുവിന്റെ ജ്ഞാനസ്നാനസമയത്ത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന് അവിടന്നിൽ വസിക്കുന്നു (മത്താ 3,16). ക്രൈസ്തവചിത്രകലയിൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ പരമ്പരാഗതമായി പ്രാവിന്റെ ചിത്രം വരച്ചുകാണുന്നു.

## ആത്മാവിന്റെ നിറവിൽ സഭാമക്കളുടെ വിശ്വാസജീവിതം

സഭാമക്കൾ പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നു എന്നുപറയുമ്പോൾ അർത്ഥമാക്കുന്നത്, അവിടന്ന് പരിശുദ്ധത്രിത്വത്തിലെ ഒരു വ്യക്തിയാണെന്നും, പിതാവിനോടും പുത്രനോടുമൊപ്പം സത്തയിൽ ഒന്നാണെന്നും, പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനും മഹത്ത്വീകരിക്കപ്പെടുന്നവനുമാണ് എന്നാണ്.

പിതാവായ ദൈവം, ആബാ പിതാവേ! എന്നുവിളിക്കുന്ന സഭാമക്കളിലേക്ക് തന്റെ ആത്മാവിനെ അയച്ചുതന്നിരിക്കുന്നു (ഗലാ 4,6). നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് നമ്മിൽ വിശ്വാസത്തിന്റെ ദീപം തെളിക്കുകയും ചെയ്യുന്നു.

ആത്മാവിന്റെനിറവിൽ ജീവിക്കുന്ന നമ്മെ നമ്മുടെ ബലഹീനതകളിൽ അവിടന്ന് സഹായിക്കുന്നു. എന്തെന്നാൽ, വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെ എന്നുപോലും നമുക്കറിഞ്ഞുകൂടാ (റോമ 8,26).

## തിരുസഭ: പരിശുദ്ധാത്മാവിലുള്ള സാക്ഷ്യകൂടാരം

- ക്രൈസ്തവപാരമ്പര്യമനുസരിച്ച് സഭ എന്നാൽ,
- ആരാധനാസമ്മേളനമാണ് (1 കോറി 11,18; 14, 19, 28,34-35)
- ഒരു പ്രാദേശികസമൂഹമാണ് (1 കോറി 1,2; 16,1)

- വിശ്വാസികളുടെ സാർവത്രികസമൂഹമാണ് (1 കോറി 15,9; ഗലാ 1,13; ഫിലി 3,6) ഇപ്പറഞ്ഞ മൂന്ന് അർത്ഥതലങ്ങളും പരസ്പരം വേർതിരിക്കാനാവാത്തതാണ് ലോക മെമ്പാടും ഒരുമിച്ചുകൂടുന്ന ഈ വിശ്വാസസമൂഹം.
- ആരാധനാപരമായ സമൂഹം എന്നനിലയിൽ യാഥാർത്ഥ്യമാക്കപ്പെടുന്നു.
- പ്രാദേശികമായി നിലകൊള്ളുന്നു.
- ക്രിസ്തുവിന്റെ വചനത്തിൽ (വിശുദ്ധഗ്രന്ഥം, ആരാധന, പ്രാർത്ഥന)നിന്നും ശരീ രത്തിൽ (ദിവ്യകാരുണ്യം, സഭാഗാത്രം) നിന്നും ജീവൻ സ്വീകരിക്കുന്നു.

## സഭ എന്ന പദം

സഭ എന്ന വാക്കിന് വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നാണർത്ഥം. ലത്തീ നിലെ എക്ലേസിയ (ecclessia) എന്ന പദം ഗ്രീക്കിലെ ek-kelein എന്ന ക്രിയയിൽനിന്നു വരുന്നു. പുറത്തേക്കു വിളിച്ചുവരുത്തുക എന്നാണ് പദത്തിനർത്ഥം. ജനങ്ങളുടെ മത പരമായ സമ്മേളനങ്ങൾ സൂചിപ്പിക്കാനാണ് പൊതുവേ ഈ പദം ഉപയോഗിച്ചിരുന്ന ത്. സീനായ്ഉടമ്പടിവഴി രൂപീകരിക്കപ്പെട്ട ഇസ്രായേൽസമൂഹത്തെയും (പുറ 19) ക്രൈസ്തവവിശ്വാസികളുടെ ആദിമസമൂഹത്തെയും 'സഭ' എന്നാണു വിളിച്ചിരുന്ന ത്. വിശ്വാസികളുടെ ആ സമ്മേളനത്തിന്റെ പിന്തുടർച്ചാവകാശികളാണ് ഇന്ന് ക്രിസ്തു വിന്റെ സഭ എന്നറിയപ്പെടുന്നത്.

സഭ എന്ന പദത്തിനുതുല്യമായ മറ്റൊരു ഗ്രീക്ക്പദമാണ് kyriake എന്നത്. കർത്താ വിനുള്ളത് എന്നാണ് ഈ പദത്തിനർത്ഥം. ഈ പദത്തിൽനിന്നാണ് kirche എന്ന ജർമ്മൻപദവും church എന്ന ഇംഗ്ലീഷ്പദവും ഉദ്ഭവിച്ചത്.

## സഭയുടെ വിവാധനാമങ്ങളും പ്രതീകങ്ങളും

സഭയുടെ അക്ഷയമായരഹസ്യം വിവരിക്കാൻ വിവിധനാമങ്ങളിലൂടെയും പ്രതീ കങ്ങളിലൂടെയും കാലാകാലങ്ങളിൽ ശ്രമിച്ചിട്ടുണ്ട്:

### 1. ദൈവജനം

ദൈവജനം എന്നത് പഴയനിയമത്തിലെ ഒരു പ്രതീകമാണ്. ഇസ്രായേൽജനത്തെ ദൈവവുമായുള്ള ഉടമ്പടി സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചിരുന്നത്. ദൈവം ഇസ്രായേലിന്റെ ദൈവമെന്നും ഇസ്രായേൽ ദൈവത്തിന്റെ ജനമെന്നുമാണ് ഈ ഉട മ്പടി പ്രഘോഷിക്കുന്നത്. പുതിയനിയമത്തിൽ, ദൈവജനമെന്നാൽ ക്രിസ്തുവിന്റെ സഭയാണ്. അത് പഴയനിയമകാലത്തെ ദൈവജനത്തിന്റെ പൂർണതയുമാണ്.



### 2. ക്രിസ്തുവിന്റെ ശരീരം

പുതിയ ഉടമ്പടി ജനത്തിന്റെ ശിരസ്സ് ക്രിസ്തുവായതുകൊണ്ട്, ജനം ക്രിസ്തുവിന്റെ ശരീരമാകുന്നു. (എഫേ 1,22; കൊളോ 1, 18; Lumen Gentium 9) താനും തന്നെ അനുഗമിക്കുന്നവരും തമ്മിലുണ്ടാകാനിരിക്കുന്ന അവഗാഢമായ ബന്ധത്തെപ്പറ്റി യേശു പറഞ്ഞു: "നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും... ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്" (യോഹ 15,45). ക്രിസ്തു കേന്ദ്രീകൃതമാണ് സഭയുടെ ജീവിതം എന്ന് ഈ പ്രതീകം വ്യക്തമാക്കുന്നു.

### 3. ആട്ടിൻപറ്റം

ക്രിസ്തു നല്ലിടയനും സഭ ക്രിസ്തുവിന്റെ ആട്ടിൻപറ്റവുമാണ് (യോഹ 10,1-10; ഏശ 40,11; എസ 34,11-31). പിതാവിന്റെ പക്കലേക്കുള്ള വാതിലും അവിടന്നുതന്നെയാണ്. ആടുകൾക്കു സ്വജീവൻ നല്കുന്ന ഈ നല്ലിടയൻ തന്റെ ആട്ടിൻപറ്റത്തെ നിരന്തരം പരിപോഷിപ്പിക്കുന്നു.

### പ്രവർത്തനം 3

താഴെ കാണുന്ന സഭാപ്രതീകങ്ങൾ ശ്രദ്ധിക്കുക. ഈ പ്രതീകങ്ങൾ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം എങ്ങനെ വെളിപ്പെടുത്തുന്നെന്ന് പഠിച്ചെഴുതുക.

1. ദൈവത്തിന്റെ വയൽ അഥവാ കൃഷിസ്ഥലം
2. ദൈവഭവനം
3. നമ്മുടെ അമ്മ
4. ക്രിസ്തുവിന്റെ മണവാട്ടി

5. ക്രിസ്തുവിന്റെ കൂദാശ
6. പരിശുദ്ധാത്മാവിന്റെ ആലയം
7. പുരോഹിത-പ്രവാചക-രാജകീയജനം
8. ഉന്നതങ്ങളിലുള്ള ജറുസലേം

### ലോകാരംഭംമുതൽ നിശ്ചയിക്കപ്പെട്ട സഭ

തന്റെ ദൈവികജീവനിലുള്ള സംസർഗത്തിനായാണ് ദൈവം ലോകത്തെയും മനുഷ്യനെയും സൃഷ്ടിച്ചത്. എന്നാൽ ദൈവവും മനുഷ്യനുംതമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലുമുള്ള ഐക്യം, പാപം നശിപ്പിച്ചതുമൂലം സൃഷ്ടിയുടെ ലക്ഷ്യംതെറ്റി. ദൈവ-മനുഷ്യബന്ധത്തിന്റെ പുനഃസ്ഥാപനവും മനുഷ്യർക്കിടയിലുണ്ടായിരിക്കേണ്ട സംസർഗവും ദൈവം പദ്ധതിയിട്ടു. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തങ്ങളിൽനിന്ന് ദൈവപുത്രന്റെ കുരിശുമരണംവഴി മനുഷ്യകുലത്തെ മോചിപ്പിക്കുക മാത്രമായിരുന്നു ദൈവത്തിനുമുൻപിലുള്ള പോംവഴി. ദൈവികപദ്ധതിയനുസരിച്ച് മനുഷ്യരക്ഷ സാധ്യമാക്കിയ ദൈവപുത്രൻ തന്റെ രക്തംചിന്തി നേടിക്കൊടുത്ത രക്ഷയുടെ ഫലങ്ങൾ എല്ലാമനുഷ്യർക്കും എല്ലാക്കാലത്തും ലഭ്യമാക്കാൻ ആഗ്രഹിച്ചു. അതിനായി



തന്നിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ സഭയെ അവിടന്ന് അവരോധിച്ചു. അങ്ങനെ ക്രിസ്തുവിന്റെ മണവാട്ടിയും അവിടത്തെ ശരീരവുമായ തിരുസഭയുടെ ജനനം ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു എന്നു തെളിയിക്കപ്പെട്ടു. ലോകാരംഭം മുതൽ നിശ്ചയിക്കപ്പെട്ടതാണ് സഭയുടെ ജനനമെങ്കിലും ക്രൂശിതനായ യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും സഭയുടെ ഉദ്ഭവത്തെയും വളർച്ചയെയും പ്രതീകാത്മകമായി സൂചിപ്പിച്ചു: (Lumen Gentium; യോഹ 19,34). വിശുദ്ധ അംബ്രോസ് വിവരിക്കുന്നതുപോലെ, "ഉറങ്ങുന്ന ആദത്തിന്റെ പാർശ്വത്തിൽനിന്നു ഹവ്വ രൂപപ്പെട്ടതുപോലെ കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച ക്രിസ്തുവിന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽനിന്നാണ് സഭ ജനിച്ചത്".

## പരിശുദ്ധാത്മാവാൽ പ്രത്യക്ഷമാക്കപ്പെട്ട സഭ

ലോകത്തിൽ നിർവഹിക്കാനായി പിതാവ് പുത്രനെ ഏല്പിച്ച ജോലി പുത്രൻ പൂർത്തിയാക്കിയപ്പോൾ പന്തക്കുസ്താദിനം പരിശുദ്ധാത്മാവ് ലോകത്തിലേക്ക് അയയ്ക്കപ്പെട്ടു (യോഹ 17:4; Lumen Gentium 4). അതുവഴി, സഭ ജനസമൂഹങ്ങളുടെ മുന്നിൽ പരസ്യമായി പ്രത്യക്ഷപ്പെട്ടു. സഭയെ നിരന്തരം വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവുവഴി സഭ ജനതകളുടെ ഇടയിൽ സുവിശേഷപ്രഘോഷണമാരംഭിക്കുകയും ചെയ്തു (AG 4). ഇക്കാരണത്താൽ, സാർവത്രികസഭ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നിച്ചുചേർക്കപ്പെട്ട ഒരു ജനമായി കാണപ്പെടുന്നു (Lumen Gentium 4).

പരിശുദ്ധാത്മാവിൽ പ്രത്യക്ഷപ്പെട്ടവൾ എന്ന നിലയിൽ പരിശുദ്ധാത്മാവാണ് സഭയുടെ ചാലകശക്തി. ആത്മാവിന്റെനിറവിൽ എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടിയുള്ള 'സമ്മേളന'മായി സഭ നിലകൊള്ളുന്നു. അതുകൊണ്ട്, യേശുവിന്റെ സഭ അതിന്റെ പ്രകൃതിയാൽത്തന്നെ പ്രേഷിതയാകുന്നു. അവൾ എല്ലാക്കാലത്തും എല്ലാ ദേശങ്ങളിലും നിന്നുള്ളവരെ ശിഷ്യപ്പെടുത്താൻവേണ്ടി ക്രിസ്തുവിൽ അയയ്ക്കപ്പെട്ടവളാണ് (മത്താ 28,19.20; AG 2,5,6).

## ആത്മാവിന്റെ നിറവിൽ സഭയ്ക്കുള്ള സവിശേഷതകൾ

### 1. സഭ ഏകമാകുന്നു

യേശുവിന്റെ സഭ അവളുടെ ഉറവിടംമൂലം ഏകമാകുന്നു. ത്രിത്വൈകദൈവത്തിന്റെ കൂട്ടായ്മയാണ് അവളുടെ ഉറവിടവും മാതൃകയും.

സഭ അവളുടെ സ്ഥാപകൻമൂലം ഏകമാകുന്നു. യേശുക്രിസ്തു തന്റെ പെസ

ഹാരഹസ്യങ്ങൾവഴി ഒരേ ജനത്തിലും ഒരേ ശരീരത്തിലും എല്ലാവരുടെയും ഐക്യം പുനഃസ്ഥാപിച്ചു. എല്ലാ മനുഷ്യരെയും ഏകസമൂഹമായി ദൈവത്തോട് രമ്യതപ്പെടുത്തി.

സഭ അവളുടെ ആത്മാവുമൂലം ഏകമാകുന്നു. വിശ്വസിക്കുന്നവരിൽ വസിച്ചുകൊണ്ട് വിശ്വാസികളുടെ വിസ്മയനീയമായ കൂട്ടായ്മ പരിശുദ്ധാത്മാവ് സൃഷ്ടിക്കുകയും ക്രിസ്തുവിൽ അവരെ അവഗാഢമായി യോജിപ്പിക്കുകയും ചെയ്യുന്നു. അലക്സാണ്ട്രിയയിലെ വിശുദ്ധ ക്ലെമന്റ് സൂചിപ്പിക്കുന്നതുപോലെ, "എത്ര വിസ്മയനീയമായ ഒരു രഹസ്യം! എല്ലാവർക്കും പിതാവായി ഒരുവൻ; എല്ലാവർക്കുമായി ഒരു വചനം. എല്ലായിടത്തുമായിരിക്കുന്ന പരിശുദ്ധാത്മാവ് ഒന്ന്; കന്യകയായ അമ്മ ഒരുവൾ മാത്രം. അവളെ സഭ എന്നു വിളിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു".

### പ്രവർത്തനം 4

കത്തോലിക്കാസഭയിലെ സഭൈക്യപ്രവർത്തനങ്ങൾ ഒരു അന്വേഷണത്തിലൂടെ വിലയിരുത്തുകയും നമ്മുടെ പ്രത്യേകദേശത്ത് സഭൈക്യം എങ്ങനെ സാധ്യമാക്കാനാവുമെന്ന് ചർച്ചചെയ്ത് ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുക.

### 2. സഭ വിശുദ്ധമാകുന്നു

പരമപരിശുദ്ധദൈവമാണ് സഭയുടെസ്ഥാപകൻ. അവിടത്തെ മണവാട്ടിയും മൗതികശരീരവുമായ സഭ ഉദ്ഭവത്താൽത്തന്നെ വിശുദ്ധമാണ്. പരിശുദ്ധിയുടെ ആത്മാവാണ് സഭയ്ക്കുള്ളത്. യേശുവിന്റെ രക്തത്താൽ സാധ്യമാക്കിയ വിശുദ്ധി അവളിൽനിന്ന് ഒരിക്കലും നഷ്ടമാകില്ല. സഭാംഗങ്ങളിൽ പാപികളുണ്ടാവാം. എങ്കിലും അവൾ വിശുദ്ധയാണ്. കാരണം, അവൾക്കും കൃപാവാരത്തിന്റെ ജീവനല്ലാതെ മറ്റൊരു ജീവനില്ല. വിശുദ്ധരിൽ അവളുടെ വിശുദ്ധി കൂടുതൽ തിളങ്ങുന്നു.

### 3. സഭ കാതോലികമാകുന്നു

ക്രിസ്തുവിന്റെ സഭ സാർവത്രികമാണ്. അതുകൊണ്ട് അവൾ എല്ലാവരെയും തേടുന്നു. അവൾ എല്ലാവരിലേക്കുമായി അയയ്ക്കപ്പെട്ടിരിക്കുന്നു; എല്ലാ കാലങ്ങളെയും ആശ്ലേഷിക്കുന്നു. അവൾ രക്ഷാമാർഗങ്ങളുടെ പൂർണത സംവഹിക്കുന്നു; വിശ്വാസത്തിന്റെ പൂർണത ഉദ്ഘോഷിക്കുന്നു.

പ്രാദേശികസഭകൾ (രൂപതകൾ അഥവാ എപ്പാർക്കി) സാർവത്രികസഭയുടെ മാതൃകയിൽ രൂപവത്കരിക്കപ്പെടുന്നു. ഇവയിലും ഇവയിലൂടെയുമാണ് ഏകവും അനന്യവുമായ കത്തോലിക്കാസഭ നിലകൊള്ളുന്നത്.

സഭ കാതോലികമാണെന്നു പറയുമ്പോൾത്തന്നെ 'സഭയ്ക്കുപുറമേ രക്ഷയില്ല' എന്ന് സഭാപിതാക്കന്മാർ പലപ്പോഴും ആവർത്തിച്ചിരുന്നു. പല കാലഘട്ടങ്ങളിലും അതു തർക്കവിഷയമായിരുന്നിട്ടുണ്ട്. എന്നാൽ അതു സത്യമാണ്. എല്ലാ മനുഷ്യരുടെയും രക്ഷ ശിരസ്സായ ക്രിസ്തുവിൽനിന്നും അവിടത്തെ ശരീരമായ സഭയിലൂടെയും വരുന്നു എന്നാണിതിനർത്ഥം.

## 4. സഭ അപ്പസ്തോലികമാകുന്നു

യേശുവിന്റെ സഭ പടുത്തുയർത്തപ്പെട്ടിരിക്കുന്നത് ശാശ്വതമായ ഒരു അടിത്തറയിലാണ്. ക്രിസ്തുവിൽനിന്ന് ഉദ്ഭവിക്കുകയും അവിടന്നുവഴി വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത സഭയുടെ അടിസ്ഥാനം 'കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരാണ്' (വെളി 21,14). ഈ ക്രിസ്തുസാക്ഷികളുടെ (എഫേ 2,20; മത്താ 28, 16-20; അപ്പ 1,8) ചുടുനിണത്തിൽ നിന്നുകൊണ്ടാണ് യേശുവിന്റെ സഭ വളർന്നത്. അവൾ നശിപ്പിക്കപ്പെടാനാവാത്തവളാണ് (മത്താ 16,18). തെറ്റുപറ്റാനാവാത്തവിധം അവൾ സത്യത്തിൽ സംരക്ഷിക്കപ്പെടുന്നു. എല്ലാക്കാലത്തും തിരുസഭയുടെ കാണപ്പെട്ട തലവനായ പപ്പായും മെത്രാൻസംഘവുമാകുന്ന പിൻഗാമികളിൽ സന്നിഹിതരായിരിക്കുന്ന അപ്പസ്തോലപ്രമുഖനായ വിശുദ്ധ പത്രോസിലൂടെയും മറ്റ് അപ്പസ്തോലന്മാരിലൂടെയും ക്രിസ്തു അവളെ ഭരിക്കുന്നു.

### പ്രേഷിതയായ സഭ

ക്രിസ്തുവിന്റെ സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്. കാരണം, പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതദൗത്യത്തിൽനിന്നാണ് അവളുടെ ഉദ്ഭവം (AG 2).

മനുഷ്യകുലത്തിന്റെ ഏകരക്ഷകനാണ് ക്രിസ്തു. ക്രിസ്തുവിന്റെ രക്ഷ എല്ലാ മനുഷ്യരിലേക്കും എത്തണമെന്നത് ദൈവികപദ്ധതിയാണ്. ദൈവപുത്രൻ പറഞ്ഞു: "ആകയാൽ, നിങ്ങൾപോയി എല്ലാജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,19-20).

യേശുവിന്റെ ഈ ആഹ്വാനമനുസരിച്ചാണ് അപ്പസ്തോലന്മാർ പ്രേഷിതദൗത്യമാരംഭിച്ചത്. "എന്തെന്നാൽ, ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു"

(2 കോറി 5:14; AA6) എന്ന് പൗലോസ് അപ്പസ്തോലൻ ക്രിസ്തുശിഷ്യരുടെ ദൗത്യനിർവഹണത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. തീർച്ചയായും "എല്ലാമനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്കു വരണമെന്നും" ദൈവം ആഗ്രഹിക്കുന്നു (തിമോ 2,4).

## സഭയുടെ പ്രേഷിതചൈതന്യം

ജോൺപോൾ രണ്ടാമൻ പാപ്പാ പഠിപ്പിച്ചതുപോലെ, പരിശുദ്ധാത്മാവാണ് സഭയുടെ മുഴുവൻ പ്രേഷിതപ്രവൃത്തിയുടെയും പ്രഥമനിർവാഹകൻ. ദരിദ്രരെ സുവിശേഷമറിയിക്കാനും ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാനുമായി അയയ്ക്കപ്പെട്ട (ലൂക്കാ 4,18:19; ഏശ 61,1:2) ക്രിസ്തുവിന്റെ പ്രേഷിതദൗത്യംതന്നെയാണ് ചരിത്രത്തിൽ സഭയും തുടർന്നുപോരുന്നത്.

തന്റെ സുവിശേഷവത്കരണപ്രവർത്തനം പരിശുദ്ധാത്മാവ് നയിക്കുന്നുവെന്ന് സഭയ്ക്കറിയാം. സുവിശേഷപ്രഘോഷണത്തിനുള്ള കാലങ്ങളും സ്ഥലങ്ങളും ഉപാധികളും വെളിപ്പെടുത്തിക്കൊണ്ട് അവിടന്ന് സഭയെ നിരന്തരം നയിക്കുന്നുവെന്ന് സഭ വിശ്വസിക്കുന്നു (സുവിശേഷവത്കരണം മാർഗരേഖ, 3).

"ക്രൈസ്തവനായിരിക്കുക", "സഭയായിരിക്കുക" എന്നതിന്റെ അർത്ഥം മിഷണറിയായിരിക്കുക എന്നതാണ്. ഒരാൾ വിശ്വാസത്തെ സ്നേഹിക്കുകയെന്നതിൽ അതിനു സാക്ഷ്യംവഹിക്കുകയെന്നതും ഉൾക്കൊള്ളുന്നു. പ്രേഷിതതീക്ഷ്ണതയുടെ അഭാവം വിശ്വാസതീക്ഷ്ണതയുടെ അഭാവമാണ് (നവസുവിശേഷവത്കരണം മാർഗരേഖ, 9).

## നവസുവിശേഷവത്കരണം (New Evangalisation)

സുവിശേഷവത്കരണം അതിന്റെ വ്യാപകമായ സാഹചര്യത്തിൽ, യേശുവിന്റെ സുവിശേഷം ഇന്നോളം അറിഞ്ഞിട്ടില്ലാത്ത വ്യക്തികളോടും ജനതകളോടും പ്രഘോഷിക്കുക എന്നതിലാണ് ശ്രദ്ധയൂന്നുന്നത്. എന്നാലിന്ന് മനുഷ്യവംശം ചരിത്രത്തിന്റെ പുതിയൊരു ഘട്ടത്തിലാണു ജീവിക്കുന്നത്. ലോകമെങ്ങും അഗാധവും ശീഘ്രതരവും ഉയർന്ന അളവിലുള്ളതുമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പരിവർത്തനത്തിന്റെയും മാനസികസംഘർഷത്തിന്റെയും ഈ കാലഘട്ടത്തിൽ സന്തുലിതാവസ്ഥ നഷ്ടപ്പെട്ട് ക്ഷണികകാര്യങ്ങളിൽ മുഴുകിജീവിക്കാൻ മനുഷ്യർ നിർബന്ധിതരാകുന്നു.

ഈ സാഹചര്യത്തിലാണ് സുവിശേഷവത്കരണരംഗത്ത് സഭയുടെ പുതിയ കാല്വയ്പ്. "ക്രൈസ്തവവിശ്വാസകൈമാറ്റത്തിന് നവസുവിശേഷവത്കരണം" (The

New Evangelization for the Transmission of the Christian Faith) എന്നതായിരുന്നു 2012-ലെ സിനഡിന്റെ വിഷയം. സഭയുടെ മൗലികദൗത്യം, തനിമ, അസ്തിത്വത്തിനുള്ള കാരണം എന്നിവ പുതുതായി ഏറ്റെടുക്കുന്നതിനുള്ള സഭയുടെ പദ്ധതിക്കുനല്കപ്പെട്ട പേരാണ് "നവസുവിശേഷവത്കരണം".

ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ശ്രദ്ധേയമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ആധുനികസമൂഹവും സംസ്കാരങ്ങളും ക്രൈസ്തവവിശ്വാസത്തിനും അതിന്റെ പ്രഘോഷണത്തിനും സാക്ഷ്യംനല്കുന്നതിനുമെതിരേ ഉയർത്തുന്ന വെല്ലുവിളികൾ നേരിടണം. സഭ നടത്തുന്ന ഈ നവീകരണപരിശ്രമങ്ങളാണ് നവസുവിശേഷവത്കരണത്തിന്റെ കാതൽ.

## നവസുവിശേഷവത്കരണവും നമ്മളും

നവസുവിശേഷവത്കരണം ഒരു മാനസികഘടനയാണ്. പ്രവർത്തിക്കുന്നതിന്റെ ധീരതയാർന്ന ഒരു രീതിയാണ്. മനുഷ്യചരിത്രത്തിലെ പുതിയ സാഹചര്യങ്ങളെ അഥവാ മേഖലകൾ എങ്ങനെ വായിച്ചറിയുകയും വ്യാഖ്യാനിക്കുകയും ചെയ്യണമെന്ന് അറിയുന്നതിനുള്ള ക്രിസ്തുമതത്തിന്റെ കഴിവാണ്. സമൂഹം, സംസ്കാരങ്ങൾ, സാമ്പത്തിക ശാസ്ത്രം, പൗരജീവിതം, മതം എന്നിവ സംബന്ധിക്കുന്നവയാണ് ആ മേഖലകൾ (മാർഗരേഖ, 6).

ഒരുവൻ വിശ്വസിക്കുകയും സാക്ഷ്യംനല്കുകയും ചെയ്യുന്ന യേശുക്രിസ്തുവാണ് സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രം. എല്ലാക്കാലത്തും എല്ലാവർക്കുമായ ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള കടമ നമുക്കുണ്ട്. സുവിശേഷപ്രഘോഷണം, മതബോധനം, ലിറ്റർജി, കൗദാശികജീവിതം, ജനകീയഭക്തി, ക്രൈസ്തവജീവിതസാക്ഷ്യം എന്നിവയെല്ലാം നമ്മുടെ സുവിശേഷവത്കരണത്തിന്റെ മേഖലകളാണ് (പോൾ ആറാമൻ പാപ്പാ). അതുകൊണ്ട്, യേശുവിന്റെ സുവിശേഷംപ്രഘോഷിക്കാൻ പ്രത്യേകസമയവും കാലവുമൊന്നുമില്ല. ആത്മീയരംഗത്തും, പരിസ്ഥിതിരംഗത്തും, സാംസ്കാരിക - വിദ്യാഭ്യാസ - സാമൂഹിക - സാഹിത്യ - ആതുരരംഗങ്ങളിലുമെല്ലാം നാം സുവിശേഷമാകുകയും സുവിശേഷമേകുകയും വേണം.

ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ നാം തീക്ഷ്ണതയുള്ളവരാകണം. നാമാരായിരുന്നാലും എവിടെയായിരുന്നാലും എപ്പോഴായിരുന്നാലും ക്രിസ്തുവിന്റെ ശിഷ്യരാണ്. ആയിരിക്കുന്ന അവസ്ഥയിൽ, ആയിരിക്കുന്നസ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷംനല്കാൻ നമുക്കുകഴിയണം. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ വാക്കുകൾക്കു നമുക്കു കാതോർക്കാം: "ഞാൻ സുവിശേഷംപ്രസംഗി

ക്കുന്നെങ്കിൽ അതിലെനിക്ക് അഹങ്കരിക്കാൻ വകയില്ല. അതെന്റെ കടമയാണ്. ഞാൻ സുവിശേഷംപ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി 9,16). നവസുവിശേഷവത്കരണമെന്നത് പ്രേഷിതപ്രവർത്തനത്തിന്റെ പര്യായമാണ്.

### പുതിയആകാശവും പുതിയഭൂമിയും

നാം ജീവിക്കുന്ന ഈ ലോകം നശ്വരമാണ്. സമയത്തിന്റെ പരിസമാപ്തിയിൽ മനുഷ്യവംശത്തെയും ലോകത്തെയും രൂപാന്തരപ്പെടുത്തുന്ന നിഗൂഡാത്മകമായ ഒരു നവീകരണം സംഭവിക്കു. ഈ നവീകരണത്തെ വിശുദ്ധഗ്രന്ഥം "പുതിയ ആകാശവും പുതിയ ഭൂമിയും" (2 പത്രോ 3,13; വെളി 21,1) എന്നുവിളിക്കുന്നു. "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളും" (എഫേ 1,10) ക്രിസ്തുവിൽ പുനഃപ്രതിഷ്ഠിക്കപ്പെടണമെന്ന ദൈവികപദ്ധതിയുടെ സാക്ഷാത്കാരമായിരിക്കും അത്.

വരാനിരിക്കുന്ന ഈ പുതിയപ്രപഞ്ചത്തിൽ അഥവാ സ്വർഗീയജറുസലേമിൽ ദൈവത്തിന്റെ വാസസ്ഥലം മനുഷ്യരുടെ ഇടയിൽത്തന്നെയായിരിക്കും (വെളി 21,5).



അപ്പോൾ, “അവിടന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണുനീർ മുഴുവൻ തുടച്ചുകളയും. പിന്നീടു മരണമുണ്ടായിരിക്കുകയില്ല; വിലാപമോ കരച്ചിലോ വേദനയോ ഉണ്ടാവുക യില്ല. എന്തെന്നാൽ പഴയതെല്ലാം കടന്നുപോയി” (വെളി 21,4).

ദൈവവുമായുള്ള മനുഷ്യന്റെ ഈ ശാശ്വതസംഗമം സൃഷ്ടിമുതൽ ദൈവം ഒരു ക്കിവച്ചിരിക്കുന്ന പദ്ധതിയുടെ സാക്ഷാത്കാരമാണ്. ക്രിസ്തുവുമായുള്ള പരമമായ ഈ ഐക്യത്തിനായി ക്രിസ്തുവിന്റെ “കൂദാശപോലെ” (LG 1) ലോകത്തിൽ നില കൊള്ളുകയാണ് സഭ.

ക്രിസ്തുവിൽ രക്ഷിക്കപ്പെട്ടവരുടെ സമൂഹം, അന്തിമമായി “ദൈവത്തിന്റെ വിശു ദ്ധനഗര”മായി, “കുഞ്ഞാടിന്റെ മണവാട്ടി”യായി ഭവിക്കും (വെളി 21:2,9).

സൃഷ്ടപ്രപഞ്ചമാകട്ടെ, ലോകാവസാനത്തിൽ എങ്ങനെ രൂപാന്തരപ്പെടുമെന്ന് നമുക്കറിഞ്ഞുകൂടാ (CCC 1048). ഏതായാലും, പാപത്താൽ വികലമായ ഈ ലോക ത്തിന്റെ രൂപം കടന്നുപോകുകയും നീതി നിവസിക്കുന്ന പുതിയ വാസകേന്ദ്രവും പുതി യഭൂമിയും ദൈവത്താൽ സജ്ജീകൃതമാവുകയും ചെയ്യും. അതുവഴി സമാധാനത്തി നായി മനുഷ്യഹൃദയങ്ങളിലുദിക്കുന്ന സകല ആഗ്രഹങ്ങളും നിറവേറ്റപ്പെടുകയും ചെയ്യും.

പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടിയുള്ള പ്രതീക്ഷ, ഈ ഭൂമിയെ വികസിപ്പിക്കാനുള്ള നമ്മുടെ ആഗ്രഹം കുറയ്ക്കാൻ പാടില്ല; മറിച്ച്, അതിനെ പ്രചോ ദിപ്പിക്കുകയാണു വേണ്ടത്. കാരണം, വരാനിരിക്കുന്ന കുടുംബത്തിലെ നവീനമാനവ ശരീരം ഇവിടെയാണു വളരുന്നത്. പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്ന നമുക്ക് നമ്മുടെ പ്രകൃതിയുടെയും പ്രയത്നങ്ങളുടെയും സദ്ഫല ങ്ങൾ കർത്താവിന്റെ കല്പനയനുസരിച്ച്, ആത്മാവിന്റെനിറവിൽ, ഭൂമിയിൽ പ്രചരിപ്പി ക്കാം. അപ്പോൾ നിത്യജീവിതത്തിൽ ദൈവം “എല്ലാവർക്കും എല്ലാ”മാകും (1 കോറി 15:28).

### പ്രവർത്തനം 5

ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ നവസുവിശേഷവത്കരണത്തിനുള്ള ആഹ്വാനം സ്വീകരിച്ച് ഈ ഭൂമിയിൽത്തന്നെ പുതിയ ആകാശവും പുതിയഭൂമിയും കെട്ടിപ്പെടുക്കാൻ നമുക്കെന്തെല്ലാം ചെയ്യാനാകുമെന്നു ചർച്ചചെയ്ത് ഒരു പദ്ധതി തയ്യാ റാക്കുക.

4



# ദൈവകല്പനകൾ ക്രിസ്തീയസാക്ഷ്യത്തിന്റെ മാർഗരേഖകൾ



രോഗബാധിതനായ ഒരാൾ സൗഖ്യംനേടാൻ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ നിശ്ചിത അളവിലും സമയത്തുമാണു കഴിക്കേണ്ടത്. അല്ലാത്തപക്ഷം, അയാൾ കൂടുതൽ രോഗിയായിത്തീരുകയോ മരണംവരിക്കുകയോ, ചെയ്തേക്കാം. അതുപോലെ, നാം വാങ്ങുന്ന എന്തിനുമേതിനും, അത് പ്രവർത്തിക്കുന്നതെങ്ങനെ എന്നറിയുന്നതിനുള്ള നിർദ്ദേശങ്ങളും നമുക്കു ലഭിക്കാറുണ്ട്. ആ നിർദ്ദേശങ്ങൾ വേണ്ടവിധം പാലിച്ചുവേണം പ്രസ്തുത ഉപകരണം പ്രവർത്തിപ്പിക്കേണ്ടത്; അല്ലാത്തപക്ഷം, ഉപകരണങ്ങൾക്ക് കേടുസംഭവിച്ചേക്കാം.

മേല്പറഞ്ഞപോലെ, മനുഷ്യജീവിതം ദൈവപദ്ധതിക്കനുസരിച്ച് വിജയംവരിക്കാനും മഹത്ത്വമാർജിക്കാനും സ്രഷ്ടാവെന്നനിലയിൽ ദൈവം നിർദ്ദേശിക്കുന്ന കുറെ മാർഗരേഖകളുണ്ട്. ദൈവവുമായും പരസ്പരവും സ്നേഹത്തിലായിരിക്കാൻ ദൈവം നിർദേശിച്ചിട്ടുള്ള ഈ മാർഗരേഖകളെയാണ് ദൈവകല്പനകൾ എന്നു നാം വിളിക്കുന്നത്. നമ്മുടെ ധാർമികജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാണ് അവ.

സീനായമലയിൽവച്ച് ദൈവം ഇസ്രായേലിന് രണ്ടു കല്പലകകളിലായി നല്കിയ നിയമസംഹിതയാണ് പത്തുകല്പനകൾ.

പത്തു കല്പനകൾക്ക് ഹീബ്രുവിൽ 'ഹദ്ബാരി അസെമെത്ത്' എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. പത്തുവാക്കുകൾ എന്നാണ് ഈ പദത്തിനർത്ഥം. അവയെ ദെക്കലോഗ് എന്നും വിളിക്കുന്നു (പുറ 34,28).

പുതിയനിയമത്തിൽ പത്തുകല്പനകളെ പത്തു 'പ്രമാണങ്ങൾ' എന്നാണു നാമകരണം ചെയ്തിരിക്കുന്നത് (മത്താ 19,16, റോമാ 13,9; 1 തിമോ 1,9-10).

## ദൈവകല്പനകളുടെ ചരിത്രപശ്ചാത്തലം

സീനായ്മലയിൽവച്ച് മോശവഴിയാണ് ഇസ്രായേൽജനത്തിന് പത്തുകല്പനകൾ ലഭിച്ചത് എന്നത് ഒരു വിശുദ്ധഗ്രന്ഥസാക്ഷ്യവും (പുറ 20; നിയമാ 5) പരമ്പരാഗതവിശ്വാസവുമാണ്. ഇസ്രായേൽക്കാർക്ക് ദൈവം പത്തുകല്പനകൾ നല്കുന്നതിനുമുമ്പു തന്നെ സമാനമായ കുറെ നിയമങ്ങൾ പുരാതനസംസ്കാരങ്ങളിൽ നിലനിന്നിരുന്നതായിക്കാണാം. ഉദാഹരണത്തിന്,

- ബി.സി. 1900-1850 കാലഘട്ടത്തിൽ പുരാതനപശ്ചിമേഷ്യയിൽ ഇടയജനങ്ങൾക്കിടയിൽ ഇത്തരം നിയമങ്ങളുടെ സംക്ഷിപ്തരൂപം നിലനിന്നിരുന്നു.
- ബാബിലോണിയൻ ചക്രവർത്തിയായ ഹമുറാബിയുടെ നിയമസംഹിതയും ഹിറ്റൈറ്റ് ചക്രവർത്തിമാരുടെ നടപടികളും ഈ മാതൃകയിലുള്ളതാണ്.

യഹൂദറബ്ബിമാരുടെ അഭിപ്രായത്തിൽ, മോശയ്ക്ക് സീനായ്മലയിൽ ദൈവം പത്തുകല്പനകൾ എഴുതിയും (shebiktab) 613 കല്പനകൾ പറഞ്ഞും (shebealpeh) നല്കിയിട്ടുണ്ട്. അവയുടെ വ്യാഖ്യാനങ്ങളാണ് യഹൂദമതത്തിലെ റബ്ബിനിക് സാഹിത്യത്തിലെ താൽമൂദ്, മിഷ്നാ എന്നീ നിയമസംഹിതകളിൽ പ്രതിപാദിച്ചിരിക്കുന്നത്.

## ദൈവകല്പനകൾ: ഉടമ്പടിബന്ധത്തിന്റെ അടിത്തറ

ഈജിപ്തിലെ അടിമത്തത്തിലായിരിക്കേ ഇസ്രായേൽജനത്തെ ഭരിച്ചിരുന്നത്, ക്രൂരമായ അടിമത്തത്തിന്റെ നിയമങ്ങളായിരുന്നു. ഈജിപ്തിന്റെ ആ ബന്ധനത്തിൽനിന്ന് ഇസ്രായേൽജനത്തെ കാനാൻദേശത്തിന്റെ സ്വാതന്ത്ര്യത്തിലേക്കും സമൃദ്ധിയിലേക്കും നയിക്കാനാണ് ദൈവം മോശയോട് ആവശ്യപ്പെടുന്നത്.

സീനായ്മലയിൽവച്ച് ദൈവം ഇസ്രായേലുമായി ഉടമ്പടിയുണ്ടാക്കി 'ദൈവജനം' എന്ന പദവിയിലേക്ക് അവരെ ഉയർത്തി. ദൈവവും ജനവുംതമ്മിലുള്ള ഉടമ്പടിബന്ധം തകരാതെ സൂക്ഷിക്കാനാണ് ദൈവം പത്തുകല്പനകൾ മോശവഴി അവർക്കു നല്കിയത്. കല്പനകൾ യഥോചിതം പാലിക്കുകവഴി ദൈവവുമായുള്ള ഉടമ്പടിബന്ധം ആഴപ്പെടുത്താൻ വേണ്ടിയായിരുന്നു അത്. ഉടമ്പടിബന്ധം വിസ്മരിച്ചുകൊണ്ട് കല്പനകൾ പാലിക്കുന്നതിൽ അർത്ഥമില്ല.

### ദൈവകല്പനകളുടെ സാർവത്രികമാനം

ദൈവം സ്വയം വെളിപ്പെടുത്തിക്കൊണ്ട് ഇസ്രായേലുമായി സ്ഥാപിച്ച ഉടമ്പടിയുടെ വെളിച്ചത്തിലാണ് പത്തുകല്പനകൾ മനസ്സിലാക്കേണ്ടത്. ജനം ദൈവത്തോടു ചേർന്നുനില്ക്കുന്നതും ദൈവസ്നേഹത്തിനു പ്രത്യുത്തരംനല്കുന്നതും കല്പനകൾ അനുസരിക്കുന്നതിലൂടെയാണ്. യഹൂദജനതയുടെയും പിന്നീട് ക്രൈസ്തവരുടെയും ധാർമികജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളായിരുന്നു പത്തുകല്പനകൾ.

തിരഞ്ഞെടുക്കപ്പെട്ടജനമായ ഇസ്രായേൽക്കാരുടെ ജീവിതത്തിൽ ധാർമികവും മതപരവുമായ അടിസ്ഥാനവും ബോധവും നല്കുന്ന പത്തുകല്പനകൾ, ആത്മീയജീവിതം തരുന്ന ആനന്ദാനുഭവം സ്വന്തമാക്കാനും ദൈവവുമായുള്ള സ്നേഹബന്ധം ഊഷ്മളമാക്കാനും സഹായിക്കുന്നതാണ്. മനുഷ്യന് ദൈവത്തോടും സഹോദരങ്ങൾക്കു പരസ്പരമായും ഉണ്ടായിരിക്കേണ്ട സ്നേഹബന്ധങ്ങളിലേക്ക് അവ വിരൽചൂണ്ടുകയും ചെയ്യുന്നു.

സ്നേഹത്തിൽ രൂപപ്പെടുന്ന ബന്ധമാണ് കല്പനകളുടെ സാരാംശം. ദൈവത്തോടും സഹജീവികളോടും സ്നേഹബന്ധത്തിലായിരിക്കാൻ പഠിപ്പിക്കുന്ന പാഠങ്ങളാണവ. അതിനാൽ, ദൈവം മോശവഴി ഇസ്രായേൽജനത്തിനുനല്കിയ കല്പനകൾക്ക് ഒരു സാർവത്രികമാനമുണ്ട്. ദൈവത്തിന്റെ മക്കളായ എല്ലാ മനുഷ്യരെയും എക്കാലവും ദൈവത്തോടു ചേർത്തുനിറുത്തുക എന്ന ലക്ഷ്യമാണ് ഈ കല്പനകൾ നല്കുകവഴി ദൈവം പദ്ധതിയിട്ടത്.

### പ്രവർത്തനം 1

ദൈവവിശ്വാസത്തിന്റെ പേരുപറഞ്ഞ് സഹോദരന്റെ ജീവന് ഭീഷണി ഉയർത്തുന്ന പ്രവണതകൾ നാം കാണാറുണ്ട്. കല്പനകളുടെ സാർവത്രികമാനത്തിന്റെ വെളിച്ചത്തിൽ ഈ പ്രവണതകൾ നിഷ്കാസനംചെയ്യാൻ എന്തുപോംവഴികളാണ് നമുക്ക് നിർദ്ദേശിക്കാനാവുക?

**കല്പനകൾ പരസ്പരപൂരകങ്ങൾ:** ദൈവം നല്കിയ പത്തുകല്പനകളും ഒന്നിനുമുകളിൽ മറ്റൊന്നു വയ്ക്കാവുന്നവിധം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. ഓരോ കല്പനയും മറ്റുള്ള ഓരോന്നിലേക്കും, പത്തുകല്പനകൾ മുഴുവനിലേക്കും, നയിക്കുന്നു. അതിനാൽ ഒരു കല്പനലംഘിക്കുകയെന്നത് നിയമം മുഴുവന്റെയും ലംഘനമായും കണക്കാക്കാവുന്നതാണ്.

കല്പനകൾ ദൈവം കല്പലകകളിൽ എഴുതിയെന്നും ആദ്യത്തെ കല്പലകൾ ഉടച്ചുകളഞ്ഞ മോശ വീണ്ടുമെഴുതി (പുറ 34,1, നിയമാ 5,22)യെന്നും പ്രസ്താവിക്കുക വഴി അവയുടെ അനന്യത വെളിവാക്കപ്പെടുന്നു. അതുകൊണ്ട്, പത്തുകല്പനകൾ വെറും അനുസരണത്തിന്റെ പേരിലല്ല, ദൈവവുമായുള്ള, സഹജീവികളുമായുള്ള ബന്ധം അതിന്റെ സമഗ്രതയിലും സമ്പന്നതയിലും പ്രകടമായ ജീവിതംകെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് നിലകൊള്ളുന്നത് എന്നു വ്യക്തം.

## പത്തുകല്പനകൾ: പുതിയനിയമത്തിൽ

'പത്തുപ്രമാണങ്ങൾ' എന്ന ശീർഷകത്തിലല്ലെങ്കിലും പത്തുകല്പനകളിൽ ചിലതെല്ലാം പുതിയനിയമത്തിലും കാണാം. ഉദാഹരണത്തിന്, "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടത്തെ മാത്രമേ പൂജിക്കാവൂ" (മത്താ 4,10), "വ്യഭിചാരം ചെയ്യരുത്" (മത്താ 5,27) "വ്യാജമായി ആണയിടരുത്" (മത്താ 5,33-37).

പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന എല്ലാനിയമങ്ങളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണമാണ് യേശു. അവിടന്നുവന്നത് നിയമം അസാധുവാക്കാനല്ല. പൂർത്തിയാക്കാനാണ് (മത്താ 5,17).

ദൈവകല്പനകളുടെ പൂർത്തീകരണമായ യേശു ദൈവകല്പനകളുടെ സാരാംശം ഇപ്രകാരം വെളിപ്പെടുത്തുന്നു:

"നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടുംകൂടെ സ്നേഹിക്കുക". (മത്താ 22,37). "നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" (മത്താ 22,39).

അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി മഹനീയമാതൃക അവർക്കു നല്കിക്കൊണ്ട് യേശുപറഞ്ഞു: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം"

(യോഹ 13,14). തുടർന്ന് യേശു പറഞ്ഞു: “ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമു ണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും” (യോഹ 13,34-35).

യേശുവിനെ അനുഗമിക്കുന്നതിൽ കല്പനകൾ പാലിക്കുക എന്നതും ഉൾപ്പെടു ന്നുണ്ട് (മത്താ 19:16-21).

നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണു പ്രവർത്തിക്കേണ്ടത് എന്ന ധനികനായ യുവാവിന്റെ ചോദ്യത്തിന് യേശു മറുപടി പറഞ്ഞത്, “ജീവനിൽ പ്രവേശി ക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക” (മത്താ 19,17) എന്നാണ്.

യേശുവിന്റെ വീക്ഷണത്തിൽ, പത്തുകല്പനകളുടെ സാരാംശം ഉപവിയാണ്. “നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം” എന്ന നിയമജ്ഞന്റെ ചോദ്യ ത്തിനുത്തരമായി നല്ല സമരിയാക്കാരന്റെ ഉപമ പറഞ്ഞ യേശു ഒടുവിൽ പറഞ്ഞു, “നീയുംപോയി അതുപോലെ ചെയ്യുക” (ലൂക്കാ 10,37).

യേശു വിഭാവനംചെയ്യുന്ന ദൈവരാജ്യപ്രാപ്തിക്ക്, നിത്യജീവൻ അവകാശമാ ക്കുന്നതിന്, യേശു കാണിച്ച മാതൃക പിന്തുടരുകയാണു വേണ്ടത്.

### പ്രവർത്തനം 2

സ്വകാര്യവത്കരണത്തിന്റെ ലോകത്തിലാണ് നാം ജീവിക്കുന്നത്. താന്താങ്ങളുടെ നയങ്ങൾക്കനുസരിച്ച് മനഃസാക്ഷിയെപ്പോലും സ്വകാര്യവത്കരിക്കുന്ന ദുരന്തമാണ് ഇന്നു നാം കണ്ടുവരുന്നത്. വസ്തുനിഷ്ഠമായ നന്മയും മൂല്യാധിഷ്ഠിതമായ നീതിയും ദൈവികനിയമങ്ങളും സനാതനപുണ്യങ്ങളും കാലഹരണപ്പെട്ടിരിക്കുന്നെന്ന് ഇന്നും ഏറെപ്പേർ വിശ്വസിക്കുന്നു. സ്വതന്ത്രജീവിതത്തിന് അവയെല്ലാം തടസ്സമാണെന്നു കരു തുന്ന ഇവർ സ്വാർത്ഥത്തിന്റെയും സുഖലോലുപതയുടെയും കാളക്കുട്ടികളെ ഉണ്ടാക്കി ആരാധിക്കാനുള്ള ആധുനികലോകത്തിന്റെ മുറവിളിക്കുപിന്നാലേ പരക്കംപായുകയാ ണ്. ഇന്നത്തെ ഈ വെല്ലുവിളിയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു? നമുക്കെ ങ്ങനെ ജാഗ്രതപുലർത്താനാകുമെന്ന് ചർച്ചചെയ്യുക.



**ഒന്നാംപ്രമാണം**

നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു.

ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് (പുറ 20,3-6, നിയമാ 5,7-10)

നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ആരംഭിക്കുന്നത് ഇപ്രകാരമാണ്: ദൈവം ഏകനാണ്. അവിടന്നല്ലാതെ മറ്റൊരു ദൈവമില്ലെന്നത് സ്വഭാവത്തിലും സാരാംശത്തിലും അന്തഃസത്തയിലും ക്രൈസ്തവവിശ്വാസം വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു (CCC. 200).

ഏകദൈവം യഹൂദമതചിന്തയുടെ അടിസ്ഥാനമാണ്. 'ദൈവജനം' എന്നനിലയിൽ ഇസ്രായേൽക്കാരെ ഒന്നിച്ചുനിർത്തിയിരുന്നത് ഈ അടിസ്ഥാനവിശ്വാസമാണ്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് ദൈവം സ്വയം ഇപ്രകാരം വെളിപ്പെടുത്തി: "ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം (നിയമാ 6,4.5). അതിനാൽ, ദൈവത്തിന്റെ ഉപരിമഹത്ത്വവും രഹസ്യാത്മകതയുമാണ് ഒന്നാം പ്രമാണം എടുത്തുകാട്ടുന്നത്.

## ഏകദൈവം-ത്രിത്വൈകദൈവം

ക്രൈസ്തവവിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനതത്ത്വമാണ് ത്രിത്വൈകദൈവം എന്നത്. സത്തയിൽ ഏകനായ ദൈവത്തിൽ മൂന്നാളുകളുണ്ട്: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. ദൈവം നിത്യപിതാവാണ്. പുത്രൻ പിതാവിനോട് ഏകസത്തയാണ്; പരിശുദ്ധാത്മാവ് പുത്രന്റെ നാമത്തിൽ പിതാവ് അയച്ചവനും (യോഹ 14,26) പിതാവിൽനിന്ന് പുത്രൻ അയച്ചവനുമാണ് (യോഹ 15,36). പിതാവിനോടും പുത്രനോടുമൊപ്പം പരിശുദ്ധാത്മാവ് ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്നു.

പരിശുദ്ധത്രിത്വത്തിൽ പിതാവിന്റെ വ്യക്തിത്വം ഒന്ന്, പുത്രന്റെ വ്യക്തിത്വം മറ്റൊന്ന്, പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം വേറൊന്ന്. എങ്കിലും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം ഏകമാണ്. അവരുടെ മഹത്ത്വം സമമാണ്. അവരുടെ പ്രഭാവം തുല്യമായി നിത്യമാണ്. ഒരു സത്തയിൽ നിലകൊള്ളുന്ന മൂന്നാളുകളാണ് ത്രിത്വൈകദൈവം.

സിറിയയുടെ തലസ്ഥാനമായ അന്ത്യോക്യയിലെ മെത്രാൻ തെയോഫിലസാണ് എ.ഡി.രണ്ടാംനൂറ്റാണ്ടിൽ 'ത്രിയാസ്' (Trias) എന്നപദം ത്രിത്വത്തെ സൂചിപ്പിക്കാൻ ആദ്യമായി ഉപയോഗിച്ചത്. ആഫ്രിക്കയിലെ കാർത്തേജിൽ ജീവിച്ചിരുന്ന ദൈവശാസ്ത്രജ്ഞനായ തെർത്തുല്യൻ (എ.ഡി.160-220) 'ത്രിനിത്താസ്' (Trinitas) എന്ന പദവും ത്രിത്വത്തെ സൂചിപ്പിക്കാൻ ആദ്യമായി ഉപയോഗിച്ചു. ഏകദൈവത്തിൽ തുല്യരായ മൂന്നാളുകൾ എന്നർത്ഥത്തിൽ ഇംഗ്ലീഷിലെ (Trinity) എന്ന പദം ഉണ്ടായതിങ്ങനെയാണ്.

## വിഗ്രഹാരാധന അരുത്

മധ്യപൂർവദേശങ്ങളിലെപ്പോലെതന്നെ വിഗ്രഹങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം ഇസ്രായേൽക്കാരുടെ ഇടയിൽ വളരെ ശക്തമായിരുന്നു. അത്യുന്നതനും അനന്തനും അപരിമേയനുമായ ദൈവത്തിന്, പരിമിതമായ സൃഷ്ടവസ്തുക്കളുടെ രൂപംകൊടുക്കാൻ പാടില്ല. ഒന്നാംപ്രമാണം അന്യദേവന്മാരെ ആരാധിക്കുന്നതിൽനിന്ന് ഇസ്രായേലിനെ വിലക്കുന്നു.

ദൈവത്തിന്റെ സ്ഥാനത്ത് മറ്റുദേവന്മാരെ മാത്രമല്ല, മറ്റാരെയും, എന്തിനെയും പ്രതിഷ്ഠിക്കുന്നത് വിഗ്രഹാരാധനയാണ്. ദൈവത്തെക്കാൾ കൂടുതലായി വിലകല്പിക്കേണ്ട ഒന്നും ഈ ലോകത്തില്ല. അധികാരത്തിനും പണത്തിനും സ്ഥാനമാനങ്ങൾക്കും പ്രശസ്തിക്കും പിന്നാലേ പരക്കംപായുന്നതും ഒരുവൻ അവനെത്തന്നെ കേന്ദ്രീകരിച്ചു ജീവിക്കുന്നതുമെല്ലാം വിഗ്രഹാരാധനയുടെ ബഹിർസ്ഫുരണങ്ങളാണ്.

### ഏകദൈവം, ഏകജനത

ഏകദൈവം എന്ന അടിസ്ഥാനതത്ത്വം ഇസ്രായേൽജനത്തെ മറ്റെല്ലാ മനുഷ്യരിലും വിശ്വാസരീതികളിലുംനിന്നു വേർതിരിക്കുകയും 'ഏകജനത' എന്ന രാഷ്ട്രീയാസ്തിത്വം സാധ്യമാക്കുകയുംചെയ്തു. അശക്തരായ അവരെ ഈ വിശ്വാസം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു.

### ഒന്നാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

1. ദൈവത്തിൽ വിശ്വസിക്കണം. അവിടന്നിൽ പ്രത്യാശവയ്ക്കണം. സർവോപരി, അവിടത്തെ സ്നേഹിക്കണം.

2. ദൈവത്തെമാത്രം ആരാധിക്കുക. അവിടത്തോടുപ്രാർത്ഥിക്കുക. അവിടത്തോടു ചെയ്ത വാഗ്ദാനങ്ങളും വ്രതങ്ങളും നിറവേറ്റുക.

3. അന്ധവിശ്വാസം പാടില്ല. യഥാർത്ഥദൈവത്തിന് നാം നല്കുന്ന ആരാധനയിൽനിന്നുള്ള വേർപിരിഞ്ഞുപോകലാണ് അന്ധവിശ്വാസം. ഭാവിപ്രവചനം, ജാലവിദ്യ, കൂടോത്രം തുടങ്ങിയവയെല്ലാം വിഗ്രഹാരാധനയുടെ വിവിധഭാവങ്ങളാണ്. അതുപോലെ, ദൈവത്തിന്റെ സ്ഥാനത്ത് ഏതെങ്കിലും മനുഷ്യരെയോ മനുഷ്യദൈവങ്ങളെയോ വസ്തുക്കളെയോ തന്നത്തന്നെയോ മറ്റെന്തിങ്കിലുമോ പ്രതിഷ്ഠിക്കുന്നതും വിഗ്രഹാരാധനയാണ്.

4. വാക്കുകളിലും പ്രവൃത്തികളിലും ദൈവത്തെ പരീക്ഷിക്കുന്നതും ദൈവദൂഷണംപറയുന്നതും ദൈവത്തെ നിഷേധിക്കുന്നതും വിശുദ്ധവസ്തുക്കൾ അനാദരമായി കൈകാര്യംചെയ്യുന്നതുമെല്ലാം ദൈവനിന്ദയുടെ ഭാഗമാണ്.

5. തിരുസ്വരൂപങ്ങളുടെ വണക്കം ഒന്നാംപ്രമാണത്തിന്റെ ലംഘനമാകുന്നില്ല.

6. ദൈവത്തിലുള്ള വിശ്വാസവും സ്നേഹവുമെല്ലാം പ്രകടമാക്കേണ്ടത് ബലിയർപ്പണത്തിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രമല്ല, സഹജീവികളോടുള്ള സ്നേഹത്തിലും കാരുണ്യപ്രവൃത്തികളിലൂടെയുമാണ്.

### രണ്ടാംപ്രമാണം

കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത് (പുറ 20,7; ലേവ്യ 19,12).

ദൈവത്തെ മറന്ന് അവരവർക്കുതന്നെ പേരുണ്ടാക്കാനുള്ള മത്സരത്തിലാണ് നാം ജീവിക്കുന്നലോകം. അത്തരമൊരു ശ്രമംനടത്തി ബാബേൽഗോപുരമുണ്ടാക്കി എല്ലാം നശിച്ച കഥ ഉത്പത്തി 11,19-ൽ വിവരിക്കുന്നുണ്ടല്ലോ.

'ഒരു പേരിൽ എന്തിരിക്കുന്നു' എന്നു ചിലർ ചോദിക്കാറുണ്ട്. ഒരാളുടെ പേരിന് അയാളുടെ അസ്തിത്വവുമായി ബന്ധമുണ്ടെന്ന് ബാബിലോണിയക്കാരും പില്ക്കാലത്ത് ഹെബ്രായരും വിശ്വസിച്ചിരുന്നു. അസ്തിത്വമുള്ളതിനെല്ലാം പേരുണ്ട് (സഭാ 6,10) എന്നും അതിന്റെ സത്ത പേരിൽത്തന്നെയുണ്ടെന്നും (ഉത്പ 27,36) ബൈബിളിൽ കാണുന്നു. ബൈബിളിന്റെ കാഴ്ചപ്പാടിൽ ഒരാളുടെപേര് ഇല്ലാതാക്കുകയെന്നാൽ അയാളുടെ അസ്തിത്വം ഇല്ലാതാക്കലാണ് (1 സാമു 24,21; 2 രാജാ 14,27; ജോബ് 18,17). ഇതനുസരിച്ച്, ഒരാളുടെ അസ്തിത്വത്തിനു പുതുമ നല്കാൻ അയാളുടെ പേരിൽ മാറ്റംവരുത്തുന്ന രീതിയും ബൈബിളിൽകാണാം. ഉദാഹരണത്തിന്, അബ്രാമിനെ അബ്രാഹം എന്നും (ഉത്പ 17,5), സാറായിയെ സാറായെന്നും (ഉത്പ 17,15) യാക്കോബിനെ ഇസ്രായേൽ (ഉത്പ 35,10) എന്നുമൊക്കെ പേരുമാറ്റിവിളിക്കുന്നു. ദൈവത്തിന്റെ പ്രത്യേകസ്നേഹവും തിരഞ്ഞെടുപ്പുമെല്ലാം ഈ പേരുമാറ്റൽപ്രക്രിയയിലുണ്ട് (ഏശ 62,2). സൃഷ്ടജീവജാലങ്ങളെ പേരുചൊല്ലിവിളിക്കുന്നതിന് മനുഷ്യന് ദൈവം അവസരം നല്കുന്നു. അതുവഴി അവയുടെമേലുള്ള മനുഷ്യന്റെ അധികാരവും വിവേകപൂർവം അവ കൈകാര്യംചെയ്യാനുള്ള ഉത്തരവാദിത്വവും ദൈവം മനുഷ്യനെ ഭരമേല്പിക്കുന്നു (ഉത്പ 2,20; ഏശ 40,26).

## 'ഏൽ', 'എലോഹിം' എന്ന ദൈവനാമം

സെമിറ്റിക്ഭാഷകളിൽ ദൈവത്തെ സൂചിപ്പിക്കുന്നതിനുള്ള ഒരു പ്രധാനവാക്കാണ് 'ഏൽ' (El) എന്നത്. ഈ വാക്ക് ഏകദേശം 238 പ്രാവശ്യം ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പഴയനിയമത്തിൽ 'ഏൽ' എന്ന നാമം മറ്റുപല സംജ്ഞകളോടും ചേർത്താണ് ഉപയോഗിച്ചുകാണുന്നത്. ഉദാഹരണത്തിന്, 'ഏൽ ഷദ്ദായി' (ശക്തനായ ദൈവം അഥവാ ബെഥേൽ എന്ന സ്ഥലത്തെ ദൈവം ഉല്പ 28,19); ഏൽ ഏലിയോൺ (അത്യുന്നതനായ ദൈവം ഉത്പ 14,19-22), ഏൽ ഒലാം (നിത്യനായ ദൈവം, ഉത്പ 21,33), ഏൽ റോയ്, (കാണുന്നവനായ ദൈവം അഥവാ ദർശനത്തിന്റെ ദൈവം ഉത്പ 33:20).

ഏൽ എന്ന നാമം പ്രധാനമായും ബഹുമാനം സൂചിപ്പിക്കാനും ദൈവത്തിന്റെ ശക്തി പ്രകടമാക്കാനുമാണ് ഉപയോഗിച്ചിരുന്നത്. ഏലോഹിം എന്നത് ബഹുവചനരൂപമാണ്. എലോഹിം എന്ന നാമം പ്രധാനമായും ഉപയോഗിച്ചിരുന്നത് വിഗ്രഹങ്ങളെ സൂചിപ്പിക്കാനാണ്.

## 'യഹ്‌വേ' എന്ന നാമം

ഇസ്രായേലുമായി ഉടമ്പടിചെയ്ത ദൈവം അതിനുമുമ്പുതന്നെ മോശയ്ക്ക് തന്റെ പേരു വെളിപ്പെടുത്തിയിരുന്നു: "ഞാൻ തന്നെ" (പുറ 3,14). 'ആകുന്നവൻ' അഥവാ 'ആയിരിക്കുക' എന്നത് തത്ത്വശാസ്ത്രപരമായ സത്ത (substance)യെ സൂചിപ്പിക്കാനല്ല, മറിച്ച് 'രക്ഷിക്കുക' എന്ന ക്രിയയാണ് പ്രധാനമായും സൂചിപ്പിക്കുന്നത്.

തന്റെ പേരുവെളിപ്പെടുത്തുന്നതെന്തോ അതുതന്നെയാണ് താനെന്ന്, യാഹ്‌വേ പഠിപ്പിച്ചു. അവിടത്തെനാമം ദേവാലയത്തിലും (നിയമാ 12,11; 14,23; 16,11; 1 രാജാ 3,2) സിയോനിലും (ഏശ 18,7) ഷിലോയിലും (ജറ 7,12) വസിക്കുന്നു.

## യാഹ്‌വേയുടെ നാമം

മഹത്ത്വപൂർണമാണ് (സങ്കീ 72,19), മഹനീയമാണ് (1 രാജ 8,42), ഭീതിജനകമാണ് (നിയമാ 28,58), ഉന്നതമാണ് (സങ്കീ 148,13). അവിടത്തെ നാമത്താൽ, ആളുകൾ വിമോചിക്കപ്പെടുന്നു (സങ്കീ 54,17), ഉയർത്തപ്പെടുന്നു (സങ്കീ 20, 8, 89,5), വിജയം വരിക്കുന്നു (1 സാമു 17,45-50). ആ നാമത്തിൽ ഏവരും ശരണംവയ്ക്കുന്നു (സങ്കീ 124,8).

യാഹ്‌വേയുടെ പേരറിയുക എന്നത് മോശയ്ക്ക് അത്യാവശ്യമായിരുന്നു. പേരറിയൽ അവിടത്തെ അനുഭവിച്ചറിയൽതന്നെയാണ്. അതിനാൽ, അവിടത്തെനാമം ഏറ്റവും ബഹുമാനത്തോടെ ഉച്ചരിക്കാം (പുറ 20,7; ലേവ്യ 24,1; നിയമാ 5,11).

യാഹ്‌വേ എന്ന ദൈവനാമം ഉപയോഗിക്കാൻ ഇസ്രായേൽജനം ഭയപ്പെട്ടിരുന്നു. അതിനുപകരമായി, 'അദൊനായി' (യജമാനൻ, കർത്താവ്) എന്ന നാമമാണ് ഉപയോഗിച്ചിരുന്നത്.

## ദൈവനാമം പുതിയനിയമത്തിൽ

യേശുവിന്റെ പ്രധാനദൗത്യം പിതാവിന്റെ നാമം ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുകയും മനുഷ്യകുലത്തിനു രക്ഷ സാധ്യമാക്കി ആ നാമത്തിനു മഹത്ത്വം നല്കുകയുമായിരുന്നു (യോഹ 12,28). കർതൃപ്രാർത്ഥനയിലും ആദ്യഭാഗംതന്നെ ദൈവനാമം 'പൂജിതമാകണമേ' എന്നാണ് (മത്താ 6,9; ലൂക്കാ 11.12). അവിടത്തെ നാമത്തിൽ ശിഷ്യന്മാരെ 'കാത്തുകൊള്ളണമേ' എന്നും യേശു പ്രാർത്ഥിക്കുന്നു (യോഹ 17,11).

'തെയോസ്' എന്ന ഗ്രീക്കുപദമാണ് ദൈവത്തെ സൂചിപ്പിക്കാൻ പുതിയനിയമം ഉപയോഗിക്കുന്നത്. അവിടന്ന്, ഇസ്രായേലിന്റെ 'ദൈവ'വും (അപ്പ 2,30; റോമാ 11,1)

'സ്വർഗസ്ഥനായ പിതാവു'മാണ് (മത്താ 6,1; 7,11; 10,32) യേശുവിനെയും 'തെയോസ്' എന്ന പദംകൊണ്ടാണ് യോഹന്നാൻ അഭിസംബോധന ചെയ്യുന്നത് (യോഹ 1, 1,18,20,28). കൂടാതെ, ക്യൂരിയോസ് (കർത്താവ്) എന്ന പദവും പിതാവായ ദൈവത്തിനെന്നപോലെ യേശുവിനും ഉപയോഗിക്കുന്നു (മത്താ 5,23; ലൂക്കാ 1,6) ദൈവത്തിന്റെ പരിശുദ്ധനായാണ് പുതിയനിയമം യേശുവിനെ അവതരിപ്പിക്കുന്നത് (അപ്പ 2,27; 13,35). കൂടാതെ സർവശക്തൻ (വെളി 1,8), രക്ഷകൻ (സോത്തേർ, യോഹ 4,42; അപ്പ 13:23; തീത്തോ 2:13), യുഗങ്ങളുടെ രാജാവ് (1 തിമോ 1:17; വെളി 15,3) എന്നീ ദൈവനാമങ്ങളും പുതിയനിയമത്തിൽ യേശുവിനായി ഉപയോഗിച്ചിരിക്കുന്നു

### യേശുനാമത്തിന്റെ സവിശേഷതകൾ

1. യേശുനാമം അതിസ്വാഭാവികശക്തിയുള്ളതാണ് (മർക്കോ 16,17; ലൂക്കാ 10,17; അപ്പ 3,6, 4,12). എന്നാൽ യേശുനാമത്തിന് മാന്ത്രികശക്തിയൊന്നുമില്ലെന്നും (അപ്പ 19,13-16)



ഈ നാമം മനുഷ്യന് പാപമോചനവും രക്ഷയും നേടിത്തരുമെന്നും അപ്പസ്തോലന്മാർ പഠിപ്പിച്ചു (അപ്പ 10,43; 1 യോഹ 2,12). മനുഷ്യരക്ഷയ്ക്ക് യേശുനാമമല്ലാതെ മറ്റൊരു നാമമില്ല (അപ്പ 4,12).

2. എല്ലാ നാമത്തെക്കാളും ഉന്നതമാണ് യേശുവിന്റെ നാമം (ഫിലി 2,9-11, എഫേ 1,21), ക്രൈസ്തവവിശ്വാസം യേശുനാമത്തിലാണ് (യോഹ 3,18). യേശുവിന്റെ നാമത്തിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ നിത്യജീവന് അവകാശിയായിത്തീരുന്നത്.

3. യേശുവിന്റെ നാമമാണ് ശിഷ്യന്മാർ പ്രഘോഷിക്കേണ്ടത് (അപ്പ 5,40; 8,12; 9,15,28). സുവിശേഷത്തിന്റെയും വിശ്വാസത്തിന്റെയും വിഷയം യേശുതന്നെയാണ്. സുവിശേഷം പ്രസംഗിക്കുകയെന്നാൽ യേശുവിനെ പ്രസംഗിക്കുകയാണ്.

4. ക്രൈസ്തവസഭയുടെ ജീവിതം യേശുനാമത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നു. യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേതീരൂ (1 കോറി 12,3). സഭയും വ്യക്തികളും പ്രാർത്ഥിക്കേണ്ടത് യേശുനാമത്തിലാണ് (യോഹ 14,3; 16,26). ക്രൈസ്തവർ നന്മ പ്രവർത്തിക്കുന്നതും (മത്താ 18,5; കൊളോ 3,17) യേശുനാമത്തിലാണ്. തന്റെ നാമത്തെപ്രതി ഈ ലോകവസ്തുക്കളെയെല്ലാം ഉപേക്ഷിക്കണമെന്ന് യേശു ആവശ്യപ്പെടുന്നു (മത്താ 19,29).

## രണ്ടാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

**1. ദൈവനാമം സ്തുതിക്കപ്പെടണം** (സങ്കീ 8,1; 98,3; 112,3; മത്താ 6,10). ദൈവത്തെ യാഹ്‌വേ എന്ന് അഭിസംബോധനം ചെയ്യാൻ ഇസ്രായേൽജനം ഭയന്നിരുന്നു. പകരമായി, 'അദോനായ്' (നാഥാ, കർത്താവേ) എന്ന നാമമാണ് അവർ ഉച്ചരിച്ചിരുന്നത്. ആണ്ടിലൊരിക്കൽ ജനംമുഴുവൻ കേൾക്കേ പ്രധാനപുരോഹിതൻ മാത്രമാണ് യാഹ്‌വേ എന്ന പാവനനാമം ഉച്ചരിക്കുന്നത്. പാപപരിഹാരദിനത്തിൽ ചാക്കുടുത്ത് ചാരംപൂശി അതിവിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചാണ് ആ കർമ്മം നിർവഹിക്കുക.

**2. ദൈവനാമം ദൂഷണംചെയ്യരുത്**

ആംഗലേയഭാഷയിൽ ദൈവദൂഷണത്തിന് blasphemy എന്നുപറയും. ബ്ലാസ് (blas, ഉപദ്രവിക്കുക), ഫീമേ (pheme, സൽപ്പേര്) എന്നീ ഗ്രീക്ക്പദങ്ങളിൽനിന്നാണ് ഈ വാക്കിന്റെ ഉദ്ഭവം. ദൈവത്തിനെതിരേ പറയുന്ന നിന്ദവാക്കുകളാണ് ദൈവദൂഷണം. വിശുദ്ധ ജെറോമിന്റെ വാക്കുകളിൽ ദൈവദൂഷണത്തേക്കാൾ വലിയ തിന്മയില്ല. അതുകൊണ്ട്, ദൈവനാമം ദുരുദ്ദേശ്യപരമായും സ്വർത്ഥപരമായും ഉപയോഗിക്കാൻ പാടില്ല.

### മൂന്നാംപ്രമാണം

### കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം (പുറ 20,8-11, നിയമാ 5,12-15)

'കർത്താവിന്റെ ദിനം' എന്നതുകൊണ്ട് പഴയനിയമത്തിൽ അർത്ഥമാക്കുന്നത് സാബത്തിനെയാണെന്നു പറയാം. അന്ത്യവിധിദിനം എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിച്ചിരുന്നു.

### സാബത്തുദിനം

സാബത്താചരണത്തിന് അടിസ്ഥാനമായി രണ്ടുകാര്യങ്ങൾ അവതരിപ്പിക്കുന്നുണ്ട്. പുറപ്പാടു വിവരണത്തിൽ, സൃഷ്ടികർമത്തിന്റെയും (20,11) നിയമാവർത്തന പുസ്തകത്തിൽ പുറപ്പാടു സംഭവത്തിന്റെയും (5,15) ഓർമ്മയ്ക്കായിട്ടാണ് സാബത്താചരിക്കുന്നത്. ചുരുക്കത്തിൽ സൃഷ്ടി, രക്ഷ എന്നീ രണ്ടു സംഭവങ്ങളുടെ അനുസ്മരണമാണ് സാബത്ത് എന്നുപറയാം.

'വിശ്രമിക്കുക' 'വിരാമമിടുക' എന്നർത്ഥമുള്ള സാബാത്ത് എന്ന ഹീബ്രുമൂലത്തിൽ നിന്നാണ് സാബത്ത് എന്ന പദം ഉദ്ഭവിച്ചത്. ഗ്രീക്കിലെ 'സാബത്തിയോൺ' എന്ന പദത്തിന് ജോലികളിൽനിന്നു വിട്ടുനില്ക്കുക എന്ന അർത്ഥവുമുണ്ട്. ജോലികളിൽനിന്നകന്ന് ദൈവശുശ്രൂഷയ്ക്കായി നീക്കിവച്ചിരിക്കുന്ന ദിവസമാണ് സാബത്ത്.

ആറുദിവസംകൊണ്ട് സൃഷ്ടികർമം പൂർത്തിയാക്കി ഏഴാംദിവസം വിശ്രമിച്ച ദൈവത്തിന്റെ (ഉത്പ 2,2.3) മാതൃകയാണ് സാബത്താചരണത്തിനടിസ്ഥാനം. സാബത്ത് വിശുദ്ധമായി ആചരിക്കണമെന്ന ദൈവകല്പനയുണ്ടായിരുന്നു (പുറ 20, 8.9). ഇസ്രായേൽക്കാർക്ക് സാബത്ത് വിശ്രമത്തിന്റെയും സന്തോഷത്തിന്റെയും ആരാധനയുടെയും ദിനമായിരുന്നു (ഉത്പ 20,10). വെള്ളിയാഴ്ച സൂര്യാസ്തമയംമുതൽ ശനിയാഴ്ച സൂര്യാസ്ത്മയംവരെയാണ് സാബത്തിന്റെ സമയദൈർഘ്യം (നെഹെ 3,19) നിശ്ചയിച്ചിരുന്നത്.

### സാബത്തും യേശുവും

യഹൂദവംശജനെന്നനിലയിൽ, യേശു സാബത്തുദിനത്തിൽ സിനഗോഗിൽ പോകുകയും (ലൂക്കാ 4,16) തിരുലിഖിതങ്ങൾ വ്യാഖ്യാനിക്കുകയും (മർക്കോ 1,21; ലൂക്കാ 13,10) ചെയ്തിരുന്നു. എന്നാൽ, മാനുഷികപരിഗണന പാടേ നിരാകരിച്ചുകൊണ്ടുള്ള യഹൂദരുടെ സാബത്താചരണത്തെ യേശു നിശിതമായി വിമർശിച്ചിരുന്നു. സാബത്ത് യഹൂദരുടെ സാബത്താചരണത്തെ യേശു നിശിതമായി വിമർശിച്ചിരുന്നു. സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല എന്ന യേശുവിന്റെ പ്രസ്താവന (മർക്കോ 2,27) സാബത്തിനെക്കുറിച്ചുള്ള അവിടത്തെ മനോഭാവം

വ്യക്തമാക്കുന്നതാണ്. യേശുവിന്റെ വീക്ഷണത്തിൽ, നന്മചെയ്യുന്നതിനുള്ള ഏറ്റവും അനുകൂലമായ ദിനമാണ് സാബത്ത് (മർക്കോ 3,45; ലൂക്കാ 13,10-17; യോഹ 7,21-24) യഥാർത്ഥ സാബത്താചരണത്തിന്റെ അന്തഃസത്തയും ഇതുതന്നെയാണ്.

### കർത്താവിന്റെ ദിനം പുതിയനിയമത്തിൽ

പുതിയനിയമത്തിൽ സാബത്തിന്റെ നാഥനാണ് യേശുക്രിസ്തു (മത്താ 12,8; മർക്കോ 2,28). ആദിമക്രിസ്ത്യാനികൾ മറ്റ് യഹൂദരെപ്പോലെ സാബത്തോചരിച്ചിരുന്നെങ്കിലും (മത്താ 16,1; ലൂക്കാ 23,56) ക്രമേണ സാബത്ത് എന്നത് ഞായറാഴ്ചയാചരണമായി മാറി. കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ അനുസ്മരണം എന്ന നിലയിലാണ് ഞായറാഴ്ച ആചരിച്ചുപോന്നത്. ആ പാരമ്പര്യമാണ് ഇന്നും നമ്മൾ തുടരുന്നത്.

### കർത്താവിന്റെദിനവും ന്യായവിധിയും

പഴയനിയമത്തിൽ കർത്താവിന്റെ ദിനം എന്നതിനെ ന്യായവിധിയുമായി ബന്ധപ്പെടുത്തിയും പരാമർശിച്ചിരിക്കുന്നു. ന്യായവിധി നടത്തുന്ന ദൈവം വിധിദിനത്തിൽ ദരിദ്രനെയും അടിച്ചമർത്തപ്പെട്ടവനെയും രക്ഷിച്ചുകൊണ്ട് (സങ്കീ 7,9-17; 35,23; 24,5; 37,6; 146,7) നീതിപൂർവം വിധിനടപ്പാക്കും.

പുതിയനിയമത്തിലാകട്ടെ, യേശുവാണ് വിധിയാളൻ. യേശുവിലുള്ള ഒരുവന്റെ വിശ്വാസമാണ് ന്യായവിധിക്കുള്ള മാനദണ്ഡം (അപ്പ 10,40-42; 2 കോറി 5,10; മത്താ 10, 32, മർക്കോ 8,38; ലൂക്കാ 12,8). വിധി നടത്തപ്പെടുന്നത് യേശുവിന്റെ പ്രത്യാഗമനവേളയിലാണ് (ലൂക്കാ 9,27; മത്താ 25,31-46). യുഗാന്തത്തിലെ ന്യായവിധി ആർക്കും ഒഴിച്ചുകൂടാനാവത്തതാണ് (ലൂക്കാ 12, 8-10, മത്താ 10, 32, മർക്കോ 8,38; 9,27; 25). മാത്രമല്ല, ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെയും രക്ഷാകര പ്രവർത്തനങ്ങളുടെയും പൂർണമായ അർത്ഥം വ്യക്തമാക്കപ്പെടുന്നത് അന്ത്യവിധിയിലായിരിക്കും.

### മൂന്നാമത്തെ കല്പന നമ്മോട് ആവശ്യപ്പെടുന്നത്

1. ഒന്നാമത്തെ സൃഷ്ടികർമ്മത്തിന്റെ പൂർത്തീകരണത്തിന് പ്രാതിനിധ്യംവഹിച്ച സാബത്തിനുപകരം (ഉത്പ 2,12) ക്രിസ്തുവിന്റെ ഉത്ഥാനത്താൽ ഉദ്ഘാടനംചെയ്യപ്പെട്ട പുതിയസൃഷ്ടികർമത്തെ അനുസ്മരിപ്പിക്കുന്ന ഞായറാഴ്ച സ്ഥാപിക്കപ്പെട്ടു.

2. ക്രിസ്തുവിന്റെ ഉത്ഥാനം സഭ എട്ടാംദിവസമായ ഞായറാഴ്ച ആഘോഷിക്കുന്നു. ആ ദിവസത്തെ കർത്താവിന്റെ ദിനമെന്ന് ഉചിതമായി വിളിക്കുന്നു (SC 106).

3. ഞായറാഴ്ച സഭമുഴുവനും മൗലികമായി കടമുള്ള ദിനമായി ആചരിക്കണം. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും കുർബാനയിൽ പങ്കുചേരാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.

ഞായറാഴ്ച ആരാധനയ്ക്കും ശരീരത്തിന്റെ വിശ്രമത്തിനും വിശ്വാസികളുടെ കൂട്ടായ്മയ്ക്കും തടസ്സംനില്ക്കുകയോ അങ്ങനെയുള്ള കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്.

### പ്രവർത്തനം 3

കർത്താവിന്റെ ദിനമായി ആചരിക്കുന്ന ഞായറാഴ്ചയിലെ ആഘോഷങ്ങളിൽ നമ്മുടെ പങ്കാളിത്തം വിലയിരുത്തുകയും കൂടുതൽ സജീവമായി വിശ്വാസിസമൂഹം ഈ ദിനത്തിലെ ആരാധനയുടെ ആഘോഷത്തിൽ പങ്കുചേരുന്നതിനുമുള്ള മാർഗങ്ങൾ ചർച്ചചെയ്ത് കണ്ടെത്തുകയും ചെയ്യുക.

## നാലാംപ്രമാണം

### മാതാപിതാക്കളെ ബഹുമാനിക്കണം (പുറ 20,12; നിയമാ 5,16)

ദൈവം മനുഷ്യസമുദായത്തിന്റെ അടിത്തറയും ആരംഭവുമായി ദാമ്പത്യബന്ധം സ്ഥാപിച്ചുവെന്ന് വിശുദ്ധഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ രണ്ടാംവത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു.

സഭയുടെ എല്ലാപ്രവർത്തനങ്ങളിലും കുടുംബം ഒരു ഗാർഹികസഭയെന്നോണം പങ്കുചേരുന്നു. സഭയുടെ ആരാധനയിലും സാമൂഹികപ്രവർത്തനങ്ങളിലും സഭയുടെ ഒരു ഘടകമെന്നോണം കുടുംബം പങ്കാളിയാകുന്നു. തങ്ങൾക്കുചുറ്റുമുള്ള സമൂഹത്തിൽ സഭയെ സന്നിഹിതമാക്കുന്ന അതിശ്രേഷ്ഠചുമതലയാണ് ഓരോ ക്രൈസ്തവകുടുംബത്തിലും നിക്ഷിപ്തമായിരിക്കുന്നത്.

### മാതാപിതാക്കന്മാരോടുള്ള കടമ

നമ്മുടെ മാതാപിതാക്കന്മാരെയും നമ്മുടെ നന്മയ്ക്കായി അധികാരം നല്കിയിട്ടുള്ളവരെയും നാം ബഹുമാനിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

മാതാപിതാക്കന്മാരെ സ്നേഹിച്ചും ആദരിച്ചും ജീവിക്കുകവഴി ദൈവത്തിന്റെ കൃപാവരത്തിന് മക്കൾ അർഹരാകുന്നു:

"കുട്ടികളേ, കർത്താവിൽ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അതു ന്യായയുക്തമാണ്. നിങ്ങൾക്കു നന്മവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക" (എഫേ 6,1-3).

അതുപോലെതന്നെ, മാതാപിതാക്കന്മാരെ ധിക്കരിച്ചും തള്ളിപറഞ്ഞും ജീവിക്കുന്ന മക്കൾക്ക് ദുരിതങ്ങൾ നേരിടേണ്ടിയുംവരും:

"അവസാനനാളുകളിൽ ക്ലേശപൂർണമായ സമയങ്ങൾ വരും. അപ്പോൾ സ്വാർത്ഥസ്നേഹികളും ധനമോഹികളും അഹങ്കാരികളും ഗർവിഷ്ഠരും ദൈവദൂഷകരും മാതാപിതാക്കന്മാരെ അനുസരിക്കാത്തവരും കൃതഘ്നരും വിശുദ്ധിയില്ലാത്തവരുമായ മനുഷ്യരുണ്ടാകും" (2 തിമോ 3,1.2).

മക്കൾ തങ്ങളുടെ മാതാപിതാക്കന്മാരോടുള്ള ബഹുമാനവും നന്ദിയും പ്രദർശിപ്പിക്കാതെ അവരെ നീതിപൂർവകമായി അനുസരിക്കാനും സഹായിക്കാനും കടപ്പെട്ടിരിക്കുന്നു. അതുവഴി കുടുംബജീവിതത്തിലാകെ മനോജ്ഞമായ ഐക്യംവളരുന്നു.

സ്വന്തം മാതാപിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാത്ത മക്കൾ കുടുംബത്തിനുപുറത്തുള്ള മറ്റ് മുതിർന്നവരെയും ബഹുമാനിക്കുകയില്ല.

## മക്കളോടുള്ള കടമ

'മാതാപിതാക്കന്മാരെ ബഹുമാനിക്കണം' എന്ന നാലാംപ്രമാണം അർത്ഥമാക്കുന്നത് കുട്ടികൾക്ക് മാതാപിതാക്കന്മാരോടുള്ള ബഹുമാനം മാത്രമല്ല, മാതാപിതാക്കന്മാർക്ക് മക്കളോടുള്ള കടമയും ഉത്തരാദിത്വങ്ങളുമാണ്. ദമ്പതിമാർ പരസ്പരം സ്നേഹിച്ചാൽമാത്രമേ അവരുടെ മക്കൾക്ക് അവരോട് സ്നേഹവും ബഹുമാനവും ഉണ്ടാകൂ. കുടുംബജീവിതത്തിന്റെയും വൈവാഹികജീവിതത്തിന്റെയുമൊക്കെ ബാലപാഠങ്ങൾ മക്കൾ പഠിക്കുന്നത് മാതാപിതാക്കന്മാരിൽനിന്നാണ്. ദൈവത്തോടും സഭയോടും സഭാധികാരികളോടും ആദരവും സ്നേഹവും പ്രകടിപ്പിക്കാൻ മാതാപിതാക്കന്മാർ മക്കളെ പഠിപ്പിക്കേണ്ടത് വാക്കിലൂടെയല്ല, പ്രവൃത്തിവഴിയാണ്. നിയമാവർത്തനഗ്രന്ഥത്തിൽ കർത്താവായ ദൈവം ഇസ്രായേലിനുനല്കിയ സുപ്രധാന ഉപദേശങ്ങളിൽ ഇപ്രകാരം വായിക്കുന്നു:

"ഞാനിന്നു കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം" (നിയമാ 5,6.7).

രണ്ടാംവത്തിക്കാൻ സൂനഹദോസ് 'അല്മായപ്രേഷിതത്വം' എന്ന പ്രമാണരേഖയിൽ താഴെപറയുന്ന കാര്യങ്ങൾ മാതാപിതാക്കന്മാരെ ഓർമ്മിപ്പിക്കുന്നു:

1. മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കും തങ്ങൾക്കുതന്നെയും കുടുംബത്തിലെ മറ്റംഗങ്ങൾക്കും വിശ്വാസത്തിന്റെ സാക്ഷികളും പ്രസാദവരത്തിന്റെ സഹപ്രവർത്തകരുമായിരിക്കണം.

2. അവർ മക്കളോട് ആദ്യമായി 'വിശ്വാസം' പ്രസംഗിക്കുന്നവരും വിശ്വാസം പഠിപ്പിക്കുന്നവരുമാകണം.

3. സ്വന്തം മാതൃകയാലും ഉപദേശത്താലും മക്കളുടെ ക്രിസ്തീയവും പ്രേഷിതപൂർണവുമായ ജീവിതത്തിന് രൂപംകൊടുക്കണം.

4. ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിൽ അവരെ വിവേകപൂർവം സഹായിക്കണം.

ദൈവവിളിക്കനുസരിച്ച് അവരെ ശ്രദ്ധാപൂർവം പരിപോഷിപ്പിക്കണം.

## ദാമ്പത്യബന്ധവും കുടുംബജീവിതവും

ദാമ്പത്യസമൂഹം വധൂവരന്മാരുടെ ഉടമ്പടി, സമ്മതം എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. വിവാഹവും കുടുംബവും വധൂവരന്മാരുടെ നന്മയ്ക്കും സന്താനോദ്പാദത്തിനും സന്താനങ്ങളുടെ വിദ്യാഭ്യാസത്തിനുംവേണ്ടി ക്രമവത്കരിച്ചിരിക്കുന്നു.

വ്യക്തികളുടെയും സമൂഹത്തിന്റെയും, പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെയും ക്ഷേമം ദാമ്പത്യജീവിതത്തിന്റെയും കുടുംബസമൂഹത്തിന്റെയും സുസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

## നാലാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

1. കുടുംബജീവിതം വ്യക്തിയുടെയും സമൂഹത്തിന്റെയും നിലനില്പിന് അടിത്തറ പാകുന്നു.

2. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും ഒരുമിച്ചുള്ള പ്രാർത്ഥനയുംവഴി കുടുംബം ദേവാലയമാക്കി മാറ്റാനാവും.

3. സഭാജീവിതത്തിന്റെ ചെറുപതിപ്പെന്നനിലയിൽ ക്രിസ്തുവിനു സാക്ഷ്യംനല്കാൻ കുടുംബാംഗങ്ങൾ നിരന്തരം തയ്യാറാവണം.

4. വൃദ്ധരായ മാതാപിതാക്കന്മാർക്കും ഏകസ്ഥർക്കും ദരിദ്രരായ സഹോദരങ്ങൾക്കും പ്രത്യേക കരുതലോടെ സ്നേഹവും സംരക്ഷണവും നല്കണം.

5. തിരസ്കൃതശിശുക്കളെ ദത്തെടുത്തും പരദേശികൾക്ക് അഭയംനല്കിയും മാതൃകയായിക്കൊണ്ട് കുടുംബപ്രേഷിതത്വം വിപുലീകരിക്കാനാവും.

സാമ്പത്തികവും സന്മാർഗികവുമായ പ്രശ്നങ്ങളിൽ വലയുന്നവർക്ക് സഹായഹസ്തം നീട്ടാനുള്ള ഉത്തരവാദിത്വവും കുടുംബങ്ങൾക്കുണ്ട്.

### പ്രവർത്തനം 4

വൃദ്ധമാതാപിതാക്കന്മാരെ അഗതിമന്ദിരങ്ങളിൽ കൊണ്ടുചെന്നാക്കുകയും ഒറ്റപ്പെട്ട മൂലകളിൽ ബന്ധിച്ചിടുകയുമൊക്കെ ചെയ്യുന്ന പ്രവണത ഇന്ന് ഏറെ വർദ്ധിച്ചുവരുന്നു. മാതാപിതാക്കന്മാരെ ബഹുമാനിക്കണം എന്ന പ്രമാണത്തിന്റെ ലംഘനം സംഭവിക്കുന്ന മറ്റുമേഖലകളും വിലയിരുത്തി ഇത്തരം തിന്മകൾ സമൂഹത്തിൽനിന്ന് ഇല്ലാതാക്കാൻ എന്തുചെയ്യാനാവുമെന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് മാർഗരേഖ തയ്യാറാക്കുക.

## അഞ്ചാംപ്രമാണം

### കൊല്ലരുത് (പുറ 20,13; നിയമാ 5,17)

മനുഷ്യൻ ദൈവത്തിന്റെതന്നെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനായതുകൊണ്ട് മനുഷ്യജീവനെതിരായ ഏതുപ്രവൃത്തിയും ദൈവത്തിനെതിരേയുള്ള കയ്യേറ്റമായാണ് പുരാണകാലംമുതലേ പരിഗണിച്ചുപോരുന്നത്. അത്തരക്കാർക്ക് മരണശിക്ഷ നല്കണമെന്ന കല്പനയും നിലനിന്നിരുന്നു (ഉത്പ 9,6).

### ജീവന്റെ കർത്താവ് ദൈവമാണ്

ജീവന്റെ കർത്താവായ ദൈവമാണ് ജീവൻ നല്കുന്നതും നിലനിറുത്തുന്നതും തിരിച്ചെടുക്കുന്നതും. ജീവന്റെമേൽ മനുഷ്യർക്ക് ഒരുവിധ അവകാശവുമില്ല. സകല ജീവജാലങ്ങളുടെയും പ്രാണനും മാനവരാശിയുടെ ജീവശ്വാസവും ദൈവത്തിന്റെ കരങ്ങളിലാണ് (ജോബ് 12,10). ജീവൻ സംരക്ഷിക്കുക എന്ന ദൗത്യമാണ് മനുഷ്യനെ

ദൈവം ഭരമേല്പിച്ചിരിക്കുന്നത്. സ്വന്തം ജീവൻ മാത്രമല്ല, മറ്റുള്ളവരുടെജീവൻ സംരക്ഷിക്കാനും നമുക്ക് കടമയുണ്ട്. മനുഷ്യജീവൻ ഗർഭധാരണനിമിഷംമുതൽ അതീവ ശ്രദ്ധയോടെ സംരക്ഷിക്കപ്പെടണം. ഗർഭധാരണനിമിഷംമുതൽ മരണംവരെ ഓരോ മനുഷ്യനും പാവനമാണ്. കാരണം, ജീവിക്കുന്നവനും പരിശുദ്ധനുമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ.

മനുഷ്യവ്യക്തിയെ കൊല്ലുന്നത് വ്യക്തിയുടെ മാഹാത്മ്യത്തിനും സ്രഷ്ടാവിന്റെ പരിശുദ്ധിക്കും എതിരായ ഗൗരവമുള്ള തിന്മയാണ്.

## കൊലപാതകം ചെയ്യരുത്

ഉദ്ഭവപാപത്തിന്റെ ഫലമായി കോപവും അസൂയയും മനുഷ്യചരിത്രത്തിന്റെ പ്രാരംഭംമുതലുണ്ട്. കായേൻ ആബേലിനെ വധിക്കുന്നസംഭവം ഇതിനുദാഹരണമാണ് (ഉത്പ 4,8-12). എന്നാലും കുറ്റവാളികളെ നിയമാനുസൃതം വധിക്കുന്നതും യുദ്ധകാലത്ത് ശത്രുസൈന്യത്തെ കൊല്ലേണ്ടിവരുന്നതും ഈ കല്പനയുടെ ലംഘനമല്ല.

മാത്രമല്ല, സ്വന്തം ജീവനു ഭീഷണിയുണ്ടാകുമ്പോൾ ഒരാൾക്ക് നിയമാനുസരണം പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. ഒരുവന് തന്നോടുതന്നെയുള്ള സ്നേഹം ധാർമികതയുടെ അടിസ്ഥാനമാണല്ലോ, അതു മാനിക്കപ്പെടണം. സ്വന്തംജീവൻ രക്ഷിക്കാൻശ്രമിക്കുന്നതിനിടയിൽ അക്രമിയുടെ ജീവൻ അപകടത്തിലായാൽ അതു കൊലപാതകമാകുന്നില്ല. വിശുദ്ധ തോമസ് അക്വിനാസ് പറയുന്നു: "ഒരുവൻ സ്വയംരക്ഷയ്ക്കായി ആവശ്യത്തിലധികം അക്രമം നടത്തിയാൽ അത് നിയമവിരുദ്ധമാണ്... അപരന്റേതിനെക്കാൾ സ്വന്തംജീവൻ രക്ഷിക്കാൻ ഒരാൾ കൂടുതൽ കടപ്പെട്ടിരിക്കുന്നു".

സ്വന്തംജീവൻ എന്നതുപോലെ മറ്റുള്ളവരുടെ ജീവൻ സംരക്ഷിക്കാനും നമുക്കു കടമയുണ്ട്. എന്നാൽ പൊതുനന്മയെയും മനുഷ്യജീവനെയും സംരക്ഷിക്കേണ്ടതിന് അക്രമിയെ ശിക്ഷിക്കേണ്ടതായും വരാറുണ്ട്.

## ശത്രുക്കളെ സ്നേഹിക്കുക

1. മലയിലെ പ്രസംഗത്തിന്റെ ഭാഗമായി 'കൊല്ലരുത്' (മത്താ 5,21) എന്നുമാത്രമല്ല, കോപം, വിദ്വേഷം, പ്രതികാരം എന്നിവയ്ക്കും യേശു വിലക്കുകല്പിച്ചു: 'ശത്രക്കളെ സ്നേഹിക്കുക' (മത്താ 5, 22-39,44) എന്നു പഠിപ്പിക്കുകയും 'വാൾ ഉറയിലിടുക' (മത്താ 26,52) എന്ന് പത്രോസിനെ കർത്താവ് ശാസിക്കുകയും ചെയ്യുന്നു.

2. ക്രിസ്തുവിശ്വാസിയുടെ ജീവിതത്തിൽ സ്നേഹമാണ് സർവോത്കൃഷ്ടം (1 കോറി 13,13). സ്നേഹത്തിന്റെ ജീവൻ ഇല്ലാതാക്കുകയല്ല, 'സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല' (യോഹ 15,13) എന്ന നമ്മുടെ ഗുരുവിന്റെ പ്രബോധനവും മാതൃകയും അനുകരിക്കുകയാണു നാം ചെയ്യേണ്ടത്.

3. മനുഷ്യജീവന് ഭീഷണിയുയർത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും നാം ജാഗ്രതപുലർത്തണം. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പരിസ്ഥിതിയുടെ നാശം, മായംചേർക്കൽ തുടങ്ങിയ തിന്മകൾക്കെതിരേ നാം പോരാടുകയും വേണം.

### അഞ്ചാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

1. ജീവന്റെ ആരംഭംമുതൽ അവസാനംവരെ ദൈവം മാത്രമാണ് അതിന്റെ ഉടയവൻ. ഒരു മനുഷ്യന്റെ ജീവൻ ഇല്ലാതാക്കാൻ ആർക്കും ഒരു സാഹചര്യത്തിലും അവകാശമില്ല.

2. തനിക്കു ജീവൻനല്കിയ ദൈവത്തോട് ഓരോരുത്തനും കടപ്പാടുണ്ട്. അവിടത്തെ മഹത്ത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ജീവൻ സംരക്ഷിക്കപ്പെടണം. ജീവന്റെ സംരക്ഷകർ മാത്രമാണ് നാം, അതിന്റെ ഉടമസ്ഥരല്ല.

3. ലക്ഷ്യങ്ങളും മാർഗങ്ങളും ഏതായാലും, വൈകല്യമുള്ളവരുടെയും രോഗികളുടെയും വൃദ്ധരുടെയും മരണാസന്നരുടെയും ജീവൻ വിലപ്പെട്ടതുതന്നെയാണ്.

4. ശിശുഹത്യ, ഭാതൃഹത്യ, മാതൃപിതൃഹത്യ, ഭാര്യാഭർതൃഹത്യ എന്നിവ സ്വാഭാവിക ബന്ധങ്ങൾ ഭഞ്ജിക്കുന്നതുകൊണ്ട് പ്രത്യേകവിധത്തിൽ ഗൗരവപൂർണമായ കുറ്റങ്ങളാണ്.

5. ജീവിക്കാനുള്ള ഓരോ മനുഷ്യന്റെയും അവകാശം മാനിക്കണം. കൊല്ലുക എന്ന പ്രവൃത്തിപോലെതന്നെ അന്യരെ നശിപ്പിക്കാനുള്ള മനുഷ്യന്റെ ചിന്തയും ആഗ്രഹവുമെല്ലാം ഗൗരവമുള്ള പാപങ്ങളാണ് (മത്താ 5,21.22).

6. ഗർഭച്ഛിദ്രം, ശിശുവധം, ആത്മഹത്യ, കൊലപാതകം, ദയാവധം തുടങ്ങിയവയെല്ലാം ഗൗരവമുള്ള പാപങ്ങളാണ്.

“നിന്റെ ജീവരക്തത്തിന് തീർച്ചയായും ഞാൻ കണക്കുചോദിക്കും. മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻതന്നെ ചൊരിയും. എന്തെന്നാൽ, ദൈവത്തിന്റെ ഛായയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്” (ഉത്പ 9,5.6).

## ആറാംപ്രമാണം

## വ്യഭിചാരം ചെയ്യരുത് (പുറ 20, 14; ലേവ്യ 20,10)

‘സ്നേഹം’ ഓരോ മനുഷ്യന്റെയും പ്രഥമവും നൈസർഗികവുമായ വിളിയാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും നമുക്കു കഴിയണം. സ്നേഹസംഗമത്തിൽനിന്നാണ് ഓരോ മനുഷ്യനും ജനിക്കുന്നത്.

ഭാര്യാഭർതൃസ്നേഹത്തിന്റെ സുപ്രധാനതലമാണ് ലൈംഗികത. ദമ്പതികൾ ലൈംഗികതയിലൂടെ അവരുടെ പരസ്പരസ്നേഹം പ്രകടമാക്കുകയും കുഞ്ഞുങ്ങൾക്ക് ജന്മംനല്കുകയും ചെയ്യുന്നു. അതുവഴി അവർ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുചേരുകയും ദൈവം ഏല്പിച്ച വലിയ ഉത്തരവാദിത്വം നിറവേറ്റുകയുംചെയ്യുന്നു.

ദെക്കലോഗിലെ ഒന്നാംപ്രമാണം ദൈവത്തോടുള്ള കടപ്പാടും വിശ്വസ്തതയും ആവശ്യപ്പെടുന്നതുപോലെ, ആറാംപ്രമാണം ഭാര്യാഭർതൃബന്ധത്തിൽ തത്തുല്യമായ ഒരു വിശ്വസ്തത ആവശ്യപ്പെടുന്നു. അതിനാൽ ദാമ്പത്യബന്ധത്തിനുപുറത്തുള്ള എല്ലാ



ലൈംഗികപ്രവൃത്തികളും തിന്മയായി പരിഗണിക്കപ്പെടുന്നു. അത് വ്യഭിചാരമാണ്. പരസ്പരസമ്മതത്തോടെ വിവാഹിതനോ അവിവാഹിതനോ ആയ ഒരു പുരുഷനും വിവാഹിതയോ അവിവാഹിതയോ ആയ ഒരു സ്ത്രീയുംതമ്മിൽ ദാമ്പത്യബന്ധത്തിനു പുറത്തുനടത്തുന്ന ലൈംഗികപ്രവൃത്തിയാണ് വ്യഭിചാരം.

## ദാമ്പത്യവിശ്വസ്തതയുടെ ലംഘനം

ദമ്പതികൾ സ്വമനസ്സാചെയ്ത വിവാഹഉടമ്പടി പരസ്പരവിശ്വസ്തത ആവശ്യപ്പെടുന്നുണ്ട്. തന്മൂലം തങ്ങളുടെ വിവാഹം അഭേദ്യമായി സംരക്ഷിക്കാനുള്ള കടമ അവർക്കുണ്ട്. കുഞ്ഞുങ്ങൾക്ക് ജീവൻപകർന്നുകൊടുത്തുകൊണ്ട് ദമ്പതികൾ ദൈവത്തിന്റെ പിതൃത്വത്തിൽ പങ്കുചേരുന്നു. അതിനാൽ വ്യഭിചാരം വിവാഹത്തിലെ ജീവിതപങ്കാളിയോടുള്ള കടപ്പാടിന്റെയും പ്രതിജ്ഞാബദ്ധതയുടെയും വിശ്വസ്തതയുടെയും കടുത്തലംഘനമാണ്.

വ്യഭിചാരം മാത്രമല്ല, വിവാഹമോചനം, ബഹുഭാര്യാത്വം എന്നിവയും വിവാഹത്തിന്റെ മാഹാത്മ്യത്തിനെതിരേയുള്ള തെറ്റുകളാണ്.

## ജനനക്രമീകരണവും ദാമ്പത്യജീവിതവും

ജനനക്രമീകരണം ഉത്തരവാദിത്വമുള്ള പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും ഒരു ഘടകമാണ്. എന്നാൽ, ദമ്പതികളുടെ ന്യായമായ ഉദ്ദേശ്യങ്ങൾ അധാർമികമായ മാർഗങ്ങളുടെ ഉപയോഗം ന്യായീകരിക്കുന്നില്ല. പ്രത്യക്ഷമായ വന്ധ്യംകരണം, ഗർഭനിരോധനം തുടങ്ങിയവ ഗൗരവമുള്ള തെറ്റുകൾ തന്നെയാണ്.

## ക്രിസ്തു ശുദ്ധതയുടെ മാതൃക

ക്രിസ്തുവാണ് ശുദ്ധതയുടെ മാതൃക. ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ജീവൻ ഹോമിച്ച ക്രിസ്തു ദൈവത്തിന്റെ പരിശുദ്ധനായിരുന്നു (യോഹ 6,69). ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും തന്റെ പ്രത്യേകജീവിതാവസ്ഥയനുസരിച്ച് ശുദ്ധമായ ജീവിതം നയിക്കാൻ ക്രിസ്തുവിൽ വിളിക്കപ്പെട്ടിരിക്കുന്നു അതുവഴി പരിശുദ്ധനായ ദൈവത്തെ മുഖാമുഖം ദർശിക്കാനുള്ള അനുഗ്രഹവും അവർക്കു ലഭിക്കും (എഫേ 6,1-3).

വ്യഭിചാരം പ്രവൃത്തിയുടെ തലത്തിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ലെന്നും ആസക്തിയോടെയുള്ള നോട്ടംപോലും വ്യഭിചാരമെന്ന തിന്മയാണെന്നും യേശു പഠിപ്പിച്ചു (മത്താ 5,27.28). അതിനാൽ, ജഡവ്യാപാരങ്ങളായ അശുദ്ധിയും സദൃശപാപങ്ങളും

നാം വെടിയണം. സ്വയംഭോഗം, സ്വവർഗഭോഗം, അവിഹിതവേഴ്ച, അശ്ലീലകല തുടങ്ങിയവയെല്ലാം ശുദ്ധതയ്ക്കെതിരായ പാപങ്ങളാണ്.

"നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?" (1 കോറി 3,16; 6,19,13,20).

## ആറാംപ്രമാണം നമ്മോടാവശ്യപ്പെടുന്നത്

1. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ച ദൈവം ഇരുവർക്കും തുല്യമായ വ്യക്തിമാഹാത്മ്യം നല്കിയിരിക്കുന്നു. സ്ത്രീയും പുരുഷനും തങ്ങളുടെ ലൈംഗികത്തനിമ അംഗീകരിക്കുകയും ബഹുമാനിക്കുകയും വേണം.

2. വ്യഭിചാരം ദാമ്പത്യജീവിതത്തിന്റെ തകർച്ചയും കുടുംബത്തിനും സമൂഹത്തിനുമെതിരേയുള്ള വെല്ലുവിളിയും ദൈവത്തിന്റെ പരിശുദ്ധിക്കെതിരേയുള്ള ഗൗരവമുള്ള തിന്മയുമാണ് (ലേവ്യ 20,10; 1 കോറി 5, 1-13).

3. ദാമ്പത്യബന്ധത്തിനുപുറമേയുള്ള എല്ലാത്തരം ലൈംഗികപ്രവൃത്തികളും പാപമാണ്.

4. ശുദ്ധതയുള്ള ജീവിതത്തിന് ക്രിസ്തുവിനെ നാം മാതൃകയാക്കുകയും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള നമ്മുടെ കഴിവുകൾ സമൂഹനിർമിതിക്ക് ക്രിയാത്മകമായി ഉപയോഗിക്കുകയും വേണം. അതുവഴി ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഭാഗഭാക്കാകാനുള്ള നമ്മുടെ വിളിയോട് വിശ്വസ്തതയോടെ പ്രതികരിക്കാൻ നമുക്കു കഴിയും.

5. മനുഷ്യവ്യക്തികളുടെ മാഹാത്മ്യത്തോട് നാം ആദരമുള്ളവരായിരിക്കണം. അപരനെ തിന്മയിലേക്കു നയിക്കുന്ന മനോഭാവവും പ്രവൃത്തിയുമാകുന്ന ഉതപ്പ് സുകൃതം ഇല്ലാതാക്കുന്നു. തന്റെതന്നെയും സഹോദരന്റെയും ആത്മീയമരണത്തിന് അത് കാരണമാകുകയും ചെയ്യുന്നു.

## ഏഴാംപ്രമാണം

## മോഷ്ടിക്കരുത് (പുറ 20,15; നിയമാ 5,19; മത്താ 19,18)

ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചവും അതിലെ വസ്തുക്കളും മനുഷ്യവർഗത്തിനു മുഴുവൻ അവകാശപ്പെട്ടതാണ്. എല്ലാ മനുഷ്യരുടെയും നിലനില്പിനും ഉപജീവനത്തിനും അവയെല്ലാം ഉപകരിക്കുകയുംവേണം. അവ മനുഷ്യകുലത്തിനു മുഴുവനായും ദൈവം നല്കിയിരിക്കുകയാണ് (ഉത്പ 2,19). പ്രപഞ്ചത്തിലെ ധാതു, സസ്യ, മൃഗവിഭ

വങ്ങളുടെമേൽ സ്രഷ്ടാവ് മനുഷ്യനുനല്കിയ ഈ ആധിപത്യം അവയെ നശിപ്പിക്കാനുള്ളതല്ല; ഭാവി തലമുറയെക്കൂടി മുന്നിൽക്കണ്ട് അവയോടുള്ള ധാർമികമായ കടമകൾ നിറവേറ്റാനുള്ളതാണ്. സൃഷ്ടവസ്തുക്കൾകൊണ്ട് മനുഷ്യന്റെ നീതിപൂർവകമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താമെങ്കിലും അവയെ ചൂഷണംചെയ്യാൻ പാടുള്ളതല്ല.

## സൃഷ്ടവസ്തുക്കളുടെ സാർവത്രികലക്ഷ്യം

എല്ലാവർക്കുമായി ദൈവം സൃഷ്ടിച്ചവസ്തുക്കൾ ഓരോരുത്തരിലും നീതിക്കും ഉപവിക്കും അനുസൃതമായി എത്തിച്ചേരണമെന്ന സാമൂഹികനീതി നടപ്പാകണം (ഉത്പ 1,26-29). അതിനായി മനുഷ്യർ തൊഴിൽചെയ്തുജീവിക്കണം. ക്രിസ്തുവിനോടുള്ള ഐക്യത്തിൽ ചെയ്യുമ്പോൾ ചെയ്യുന്നതൊഴിൽ രക്ഷാകരമായിത്തീരുന്നു. ഓരോരുത്തർക്കും അവരുടെ തൊഴിലനുസരിച്ച് നീതിയിലും സത്യത്തിലും അധിഷ്ഠിതമായ സമ്പാദ്യവും ഉണ്ടാക്കാവുന്നതാണ്. സ്വകാര്യസ്വത്തിനുള്ള അവകാശം (Right to Private Property) സൃഷ്ടവസ്തുക്കളുടെ സാർവത്രികലക്ഷ്യം ഇല്ലായ്മചെയ്യുന്നില്ല.

## മോഷണം കുറ്റകരമാണ്

ഒരാൾ മറ്റൊരാളുടെ വസ്തുക്കൾ അന്യായമായി എടുക്കുകയോ പിടിച്ചുവയ്ക്കുകയോ അവയ്ക്ക് എന്തെങ്കിലും നാശംവരുത്തുകയോ ചെയ്യാൻപാടുള്ളതല്ല. മറ്റൊരാളുടെ വസ്തുക്കൾ ഉടമസ്ഥന്റെ ഹിതത്തിനെതിരേ പിടിച്ചെടുക്കുന്നത് മോഷണമാണ്; അത് കുറ്റകരവുമാണ് (കോറി 6,10). മോഷണം ദൈവികപദ്ധതി തകിടംമറിക്കുകയും ആത്മനാശത്തിലേക്ക് ഒരുവനെ നയിക്കുകയും ചെയ്യുന്നു. അതിനാൽ, പൗലോസ് അപ്പസ്തോലൻ എഴുതുന്നു: "മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്. അവൻ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ എന്തെങ്കിലും സമ്പാദിക്കുന്നതിനുവേണ്ടി സ്വന്തംകൈകൾകൊണ്ട് മാന്യമായ ജോലി ചെയ്യട്ടെ" (എഫേ 4,28).

## മനുഷ്യന്റെ അന്തസ്സ് മാനിക്കപ്പെടണം

സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിന്റെ മുഴുവൻ കർത്താവും കേന്ദ്രവും മനുഷ്യൻതന്നെയാണ്. അതുകൊണ്ട് ഭൗതികവസ്തുക്കളുടെ വിനിയോഗത്തിലും കൈമാറ്റത്തിലും മനുഷ്യന്റെ മാഹാത്മ്യത്തെ ബഹുമാനിക്കണം. വാണിജ്യപരമോ സ്വേച്ഛാപരമോ ആയ ലക്ഷ്യങ്ങൾക്കായി മനുഷ്യജീവികളെ അടിമകളാക്കുകയോ വ്യവസായവസ്തുക്കൾപോലെ വാങ്ങുകയോ വില്ക്കുകയോ കൈമാറ്റംചെ

യ്യുകയോ അനുവദനീയമല്ല. മനുഷ്യന്റെ സമഗ്രവും സമ്പൂർണവുമായ വികസനമാണ് എപ്പോഴും ലക്ഷ്യംവയ്ക്കേണ്ടത്.

### ഏഴാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

1. ഭൗതികവസ്തുക്കളുടെ ഉപയോഗം അത്യന്തികമായി ദൈവസ്നേഹത്തിലേക്കും സഹോദരസ്നേഹത്തിലേക്കും നയിക്കാൻ ഉതകുന്നതാവണം.

2. ഭക്ഷണവും വീടും സ്ഥലവുമില്ലാത്ത അസംഖ്യം മനുഷ്യജീവികളിൽ വിശന്നുവലയുന്ന ലാസറിനെ നാം കണ്ടെത്തണം (ലൂക്കാ 16,19-31). "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തുതന്നത്". (മത്താ 25,40) എന്നുപറയുന്ന യേശുവിനെ നാം കേൾക്കണം.

3. പാവപ്പെട്ടവർക്കുള്ള ദാനധർമം ക്രൈസ്തവസ്നേഹത്തിന്റെയും ഉപവിയുടെയും സാക്ഷ്യമാണ്; ദൈവത്തിനു പ്രീതികരമായ നീതിയുടെ പ്രവൃത്തിയുമാണത്.

4. സൃഷ്ടവസ്തുക്കൾ സംരക്ഷിക്കുകയും എല്ലാവർക്കും നീതിലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

5. സത്യത്തിനും നീതിക്കും നിരക്കാത്ത പ്രവൃത്തികൾവഴി നാം സ്വർഗരാജ്യം നഷ്ടപ്പെടുത്തിക്കൂടാ.

### പ്രവർത്തനം 5

വിശന്നുവലഞ്ഞ ഒരാൾ ഭക്ഷണം മോഷ്ടിച്ചുകഴിക്കുന്നു. ഉടമസ്ഥനാൽ പിടിക്കപ്പെടുകയും ക്രൂരമായ ശിക്ഷയ്ക്ക് വിധേയനാവുകയും ചെയ്യുന്നു. ഈയൊരു സംഭവത്തെ ഏഴാംപ്രമാണത്തിന്റെ വെളിച്ചത്തിൽ നിങ്ങളെങ്ങനെ വിലയിരുത്തുന്നു?

### എട്ടാംപ്രമാണം

### കള്ളസാക്ഷ്യംപറയരുത് (പുറ 20,16; നിയമാ 5,19.20; മത്താ 5,33)

യേശു തോമസിനോടു പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6). മറ്റൊരിക്കൽ യേശു പറഞ്ഞു: "എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ 8,31-32).

## നാം ദൈവമക്കളും സത്യത്തിന്റെ സാക്ഷികളും

സത്യം ആയവനും സത്യം ആഗ്രഹിക്കുന്നവനുമായ ദൈവത്തിന്റെ മക്കളാണ് നാം. എല്ലാ സത്യത്തിന്റെയും സ്രോതസ്സ് ദൈവമാണ്. അവിടത്തെ വചനം സത്യമാണ്; അവിടത്തെ നിയമം സത്യമാണ്. അവിടത്തെ വിശ്വസ്തത എല്ലാ തലമുറകളിലും നിലനില്ക്കുന്നു (സങ്കീ 119,90; സുഭാ 8,7; സാമു 7,28; ലൂക്കാ 1,50).

ക്രിസ്തു 'സത്യം' തന്നെയായതുകൊണ്ട് (യോഹ 14,6) ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും പ്രവൃത്തിയിലും വാക്കിലും വിശ്വസ്തത പുലർത്തണം. നാം ദൈവമക്കളും ക്രിസ്തുവിന്റെ സാക്ഷികളുമാണ്. "നമ്മുടെ കർത്താവിനു സാക്ഷ്യംനല്കുന്നതിൽ നീ ലജ്ജിക്കരുത്" (1 തിമോ 1,8).

## എട്ടാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

1. സത്യം മാത്രമേ പറയാവൂ എന്ന് ഈ കല്പന അനുശാസിക്കുന്നു.

2. ന്യായമായവിധിക്ക് സത്യസന്ധമായ സാക്ഷിമൊഴികൾ അത്യന്താപേക്ഷിതമാണ്. സാക്ഷിമൊഴികൾ അന്യായവും നീതിരഹിതവുമാണെങ്കിൽ അപകടത്തിലാവുന്നത് നീതിമാന്റെയും സത്യസന്ധന്റെയും സ്വാതന്ത്ര്യമാണ്.

3. എല്ലാ വ്യക്തിബന്ധങ്ങളിലും നാം സത്യസന്ധത പുലർത്തണം.

4. വ്യക്തികളുടെ സത്പേരിനോട് ബഹുമാനംപുലർത്തണം. അപകീർത്തി, ഏഷണി എന്നിവ ഒഴിവാക്കുകയും വേണം.

## ഒമ്പതാംപ്രമാണം

## അന്യന്റെ ഭാര്യയെ മോഹിക്കരുത് (പുറ 20,17)

ആദ്യത്തെ എട്ടുപ്രമാണങ്ങൾ പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണെങ്കിൽ, അവസാനത്തെ രണ്ടുപ്രമാണങ്ങൾ പ്രവൃത്തികൾക്കുള്ള മാനസികവ്യാപാരമായ ആഗ്രഹം അഥവാ മോഹത്തോട് ബന്ധപ്പെട്ടുനില്ക്കുന്നു.

ഒരാൾ പ്രവൃത്തിവഴി പാപംചെയ്യുന്നതിനുമുമ്പ് ഹൃദയത്തിൽ ആഗ്രഹംവഴി പാപം ചെയ്യുന്നു. എല്ലാ പാപങ്ങളുടെയും തിന്മയുടെയും ആരംഭം മനസ്സിൽനിന്നാണ്. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളുമായി വ്യഭിചാരംചെയ്തുകഴിഞ്ഞു (മത്താ 5,28).

മനുഷ്യന്റെ അന്തരംഗം തുടക്കംമുതലേ തിന്മയിലേക്കു ചാഞ്ഞിരിക്കുകയാണ് (ഉത്പ 8,21). എന്നാൽ നാമിപ്പോൾ ക്രിസ്തുവാൽ രക്ഷിക്കപ്പെട്ടവരാണ്. എഫേസൂസുകാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് അപ്പസ്തോലൻ പറയുന്നു: "അനുസരണക്കേടിന്റെ ഈ മക്കളോടൊപ്പം ഒരുകാലത്ത് നമ്മളും ശരീരത്തിന്റെയും മനസ്സിന്റെയും അഭിലാഷങ്ങൾ സാധിച്ചുകൊണ്ട് ജഡമോഹങ്ങളിൽ ജീവിച്ചു. നമ്മളും മറ്റുള്ളവരെപ്പോലെ സ്വഭാവേന, ക്രോധത്തിന്റെ മക്കളായിരുന്നു. എന്നാൽ, കരുണാസമ്പന്നനായ ദൈവം നമ്മോടുകാണിച്ച മഹത്തായ സ്നേഹത്താൽ, ക്രിസ്തു നിന്നോടുകൂടെ നമ്മെ ജീവിപ്പിച്ചു; കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു" (എഫേ 2,35).

യോഹന്നാന്റെ ഒന്നാംലേഖനം 2,16-ൽ അത്യാഗ്രഹത്തെ അഥവാ ആസക്തിയെ മൂന്നായി തരംതിരിക്കുന്നു:

1. ശരീരത്തിന്റെ ദാഹം
2. കണ്ണിന്റെ ആസക്തി
3. ജീവിതത്തിന്റെ അഹങ്കാരം

ഇതിൽ ജഡികാസക്തി ആത്മാവിനെതിരേയുള്ള ശരീരത്തിന്റെ മത്സരമാണെന്ന് വിശുദ്ധ പൗലോസും പഠിപ്പിക്കുന്നു (ഗലാ 5,16,17; എഫേ 2,3). മനുഷ്യഹൃദയം ധാർമികവ്യക്തിത്വത്തിന്റെ ഉറവിടമാണ്. ഹൃദയം ശുദ്ധമായി സൂക്ഷിക്കാൻ ഓരോരുത്തനും കടപ്പെട്ടിരിക്കുന്നു. ഹൃദയശുദ്ധി ദൈവം ആഗ്രഹിക്കുന്നു. "ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും" (മത്താ 5,8).

ശരീരത്തിന്റെയും കണ്ണിന്റെയും ആസക്തികൾ നിയന്ത്രിക്കുകയും അഹങ്കാരം വെടിയുകയും വേണം. കാരണം, അവ ഹൃദയം അശുദ്ധമാക്കുന്നു. അപ്പോൾ ഹൃദയത്തിൽനിന്ന് ദുഷ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം എന്നിവ പുറപ്പെടുന്നു (മത്താ 15,19). ഹൃദയശുദ്ധി ദൈവത്തെകാണാൻ നമ്മെ പ്രാപ്തരാക്കുന്നു. ദൈവം കാണുന്നതുപോലെ എല്ലാം കാണാൻ നമ്മളെ അത് കഴിവുള്ളവരാക്കുകയും ചെയ്യുന്നു.

### ഒമ്പതാംകല്പന നമ്മോടാവശ്യപ്പെടുന്നത്

1. ആസക്തിക്ക് അഥവാ ജഡികാസക്തിക്കെതിരേ നാം ജാഗ്രതപുലർത്തണം.

2. ഹൃദയം ശുദ്ധമായി സൂക്ഷിക്കണം. ഹൃദയശുദ്ധിക്ക് പ്രാർത്ഥന, ശുദ്ധതയുടെ പാലനം, ക്ഷമാശീലം, മിതത്വം എന്നിവ ആവശ്യമാണ്.

3. ക്രിസ്തുവിൽ മോചിതരാവുകയും സ്വാതന്ത്ര്യമനുഭവിക്കുകയും ചെയ്യുന്ന നാം ഒന്നിന്റെയും അടിമയാകാൻ പാടില്ല.

4. ക്രിസ്തുവിശ്വാസികൾ തങ്ങളുടെ ശരീരത്തെ അതിന്റെ ദുർഗണങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാ 5,24). അവർ പരിശുദ്ധാത്മാവാൽ നയിക്കപ്പെടുന്നു. അവിടത്തെ ആഗ്രഹങ്ങൾ അനുഗമിക്കുകയും ചെയ്യുന്നു.

## പത്താംപ്രമാണം

## അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത് (പുറ 20,17)

സമ്പത്തിനും അതിന്മേലുള്ള അധികാരത്തിനുവേണ്ടിയുള്ള ആസക്തി ഒരുവനെ ദുരാഗ്രഹിയാക്കുന്നു. സമ്പത്തിൽനിന്നുള്ള വിമുക്തി സ്വർഗരാജ്യം പ്രാപിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. "ആത്മാവാൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവരുടേതാണ്" (മത്താ 5,3) എന്നു കർത്താവ് പഠിപ്പിച്ചു. ദൈവത്തെയും മനുഷ്യരെയും മറന്ന് സമ്പത്തിൽ വ്യഗ്രത പൂണ്ടിരിക്കുന്നവരോട് അവിടന്നു പറഞ്ഞു: "സമ്പന്നരേ, നിങ്ങൾക്കു ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചുകഴിഞ്ഞു" (ലൂക്കാ 6,24).

## വിറ്റ് ദരിദ്രർക്കുകൊടുക്കുക

നിത്യജീവൻ പ്രാപിക്കാനുള്ള വഴിതേടി യേശുവിന്റെ അടുത്തുവരുന്ന ധനികനായ യുവാവ് കല്പനകളെല്ലാം പാലിച്ചുജീവിക്കുന്നുവെന്നു മനസ്സിലാക്കിയ യേശു സ്നേഹപൂർവം അവനെ കടാക്ഷിച്ചുകൊണ്ടു പറഞ്ഞു: "നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാംവിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മർക്കോ 10,17-21). എന്നാൽ ഈ വചനംകേട്ട് അവൻ വിഷാദിച്ച് സങ്കടത്തോടെ തിരിച്ചുപോയി. കാരണം, അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു.

ദൈവരാജ്യപ്രാപ്തിക്ക് സമ്പത്ത് തടസ്സമാകുന്നെങ്കിൽ അത് ഉപേക്ഷിക്കുകയാണു വേണ്ടതെന്നാണ് യേശുവിന്റെ മതം. ദൈവത്തെമറന്ന് സമ്പത്തിൽ ശ്രദ്ധവയ്ക്കുന്ന ധനികരെ നോക്കി കർത്താവുപറയുന്നു: "സമ്പന്നൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം! ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്" (മർക്കോ 10,24-25).

## പത്താമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നത്

1. നാം അധ്വാനിച്ചു ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും എല്ലാത്തിന്റെയും ഉറവിടമായ ദൈവത്തിൽ ആശ്രയിച്ചുജീവിക്കാനും നാം പഠിക്കണം.

2. അസൂയ അരുത്. അസൂയ എന്നത് മറ്റുള്ളവരുടെ വസ്തുക്കൾ കാണുമ്പോഴുണ്ടാകുന്ന ദുഃഖവും അവയെ സ്വന്തമാക്കാനുള്ള ക്രമരഹിതമായ ആഗ്രഹവുമാണ്. അതൊരു മൗലിക പാപമാണ്.

3. "ദൈവത്തെ കാണാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നത് മനുഷ്യന്റെ യഥാർത്ഥമായ അഭിലാഷമാണ്. ദൈവത്തിനുവേണ്ടിയുള്ള ദാഹം നിത്യജീവന്റെ ജലത്താൽമാത്രമേ ശമിപ്പിക്കപ്പെടുകയുള്ളൂ (യോഹ 4,14). ഭൗമികസമ്പത്തുകൊണ്ട് നാം ആഗ്രഹിക്കുന്ന സന്തോഷവും സമാധാനവും നിത്യജീവനും കിട്ടുകയില്ല.

## സാരസംഗ്രഹം

ദൈവകല്പനകളുടെ അന്തഃസത്ത സ്നേഹമാണ്; ദൈവസ്നേഹവും പരസ്നേഹവും. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം (നിയമാ 6,5) എന്നതും നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക (ലേവ്യ 19,18) എന്നതും നിയമത്തിലെ അതിപ്രധാനകല്പനകളാണ്. ഈ കല്പനകൾ പാലിക്കാനാണ് യേശു പഠിപ്പിച്ചതും (മത്താ 22,37-40; മർക്കോ 12,30-32; ലൂക്കാ 10,27).

നല്ല സമരിയാക്കാരന്റെ ഉപമയും (ലൂക്കാ 10,25-37) ധനവാന്റെയും ലാസറിന്റെയും ഉപമയും (ലൂക്കാ 16,19-31), ധനികനായ യുവാവിന്റെ സമ്പത്ത് ഉപേക്ഷിക്കാനുള്ള വിസമ്മതവുമെല്ലാം നമ്മെ പഠിപ്പിക്കുന്നത് കല്പനകൾക്കതീതമായ സ്നേഹവും ഉപവിയും നാം പാലിക്കണം എന്നുതന്നെയാണ്. സ്നേഹിതർക്കുവേണ്ടി ജീവൻത്യജിക്കാൻപോലും തയ്യാറാവണമെന്നു പഠിപ്പിച്ച (യോഗ 15,13) യേശു തന്റെ ശിഷ്യഗണത്തോടു പറഞ്ഞു. "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34.35).

### പ്രവർത്തനം 6

മനുഷ്യസ്നേഹത്തെപ്രതി ഇന്ന് വിവിധസംഘടനകൾ പ്രത്യേകിച്ച് യുവജന സംഘടനകൾ, കാരുണ്യപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. അത്തരം ചില സംഘടനക ളുടെ അഥവാ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ചോദിച്ചറിയുകയും നമുക്കെന്തു ചെയ്യാ നാവുമെന്ന് ഗ്രൂപ്പുതിരിഞ്ഞ് ചർച്ചചെയ്ത് ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുക.

### സംശയനിവാരണം

### പ്രഥമകല്പന തിരുസ്വരൂപങ്ങൾ വണങ്ങുന്നത് നിരോധിക്കുന്നുണ്ടോ?

നിയമാവർത്തനം 4,15.16-ൽ എന്തിന്റെയെങ്കിലും സാദൃശ്യത്തിൽ വിഗ്രഹമുണ്ടാ ക്കുന്നത് ശക്തിയായി നിരോധിക്കുന്നു. കാരണം, അവിടന്ന് സകലസൃഷ്ടികളെക്കാളും വലിയവനും (പ്രഭാ 43,27.28) സകലതിന്റെയും കർത്താവുമാണ് (ജ്ഞാനം 13,3). എങ്കി ലും, പഴയനിയമത്തിൽ ദൈവം രക്ഷയെ സൂചിപ്പിക്കുന്ന ചില രൂപങ്ങൾ ഉണ്ടാക്കാൻ അനുവദിക്കുന്നു. അങ്ങനെയാണ് പിത്തളസർപ്പവും സാക്ഷ്യപേടകവും നിർമ്മിക്ക പ്പെട്ടത്. രണ്ടാം നിഖ്യാസുനഹദോസ് ചേർന്നപ്പോൾ, ക്രിസ്തുവിന്റെ മാത്രമല്ല, ദൈവ മാതാവിന്റെയും മാലാഖമാരുടെയും എല്ലാ വിശുദ്ധരുടെയും സ്വരൂപ വണക്കം സഭ ന്യായീകരിച്ചു. അതിനാൽ സ്വരൂപങ്ങൾക്കുനല്കുന്ന ക്രൈസ്തവവണക്കം വിഗ്രഹ ങ്ങൾ നിരോധിക്കുന്ന പ്രഥമകല്പനയ്ക്കു വിരുദ്ധമല്ല. വിശുദ്ധ ബേസിൽ പറയുന്ന തുപോലെ, ഒരു സ്വരൂപം വണങ്ങുന്നവർ അതിൽ ചിത്രീകരിക്കപ്പെട്ട വ്യക്തിയെ വണ ങ്ങുന്നു. മാത്രമല്ല, തിരുസ്വരൂപങ്ങൾക്കു നല്കുന്ന ബഹുമാനം ആദരമാർന്ന വണക്ക മാണ്. ദൈവത്തിനുമാത്രം അർഹമായ ആരാധനയല്ല.

### ഗർഭഛിദ്രം ഗൗരവമുള്ള പാപമാകുന്നതെന്തുകൊണ്ട്?

മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷംമുതൽ നിരുപാധികമായി സംരക്ഷി ക്കപ്പെടണം. അസ്തിത്വത്തിന്റെ ആദ്യനിമിഷംമുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശങ്ങളുള്ളവനായി അംഗീകരിക്കപ്പെടണം. ഗർഭഛിദ്രത്താൽ ഭ്രൂണത്തെ കൊല്ലു ന്നതുമാത്രമല്ല ഗർഭഛിദ്രത്തിന് മനഃപൂർവം സഹായിക്കുന്നതും ഗൗരവപൂർണമായ കുറ്റമാണ്. മനുഷ്യജീവനെതിരേയുള്ള ഈ അപരാധത്തിന് സഭ കാനോനികമായ മഹറോൻശിക്ഷ കല്പിച്ചിരിക്കുന്നു. പൂർണമായ ഗർഭഛിദ്രം മനഃപൂർവം നടത്തുന്ന വ്യക്തി, ആ പ്രവൃത്തി ചെയ്യുന്നതുകൊണ്ടുതന്നെ മഹറോനു വിധേയനാകുന്നു. അതു വഴി, കൊല്ലപ്പെട്ട നിരപരാധിയോടും അവന്റെ മാതാപിതാക്കന്മാരോടും സമൂഹംമുഴു വനോടും ചെയ്ത പരിഹരിക്കാനാവാത്ത ദ്രോഹത്തിന്റെയും ഗൗരവം വ്യക്തമാക്ക പ്പെടുന്നു.

5



# മാനവസമൂഹം





യുവാക്കൾക്ക് ആദരണീയനായിരുന്നു തത്ത്വചിന്തകനായ സോക്രട്ടീസ്. ഏഥൻസിൽ ബി.സി. 469-ൽ അദ്ദേഹം ജനിച്ചു. ഒരു സത്യാന്വേഷകനായി ജീവിതം ചെലവഴിച്ച സോക്രട്ടീസ് 'നിങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കുന്നവരാകുക' എന്ന് യുവജനങ്ങളെ ആഹ്വാനംചെയ്തു. ഒരുവൻ തന്നെത്തന്നെ അറിയുകയും തനിക്കതീതമായവയെയും നിലനില്ക്കുന്നവയെയുമെല്ലാം ചോദ്യംചെയ്തുംവേണം സ്വീകരിക്കാനെന്ന് സോക്രട്ടീസ് പഠിപ്പിച്ചു.

ചോദ്യങ്ങളുയർത്തുക, അന്വേഷിച്ചുകണ്ടെത്തുക എന്നിവ മനുഷ്യന്റെമാത്രം സവിശേഷതയാണെന്നുപറയാം. ശൈശവംമുതലേ മനുഷ്യൻ ചോദ്യങ്ങൾചോദിച്ചു തുടങ്ങുന്നു, അറിവുനേടുന്നു. അറിവ് അവന് കരുത്തായി മാറുകയും ചെയ്യുന്നു. അതുകൊണ്ട് ഓരോ മനുഷ്യനും അവനവനെ അറിയണം. അവന്റെ മഹത്ത്വം അറിയണം. ദൈവത്തെയും സമൂഹത്തെയും അറിയണം.

മഹാനായ വിശുദ്ധ ലെയോ പാപ്പാ ക്രിസ്തുവിശ്വാസിയെ ഇപ്രകാരം ആഹ്വാനംചെയ്തു: "അല്ലയോ ക്രൈസ്തവാ, നിന്റെ മഹത്ത്വമെന്തെന്നു തിരിച്ചറിയുക. നീ

ഇപ്പോൾ ദൈവത്തിന്റെതന്നെ പ്രകൃതിയിൽ പങ്കുചേരുന്നതിനാൽ, പാപംചെയ്തുകൊണ്ട്, നിനക്കു മുൻപുണ്ടായിരുന്ന അധഃമസ്ഥിതിയിലേക്കു നീ തിരിച്ചുപോകരുത്. നിന്റെ ശിരസ്സ് എന്താണെന്നും ആരുടെ ശരീരത്തിന്റെ അവയവമാണു നീയെന്നും ഓർമിക്കുക. അന്ധകാരത്തിന്റെ ശക്തിയിൽനിന്നു നീ മോചിപ്പിക്കപ്പെട്ടിരിക്കുന്നെന്നും ദൈവരാജ്യത്തിന്റെ പ്രകാശത്തിലേക്ക് ആനയിക്കപ്പെട്ടിരിക്കുന്നെന്നും ഓർക്കുക".

## മനുഷ്യവ്യക്തിയുടെ മാഹാത്മ്യം

മനുഷ്യവ്യക്തിയുടെ മാഹാത്മ്യം അടിസ്ഥാനമായിരിക്കുന്നത്, മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതിലാണ്. "ക്രിസ്തു... പിതാവിന്റെയും അവിടത്തെ സ്നേഹത്തിന്റെയും രഹസ്യത്തിന്റെ വെളിപ്പെടുത്തലിൽ മനുഷ്യനെ അവനുതന്നെ പൂർണമായി വെളിപ്പെടുത്തുകയും അവന്റെ പരമോന്നതമായ വിളിയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു" (GS 22)

## മഹത്ത്വത്തിലേക്കുള്ള വെല്ലുവിളി

ദൈവികഛായ ഓരോ മനുഷ്യനിലും സന്നിഹിതമാണ്. മനുഷ്യൻ തന്റെ ഉദ്ഭവം മുതൽ നിത്യസൗഭാഗ്യത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

തന്റെ ആത്മാവുമൂലവും തന്റെ ആത്മിക കഴിവുകളായ ബുദ്ധിയുടെയും ഇച്ഛയുടെയും ശക്തിമൂലവും അവൻ സ്വാതന്ത്ര്യമനുഭവിക്കുന്നു.

നന്മചെയ്യാനും തിന്മവർജിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്ന ദൈവത്തിന്റെ ശബ്ദം അവൻ യുക്തികൊണ്ട് തിരിച്ചറിയുന്നു. ധാർമികജീവിതം നയിക്കാൻ അവൻ വിളിക്കപ്പെട്ടിരിക്കുന്നു.

## മനുഷ്യന്റെ വീഴ്ച

മനുഷ്യൻ ദുഷ്ടപിശാചിനാൽ സ്വാധീനിക്കപ്പെട്ട് ചരിത്രത്തിന്റെ ആരംഭത്തിൽത്തന്നെ സ്വന്തം സ്വാതന്ത്ര്യം ദുരുപയോഗിച്ചു. പ്രലോഭനത്തിനു കീഴടങ്ങി തിന്മ പ്രവർത്തിച്ചെങ്കിലും അവനിൽ നന്മയ്ക്കുള്ള ആഗ്രഹം നിലനില്ക്കുന്നു. എന്നാലും, അവന്റെ പ്രകൃതി ആദിപാപത്തിന്റെ മുറിവു സംവഹിക്കുന്നു. അവൻ തിന്മയിലേക്കു ചായ്‌വുള്ളവനും തെറ്റിനു വിധേയനുമായിരിക്കുന്നു.

### രക്ഷയുടെ കാഹളം

ദൈവപുത്രൻ മനുഷ്യാവതാരംചെയ്ത പീഡാസഹനവും മരണവുംവഴി സാത്താനിൽനിന്നും പാപത്തിൽനിന്നും നമ്മെ വിമോചിപ്പിച്ചു. പാപം നഷ്ടപ്പെടുത്തിയ പരിശുദ്ധാത്മാവിന്റെ കൃപാവരം നമ്മിൽ പുനഃസ്ഥാപിച്ചു.

ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ ദൈവപുത്രനായിത്തീരുന്നു. ശരിയായി പ്രവർത്തിക്കുന്നതിനും നന്മ ചെയ്യുന്നതിനും ഈ ദത്തുപുത്രസ്ഥാനം ഒരുവനെ കഴിവുള്ളവനാക്കുന്നു. ക്രിസ്തുശിഷ്യൻ തന്റെ രക്ഷകനുമായി ഐക്യപ്പെട്ട് സ്നേഹത്തിന്റെ പൂർണത അഥവാ വിശുദ്ധി പ്രാപിക്കുന്നു.

കൃപാവരത്തിൽ വളരുകയും പക്വതപ്രാപിക്കുകയുംചെയ്യുന്ന ധാർമികജീവിതം ഒരുവനെ സ്വർഗീയമഹത്ത്വത്തിൽ, അതിന്റെ പൂർണതയിൽ എത്തിക്കുന്നു.

### പ്രവർത്തനം 1

ഇന്നു നാം ജീവിക്കുന്ന സമൂഹത്തിൽ മനുഷ്യാന്തസ്സ് അവമതിക്കപ്പെടുന്ന മേഖലകൾ തിരിച്ചറിഞ്ഞ് ഒരു ചോദ്യാവലി തയ്യാറാക്കുകയും വിലയിരുത്തുകയും ചെയ്യുക. നാം സ്വപ്നംകാണുന്ന ആദർശസമൂഹം എങ്ങനെ കെട്ടിപ്പടുക്കാനാവുമെന്ന് ഒരു രൂപരേഖ തയ്യാറാക്കി അവതരിപ്പിക്കുക.

### മാനവസമൂഹത്തിന് ക്രിസ്തുവിന്റെ മാഗ്നാകാർട്ട

യേശുവിന്റെ പ്രഘോഷണത്തിന്റെ ഹൃദയഭാഗമായ സുവിശേഷഭാഗ്യങ്ങൾ (മത്താ 5,3-12; ലൂക്കാ 6,20-26) ഓരോ മനുഷ്യന്റെയും വിളി വിശദമാക്കിത്തരുന്നു. ക്രിസ്തീയ ജീവിതത്തിനാവശ്യമായ പ്രത്യേകപ്രവൃത്തികളും മനോഭാവങ്ങളും അവ പ്രകാശിപ്പിക്കുന്നു.

ദൈവം അബ്രാഹത്തിന്റെ കാലംമുതൽ നല്കിയ വാഗ്ദാനങ്ങൾ സുവിശേഷഭാഗ്യങ്ങൾ സ്വാംശീകരിക്കുകയും സ്വർഗോന്മുഖമാക്കിക്കൊണ്ട് പൂർത്തിയാക്കുകയുംചെയ്യുന്നു. അങ്ങനെ, ദൈവം മനുഷ്യഹൃദയത്തിൽ നിക്ഷേപിച്ച സന്തോഷത്തിനുവേണ്ടിയുള്ള ആഗ്രഹത്തിന് സുവിശേഷഭാഗ്യങ്ങൾ പ്രത്യുത്തരംനല്കുന്നു.

ദൈവം നമ്മെ എങ്ങോട്ടു വിളിക്കുന്നുവോ ആ അന്തിമലക്ഷ്യത്തെപ്പറ്റി സുവിശേഷഭാഗ്യങ്ങൾ പഠിപ്പിക്കുന്നു. ദൈവരാജ്യം, ദൈവദർശനം, ദൈവികപ്രകൃതിയിലുള്ള ഭാഗഭാഗിത്വം, ശാശ്വതജീവിതം, പുത്രസ്വീകാര്യം, ദൈവത്തിലുള്ളവിശ്രമം എന്നിവ.

സുവിശേഷഭാഗ്യങ്ങൾ നമ്മെ ഭൗതികവസ്തുക്കൾ സംബന്ധിച്ച നിർണായകമായ തിരഞ്ഞെടുപ്പുകൾക്കുമുൻപിൽ നിറുത്തുന്നു. എല്ലാ വസ്തുക്കളെയുംകാൾ അധികമായി ദൈവത്തെ സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുന്നതിന് അവ നമ്മുടെ ഹൃദയം ശുദ്ധീകരിക്കുന്നു. മാത്രമല്ല, ദൈവകല്പനയ്ക്കനുസൃതമായി ഭൗതികവസ്തുക്കൾ എങ്ങനെ ഉപയോഗിക്കണമെന്നു വിവേചിച്ചറിയാൻ സുവിശേഷഭാഗ്യങ്ങൾ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു.

ദൈവം നമ്മെ ഓരോരുത്തരെയും തന്റെ സൗഭാഗ്യത്തിലേക്കു വിളിച്ചിരിക്കുന്നു. ഈ വിളി ഓരോരുത്തർക്കും വ്യക്തിപരമായി നല്കപ്പെട്ടിരിക്കുന്നു. സൗഭാഗ്യം നമ്മെ ദൈവികപ്രകൃതിയുടെയും നിത്യജീവന്റെയും ഭാഗഭാക്കുകളാക്കുന്നു (2 പത്രോ 1,4; യോഹ 17,3). അതുവഴി, ക്രിസ്തുവിന്റെ മഹത്ത്വത്തിലേക്ക് നമുക്കു പ്രവേശിക്കാനാകും.

ദൈവത്തെ നാം അറിയുന്നതിനും സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും അങ്ങനെ പറുദീസയിൽ എത്തിച്ചേരുന്നതിനുംവേണ്ടിയാണ് ഈ ലോകത്തിൽ നാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

### പ്രവർത്തനം 2

യേശുവിന്റെ സുവിശേഷഭാഗ്യങ്ങൾ (മത്താ 5,3-12; ലൂക്കാ 6,20-26) രണ്ടുഗ്രൂപ്പുകളായിത്തിരിഞ്ഞ് വായിക്കുക. അതിൽ അടങ്ങിയിരിക്കുന്ന ക്രിസ്തീയദർശനമനുസരിച്ച് ഇന്നു നാം ജീവിക്കുന്ന ലോകം ഉയർത്തുന്ന വെല്ലുവിളികൾ എങ്ങനെ തരണം ചെയ്യാനാവുമെന്നു കണ്ടെത്തി പ്രബന്ധരൂപത്തിൽ അവതരിപ്പിക്കുകയോ ഡിബേറ്റ് സംഘടിപ്പിക്കുകയോ ചെയ്യുക.

### മനുഷ്യന്റെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും

വിശുദ്ധ ഇരണേവൂസ് മനുഷ്യനെക്കുറിച്ച് ഇപ്രകാരമെഴുതി: "മനുഷ്യൻ ബുദ്ധിയുള്ളവനാണ്, അതുകൊണ്ട് അവൻ ദൈവത്തെപ്പോലെയാണ്, അവൻ സ്വതന്ത്രമനസ്സുള്ളവനായി സൃഷ്ടിക്കപ്പെട്ടവനും തന്റെ പ്രവൃത്തികളുടെ നിയന്താവുമാണ്".

സ്വന്തം പ്രവൃത്തികൾ തുടങ്ങാനും നിയന്ത്രിക്കാനും കഴിവുള്ള ബുദ്ധിശക്തിയുള്ളവനാണ് മനുഷ്യൻ. അവൻ അവന്റെതന്നെ ആലോചനാശക്തിയുടെ കീഴിലാണ്.

മനുഷ്യൻ സ്വാതന്ത്ര്യത്തോടെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പ്രവർത്തിക്കാനോ പ്രവർത്തിക്കാതിരിക്കാനോ തോന്നുംപോലെ ചെയ്യാനോ മനുഷ്യനു കഴിയും.

സ്വന്തം ബുദ്ധിയിലും ഇച്ഛയിലും വേരൂന്നിയ ശക്തിയാണ് ഈ സ്വാതന്ത്ര്യം. എന്നാലത് സത്യത്തിലും നന്മയിലും വളരാനും പക്വതപ്രാപിക്കാനുമുള്ള ശക്തിയാണ്. സ്വാതന്ത്ര്യം അതിന്റെ പരമനന്മയായ ദൈവത്തോട് നിർണായകമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിലേക്കു തിരിച്ചുവിടുമ്പോഴാണ് മനുഷ്യന്റെ സ്വാതന്ത്ര്യം പൂർണതപ്രാപിക്കുന്നത്.

അനുസരണക്കേടിന്റെയും തിന്മയുടെയും തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ്. അത് പാപത്തിന്റെ അടിമത്തത്തിലേക്കു നയിക്കുന്നു (റോമാ 6,17).

ഒരാൾ എത്രകൂടുതൽ നന്മചെയ്യുന്നുവോ അത്രകൂടുതൽ സ്വതന്ത്രനായിത്തീരുന്നു. നന്മയുടെയും നീതിയുടെയും ശുശ്രൂഷയിലല്ലാതെ യഥാർത്ഥസ്വാതന്ത്ര്യമില്ല.

നേരിട്ടുചെയ്യപ്പെടുന്ന ഓരോ പ്രവൃത്തിക്കും അതിന്റെ കർത്താവ് ആരോപണവിധേയനാണ്. ഏദൻതോട്ടത്തിൽ പാപത്തിനു വിധേയയായ ഹവ്വയോടും (ഉത്പ 3,13), ആബേലിനെ കൊന്ന കായേനോടും ദൈവം ചോദിക്കുന്ന (ഉത്പ 4,10) ആ ചോദ്യം തന്നെയാണ് ഊറിയായുടെ ഭാര്യയുമായി വ്യഭിചാരം ചെയ്യുകയും ഊറിയായെ വധിക്കുകയും ചെയ്ത ദാവീദിനോട് നാഥാൻ പ്രവാചകൻ ചോദിക്കുന്നത് : "എന്തുകൊണ്ട് നീ (എന്നെ അനുസരിക്കാതെ, എന്റെ മുൻപാകെ) ഈ തിന്മ ചെയ്തു?" (2 സാമു 12:9).

## സ്വാതന്ത്ര്യം ഏല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ

സ്വാതന്ത്ര്യം മനുഷ്യജീവികൾതമ്മിലുള്ള ബന്ധങ്ങളിൽ വിനിയോഗിക്കപ്പെടണം. സ്വാതന്ത്ര്യം വിനിയോഗിക്കാനുള്ള അവകാശം, പ്രത്യേകിച്ച് ധാർമികവും മതപരവുമായ കാര്യങ്ങളിൽ, എല്ലാ മനുഷ്യവ്യക്തികൾക്കുമുണ്ട്. ഈ അവകാശം പൊതുനന്മയുടെയും ക്രമസമാധാനത്തിന്റെയും പരിധിക്കുള്ളിൽ രാഷ്ട്രീയാധികാരത്താൽ അംഗീകരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയുംവേണം.

സ്വാതന്ത്ര്യത്തിന്റെ വിനിയോഗം എല്ലാംപറയാനും എല്ലാംചെയ്യാനുമുള്ള അവകാശം ഉൾക്കൊള്ളുന്നില്ല. ധാർമികനിയമത്തിൽനിന്ന് തന്നെത്തന്നെ അകറ്റിക്കൊണ്ട് മനുഷ്യൻ തന്റെതന്നെ സ്വാതന്ത്ര്യത്തിനു ക്ഷതമേല്പിക്കാറുണ്ട്. അതുവഴി അവൻ തന്നിൽത്തന്നെ ബന്ധനസ്ഥനാകുന്നു.

അജ്ഞത, ബലപ്രയോഗം, ഭയം എന്നിവയും മനഃശാസ്ത്രപരമോ സാമൂഹികമോ ആയ മറ്റുഘടകങ്ങളുംമൂലം ഒരു പ്രവൃത്തിയുടെ ഉത്തരവാദിത്വം കുറയുകയോ ഇല്ലാതാവുകയോ ചെയ്യും.

ദൈവം മനുഷ്യഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്ന സത്യവും നന്മയുമായതിനെ സംബന്ധിച്ച അവബോധത്തിൽ നാം ജീവിക്കണം. കൃപാവരത്തിന്റെ പ്രചോദനത്തോട് (divine inspiration) നാം എത്രകൂടുതൽ വിധേയരായിരിക്കുന്നുവോ അത്രകൂടുതൽ ആന്തരിക സ്വാതന്ത്ര്യത്തിലും ആത്മവിശ്വാസത്തിലും നാം വളരും. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട് (2 കോറി 3,17).

## മാനുഷികപ്രവൃത്തികളുടെ ധാർമികത

സ്വാതന്ത്ര്യം മനുഷ്യനെ ഒരു ധാർമിക കർത്താവ് (moral subject) ആക്കിത്തീർക്കുന്നു. മനുഷ്യൻ ബോധപൂർവം പ്രവർത്തിക്കുമ്പോൾ, അവൻ തന്റെ പ്രവൃത്തികളുടെ പിതാവാണെന്നു നാം കണ്ടു. അതുകൊണ്ട് ഒരാളുടെ പ്രവൃത്തികൾ ധാർമികമായി വിലയിരുത്തപ്പെടാം. അവ നല്ലതോ ചീത്തയോ ആണ്. വിഷയം, ഉദ്ദേശ്യം, സാഹചര്യങ്ങൾ എന്നിവയാണ് മാനുഷികപ്രവൃത്തികളുടെ മൗലികഘടകങ്ങൾ.

സാഹചര്യങ്ങൾ ധാർമികപ്രവൃത്തിയുടെ ഉപഘടകങ്ങളാണ്. പ്രവർത്തിക്കുന്നവന്റെ ഉത്തരവാദിത്വം കുറയ്ക്കാനോ കൂട്ടാനോ സാഹചര്യങ്ങൾക്കു കഴിയും.

ധാർമികമായ ഒരു പ്രവൃത്തിക്ക്, അതിന്റെ വിഷയത്തിന്റെയും ലക്ഷ്യത്തിന്റെയും സാഹചര്യങ്ങളുടെയും നന്മ സംയുക്തമായി ആവശ്യമുണ്ട്.

ചില പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നത് വസ്തുനിഷ്ഠമായി എപ്പോഴും തെറ്റാണ്. കാരണം, അവയുടെ തിരഞ്ഞെടുപ്പിൽ മനസ്സിന്റെ ഒരു ക്രമരാഹിത്യം, അതായത് ധാർമ്മികതിന്മ അടങ്ങിയിരിക്കുന്നു. തിന്മയിൽനിന്ന് നന്മ ഉണ്ടാക്കാൻവേണ്ടി ഒരുവനും തിന്മ പ്രവർത്തിക്കരുത്.

തിരഞ്ഞെടുക്കപ്പെട്ട വിഷയം, യുക്തി അതിനെ അംഗീകരിക്കുകയും അതു നല്ലതോ ചീത്തയോ എന്നു വിധിക്കുകയും ചെയ്യുന്നതിനനുസരിച്ച് ഇച്ഛയുടെ പ്രവൃത്തിയെ ധാർമ്മികമായി നിർണയിക്കുന്നു.

നല്ല ഉദ്ദേശ്യത്തോടെ ചെയ്താലും തിന്മപ്രവൃത്തി നീതിമത്കരിക്കപ്പെടുകയില്ല. ലക്ഷ്യം മാർഗത്തെ നീതിമത്കരിക്കുന്നില്ല.

## മാനുഷികവികാരങ്ങളുടെ ധാർമികത

വികാരങ്ങൾ (passions) എന്ന പദം ക്രൈസ്തവപൈതൃകത്തിന്റേതാണ്. അനുഭൂതികൾ അഥവാ വികാരങ്ങൾ, ഐന്ദ്രിയവാഞ്ഛ (sensitive appetite)യുടെ പ്രകമ്പനങ്ങളോ (emotions) ചലനങ്ങളോ (movements) ആണ്.

മനുഷ്യമനസ്സിന്റെ സ്വാഭാവികഘടകങ്ങളാണ് വികാരങ്ങൾ. മനുഷ്യഹൃദയം വികാരങ്ങൾ ഉടലെടുക്കുന്ന സ്രോതസ്സാണെന്നു യേശു പഠിപ്പിച്ചു (മർക്കോ 7,21).

വികാരങ്ങൾ അനേകമുണ്ട്. ഏറ്റവും അടിസ്ഥാനപരമായ വികാരം നന്മയുടെ ആകർഷണംമൂലമുണ്ടാകുന്ന സ്നേഹമാണ്. വിശുദ്ധ തോമസ് അക്വിനാസ് പഠിപ്പിച്ചതുപോലെ, സ്നേഹിക്കുക എന്നത് മറ്റൊരാളുടെ നന്മ ആഗ്രഹിക്കുക എന്നതാണ്. നന്മയിലേക്കുള്ള മനുഷ്യഹൃദയത്തിന്റെ ഈ പ്രഥമചലനത്തിൽനിന്നാണ് മറ്റുള്ള സകല വികാരങ്ങളും ഉദ്ഭവിക്കുന്നത്.

വിശുദ്ധ അഗസ്റ്റിൻ പറയുന്നു, നന്മ മാത്രമേ സ്നേഹിക്കപ്പെടുന്നുള്ളൂ. സ്നേഹം ദുഷിച്ചതാണെങ്കിൽ വികാരങ്ങൾ ദുഷിച്ചതാണ്, അതു നല്ലതാണെങ്കിൽ വികാരങ്ങളും നല്ലതാണ്. വികാരങ്ങൾ നല്ല പ്രവൃത്തിക്ക് ഉതകുന്നവയാകുമ്പോൾ ധാർമികമായി നല്ലവയാണ്, മറിച്ചായിരിക്കുമ്പോൾ മോശവുമാണ്. നല്ല മനസ്സ് ഇന്ദ്രിയങ്ങളുടെ ചലനങ്ങൾ നന്മയിലേക്ക് ക്രമീകരിക്കുന്നു. ദുഷ്ടമനസ്സ് ക്രമരഹിതമായ വികാരങ്ങൾക്ക് അടിമപ്പെടുന്നു.

വികാരങ്ങളെയും അനുഭൂതികളെയും സുകൃതങ്ങളാക്കി ഉയർത്താം; അല്ലെങ്കിൽ ദുശ്ശീലങ്ങളാക്കി താഴ്ത്താം. വികാരങ്ങൾ യുക്തിയാൽ നിയന്ത്രിക്കപ്പെടുക എന്നത്, ധാർമികമായ അഥവാ മാനുഷികമായ നന്മയുടെ പൂർണതയ്ക്ക് ആവശ്യമാണ്.

മനുഷ്യൻ ഇച്ഛാശക്തി കൊണ്ടുമാത്രമല്ല, ഐന്ദ്രിയവാഞ്ഛകൾകൊണ്ടുകൂടി നന്മയിലേക്ക് ചലിക്കപ്പെടുന്നതിലാണ് ധാർമികപൂർണത അടങ്ങിയിരിക്കുന്നത്. സങ്കീർത്തകനോടൊപ്പം നമുക്കും പാടാം, "എന്റെ ഹൃദയവും ശരീരവും സജീവദൈവത്തിന് ആനന്ദഗാനമാലപിക്കുന്നു" (സങ്കീ 84,2).

## മനുഷ്യനും മനഃസാക്ഷിയും

മനുഷ്യഹൃദയത്തിൽ ദൈവത്താൽ ആലേഖനംചെയ്യപ്പെട്ട ഒരു നിയമമുണ്ട്. നന്മയെ സ്നേഹിക്കാനും പ്രാവർത്തികമാക്കാനും തിന്മ ഒഴിവാക്കാനും അവനെ എന്നും

പ്രേരിപ്പിക്കുന്ന അതിന്റെ സ്വരം, തക്കസമയത്ത് അവന്റെ ഹൃദയത്തിൽ മുഴങ്ങുന്നു. മനഃസാക്ഷി മനുഷ്യന്റെ ഏറ്റവും നിഗൂഢമായ ഉള്ളറയും വിശുദ്ധസ്ഥലവുമാണ്.

വ്യക്തിയുടെ ഹൃദയത്തിൽ സന്നിഹിതമായിരിക്കുന്ന ധാർമികമനഃസാക്ഷി (റോമാ 2,14-16) നന്മ ചെയ്യാനും തിന്മ ഉപേക്ഷിക്കാനും തക്കസമയത്ത് അവനോടു കല്പിക്കുന്നു. വിവേകിയായ മനുഷ്യൻ തന്റെ ധാർമികമനഃസാക്ഷിയെ ശ്രദ്ധിക്കുമ്പോൾ, ദൈവം സംസാരിക്കുന്നത് അവന് കേൾക്കാൻ കഴിയുന്നു.

തന്റെ മനഃസാക്ഷിയുടെ സ്വരംകേൾക്കാനും അതിനെ അനുഗമിക്കാനുംവേണ്ടി തന്നിൽത്തന്നെ വേണ്ടവിധത്തിൽ സന്നിഹിതനായിരിക്കുക എന്നത് ഓരോരുത്തരുടെയും കടമയാണ്. ഒരാളുടെ മനഃസാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും അയാളെ നിർബന്ധിക്കാൻ പാടില്ല. സ്വന്തം മനഃസാക്ഷിപ്രകാരം പ്രവർത്തിക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് മതപരമായ കാര്യങ്ങളിൽ, അവനെ തടയുകയുമരുത്.

മനഃസാക്ഷി രൂപവത്കരണത്തിൽ ദൈവവചനം നമ്മുടെ വഴിയിലെ പ്രകാശമാകണം (സങ്കീ 119:105). ദൈവവചനം നാം നമ്മുടെ വിശ്വാസത്തിലും പ്രാർത്ഥനയിലും സ്വാംശീകരിക്കുകയും പ്രയോഗത്തിലാക്കുകയും വേണം. മനുഷ്യൻ എപ്പോഴും തന്റെ മനഃസാക്ഷിയുടെ സുനിശ്ചിതമായ വിധിതീർപ്പ് അനുസരിക്കുകയും വേണം.

"നിന്റെ മനഃസാക്ഷിയിലേക്കു തിരിയുക, അതിനെ ചോദ്യംചെയ്യരുത്. സഹോദരങ്ങളേ, ഉള്ളിലേക്കു തിരിയുകയും നിങ്ങൾചെയ്യുന്ന എല്ലാ കാര്യങ്ങളിലും ദൈവത്തെ നിങ്ങളുടെ സാക്ഷിയായി കാണുകയും ചെയ്യുക" (വിശുദ്ധ അഗസ്റ്റിൻ).

### പ്രവർത്തനം 3

നല്ല ഉദ്ദേശ്യത്തോടെ ചെയ്താലും ഒരു തിന്മപ്രവൃത്തി നീതിമത്കരിക്കപ്പെടുകയില്ല. ലക്ഷ്യം മാർഗത്തെ നീതിമത്കരിക്കുന്നില്ല - വിലയിരുത്തുക.

### മനുഷ്യവ്യക്തിയും സമൂഹവും

മനുഷ്യൻ സമൂഹജീവിയാണ്. മനുഷ്യവ്യക്തി സമൂഹത്തിൽ ജീവിക്കേണ്ടവനാണ്. സമൂഹമെന്നത് ബാഹ്യമായ ഒരു വച്ചുകെട്ടല്ല, പ്രത്യുത മനുഷ്യസ്വഭാവമനുസരിച്ച് അനിവാര്യമായ ആവശ്യമാണ്. മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ടും പരസ്പരമുള്ള കടമകൾ നിറവേറ്റിക്കൊണ്ടും സഹോദരങ്ങളുമായി സംവാദം നടത്തികൊണ്ടും മനുഷ്യൻ തന്റെ കഴിവുകൾ വികസിപ്പിക്കുന്നു. അങ്ങനെ അവൻ തന്റെ വിളിക്ക് പ്രത്യുത്തരംനല്കുന്നു.

ത്രിതൈ്വകദൈവത്തിലെ വ്യക്തികളുടെ ഐക്യവും മനുഷ്യർക്കിടയിൽ സത്യത്തിലും സ്നേഹത്തിലും സ്ഥാപിതമാകേണ്ട സാഹോദര്യവും തമ്മിൽ കുറെ സാധർമ്യമുണ്ട്. അയല്ക്കാരനോടുള്ള സ്നേഹം ദൈവസ്നേഹത്തിൽനിന്ന് വേർതിരിക്കാനാകാത്തതാണ്. ഓരോ മനുഷ്യനും താൻ അംഗമായിരിക്കുന്ന സമൂഹങ്ങളോട് ന്യായമായും ചില കടമകളും കടപ്പാടുകളും ഒപ്പം അവകാശങ്ങളുമുണ്ട്.

ഓരോ സമൂഹത്തിന്റെയും ലക്ഷ്യത്തിനനുസൃതമായാണ് ആ സമൂഹം നിർവചിക്കപ്പെടുന്നത്. തന്മൂലം ഓരോ സമൂഹത്തിനും അതിന്റേതായ പ്രത്യേകനിയമങ്ങൾ ഉണ്ടായിരിക്കും.

## മനുഷ്യനാണ് കേന്ദ്രബിന്ദു

എല്ലാ സാമൂഹികസംവിധാനങ്ങളുടെയും പ്രഭവവും കർത്താവും ലക്ഷ്യവും മനുഷ്യവ്യക്തിയാണ്, ആയിരിക്കേണ്ടതാണ്. മനുഷ്യാന്തസ്സ് അവമതിക്കുന്ന ഒരു സാമൂഹികസംവിധാനവും സ്വീകരിക്കാവുന്നതല്ല.

മനുഷ്യവ്യക്തിയുടെ പ്രകൃതിക്കനുസൃതമായ വളർച്ചയ്ക്ക് സമൂഹജീവിതം ആവശ്യമാണ്. കുടുംബം, രാഷ്ട്രം തുടങ്ങിയ സമൂഹങ്ങൾ മനുഷ്യപ്രകൃതിയോട് കൂടുതൽ ഇണങ്ങുന്നവയാണ്.

കൂടാതെ, സന്നദ്ധസംഘടനകളും സ്ഥാപനങ്ങളും രൂപംകൊള്ളുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. ദേശീയവും അന്തർദേശീയവുമായ ഇത്തരം സംഘടനകളും സ്ഥാപനങ്ങളും സാമ്പത്തികസാമൂഹികലക്ഷ്യങ്ങളോടും സാംസ്കാരിക വിനോദപരിപാടികളോടും കായികരംഗത്തോടും വ്യത്യസ്ത ഉദ്യോഗങ്ങളോടും രാഷ്ട്രീയപ്രശ്നങ്ങളോടും ബന്ധപ്പെട്ടവയാകാം. ഈ സാമൂഹികവത്കരണപ്രക്രിയ വ്യക്തികളുടെ കഴിവുകൾക്കതീതമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻവേണ്ടി പരസ്പരം സഹകരിച്ചു നീങ്ങാനുള്ള മനുഷ്യജീവികളുടെ വാസനകൾ പ്രകാശിപ്പിക്കുന്നു.

സാമൂഹികവത്കരണത്തിൽ അപകടങ്ങളും ഒളിഞ്ഞിരിപ്പുണ്ട്. ഉദാഹരണത്തിന്, രാഷ്ട്രത്തിന്റെ നിർബന്ധപൂർവകമായ ഇടപെടൽ വ്യക്തിസ്വാതന്ത്ര്യത്തിനും കാര്യക്ഷമതയ്ക്കും ഭീഷണിയുയർത്തിയേക്കാം. അതുപോലെ, കൂടുതൽ ഉന്നതമായ പദവിയിലുള്ള ഒരു സമൂഹം താഴ്ന്നപദവിയിലുള്ള സമൂഹത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ട് അതിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയേക്കാം.

## സാമൂഹ്യസൃഷ്ടിക്കാവശ്യമായ മാനുഷികസുകൃതങ്ങൾ

നന്മചെയ്യുന്നതു ശീലമാക്കിയ സുസ്ഥിരമനോഭാവമാണു സുകൃതം. സുകൃതമുള്ള വ്യക്തി നന്മ പിന്തുടരുകയും വസ്തുനിഷ്ഠമായ കർമ്മങ്ങളിൽ അതു തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ യുക്തിയുടെയും ഇച്ഛാശക്തിയുടെയും അചഞ്ചലമനോഭാവങ്ങളാണ് മാനുഷികസുകൃതങ്ങൾ. അവ ഒരുവന്റെ യുക്തിക്കും വിശ്വാസത്തിനും ചേർന്നവിധത്തിൽ അയാളുടെ പ്രവൃത്തികൾ നിയന്ത്രിക്കുകയും വികാരങ്ങൾ ക്രമവത്കരിക്കുകയും പെരുമാറ്റത്തെ നയിക്കുകയും ചെയ്യുന്നു.

## മൗലികസുകൃതങ്ങൾ

മൗലികധർമം നിർവഹിക്കുന്ന നാലു സുകൃതങ്ങളുണ്ട്. അവയെ മൗലികസുകൃതങ്ങൾ (cardinal virtues) എന്നുവിളിക്കുന്നു. വിവേകം, നീതി, മനഃസ്ഥൈര്യം, സംയമനം എന്നിവയാണവ.

വിവേകം എന്നത്, ഓരോ സാഹചര്യത്തിലും നമ്മുടെ യഥാർത്ഥ നന്മ തിരിച്ചറിയാനും അതുനേടാൻ ശരിയായ മാർഗങ്ങൾ തിരഞ്ഞെടുക്കാനും നമ്മുടെ പ്രായോഗികബുദ്ധി സജ്ജീകരിക്കുന്ന സുകൃതമാണ്.

നീതി എന്നത്, ദൈവത്തിനും അയല്ക്കാരന് അർഹമായതുകൊടുക്കാനുള്ള ദൃഢവും നിരന്തരവുമായ മനസ്സാണ്.

മനഃസ്ഥൈര്യം എന്നത്, പ്രയാസങ്ങളിൽ ഉറപ്പും നന്മ പിന്തുടരുന്നതിൽ സ്ഥിരതയും ഉറപ്പാക്കുന്ന ധാർമികസുകൃതമാണ്.

സംയമനം എന്നത്, ഇന്ദ്രിയസുഖങ്ങളോടുള്ള ആകർഷണം മിതപ്പെടുത്തുകയും സൃഷ്ടവസ്തുക്കളുടെ ഉപയോഗത്തിൽ ഒരു സന്തുലിതാവസ്ഥ നല്കുകയും ചെയ്യുന്ന ധാർമികസുകൃതമാണ്.

## സമൂഹസൃഷ്ടിക്കാവശ്യമായ ദൈവികസുകൃതങ്ങൾ

ദൈവികസുകൃതങ്ങൾ മനുഷ്യനെ നേരിട്ടു ദൈവത്തോടു ബന്ധപ്പെടുത്തുന്നവയാണ്. അവയുടെ ഉത്പത്തിയും വിഷയവും ലക്ഷ്യവും ത്രിതൈ്വകദൈവമാണ്.

ദൈവികസുക്തങ്ങൾ മൂന്നെണ്ണമുണ്ട്: വിശ്വാസം, ശരണം (പ്രത്യാശ), സ്നേഹം (1 കോറി 13,13). അവ സകലധാർമികസുകൃതങ്ങൾക്കും അറിവുപകരുകയും അവ സജീവമാക്കുകയും ചെയ്യുന്നു.

**വിശ്വാസംവഴി,** നാം ദൈവത്തിൽ വിശ്വസിക്കുന്നു: അവിടന്നു നമുക്കു വെളിപ്പെടുത്തിയ സകലതും വിശ്വസിക്കുന്നു: വിശ്വസിക്കണമെന്ന് തിരുസഭ നിർദ്ദേശിക്കുന്ന സകലതും നാം വിശ്വസിക്കുന്നു. "നീതിമാൻ വിശ്വാസംവഴി ജീവിക്കും" (റോമാ 1,17).

**പ്രത്യാശവഴി,** നിത്യജീവിതവും അതിനുള്ള അർഹതനേടാൻവേണ്ട കൃപാവരങ്ങളും നാം ആഗ്രഹിക്കുന്നു. ഉറച്ച ആത്മവിശ്വാസത്തോടെ ദൈവത്തിൽനിന്ന് അവ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**സ്നേഹംവഴി,** എല്ലാറ്റിനും ഉപരിയായി ദൈവത്തെയും ദൈവസ്നേഹത്തെപ്രതി നമ്മെപ്പോലെതന്നെ നമ്മുടെ അയല്ക്കാരനെയും നാം സ്നേഹിക്കുന്നു. സ്നേഹം പൂർണതയുടെ കണ്ണിയും സകലസുകൃതങ്ങളുടെയും രൂപവുമാണ് (കൊളോ 3,14; യോഹ 15,9.1–).

## പരിശുദ്ധാത്മദാനങ്ങൾ

ക്രൈസ്തവരുടെ ധാർമികജീവിതം പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലാണ് നിലനിറുത്തപ്പെടുന്നത്. ജ്ഞാനം, ഗ്രഹണശക്തി, ആലോചന, മനഃസ്ഥൈര്യം, അറിവ്, ഭക്തി, ദൈവഭയം എന്നിവയാണ് പരിശുദ്ധാത്മാവിന്റെ സപ്തദാനങ്ങൾ.

സഭയുടെ പാരമ്പര്യമനുസരിച്ച് നിത്യമഹത്ത്വത്തിന്റെ പ്രഥമഫലങ്ങളായി പരിശുദ്ധാത്മാവ് നമ്മിൽ രൂപപ്പെടുത്തുന്ന ഫലങ്ങൾ പന്ത്രണ്ടെണ്ണമാണ്. അവ ഇവയാണ്: സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, ഔദാര്യം, സൗമ്യത, വിശ്വസ്തത, അടക്കം, ആത്മസംയമനം, ശുദ്ധത (ഗലാ 5,22.23).

## വ്യക്തിയും രാഷ്ട്രവും

മനുഷ്യപ്രകൃതിയോട് പ്രത്യക്ഷമായി ചേർന്നുപോകുന്ന സംവിധാനങ്ങളാണ് കുടുംബവും രാഷ്ട്രവും. സ്രഷ്ടാവായ ദൈവം അധികാരത്തിന്റെ വിനിയോഗം മുഴുവനും തനിക്കുമാത്രമായി പിടിച്ചുവയ്ക്കാൻ ആഗ്രഹിച്ചില്ല. അതതിന്റെ പ്രകൃതിക്കു ചേർന്ന കഴിവുകളനുസരിച്ച് നിർവഹിക്കാൻ സാധിക്കുന്ന ജോലികൾ ദൈവം ഓരോ സൃഷ്ടിയെയും ഏല്പിച്ചിരിക്കുന്നു. സമൂഹജീവിതത്തിൽ ഈ ഭരണക്രമമാതൃകയാണ് അനുവർത്തിക്കേണ്ടത്.

## രാഷ്ട്രവും അധികാരവും

മാനവസമൂഹങ്ങളുടെ ഭരണകർത്താക്കൾ ദൈവികപരിപാലനയുടെ ശുശ്രൂഷ കരായി വർത്തിക്കണം. അധികാരം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്, വ്യക്തി കളോ സ്ഥാപനങ്ങളോ നിയമനിർമാണം നടത്തുകയും മനുഷ്യർക്ക് ആജ്ഞകൾ നല്കു കയും അവരിൽനിന്ന് അനുസരണം ആവശ്യപ്പെടുകയും ചെയ്യുന്ന ഗുണവിശേഷമാണ്.

ഓരോ മനുഷ്യസമൂഹത്തിനും രാഷ്ട്രത്തിനും അതിനെ ഭരിക്കാനുള്ള അധി കാരം ആവശ്യമുണ്ട്. രാഷ്ട്രത്തിന്റെ ഐക്യം നിലനിറുത്താനും ഇതാവശ്യമാണ്. കഴി യുന്നിടത്തോളം സമൂഹത്തിന്റെ പൊതുനന്മ ഉറപ്പുവരുത്തുകയാണ് രാഷ്ട്രീയാധി കാരംകൊണ്ട് അർത്ഥമാക്കുന്നത്.

ക്രിസ്തീയകാഴ്ചപ്പാടിൽ അധികാരം ദൈവത്തിൽനിന്നാണു വരുന്നത്. എങ്കിലും, രാഷ്ട്രഭരണത്തെ നിശ്ചയിക്കുന്നതും ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതും പൗര ന്മാരുടെ സ്വതന്ത്രതീരുമാനത്തിനു വിട്ടിരിക്കുകയാണ് (GS74). അതുകൊണ്ടുതന്നെ, പൗരസമൂഹത്തിന്റെ പൊതുനന്മസംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നത് രാഷ്ട്ര ത്തിന്റെ കടമയാണ്. എന്നാൽ അധികാരവിനിയോഗം സ്വേച്ഛാധിപത്യശൈലിയിലാക രുത്. പ്രത്യുത, "സ്വാതന്ത്ര്യത്തിലും ഉത്തരവാദിത്വബോധത്തിലും അടിയുറച്ച ധാർമിക ശക്തിയായി പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രീതിയിലാകണം" (വി. തോമസ് അക്വീനാസ്).

## അധികാരികളോട് ആദരം

വ്യക്തിസ്വാതന്ത്ര്യത്തിലും സാമൂഹികനീതിയിലും അധിഷ്ഠിതമായ ഭരണവ്യവ സ്ഥകളെ നാം എന്നും പിന്തുണയ്ക്കുകയും ആദരിക്കുകയും വേണം. അധികാരനിർവ ഹണം നടത്തുന്നവരെ ബഹുമാനത്തോടും അവർ അർഹിക്കുന്നവിധത്തിൽ കൃത ജ്ഞതയോടും സന്മനസ്സോടുംകൂടെ പരിഗണിക്കണം. വിശുദ്ധ പൗലോസ് അപ്പസ്തോ ലൻ ഓർമ്മിപ്പിക്കുന്നു: "ഓരോരുത്തനും മേലാധികാരികൾക്കു വിധേയനായിരിക്ക ട്ടെ. എന്തെന്നാൽ, ദൈവത്തിൽനിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധി കാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം, അധികാരം ധിക്കരിക്കുന്നവൻ ദൈവത്തിന്റെ സംവിധാനമാണു ധിക്കരിക്കുന്നത്; അവിടത്തെ ധിക്കരിക്കുന്നവർ തങ്ങൾക്കുതന്നെ ശിക്ഷാവിധി വരുത്തിവയ്ക്കും" (റോമാ 13,1-2).

## പൗരന്റെ അവകാശങ്ങൾ

അധികാരികളോടും സംവിധാനങ്ങളോടും ആദരവും കൃതജ്ഞതയും പ്രകടിപ്പി

ക്കുന്നതോടൊപ്പം, പൗരന്മാരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ കടമകൾ നിറവേറ്റപ്പെടാതെ പോകുകയോ പാടില്ല.

ഒരാളുടെ സന്തുഷ്ഠമായ ജീവിതത്തിന് ചില പൗരാവകാശങ്ങൾ ആവശ്യമാണ്. സമത്വം, സ്വാതന്ത്ര്യം, നിയമവാഴ്ച, മൗലികാവകാശങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള താണ് പൗരാവകാശങ്ങൾ. ഈ അവകാശങ്ങൾക്ക് പൗരന് നീതിന്യായകോടതിയിലൂടെ സാധൂകരണം ലഭിക്കുന്നു. അതുകൊണ്ട് വർഗ, വർണ, ലിംഗഭേദങ്ങൾ, സാമൂഹിക വ്യവസ്ഥിതികൾ, ഭാഷ, മതം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തിയുടെ മൗലി കാവകാശങ്ങൾ സംബന്ധിച്ചു പുലർത്തുന്ന സാമൂഹികമോ സാംസ്കാരികമോ ആയ എല്ലാത്തരം വിവേചനങ്ങളും ഉന്മൂലനംചെയ്യപ്പെടണം.

## പൗരന്റെ കടമകൾ

അവകാശങ്ങളുള്ളതുപോലെ ഓരോ പൗരനും കടമകളുമുണ്ട്. കടമകൾ പൊതുവേ രണ്ടായി തിരിക്കാം: നിയമപരവും ധാർമികവും.

രാജ്യത്തുനിലവിലുള്ള നിയമങ്ങൾ ഒരു പൗരനിൽനിന്ന് ആവശ്യപ്പെടുന്ന ചുമ തലകളാണ് നിയമപരമായ ചുമതലകളെന്നു പറയുന്നത്. ഉദാഹരണത്തിന്, നികുതി കൊടുക്കുക, ദേശീയപതാകയെ ആദരിക്കുക തുടങ്ങിയവ.

സമൂഹം അംഗീകരിച്ചിട്ടുള്ള മറ്റുചില നിയമങ്ങളുണ്ട്. സമൂഹത്തിന്റെ സുസ്ഥിതി ലക്ഷ്യംവച്ച് അവ അടിച്ചേല്പിക്കപ്പെടുകയും ചെയ്യുന്നു. ഇവയെയാണ് ധാർമികനിയ മങ്ങൾ എന്നുപറയുന്നത്. ഉദാഹരണത്തിന്, വൃദ്ധമാതാപിതാക്കളെ ശുശ്രൂഷിക്കുക, മക്കൾക്ക് വിദ്യാഭ്യാസംനല്കുക തുടങ്ങിയവ.

## വ്യക്തിയും കുടുംബവും

സാമൂഹികജീവിതത്തിന്റെ പ്രാഥമികകോശമാണ് കുടുംബം. അത് ഒരു സ്വാഭാ വികസമൂഹമാണ്. അതിൽ ഭാര്യയും ഭർത്താവും സ്നേഹത്തിലും ജീവൻ നല്കലിലും സ്വയംസമർപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. കുടുംബത്തിലെ ജീവിതം സമൂഹത്തിലെ ജീവിതത്തിലേക്കുള്ള തുടക്കമാണ്. കുടുംബത്തിലുള്ള അധികാരം, സ്ഥിരത, പരസ്പ രമുള്ള ജീവിതബന്ധങ്ങൾ എന്നിവ സമൂഹത്തിലുള്ള സ്വാതന്ത്ര്യത്തിനും സുരക്ഷിത ത്വത്തിനും സാഹോദര്യത്തിനും അടിത്തറപാകുന്നു.

ബാല്യംമുതൽ ഒരു വ്യക്തിക്ക് ധാർമികമൂല്യങ്ങൾ പഠിക്കാനും ദൈവത്തെ ആരാ ധിച്ചുതുടങ്ങാനും സ്വാതന്ത്ര്യം ശരിക്കു വിനിയോഗിക്കാനും കഴിയുന്ന സമൂഹവും

കുടുംബംതന്നെയാണ്. കുടുംബാംഗങ്ങൾ ചെറുപ്പക്കാരെയും വൃദ്ധരെയും രോഗികളെയും വികലാംഗരെയും ദരിദ്രരെയും ശ്രദ്ധിക്കാനും അവരെ സംബന്ധിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാനും പഠിക്കത്തക്കവിധത്തിൽ കുടുംബത്തിൽ ജീവിക്കണം.

## ക്രൈസ്തവകുടുംബം

ക്രൈസ്തവകുടുംബം വ്യക്തികളുടെ കൂട്ടായ്മയാണ്. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള ഐക്യത്തിന്റെ അടയാളവും പ്രതിരൂപവുമാണ് ക്രൈസ്തവകുടുംബങ്ങൾ. അതുകൊണ്ടുതന്നെ, കുടുംബം വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും സമൂഹമാണ്. 'ഈ ലോകത്തിലെ സ്വർഗം' എന്നു കുടുംബത്തെ വിളിക്കുന്നതും അതുകൊണ്ടാണ്. മനുഷ്യത്വത്തിന്റെ വിദ്യാലയം, സമുദായത്തിന്റെ അടിസ്ഥാനം, പ്രാഥമിക സെമിനാരി എന്നീ വിശേഷണങ്ങളും കുടുംബത്തിനു ചാർത്തിയിട്ടുണ്ട്.

## കുടുംബാംഗങ്ങളുടെ കടമകൾ

ദൈവികപിതൃത്വമാണ് മാനുഷികപിതൃത്വത്തിന്റെ ഉറവിടം. അതിനാൽ, മാതാപിതാക്കൾക്ക് അർഹമായ ബഹുമാനം മക്കൾ നല്കണം. "എന്റെ മകനേ, നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക; നിന്റെ മാതാവിന്റെ ഉപദേശം നീ നിരസിക്കുകയുമരുത്... നീ നടക്കുമ്പോൾ അവ നിന്നെ നയിക്കും; കിടക്കുമ്പോൾ നിന്നെ കാത്തുസൂ



ക്ഷിക്കും. ഉണരുമ്പോൾ നിന്നെ ഉപദേശിക്കും" (സുഭാ 6,20-22). "വിവേകമുള്ളവൻ പിതാവിന്റെ ഉപദേശംകേൾക്കുന്നു; എന്നാൽ പരിഹാസകൻ ശാസനം അവഗണിക്കുന്നു" (സുഭാ, 13,1).

തങ്ങളുടെ കുട്ടികൾക്ക് നല്ല മാതൃക കാണിച്ചുകൊടുക്കാൻ മാതാപിതാക്കന്മാർക്കു കടമയുണ്ട്. വിശ്വാസത്തിലും പ്രാർത്ഥനയിലും സകലസുകൃതങ്ങളിലും മക്കളെ അഭ്യസിപ്പിക്കാനുള്ള പ്രഥമ ഉത്തരവാദിത്വം മാതാപിതാക്കളുടേതാണ്.

## കുടുംബം രക്ഷിക്കാൻ രാഷ്ട്രാധികാരികൾ ചെയ്യേണ്ടത്

1. കുടുംബം സ്ഥാപിക്കാനും കുട്ടികളെ ജനിപ്പിക്കാനും കുടുംബത്തിന്റെ സ്വന്തം ധാർമികവും മതപരവുമായ ബോധ്യങ്ങൾക്കനുസരിച്ച് അവരെ വളർത്താനുമുള്ള കുടുംബങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം.

2. വിവാഹത്തിന്റെയും കുടുംബത്തിന്റെയും യഥാർത്ഥസ്വഭാവം അംഗീകരിക്കുകയും അവയുടെ സുസ്ഥിരത സംരക്ഷിക്കപ്പെടുകയും വേണം.

3. പൊതുധാർമികത പരിരക്ഷിക്കുകയും ഗാർഹികമായ ഐശ്വര്യം വളർത്തുകയും വേണം.

4. ഒരു വ്യക്തിക്ക് തന്റെ വിശ്വാസം ഏറ്റുപറയാനും കൈമാറാനും അതേവിശ്വാസത്തിൽ സ്വന്തംകുട്ടികളെ വളർത്തിക്കൊണ്ടുവരാനുമുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടരുത്.

5. സ്വകാര്യസ്വത്തുസമ്പാദനത്തിനും സ്വതന്ത്രസംരംഭത്തിനും തൊഴിലിനും പാർപ്പിടത്തിനും കുടിയേറ്റത്തിനുമുള്ള അവകാശം ആദരിക്കപ്പെടണം.

6. രാജ്യത്തിന്റെ സ്ഥാപനങ്ങൾക്കുചേർന്നവിധം ചികിത്സയും പ്രായാധികൃത്തിലെത്തിയവർക്കു സഹായവും കുടുംബപരമായ ആനുകൂല്യങ്ങളും കിട്ടാനുള്ള അവകാശം ഉറപ്പുവരുത്തണം.

7. സുരക്ഷിതത്വത്തിനും ആരോഗ്യത്തിനും, പ്രത്യേകിച്ച് മയക്കുമരുന്ന് അശ്ലീലകല, മദ്യാസക്തി മുതലായവയുടെ അപകടങ്ങളിൽനിന്നുള്ള സംരക്ഷണം എന്നിവ ലഭ്യമാക്കണം.

8. സമൂഹത്തിന്റെ ജീവിതത്തിലും ക്ഷേമത്തിലും കുടുംബത്തിനു പ്രാധാന്യമുള്ളതിനാൽ, വിവാഹത്തെയും കുടുംബത്തെയും പിന്താങ്ങാനും ശക്തിപ്പെടുത്താനും രാഷ്ട്രത്തിന് ഉത്തരവാദിത്വമുണ്ട്.

### പ്രവർത്തനം 4

ഇന്നു നാം നേരിടുന്ന ഏറ്റവുംവലിയ വെല്ലുവിളികളിലൊന്നാണ് തകരുന്നകുടുംബബന്ധങ്ങൾ. കുടുംബങ്ങളുടെ കെട്ടുറപ്പിനും ഭദ്രതയ്ക്കും ഭീഷണിയുയർത്തുന്ന മേഖലകൾ വിലയിരുത്തുക. ഓരോരുത്തരുടെയും കുടുംബത്തിന്റെ ഭദ്രതയ്ക്ക് ആവശ്യമായ മുൻകരുതലുകൾ ഏതെല്ലാമെന്ന് കുടുംബാംഗങ്ങളുമായി ചർച്ചചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കുക.

### മാനവസമൂഹവും സഭയും

ലോകത്ത് സത്യത്തിന്റെ സ്തംഭവും കോട്ടയുമാണ് സഭ. മാനവകുലത്തിന്റെ രക്ഷ സംബന്ധിച്ച സന്ദേശം ലോകത്തെ അറിയിക്കാനുള്ള ക്രിസ്തുവിന്റെ കല്പന അപ്പസ്തോലന്മാരിൽനിന്ന് അവൾ ഏറ്റെടുത്തിരിക്കുന്നു. ജോൺപോൾ രണ്ടാമൻ പാപ്പാ, ഇപ്രകാരം പഠിപ്പിച്ചു. "മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിന്റെ സംരക്ഷണവും വളർത്തലും സ്രഷ്ടാവു നമ്മെ ഭരമേല്പിച്ചിരിക്കുന്നു".

മാനവസമൂഹം, ഒന്നാമതായി, ആത്മീയമായതിനോടു ബന്ധപ്പെട്ടുനില്ക്കുന്ന ഒരു യാഥാർത്ഥ്യമാണെന്ന് അംഗീകരിക്കണം (ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ). മനുഷ്യന്റെ ആത്മീയവും ധാർമികവുമായ കഴിവുകളെയും അവനിലുണ്ടാകേണ്ട ആന്തരികപരിവർത്തനത്തിന്റെ നിരന്തരമായ ആവശ്യകതയും തട്ടിയുണർത്തുക അനിവാര്യമാണ്. തിന്മയ്ക്കു വശംവദമാകുന്ന ഭീരുത്വത്തിന്റെയും തിന്മയോടു പോരാടുന്നുവെന്ന മിഥ്യാധാരണയുടെ മറവിൽചെയ്യുന്ന തിന്മയുടെയും ഇടയിലുള്ള ഇടുങ്ങിയവഴി തിരിച്ചറിയണമെങ്കിൽ കൃപാവരത്തിന്റെ സഹായമില്ലാതെ മനുഷ്യർക്കു സാധ്യമല്ല.

ക്രിസ്തു പഠിപ്പിച്ചത് സ്നേഹത്തിന്റെവഴിയാണ്, അതായത് ദൈവസ്നേഹത്തിന്റെയും അയല്ക്കാരനോടുള്ള സ്നേഹത്തിന്റെയും. സ്നേഹമാണ് ഏറ്റവും വലിയ സാമൂഹിക കല്പന. അത് മറ്റുള്ളവരെയും അവരുടെ അവകാശങ്ങളെയും ബഹുമാനിക്കുന്നു. അത് നീതിയുടെ നിർവഹണം ആവശ്യപ്പെടുന്നു. സ്നേഹത്തിനുമാത്രമേ നീതിനിർവഹിക്കാൻ നമ്മെ പ്രാപ്തരാക്കാനാവൂ. ആത്മദാനത്തിന്റേതായ ഒരു ജീവിതത്തിന് അതു പ്രേരണ നല്കുന്നു. തന്റെ ജീവൻ നിലനിറുത്താൻ പരിശ്രമിക്കുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നാൽ തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു നിലനിറുത്തും (ലൂക്കാ 17,33).

## സഭയും പ്രബോധനാധികാരവും

ധാർമികനിയമങ്ങളുടെ സംരക്ഷയും നടത്തിപ്പുകാരിയുമാണ് സഭ. ധാർമികനിയമങ്ങൾ എല്ലായിടത്തും എല്ലായ്പ്പോഴും അറിയിക്കാനുള്ള അവകാശം സഭയ്ക്കുണ്ട്. സഭയെ സംബന്ധിച്ച് ധാർമ്മികജീവിതം ഒരു ആധ്യാത്മികാരാധനയാണ്.

ധാർമികകാര്യങ്ങളിൽ, സഭയുടെ പ്രബോധനാധികാരം (Magisterium) ക്രിസ്തുവിൽനിന്ന് അപ്പസ്തോലന്മാർവഴി സഭയ്ക്കു ലഭിച്ചിരിക്കുന്നു. റോമായിലെ പാപ്പായും മെത്രാന്മാരും ക്രിസ്തുവിന്റെ അധികാരമുള്ള ഔദ്യോഗികപ്രബോധകരാണ്. തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളോട് അവർ വിശ്വസിക്കേണ്ട വിശ്വാസവും പ്രായോഗികമാക്കേണ്ട ആചാരവിധികളും അവർ പ്രസംഗിക്കുന്നു.

ധാർമികകാര്യങ്ങളിൽ സഭയുടെ അജപാലകരുടെ പ്രബോധനാധികാരം സാധാരണമായി മതബോധനത്തിലും പ്രഘോഷണത്തിലും വിനിയോഗിക്കപ്പെടുന്നു. അങ്ങനെ, അജപാലകരുടെ നേതൃത്വത്തിനും ജാഗ്രതയ്ക്കുംകീഴിൽ ക്രൈസ്തവധാർമിക പ്രബോധനങ്ങളുടെ 'നിക്ഷേപം' തലമുറയിൽനിന്നു തലമുറയിലേക്ക് കൈമാറ്റംചെയ്യപ്പെടുന്നു.



പാപ്പായും അദ്ദേഹവുമായി കൂട്ടായ്മയിലുള്ള മെത്രാന്മാരും അവർക്കുള്ള സാധാരണവും സാർവത്രികവുമായ പ്രബോധനാധികാരമനുസരിച്ച് വിശ്വസിക്കേണ്ട സത്യവും പ്രയോഗത്തിലാക്കേണ്ട സ്നേഹവും പ്രത്യാശിക്കേണ്ട സൗഭാഗ്യവും വിശ്വാസികളെ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ അധികാരത്തിലുള്ള ഈ ഭാഗഭാഗിത്വത്തിന്റെ പരമമായശ്രേണി അപ്രമാദിത്വത്താൽ ഉറപ്പാക്കപ്പെടുന്നു.

### സമാപനം

സകലമനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നത് ഒരേ ലക്ഷ്യത്തിലേക്കാണ്, ദൈവത്തിലേക്കുതന്നെ. വ്യക്തികളുടെ ഇടയിൽക്കാണുന്ന വ്യത്യാസങ്ങൾ ദൈവികപദ്ധതിയിൽപ്പെട്ടതാണ്. നമ്മൾ അന്യോന്യം ആവശ്യമുള്ളവരായിരിക്കണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു. സവിശേഷമായി നമ്മിൽ ഓരോരുത്തരിലും വളരേണ്ട സുകൃതമാണ് സഹാനുഭാവം. ഭൗതികവും ആത്മീയവുമായ പങ്കുവയ്ക്കലിന് നാം തയ്യാറാവുകയും അവരവർക്ക് അർഹമായത് നേടിയെടുക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കുകയും വേണം. ഒരേപിതാവിന്റെ മക്കളെന്നനിലയിൽ സ്വർഗം ലക്ഷ്യംവച്ച് സാഹോദര്യത്തിൽ ജീവിക്കണം.

### പ്രവർത്തനം 5

ലോകത്തിന്റെ മനഃസാക്ഷിയായി നിലകൊള്ളുന്ന സഭ, തന്റെ പ്രബോധനാധികാരമുപയോഗിച്ച് കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സാമൂഹികപ്രബോധനങ്ങൾ ഏതെല്ലാമെന്നു കണ്ടെത്തി പട്ടിക തയ്യാറാക്കുക.

### പ്രവർത്തനം 6

മാനവികതയ്ക്ക് തുരങ്കംവയ്ക്കുന്ന ആധുനികശക്തികളും പ്രതിഭാസങ്ങളും വിലയിരുത്തി ഒരു കൊളാഷ് തയ്യാറാക്കുക.

6



# ക്രൈസ്തവ കലാദർശനം



പ്രശസ്തമായ ഒരു ഈസോപ്പ്കഥയുടെ ആശയം ഇങ്ങനെ:

കുഴിമടിയനായ ഒരു തൊഴിലാളി; അദ്ധ്വാനിക്കാൻ അവനു മനസ്സില്ല. പണിയോട് ഒട്ടുംതന്നെ ആത്മാർത്ഥതയില്ല. ഒരുനാൾ അവൻ ഭാരവണ്ടിയിൽ കുറെ സാധനങ്ങൾ കൊണ്ടുപോകുകയായിരുന്നു. വണ്ടി ഇപ്പോൾ ഒരു പൂഴിമൺപാതയിലൂടെ നീങ്ങുന്നു. പെട്ടെന്ന് വണ്ടിചക്രങ്ങൾ കുഴമണ്ണിൽ പൂണ്ടുപോയി. നന്നായൊന്നു വലിച്ചാൽ കയറിപ്പോരും; അത്രയേയുള്ളൂ. പക്ഷേ, മടിയൻപണിക്കാരൻ അതിനൊന്നും ശ്രമിച്ചില്ല. കരുത്തിന്റെ അനുഷ്ഠാനദേവതയാണ് പ്രാചീന ഗ്രീക്ക് മിത്തോളജിയനുസരിച്ച് ഹെർക്കുലീസ്. വണ്ടി ആഞ്ഞുവലിച്ച് പൂഴിയിൽനിന്നു മാറ്റാനൊന്നുംനില്ക്കാതെ പണിക്കാരൻ പ്രാർത്ഥന തുടങ്ങി- ഹെർക്കുലീസ് ദേവാ, ഈ വണ്ടി ഇവിടെ നിന്ന് കയറ്റിത്തരണേ.

മുട്ടിപ്പായ പ്രാർത്ഥനയ്ക്കൊടുവിൽ ഹെർക്കുലീസ്ദേവൻ പ്രത്യക്ഷപ്പെടുന്നു. ദേവ നോട് തൊഴിലാളി സങ്കടംപറഞ്ഞു: എന്റെ വണ്ടി, ഇത്രയും ഭാരത്തോടെ, പൂഴിമണ്ണിൽ ആണ്ടിരിക്കുന്നു. ഒന്നിവിടെ നിന്ന് കയറ്റിത്തരണേ.

അതിരിക്കട്ടെ, ഹെർക്കുലീസ് ദേവൻ അക്ഷോഭ്യനായി ചോദിച്ചു: വണ്ടിചക്രം മണ്ണിൽ താഴ്ന്നുപോയനിമിഷംമുതൽ പ്രാർത്ഥിച്ചുതുടങ്ങിയല്ലോ. ആട്ടെ, നീ വണ്ടി കയറ്റാൻ സ്വന്തം നിലയ്ക്ക് ശ്രമിച്ചുനോക്കിയോ?

നിഷ്കളങ്കമായിരുന്നു തൊഴിലാളിയുടെ മറുപടി: ഞാൻ ശ്രമിച്ചൊന്നുമില്ല. വണ്ടി നീങ്ങാതായപ്പോൾത്തന്നെ ഞാൻ പ്രാർത്ഥിക്കാൻതുടങ്ങി.

ദേവൻ പറഞ്ഞു: ദാ, അതാണു കുഴപ്പമായത്. ആദ്യം നീ പ്രാർത്ഥിക്കുകയല്ല, പരിശ്രമിക്കുകയാണു വേണ്ടിയിരുന്നത്. ആദ്യം മനുഷ്യന്റെ പരിശ്രമം; അതിനുശേഷ മുള്ള പ്രാർത്ഥനയാണ് ദൈവത്തിന് പ്രീതികരം. പണിയെടുക്കുന്നവനെയാണ് ദൈവം സഹായിക്കുന്നത്. മടിയനെ ദൈവം സഹായിക്കുകയില്ല. അതുകൊണ്ട്, നീ തന്നെ വണ്ടി വലിച്ചുകയറ്റാൻ പരിശ്രമിച്ചുനോക്കൂ, ഞാൻ പോകുകയാണ്.

ഈ കഥയുടെ സന്ദേശം വ്യക്തമാണ്: അധ്വാനിക്കാൻ മനസ്സുള്ളവനെ ദൈവം ഇഷ്ടപ്പെടുന്നു. അവന് ദൈവം പ്രതിസമ്മാനം നല്കും. വെറുതെയിരുന്ന് ദൈവത്തെ വിളിക്കുന്നത് നിഷ്പ്രയോജനമത്രേ. മനുഷ്യന്റെ കടമ അവൻ നിറവേറ്റണം. അപ്പോഴേ ദൈവം മനസ്സലിയൂ. മനുഷ്യന്റെ കഴിവ് അവസാനിക്കുന്നിടത്താണ് ദൈവത്തിന്റെ കഴിവ് ആരംഭിക്കുന്നതും ദൃശ്യമാകുന്നതും.

### സാഹിത്യം സന്ദേശദായകം

ഈ കഥ വായിക്കുമ്പോൾ, അധ്വാനത്തിന്റെ മഹിമാതിരേകത്തെപ്പറ്റി നാം ബോധ വാന്മാരാകുന്നു. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പംഭക്ഷിക്കുകയെന്ന ദൈവികനി യോഗത്തിന്റെ (ഉത്പ 3,19) അർത്ഥതലങ്ങൾ നാമറിയുന്നു. മടിയന്റെയും പലായനമ നോഭാവക്കാരന്റെയും അഭയമോ അത്താണിയോ അല്ല പ്രാർത്ഥന. നന്നായിപഠിച്ച് പരീക്ഷയെഴുതാത്ത വിദ്യാർത്ഥി ഉന്നതവിജയത്തിനുവേണ്ടി എത്ര തീക്ഷണമായി പ്രാർത്ഥിച്ചാലും ഫലമുണ്ടാകുമോ!

സാഹിത്യവും കലയും ജീവിതം ധന്യമാക്കാൻ പര്യാപ്തമായ സന്ദേശംനല്കു ന്നതാകണമെന്നതാണ് ക്രൈസ്തവദർശനം. ദൈവോന്മുഖവും മനുഷ്യോന്മുഖവുമായ വീക്ഷണം കലയും സാഹിത്യവും നല്കണം. കല ആത്യന്തികമായി ജീവിതത്തിനും

മനുഷ്യനുംവേണ്ടിയായിരിക്കണം. 'കല കലയ്ക്കുവേണ്ടി (Art for Art's Sake) എന്ന ചിന്ത നമുക്ക് അസ്വീകാര്യംതന്നെയാണ്. പക്ഷേ, കലാദർശനവേദികളിൽ, കലയുടെ ധർമ്മം സന്ദേശപ്രചാരണമല്ല എന്ന ആശയം ശക്തമായി മുഴങ്ങിക്കേട്ടു. ഫ്രഞ്ചുസാഹിത്യകാരനായ ഗോട്ടിയർ, കാവ്യം സോദ്ദേശ്യകമാകരുതെന്നും കല കലയ്ക്കുവേണ്ടി മാത്രം ആയിരിക്കണമെന്നും എന്നും ശഠിച്ചയാളാണ്. അമേരിക്കക്കാരനായ എഡ്ഗാർ അല്ലൻപോ ഈ വാദത്തിന്റെ പ്രചാരകനായി. ഇംഗ്ലീഷ്കാരായ ഡി.ജി.റോസ്റ്റി, സ്വീൻബേൺ, പേറ്റർ, ഓസ്കാർവൈൽഡ് ആദിയായവരും, കല കലയ്ക്കുവേണ്ടിയെന്നസിദ്ധാന്തം പിന്തുണച്ചവരാണ്.

എന്നാൽ, മൂല്യപ്രസാരണിയാവണം കലയും സാഹിത്യവും എന്ന് യുക്തിപൂർവം സ്ഥാപിക്കാനാണ് മാത്യു ആർനോൾഡും കൂട്ടരും ശ്രമിച്ചത്. സാഹിത്യത്തിന്റെയും കലയുടെയും ധർമ്മം ആഹ്ലാദദായകത്വം മാത്രമാണെന്നു പറയുന്നതിലെ മൗഢ്യം ആർനോൾഡ് ചൂണ്ടിക്കാട്ടി. മതവും അനുഷ്ഠാനങ്ങളും അത് ഉയർത്തിക്കാട്ടുന്ന അഭിവീക്ഷണങ്ങളും ചോദ്യം ചെയ്യപ്പെട്ടേക്കാം. പക്ഷേ, അവ ചൂണ്ടിക്കാട്ടുന്ന മൂല്യങ്ങളും സംസ്കാരവും സംരക്ഷിക്കപ്പെട്ടേ മതിയാവൂ. മൂല്യങ്ങളുടെ സംരക്ഷണത്തിൽ താത്കാലികമായി മതം പരാജയപ്പെട്ടാലും, കാവ്യം അവയെല്ലാം വീണ്ടെടുക്കുമെന്ന് ആർണോൾഡ് വിശ്വസിച്ചു. സാഹിത്യത്തെയും ധർമ്മത്തെയും വേർപെടുത്താനാവില്ല. കാരണം, കല ജീവിതത്തിനുവേണ്ടിയാണ്. സാഹിത്യം ജീവിതത്തിന്റെ വ്യാഖ്യാനമാകണം. കലയും സാഹിത്യവും ജീവിതം ഉദാരവത്കരിക്കണം. പരസ്പരബന്ധമാണ് കലയും ജീവിതവും. ഇത്തരം ചിന്തകളുടെ ഒടുവിൽ പലരും എത്തിച്ചേരുന്നത് 'കല ജീവിതംതന്നെ' എന്ന ആശയത്തിലാണ്. മൂല്യവാദിയായ നിരൂപകൻ കുട്ടികൃഷ്ണമാരാർ എഴുതിയ ഒരു പുസ്തകത്തിന്റെ പേര് 'കല ജീവിതംതന്നെ' എന്നാണ്. സദാചാരനിഷ്ഠമാവണം സാഹിത്യവും കലയും എന്നു സിദ്ധാന്തിച്ചവരിൽ റസ്കിനും ടോൾസ്റ്റോയിയും ഗാന്ധിജിയുമൊക്കെപ്പെടുന്നുണ്ട്.

### കലയും സാഹിത്യവും പൊരുളന്വേഷണവും

ക്രിസ്തുകാലത്തിനുമുമ്പേ, കലയെയും സാഹിത്യത്തെയുംകുറിച്ചുള്ള തത്ത്വാന്വേഷണങ്ങൾ ആരംഭിച്ചിരുന്നു. അനുഭൂതിയാണ് സാഹിത്യത്തിന്റെ ഉറവിടം. എന്നുവച്ചാൽ, കവി എഴുതുന്നത് ഉന്മത്തമായ ഒരു മനോനിലയിൽനിന്നുകൊണ്ടാവാം. അപ്പോൾ കവിക്ക് സുബോധമുണ്ടാവണമെന്നില്ലല്ലോ. സോക്രട്ടീസിന്റെ ശിഷ്യനായ പ്ലേറ്റോ, തനിക്കുമുമ്പുണ്ടായ കലാചിന്തകൾ ക്രോഡീകരിക്കുകയും പുതിയചിന്തകൾ അവതരിപ്പിക്കുകയും ചെയ്തു. റിപ്പബ്ലിക്, സിമ്പോസിയം തുടങ്ങിയ കൃതികളിൽ ഇവ കാണാം.

ആത്യന്തികസത്യമാണ് ഈശ്വരൻ. സത്യാന്വേഷണമാണ് തത്ത്വചിന്തയുടെ മർമ്മം. സത്യത്തിന്റെ പ്രതിബിംബനമാണ് ബാഹ്യപ്രപഞ്ചം. അതുകൊണ്ടുതന്നെ അത് മിഥ്യയാണ്. ഈ ബാഹ്യപ്രപഞ്ചത്തെ അനുകരിക്കാൻ ശ്രമിക്കുന്ന കലയും സാഹിത്യവും അയഥാർത്ഥമായതിനെയാണ് ആവിഷ്കരിക്കുന്നത്. പ്ലേറ്റോയുടെ വാദങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം: സാഹിത്യം അനുഭൂതിയുടെ സൃഷ്ടിയാണ്, അത് ജീവിതത്തിന്റെ അനുകരണമാണ്. അനുഭൂതികളുടെ ആവിഷ്കാരം ഉന്മാദിയുടെ ജല്പനമായേക്കാം. ആത്യന്തികസത്യമായ ഈശ്വരന്റെ അനുകരണമായ ബാഹ്യപ്രപഞ്ചം ആവിഷ്കരിക്കാൻ യത്നിക്കുന്ന സാഹിത്യകാരൻ, സത്യത്തിൽനിന്ന് രണ്ടുമടങ്ങ് അകലെയാണ് (Art is the limitation of an imitation and it is twice removed from reality). കവി വികാരങ്ങൽക്ക് അടിമപ്പെട്ട അവസ്ഥയിലാണ് എഴുതുന്നത്. അതിനാൽ അയാൾ ഭ്രാന്തനാണ്. തന്മൂലം, വായനക്കാരും ഭ്രാന്തന്മാരോ സമചിത്തത നഷ്ടപ്പെട്ടവരോ ആകാനിടയുണ്ട്. അതുകൊണ്ട്, പ്ലേറ്റോ റിപ്പബ്ലിക്കിൽ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം എഴുതിവച്ചു: സാഹിത്യകാരന്മാരെ (കലാകാരന്മാരെയും) നാടുകടത്തണം.

എന്നാൽ, അതേസമയം, ഉത്തമങ്ങളായ സാഹിത്യരചനകൾ അംഗീകരിക്കാനും പ്ലേറ്റോ മടിച്ചിട്ടില്ല. ദേവകീർത്തനങ്ങൾ, വീരാപദാനങ്ങൾ, ദുരന്തനാടകങ്ങൾ എന്നിവയെ അദ്ദേഹം ശ്രേഷ്ഠമായവ എന്നു വിശേഷിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ, സാഹിത്യത്തെയും കലയെയും അടച്ചാക്ഷേപിക്കുകയല്ല പ്ലേറ്റോ ചെയ്തതെന്നും ക്ഷുദ്രകൃതികളെ എതിർക്കുകയായിരുന്നു എന്നും വ്യക്തം. വേറെവാക്കിൽപറഞ്ഞാൽ, ഉദാത്തമായ കലയെയും സാഹിത്യത്തെയും അത്യുദാത്തമായമേഖലകളിൽ കുടിയിരുത്തുകയായിരുന്നു പ്ലേറ്റോ. ഉത്തമസാഹിത്യം സത്യം, സൗന്ദര്യം, നന്മ എന്നിവയുടെ യുക്തിസഹവും സമ്യക്കുമായ ആവിഷ്കാരമാണ്, അത് സ്വീകാര്യമാണെന്നും പ്ലേറ്റോ സ്ഥാപിച്ചു. സാഹിത്യവും കലയും മുഴുവൻ അബദ്ധജടിലമാണെന്നോ അനർത്ഥകാരിയാണെന്നോ കരുതാതിരുന്നതിനാലാണ് തന്റെ റിപ്പബ്ലിക്കിൽ ചിലതിനെയൊക്കെ അദ്ദേഹം അംഗീകരിക്കുന്നത്.

സാഹിത്യം ജീവിതത്തിന്റെ അനുകരണമാണെന്ന് ആദ്യംപറയുന്നത് പ്ലേറ്റോയാണ്. അനുകരണം ബാഹ്യപ്രപഞ്ചത്തെ ആവരുതെന്നും ആത്യന്തികസത്യത്തെയാവണമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. കലാസൃഷ്ടികൾ പ്രചോദനത്തിന്റെയോ അനുഭൂതിയുടെയോ ഉപോത്പന്നങ്ങളാകയാൽ ശ്രദ്ധിക്കണം. കവിയുടെ ഉന്മാദാവസ്ഥ ആപത്കാരിയാകാതെ സൂക്ഷിക്കണം. വൈകാരികമായ അരാജകത്വം സൃഷ്ടിച്ചേക്കാവുന്ന രചനകൾ ബഹിഷ്കരിക്കപ്പെടേണ്ടവയത്രേ. സാഹിത്യത്തിന് ഒതുക്കവും സംവിധാനക്രമവും ഘടകപ്പൊരുത്തവും ഉണ്ടായിരിക്കണമെന്നു ദീക്ഷിച്ചതും പ്ലേറ്റോ. കലയും സാഹിത്യവും സംസ്കാരപോഷണം നിർവഹിക്കാൻ പ്രാപ്തങ്ങളാണെന്ന് ആദ്യമായി നിരീക്ഷിച്ചതും പ്ലേറ്റോ തന്നെ.

## അരിസ്റ്റോട്ടിലിന്റെ പുനഃപരിശോധന



പ്ലേറ്റോയുടെ പ്രിയശിഷ്യനാണ് അരിസ്റ്റോട്ടിൽ. മഹാനായ അലക്സാണ്ടറുടെ ഗുരുവായിത്തീരുന്നുണ്ട് പിന്നീടദ്ദേഹം. ഗുരുവാണെങ്കിലും, പ്ലേറ്റോയെ അന്ധമായി അനുഗമിക്കുന്നില്ല അരിസ്റ്റോട്ടിൽ. കലയെയും സാഹിത്യത്തെയുംപറ്റി പ്ലേറ്റോ സ്വരൂപിച്ച സിദ്ധാന്തങ്ങൾ അരിസ്റ്റോട്ടിൽ യുക്തിയുടെവെളിച്ചത്തിൽ പുനഃപരിശോധിക്കുന്നുണ്ട്. സൂക്ഷ്മമായ നിരീക്ഷണവും ശാസ്ത്രീയമായ പരീക്ഷണവുംകഴിഞ്ഞ് സുവ്യക്തമായ നിരീക്ഷണങ്ങളിലെത്തിച്ചേരുകയായിരുന്നു അരിസ്റ്റോട്ടിലിയൻ ശൈലി. അതുകൊണ്ടുതന്നെ പലപ്പോഴും ശിഷ്യൻ ഗുരുവിനെ ആശയതലങ്ങളിൽ തള്ളിപ്പറയുന്നുണ്ട്; അംഗീകരിക്കേണ്ടിടത്ത് അങ്ങനെയും. കലാസാഹിത്യങ്ങളെ ആദ്യമായി അപഗ്രഥനത്തിനു വിധേയമാക്കുന്നത് പ്ലേറ്റോയാണെങ്കിൽ, കിട്ടാവുന്ന സാഹിത്യകൃതികളുടെ അപോദ്ധാരങ്ങളിലൂടെ മൂല്യനിർണയംനടത്തുന്നത് അരിസ്റ്റോട്ടിലാണ്. സാഹിത്യത്തെ ആയിരിക്കുന്ന അവസ്ഥയിൽ കാണാൻശ്രമിക്കുകയും മുൻവിധിയില്ലാതെ കീറിമുറിച്ചുപരിശോധിക്കുകയും ചെയ്യുന്നത് അരിസ്റ്റോട്ടിലാണ്. അദ്ദേഹത്തിന്റെ കലാ-സാഹിത്യദർശനങ്ങൾ പോയറ്റിക്സ് എന്ന കൃതിയിലാണ് നമുക്കു കാണാനാവുന്നത്.

കവിത അനുകരണമാണെന്ന പ്ലേറ്റോയുടെ വാദം അംഗീകരിച്ചുകൊണ്ടുതന്നെ അരിസ്റ്റോട്ടിൽ പറയുന്നു: അത്, പക്ഷേ, സത്യത്തിൽനിന്ന് ഒരിക്കലും അകലെയല്ല. കലയിലെ അനുകരണം സത്യവുമായുള്ള അടുത്തുനില്പ്പാകുന്നു. കവി വികാരങ്ങൾ ഇളക്കിമറിക്കുന്നു എന്നു സമ്മതിച്ച അരിസ്റ്റോട്ടിൽ വാദിക്കുന്നത്, പക്ഷേ, അവ അനിയന്ത്രിതമാക്കുന്നില്ല എന്നത്രേ. പിന്നെയോ, കല വികാരങ്ങൾ വിമലീകരിക്കുകയാണ്. ദുരന്തനാടകങ്ങൾ സവിശേഷമാംവിധം ഈ ധർമ്മം നിർവഹിക്കുന്നു. ദുരന്തനാടകങ്ങൾ ആസ്വദിക്കുന്നയാൾ, ഉള്ളിൽ കെട്ടിക്കിടക്കുന്ന അധമവികാരങ്ങൾ കുത്തിയൊലിച്ചുപോകാൻ ഒഴുക്കുചാൽ ബഹിർഗമനോപാധി കണ്ടെത്തുകയാണ്. അങ്ങനെ അയാളുടെ മനസ്സിൽ വൈകാരികശാന്തത അനുഭവപ്പെടുന്നു. അമിതമായി കെട്ടിക്കിടക്കുന്നവ പെയ്തൊഴിയാൻ ലഭിക്കുന്ന ഈ അവസ്ഥയെയാണ് അരിസ്റ്റോട്ടിൽ വികാരവിമലീകരണം, വികാരവിരോചനം (കഥാർസിസ്) എന്നൊക്കെ വിളിക്കുന്നത്. ആധുനിക മനോവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടിലും ഈ വികാരവിരേചനപ്രക്രിയയ്ക്കു

പ്രസക്തിയുണ്ട്. പ്രശ്നസങ്കീർണമായ നൂറായിരം അസ്വസ്ഥതകൾക്കുനടുവിലും മനസ്സിന്റെ സമനില നഷ്ടപ്പെടാതിരിക്കാൻ ഇടയാക്കുന്ന കഥാർസിസ് അതിൽത്തന്നെ ആധുനികമനുഷ്യനെ കാര്യമായി സഹായിക്കുന്നുണ്ട്. ദുരന്തനാടകങ്ങൾ ആസ്വാദകരിൽ ഭയകരുണങ്ങൾ ഉദ്ദീപ്തമാക്കുന്നു. ആസ്വാദനവേളയിൽ ഹൃദയത്തിൽ കെട്ടിക്കിടക്കുന്ന ഭയകരുണങ്ങൾ സ്വാഭാവികമായി പൊട്ടിയൊലിച്ചു പുറംചാടുന്നു. അങ്ങനെ ഹൃദയം സ്വസ്ഥതയറിയുന്നു. എത്രകടുത്ത ശോകംപോലും സഹനീയവും ആനന്ദപ്രദവുമായി മാറുന്നു. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സ്, കലയിലെയും സാഹിത്യത്തിലെയും മൂല്യാന്വേഷണം സാർത്ഥകമായും സമർത്ഥമായും നിറവേറ്റുന്നു എന്നാണ് പണ്ഡിതമതം.

## കല ഉദാത്തമാകണം

സാഹിത്യത്തിന്റെയും കലയുടെയും ധർമ്മവിചാരം നടത്തിയ ശ്രദ്ധേയനായ മറ്റൊരു പാശ്ചാത്യചിന്തകനാണ് ലോഞ്ജൈനസ്. ക്രിസ്തുകാലം ആദ്യശതകങ്ങളിലാണ് അദ്ദേഹം ജീവിച്ചത്. ആധ്യാത്മികതയിലൂന്നിയ ജീവിതചര്യ വശപ്പെടുത്തിയ പ്ലോട്ടിനസ് എന്ന ഗുരുവിന്റെ ശിഷ്യൻ. ഗുരുവിൽനിന്ന് ഒരു യോഗാത്മക(മിസ്റ്റിക്) ദർശനം ലോഞ്ജൈനസിലും സംക്രമിച്ചിരുന്നു എന്നുവേണം മനസ്സിലാക്കാൻ. ഭൗതികത്വത്തിൽനിന്ന് അതിഭൗതികത്വത്തിലേക്കു നടത്തുന്ന ഒരു സർഗസഞ്ചാരമായി ജീവിതത്തെ അഭിദർശിച്ചയാൾ. ഈ സംവാഹക സിദ്ധാന്തം (Theory of transportation) സാഹിത്യദർശനത്തിലേക്കും ലോഞ്ജൈനസ് വ്യാപിപ്പിക്കുന്നുണ്ട്. അതിനെയൊക്കെ അധികരിച്ച് കനപ്പെട്ട ഒരുഗ്രന്ഥം അദ്ദേഹമെഴുതി – എസ്സേ ഓൺ ദ് സബ്ലൈം. 'ഉദാത്തമായതിനെക്കുറിച്ച്' നിരവധി വസ്തുതകൾ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിനൊപ്പമാണ് പണ്ഡിതസമൂഹം എസ്സേ ഓൺ ദ് സബ്ലൈം എന്ന ഗ്രന്ഥവും കുടിയിരുത്തുന്നത്. ഈ മഹാഗ്രന്ഥത്തിന്റെ നാല്പത്തിനാല് അധ്യായങ്ങളെ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. പക്ഷേ, അതിൽത്തന്നെ പൂർണമാണ് രചന. ഉദാത്തമായിരിക്കണം കലയും സാഹിത്യവും എന്നു വെറുതെപറയുകയല്ല; അതെന്താണ്, അതിന്റെ മാനദണ്ഡങ്ങളേവ, ഉദാഹരണമായി എടുത്തുപറയാവുന്ന മറ്റു കൃതികളേതൊക്കെ എന്നിവകൊണ്ട് സമ്പന്നമായിരിക്കുന്നു ഈ പുസ്തകം.

സാഹിത്യപ്രയോജനം, ആനന്ദദായകത്വം മാത്രമല്ല എന്ന് ലോഞ്ജൈനസ് നിരീക്ഷിക്കുന്നു. ഉദാത്തമായരചന വായനക്കാരനെ ഹഠാദാകർഷിച്ച് അത്യുന്നതമായ ഒരു സവിശേഷതലത്തിലെത്തിക്കണം. പക്ഷേ, അതുംപോരാ. എഴുത്തുകാരന് രചനാവേളയിൽ അനുഭൂതമായ അനുപാതത്തിലും അതേ അളവിലും ഒരു അവസ്ഥാന്തരത്തിലേക്ക് വായനക്കാരനെയും സംവഹിച്ചുകൊണ്ടുപോകണം. കാമ്യമായ ഒരു ഹൃദയസമുദ്ധാരണവും സംവാഹനവുമായിരിക്കണം അവിടെ സംഭവിക്കേണ്ടത്. എഴുത്തു

കാരൻ തന്റെ അനുഭൂതിമണ്ഡലത്തിലേക്ക് സഹൃദയനെയും എത്തിക്കണം. ഹൃദയം ആനന്ദനിർഭരവും അഭിമാനപുളകിതവും ദൃഢതരവും ശ്രേഷ്ഠോന്മത്തവുമായ അവസ്ഥയിലെത്തിക്കുന്ന സാഹിത്യവും കലയും മാത്രമാണ്. ലോഞ്ജൈനസിന്റെ കാഴ്ചപ്പാടിൽ സംവാഹകദക്ഷമാകുന്നത്. ഒറ്റ വായനയ്ക്കും പ്രഥമദർശനത്തിനുമപ്പുറം ചിരസ്ഥായിയായ ആഹ്ലാദകത്വം അവശേഷമാക്കുന്നതെന്തോ അതാണ് ഉദാത്തമെന്നും അദ്ദേഹം വിശദമാക്കുന്നുണ്ട്. എത്ര ആസ്വദിച്ചാലും നിത്യഹരിതസൗന്ദര്യം അനുഭവമാക്കുന്ന കലയും സാഹിത്യവും ഉദാത്തം.

## സഭയുടെ സമീപനം

ക്രിസ്തുകാലം നാലുമുതൽ പതിനാലുവരെയുള്ള നൂറ്റാണ്ടുകൾ മധ്യശതക(Middle age)ങ്ങളെന്നാണ് യൂറോപ്യൻചരിത്രത്തിൽ അറിയപ്പെടുന്നത്. ആകമാന യൂറോപ്പ് ക്രൈസ്തവസഭയുടെ സമ്പൂർണാധിപത്യത്തിൽ പുലർന്നിരുന്നകാലം. പക്ഷേ, ഇരുണ്ടയുഗ(Dark age)മെന്ന് ഈ കാലഘട്ടത്തെ വിളിക്കുന്നവരുമുണ്ട്. കലയും സാഹിത്യവും ഔദ്യോഗികമായി ഈ സന്ദർഭത്തിൽ സഭയിൽ നിരോധിക്കപ്പെട്ടിരുന്നത്രേ. സഭ പൊതുവേ ഇതരവിശ്വാസ സംഹിതകളോട് സഹിഷ്ണുതകാട്ടിയിരുന്നില്ല എന്ന ആരോപണം ശക്തമാണ്. എന്നാൽ അതിനു പറയാൻ സഭയ്ക്ക് പല മറുപടികളുമുണ്ട്. ക്രിസ്തുസഭയുടെ ആദ്യകാലത്ത് യൂറോപ്പിൽ പൊതുവേ പേഗനിസമായിരുന്നു. ബഹുദേവാരാധന(Polytheism)യാണ് അന്നത്തെ രീതി. ലൈംഗികതയും മതാനുഷ്ഠാനങ്ങളും ഇഴചേർന്നുകിടന്നകാലം. ദേവപ്രീതിക്ക് നരബലിപോലും നിലവിലുണ്ട്. ഈശ്വര-മനുഷ്യബന്ധം വികലവ്യാഖ്യാനങ്ങൾക്കു വിധേയമായിരുന്നു. അപ്രീതി തോന്നിയാൽ ദൈവങ്ങൾ മനുഷ്യരെ, കുട്ടികളുടെ കൈയിൽപ്പെട്ട ഈച്ചകളെയെന്നോണം കൈകാര്യംചെയ്യുമത്രേ! ഇതിനൊരു തടയിടൽ, ഏകദൈവവിശ്വാസം(Monotheism) എന്ന സഭയുടെ ആശയത്തിന് ക്ഷിപ്രസാധ്യമല്ലായിരുന്നു. ഇവിടെ കർക്കശമായ സമീപനംതന്നെ സഭയ്ക്ക് വേണ്ടിവന്നു. അതുകൊണ്ട്, പേഗനിസ്റ്റ്വീക്ഷണമുള്ള കലയും സാഹിത്യവും സഭയുടെ കർക്കശസമീപനങ്ങൾക്കു വിധേയമായി. പലതും നിരോധിക്കേണ്ട അവസ്ഥയിൽ സഭ എത്തിച്ചേർന്നു. കുറെയധികംകാലത്തേക്ക് റോമൻ-യവന കൃതികൾ നിലവറയ്ക്കുള്ളിലായി. ചില ചരിത്രകാരന്മാർ പറയുന്നത്, വേദപുസ്തകവായനപോലും നിരോധിക്കപ്പെട്ടിരുന്നു എന്നാണ്. അതെന്തായാലും പിന്നീട് നവോത്ഥാനകാലത്ത് - സഭ സാർവത്രികമായി സ്വീകാര്യമായതിനുശേഷം ആ പഴയ സാഹിത്യവും കലാപ്രസ്ഥാനങ്ങളും പുനർജീവൻ കൈക്കൊണ്ടു. തുടർന്ന് സഭ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും കൈയയച്ചുപിന്തുണച്ചതും പ്രോത്സാഹിപ്പിച്ചതും ചരിത്രം.

ഭാരതീയസാഹിത്യദർശനങ്ങളും പൗരസ്ത്യകലാവീക്ഷണങ്ങളും പരിശോധനാവിഷയമാക്കേണ്ടതുണ്ട്. ഇവിടെ സാഹിത്യത്തിന്റെയും കലയുടെയും മുഖ്യധർമ്മം 'സഹൃദയഹൃദയാഹ്ലാദകത്വം' എന്നതായി അംഗീകരിക്കപ്പെട്ടിരുന്നു. സഹൃദയനെ ആസ്വദിക്കാൻ സൗകര്യപ്പെടുത്തുന്നതോടൊപ്പം, മൂല്യപ്രസാരണവും പരിഗണിക്കപ്പെട്ടിരുന്നു. ഉദ്ബോധനാത്മകമായിരിക്കണം കല. അത് മനുഷ്യമനസ്സുകളെ ഉന്നമിപ്പിക്കണമെന്ന ആശയത്തിനാണിവിടെയും പ്രാമുഖ്യമുണ്ടായിരുന്നത്. കലയും സാഹിത്യവും ഈശ്വരോപാസനയായിരുന്ന നമ്മുടെ നാട്ടിലെ ആദ്യകാലരചനകളെല്ലാം 'കീർത്തനസാഹിത്യം' എന്ന വിഭാഗത്തിൽപ്പെടുന്നു. പിന്നീടവയ്ക്ക് ദൃശ്യാവിഷ്കാരം കൈവന്നപ്പോഴും അവ ക്ഷേത്രസങ്കേതങ്ങളിൽ വളർന്നതായാണ് ചരിത്രം. മൂല്യപ്രസാരണികളായിരിക്കണം സാഹിത്യമെന്ന് ഭാരതീയദർശനം വെളിവാക്കുന്നുണ്ട്. വാല്മീകി എന്ന ആദികവിയുടെ കഥ നോക്കുക:

മാനസാന്തരംവന്ന കാട്ടാളനാണ് വാല്മീകി. പിടിച്ചുപറിക്കൽ തൊഴിലാക്കിയ പ്രാകൃതൻ. കൊള്ളയടിക്കപ്പെട്ട ഏതോ മുനിമാരുടെ നിർദേശം പ്രമാണിച്ചാണ് മരച്ചുവട്ടിൽ തപസ്സാരംഭിച്ചത്. പരിസരംമറന്നുള്ള കൊടുംതപസ്സ്! ഒടുവിൽ തപസ്വിയെ ചിതല്പ്പുറ്റ് വന്നുമൂടി. ചിതല്പുറ്റിന് സംസ്കൃതത്തിൽ വല്മീകം എന്നാണു വാക്ക്. വല്മീകത്തിൽനിന്നുണ്ടായവൻ വാല്മീകി. തപസ്സിനൊടുവിലാണ് കാട്ടാളൻ സന്ന്യാസിയായ കവിയായത് എന്ന വ്യാഖ്യാനം തീർച്ചയായും ചിന്തോദ്ദീപകമത്രേ. സന്ന്യാസിയല്ലാത്തവൻ കവിയല്ല–നാനൃഷികവി: പിന്നീട് ഇണക്കിളികളിലൊന്നിനെ അമ്പെയ്തുവീഴ്ത്തിയ മറ്റൊരു കാട്ടാളനെതിരേ ശക്തമായഭാഷയിൽ വാല്മീകി പ്രതികരിക്കുന്നു: 'മാനിഷാദ'... അരുത് കാട്ടാളാ, നീയിങ്ങനെ ക്രൗര്യം കാട്ടരുത്. ധർമ്മവാദിയായി മാറിയ സന്ന്യാസി, വിട്ടുവീഴ്ചയില്ലാതെ അനീതിയോട് പ്രതിഭാഷിക്കുന്നയാൾ. അയാളാണ് കവി. അയാൾക്ക് പ്രവാചകധീരതയുണ്ടാവും. അതൊക്കെ വാല്മീകിസംഭവം വ്യക്തമാക്കുന്നു.

ഇതൊക്കെയായിട്ടും വാല്മീകി ഉടനേയൊന്നും കാവ്യമെഴുതുന്നില്ല. ഒന്നിനോടുമുള്ള തത്ക്ഷണപ്രതികരണ(Immediate Response)മല്ല രചനയ്ക്കു പ്രചോദനമാകുന്നത്. അതിന് കാലത്തിന്റെ ദൈർഘ്യമാർന്ന കാത്തിരിപ്പു വേണ്ടിവരും. അനുഭവങ്ങളുടെമേലുള്ള നിഷ്ഠാപൂർണമായ അടയിരിക്കൽ എഴുത്തുകാരന് ആവശ്യമുണ്ട്. തത്ക്ഷണപ്രതികരണം കവിയുടെ രീതിയല്ല. അനുഭവങ്ങൾ അനുഭൂതിയായി പരിണമിക്കണം. അനുഭൂതിയുടെ ധർമ്മബോധപ്രചോദിതമായ ആവിഷ്കാരമാണ് സാഹിത്യം. അമ്പേറ്റുവീണ കിളിയുടെ ദുരന്തം അദ്ദേഹത്തിനു പ്രചോദനമായിട്ടുണ്ടാവാം.

എന്നിട്ടും, ദീർഘകാലത്തെ കാത്തിരിപ്പിനുശേഷമേ വാല്മീകി രാമായണംരചിക്കുന്നുള്ളൂ. 'കോന്വസ്മിൻ സാമ്പ്രതം ലോകേ, ഗുണവാൻ കശ്ചവീര്യവാൻ?' ഇപ്പോൾ ഈ ലോകത്തിൽ ഗുണവാനും നീതിമാനുമായി ആരാണുള്ളത്? അങ്ങനെയുള്ള ആളുകളെക്കുറിച്ചുമാത്രമേ തനിക്ക് കാവ്യമെഴുതാനാവൂ. ഉത്തമനായ മനുഷ്യൻമാത്രമേ, കാവ്യരചനയ്ക്ക് ആധാരപുരുഷനാകാൻ പാടുള്ളൂ. ഉത്തമനായ മനുഷ്യന്റെ യഥാതഥമായ ജീവിതാവിഷ്കാരമേ സാഹിത്യത്തിന് വിഷയമായിരിക്കൂ. ഇതാണ് സാഹിത്യത്തെയും കലയെയുംകുറിച്ചുള്ള ഭാരതീയദർശനം. ഉത്തമനായ മനുഷ്യനെത്തേടിയുള്ള അന്വേഷണാത്മകമായ അയനം വാല്മീകിയെന്ന കവിയെ രാമൻ എന്ന മഹിതവ്യക്തിയിലെത്തിച്ചു എന്ന ആശയംതന്നെ എത്ര ഉദാത്തമാണ്! അപൂർണമായതൊന്നും, അപക്വമായതൊന്നും, അവിശുദ്ധമായതൊന്നും രചനായോഗ്യമാകുന്നില്ല എന്ന ഭാരതീയ സാഹിത്യത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് സർവാദൃതമാകുന്നു.

### വ്യാസദർശനം

മഹാഭാരതമുൾപ്പടെ വേദവ്യാസൻ പതിനെട്ടുപുരാണങ്ങളെഴുതി. അവയെല്ലാം സോദ്ദേശ്യകങ്ങളും സന്ദേശവാഹകങ്ങളും മൂല്യപ്രസരണികളുമായിരുന്നു. വ്യാസകവിയുടെ മനസ്സ് അനാവരണംചെയ്യുന്ന ഒരു വിഖ്യാതശ്ലോകമുണ്ട്:

അഷ്ടാദശപുരാണത്താൽ
വ്യാസൻ ചൊന്നതൊന്നുതാൻ
'പരോപകാരമേപുണ്യം
പാപമേ പരപീഡനം'

പുണ്യപാപങ്ങളെക്കുറിച്ചുള്ള വ്യാസന്റെ കാഴ്ചപ്പാട് ഏറെ സുതാര്യവും ലളിതവുമാണ്. അപരന് നന്മ ചെയ്യുന്നതാണ് പുണ്യം, അവനു ദോഷമുണ്ടാക്കുന്നതെന്തോ, അതാണ് പാപം. സഹോദരന്മാരായ കൗരവപാണ്ഡവന്മാർ തമ്മിൽ നടക്കുന്ന പതിനെട്ടുദിവസത്തെ കുരുക്ഷേത്രയുദ്ധമാണ്. മഹാഭാരതകാവ്യത്തിന്റെ പതിനെട്ടുപർവങ്ങളിലുമായി വിവരിക്കപ്പെടുന്നത്. ആ യുദ്ധത്തിൽ ആരു ജയിച്ചു ആരു തോറ്റു. പാണ്ഡവന്മാർ ജയിച്ചു എന്ന് വേണമെങ്കിൽ സാങ്കേതികാർത്ഥത്തിൽ പറയാം. കാരണം അവരഞ്ചുപേരിൽ ആരും മരിച്ചില്ലല്ലോ. കൗരവന്മാർ നൂറ്റവരും യുദ്ധത്തിൽ ഒടുങ്ങി. അതുകൊണ്ട് അവരാണു തോറ്റതെന്നു പറയാം. പക്ഷേ, യുദ്ധാനന്തരവൃത്തംപറയുന്നത്, വിജയത്തിന്റെ ആഹ്ലാദംനുകരാൻ പാണ്ഡവർക്കു കഴിഞ്ഞില്ല എന്നാണ്. സ്വന്തം സഹോദരന്മാരെയാണ് കൊന്നത് എന്ന കുറ്റബോധവും ആത്മനിന്ദയും

അവരെ അനുനിമിഷം വേട്ടയാടുകയാണ്. രാജ്യം സ്വന്തമാക്കാനായിരുന്നല്ലോ ഈ മഹായുദ്ധം. പക്ഷേ, യുദ്ധത്തിനുശേഷം സിംഹാസമേറാൻ അവരിലാർക്കും മനസ്സു വരുന്നില്ല. അത്ര ഉത്കടമായിരുന്നു അവരുടെ മനഃസാക്ഷിക്കടി. പശ്ചാത്താപം അവരെ അതിക്രൂരം നായാടി. ഒരുതരം നിർവേദാവസ്ഥ അവരെ ഗ്രസിക്കുന്നു. ഒടുവിൽ അവരെല്ലാംചേർന്ന് തപസ്സിന്റെ അരൂപിയോടെ സർവവും വിട്ടൊഴിഞ്ഞ് സ്വർഗോന്മുഖമായി യാത്രനടത്തുകയാണ്... യുദ്ധത്തിൽ ആരും ജയിക്കുന്നില്ല..., എല്ലാവരും തോല്ക്കുന്നേയുള്ളൂ എന്നതാണ് മഹാഭാരതംനല്കുന്ന ഗുണപാഠം. ജീവിതത്തിലുണ്ടാകുന്ന ദുഃഖങ്ങളും ക്ലേശങ്ങളും സഹിച്ച്, ദൈവനിശ്ചയത്തിനു കീഴ്വഴങ്ങി ധീരമായി മുന്നോട്ടുപോകാൻ ശ്രമിക്കുന്നവന് ഒടുവിൽ അമേയമായ ആനന്ദംകൈവരുമെന്നാണ് ഭാസൻ, കാളിദാസൻ തുടങ്ങിയ നാടകകൃത്തുക്കളും രചനകളിലൂടെ വ്യക്തമാക്കുന്നത്.

## ദൃശ്യവും ശ്രാവ്യവും

കലയെ ദൃശ്യം (visual) എന്നും ശ്രവ്യം (audio) എന്നും ആചാര്യന്മാർ രണ്ടായി തിരിച്ചിട്ടുണ്ട്. കണ്ട് ആസ്വദിക്കാവുന്നത് ദൃശ്യവും കേട്ട് ആസ്വദിക്കാവുന്നത് ശ്രവ്യവും. രണ്ടും അതിവിദഗ്ധമായി സമന്വയിപ്പിക്കുന്നതാണ് പൊതുവേ ആസ്വാദകഹൃദ്യമാകുന്നത്. നാടകം, ചിത്രം, പ്രതിമാനിർമ്മാണം, നൃത്തം തുടങ്ങിയവ ദൃശ്യവിഭാഗത്തിന് ഉദാഹരണമാകുന്നു. സംഗീതവും സാഹിത്യവുമൊക്കെ ശ്രവ്യവിഭാഗത്തിൽ വരുന്നു. പൊതുവേ ആസ്വാദനക്ഷമമായ അറുപത്തിനാലു 'സുകുമാരകല'കളുണ്ടെന്ന് പണ്ഡിതന്മാർ പറയുന്നു. അതിൽത്തന്നെ ഭൗതികാവശ്യങ്ങളുടെ സാഫല്യത്തിനുതകുന്ന സാങ്കേതികവിദ്യയും വ്യാവസായികോത്പന്നങ്ങളുമടങ്ങുന്ന വിഭാഗത്തെ 'സോപയോഗകലകൾ' എന്നും വിശേഷിപ്പിക്കുന്നവരുണ്ട്.

ഭാഷയിലൂടെ നടത്തപ്പെടുന്ന രചനകളാണ് സാഹിത്യം. ഭാഷിക്കാനുള്ളതാണ് ഭാഷ. അതുകൊണ്ട് സംഭാഷണങ്ങളിലൂടെ ആശയാവിഷ്കരണംനടന്നാൽ ഭാഷയായി. അകൃത്രിമമായ ഭാഷയാണ് ഏറ്റവുംനന്നായി ആശയവിനിമയംസാധിക്കുന്നത്. എന്നാൽ, ചമത്കാരപൂർണമായ ഭാഷാരചനയാണ് സാഹിത്യത്തിനുചേരുന്നത്. വക്താവിന്റെ ആശയം ശ്രോതാവിനു മനസ്സിലായാൽ ഭാഷയുടെധർമ്മം പൂർത്തിയായി. എന്നാൽ രസാനുഭൂതി ഉളവാക്കുംവിധം ഭാഷയിലൂടെ ആശയംകൊണ്ടുവരുമ്പോഴാണ് സാഹിത്യംജനിക്കുന്നത്.

എന്താണു സാഹിത്യം? 'സഹിതഭാവമുള്ളതാണ് സാഹിത്യം' എന്നുപറയാറുണ്ട്. സഹിതഭാവമുള്ളത് എന്നാൽ, ചേർന്നിരിക്കുന്നത് എന്നാണർത്ഥം. എന്തിനോടു ചേർന്നിരിക്കുന്നത്? മനുഷ്യനോട്, ജീവിതത്തോടു ചേർന്നിരിക്കുന്നത്; അതാണ് സാഹിത്യം. മനുഷ്യന്റെ കഥയാണ് സാഹിത്യം എന്നർത്ഥം. സാഹിത്യത്തിന്റെ

ആധാരം മനുഷ്യനും അവന്റെ ജീവിതവുമാണ്. ഏതു കഥയും കവിതയും നാടകവും എടുത്തുനോക്കൂ: അതെല്ലാം മനുഷ്യന്റെ കഥയാണു പറയുന്നത്. അപ്പോൾ, മൃഗങ്ങളുടെയും പക്ഷികളുടെയുമൊക്കെ കഥ പറയുന്നത് സാഹിത്യമാകുമോ?, ആകും. കാരണം, ജന്തുകഥകളിലുംമറ്റും നമുക്ക് മനുഷ്യനെപ്പോലെ, മാനുഷികമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജന്തുക്കളെയും പക്ഷികളെയുമൊക്കെയാണ് കാണാൻകഴിയുന്നത്. അവ പ്രകടിപ്പിക്കുന്നത് മാനുഷികവികാരങ്ങൾ തന്നെയാണെന്ന് ശ്രദ്ധിച്ചാൽ വ്യക്തമാകും. സാഹിത്യത്തിൽ പരാമൃഷ്ടമാകുന്നത് നമുക്കുചുറ്റുമുള്ള ജീവിതയാഥാർത്ഥ്യങ്ങളാണ്, ജീവിതംതന്നെയാണ്. പക്ഷേ, അപ്പോഴുമോർക്കുക; ജീവിതവും ജീവിതത്തിൽകാണുന്നതും അങ്ങനെതന്നെ പകർത്തിയെഴുതിവച്ചാൽ സാഹിത്യമാവില്ല. ജീവിതത്തിന്റെ കലാസുന്ദരമായ പുനരവതരണമേ സാഹിത്യമാകൂ; അതുമാത്രമേ ആസ്വാദ്യമായി പരിണമിക്കൂ.

## സാഹിത്യേതര കലകൾ

ദേവാലയനിർമ്മാണം, ഭവനനിർമ്മാണം, പ്രതിമാനിർമ്മാണം, ചിത്ര-ശില്പരചന എന്നിവ 'സാഹിത്യേതര' കലകളിൽപ്പെടുന്നു. ദേവാലയനിർമ്മാണവിഭാഗത്തിൽ ക്ഷേത്രങ്ങളും പള്ളികളും വരും. ഇന്ത്യയിലെമ്പാടും വിസ്മയമുണർത്തുന്ന ക്ഷേത്രസമുച്ചയങ്ങൾ കാണാം. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ ദക്ഷിണേന്ത്യൻസംസ്ഥാനങ്ങളും ഉത്തരേന്ത്യ പൊതുവേയും ക്ഷേത്രസാന്നിദ്ധ്യത്താൽ ശ്രദ്ധേയങ്ങളത്രേ. കരിങ്കല്ലിലും മറ്റും തീർത്ത ദേവവിഗ്രഹങ്ങളും കൊത്തുപണികളും നമ്മുടെ സൗന്ദര്യബോധത്തിന്റെ തികവ് വിളിച്ചോതുന്നു. അജന്ത, എല്ലോറ, ഖജുരാഹോ തുടങ്ങിയ ഗുഹാക്ഷേത്രങ്ങളിലെ കൊത്തുപണികൾ വിശ്വപ്രസിദ്ധങ്ങളാണ്. അപൂർവമായ ചായക്കൂട്ടുകളിലെഴുതിയ വർണചിത്രങ്ങളും മ്യൂറൽ പെയിന്റിങ്ങുകളും അമൂല്യങ്ങളത്രേ.

## ക്രൈസ്തവദേവാലയ നിർമ്മിതിദർശനം

ക്രൈസ്തവദേവാലയ നിർമ്മിതിശാസ്ത്രം (Church Architecture) വിശദപഠനവും ചർച്ചകളും അർഹിക്കുന്നുണ്ട്. നമ്മുടെ ക്രൈസ്തവദേവാലയങ്ങളുടെ വിസ്മയനിർമ്മിതിക്ക് പാശ്ചാത്യദേവാലയങ്ങളുടെ നിർമ്മിതിശാസ്ത്രവുമായാണ് സാമ്യവും സാധർമ്മ്യവും. പ്രാർത്ഥനയ്ക്കണയുന്ന വിശ്വാസിയുടെ അന്തരാത്മാവിനെ ദൈവോന്മുഖമായി ഉയർത്തുകയാണ് ദേവാലയശില്പിയുടെ ദൗത്യം. കൂപ്പി ഉയർത്തിയ കരങ്ങളുടെ രൂപത്തിലുള്ള ദേവാലയമുഖപ്പുകൾ ശ്രദ്ധിക്കുക. സ്തൂപികാഗ്രിതരൂപത്തിലുള്ള ഗോത്തിക് ശൈലിയാണ് മിക്കയിടത്തും ദേവാലയനിർമ്മിതിയിൽ അനുവർത്തിക്കുന്നത്. ലാളിത്യമാണിവിടെ മുഖ്യമായും ദീക്ഷിക്കപ്പെടുന്നത്. അൾത്താര ദൈവസാന്നിധ്യത്തിന്റെ



ജീവത്സ്മരണം ആത്മാവിൽ അങ്കുരിപ്പിക്കണം. ബൈബിൾപശ്ചാത്തലവും ബൈബിൾപ്രതീകങ്ങളും ഇവിടെ സമൃദ്ധമായി പ്രയോജനപ്പെടുത്തുന്നു. ഗോത്തിക് ശൈലിക്കു പുറമേ, ലാറ്റിൻ (ബസിലിക്കൻ), ബൈസന്റയിൻ, റോമാനെസ്ക് തുടങ്ങിയവയും ദേവാലയനിർമ്മിതിയിൽ ഉൾച്ചേർക്കാറുണ്ട്. ബ്രഹ്മാന്തെ, മൈക്കലാഞ്ചലോ തുടങ്ങിയ അഭൗമകലാകാരന്മാരെ ഓർക്കുക. റോമിലെ സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ്, ലാറ്ററൻ, മേരിമേജർ തുടങ്ങിയ നാലു മുഖ്യ ബസിലിക്കകൾ ദിവ്യാനുഭൂതിയുണർത്തുന്ന ബ്രഹ്മാണ്ഡക്രൈസ്തവദേവാലയങ്ങളത്രേ. നോട്ടർഡാം കത്തീഡ്രൽ, ഫ്ളോറൻസ് കത്തീഡ്രൽ, ലൂർദ്ദ്, ഫാത്തിമാ തീർത്ഥാടനകേന്ദ്രങ്ങളിലെ ബസിലിക്കകൾ, ആംഗ്ലിക്കൻ സഭാവിഭാഗത്തിന്റെ വെസ്റ്റ് മിനിസ്റ്റർ, ആബി തുടങ്ങി നിരവധിദേവാലയങ്ങൾ, ദേവാലയവാസ്തുശില്പകലയുടെയും നിർമ്മിതിദർശനത്തിന്റെയും മഹിതനിദർശനങ്ങളാണ്.

## പ്രതിമാനിർമ്മാണം

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രതിമാനിർമ്മാണത്തിലും കനത്ത സംഭവാന ഉണ്ടായിട്ടുണ്ട്. ദൈവത്തിന് പ്രിയപ്പെട്ടവരായ പുണ്യാത്മാക്കളെ വണങ്ങുന്ന രീതി കത്തോലിക്കാ സഭയിലുണ്ട്. സർവശക്തനും പിതാവുമായ ദൈവത്തിനുനല്കുന്ന ആരാധനയ്ക്കെന്നപോലെതന്നെ, സഭ വിശുദ്ധരോടുള്ള വണക്കത്തിനും പ്രാമുഖ്യം

നല്കുന്നു. ഇതു രണ്ടും ഭിന്നങ്ങൾ തന്നെയാണെന്ന് സഭ, അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പഠിപ്പിക്കുന്നുമുണ്ട്. സാധാരണമനുഷ്യരായ നമുക്ക് വിശുദ്ധരുടെ ഛായാരൂപങ്ങൾ, മനസ്സിനെ ദൈവോന്മുഖമായി ഉയർത്താൻ സഹായിക്കുമെന്ന് കത്തോലിക്കാദൈവശാസ്ത്രം വ്യക്തമാക്കുന്നു. വിശുദ്ധർ നമ്മെപ്പോലെ മനുഷ്യരായി ഈ ഭൂമിയിൽ ജീവിച്ചവരാണ്. വീരോചിതമായ പുണ്യജീവിതംവഴി അവർ വിശുദ്ധപദങ്ങളിലേക്ക് ഉയർത്തപ്പെടുകയായിരുന്നു. അവരെ ആദരപൂർവം അനുകരിച്ച് നമുക്കും സ്വർഗ പഥങ്ങളിലെത്താം. അവരുടെ പുണ്യസ്മൃതികൾ മനസ്സിലുറപ്പിച്ചു നിറുത്താൻ ഈ പ്രതിമകൾക്കും ഛായാചിത്രങ്ങൾക്കും കഴിയും. അതുകൊണ്ടാണ് അവരുടെ രൂപങ്ങൾ നിർമ്മിക്കാൻ സഭ അനുവദിക്കുന്നത്. ഇവിടെ മൈക്കലാഞ്ചലോ, ലെയാർണോഡോ ദാവിഞ്ചി, റഫായേൽ തുടങ്ങിയ മഹാപ്രതിഭകളെ സാദരം നമുക്കോർക്കാം. ഒറ്റവെണ്ണക്കല്ലിൽ കൊത്തിയ പിയെത്താ, ദാവീദ്, മോസസ് തുടങ്ങിയ സുന്ദരശില്പങ്ങൾ ആരെയാണ് ഭക്ത്യാനുഭൂതികളിൽ ആമഗ്നരാക്കാത്തത്! അന്ത്യ അത്താഴം, അന്ത്യവിധി, ലോകസൃഷ്ടി തുടങ്ങിയവയുടെ വർണാഭമായ ചിത്രങ്ങൾ റോമിലെ വിശ്രുത വിസ്തൃതബസിലിക്കകളുടെ മച്ചകങ്ങൾ അതീവാകർഷകമാക്കുന്നു.

## കാറ്റക്കൂമ്പുകൾ (Catacombs)

ആദിമനൂറ്റാണ്ടുകളിൽ മതമർദ്ദനം നിലവിലിരുന്നകാലത്ത് പേഗൻമതങ്ങളിൽനിന്ന് ക്രിസ്ത്യാനികളായി പരിവർത്തനംചെയ്യപ്പെട്ടവരുടെ മൃതദേഹങ്ങൾ അതീവരഹസ്യമായി സംസ്കരിക്കേണ്ടിയിരുന്നു. ക്രിസ്ത്യാനികളാണെന്ന് അറിഞ്ഞുപോയാൽ, മൃതദേഹങ്ങളോടുപോലും അനാദരംകാട്ടാൻ മതവിരോധികൾ മടിക്കുകയില്ല. പാലസ്തീനയിലും മറ്റും പതിവുണ്ടായിരുന്നതുപോലെ, പാറകൾക്കിടയിലെ ഗുഹാകുടീരങ്ങളിൽ ആദ്യാകാലറോമൻ ക്രിസ്ത്യാനികളും മൃതദേഹം സംസ്കരണം നടത്തിയിരുന്നു. നാല്, അഞ്ച് നൂറ്റാണ്ടുകളിൽ ഇങ്ങനെ പാറകൾ തുരന്ന് ഉണ്ടാക്കിയിരുന്ന സെമിത്തേരികളാണ് കാറ്റക്കൂമ്പുകൾ എന്നറിയപ്പെടുന്നത്. ഭൂനിരപ്പിൽനിന്ന് 33 മുതൽ 49 അടിവരെ ആഴത്തിൽ നിർമ്മിക്കപ്പെട്ട കാറ്റക്കൂമ്പുകൾ കണ്ടെത്തി സംരക്ഷിച്ചുവരുന്നു. റോമിന്റെ അതിർത്തിപ്രദേശങ്ങളിലാണ് ഇവയുള്ളത്. പാറയ്ക്കടിയിൽ കുടുസ്സായ ഗ്യാലറികൾപോലെ വെട്ടിയൊരുക്കി മൂന്നും നാലും നിരകളായി കാറ്റക്കൂമ്പുകൾ നിർമ്മിച്ചിരിക്കുന്നു. അവിടെ പാറകൾ തുരന്നുണ്ടാക്കുന്ന ശിലാകുടീരങ്ങളിലേക്ക് മൃതദേഹങ്ങൾ കയറ്റിവച്ച് പാറകൊണ്ടുതന്നെ അടയ്ക്കുന്നു. പുറത്ത് പേരുവിവരം കൊത്തിവയ്ക്കും. ചിലവ പെയിന്റുകൾകൊണ്ട് വർണാഭമാക്കും. പൊതുവേ കാറ്റക്കൂമ്പുകളിൽ ഇരുണ്ട അന്തരീക്ഷമായിരിക്കും. പ്രകാശംപരത്താൻ ചെറിയചെരാതുകൾ വച്ചിരുന്നു.



വായു കടക്കാൻ ചെറിയദ്വാരങ്ങളുമുണ്ട്. മതവിരോധികളുടെ ദൃഷ്ടിയിൽപ്പെടാതിരിക്കാൻ ഇത്തരം സ്ഥലങ്ങൾ ആരുടെയും ശ്രദ്ധയിൽവരാതെ സൂക്ഷിച്ചിരുന്നു. വിശ്വാസികൾ പ്രാർത്ഥനയ്ക്കായി ഇവിടെ സമ്മേളിക്കും. പില്ക്കാലത്ത് ഉത്ഖനനം നടത്തി ഇത്തരം കാറ്റക്കൂമ്പുകൾ സംരക്ഷിക്കുന്ന രീതിയുണ്ടായി. സിൽവെസ്റ്റർ, കലിസ്റ്റർ, സെബാസ്റ്റ്യൻ തുടങ്ങിയ വിശുദ്ധരുടെ നാമത്തിലുള്ള കാറ്റക്കൂമ്പുകൾ ഇന്നും വിശ്വാസികൾ തീർത്ഥാടന കേന്ദ്രങ്ങളായി പരിഗണിക്കുന്നു. ഇവയിലെ നിർമ്മാണരീതിയുടെ പ്രത്യേകത, പാറയിൽ കൊത്തിയൊരുക്കി എന്നല്ലാതെ നിർമ്മാണസാമഗ്രികൾ ഒന്നും ഉപയോഗിച്ചിട്ടില്ല എന്നതത്രേ. പിയൂസ് പതിനൊന്നാമൻ പാപ്പായുടെ കാലത്ത് ഈ ഭൂഗർഭമൃതകുടീരങ്ങളിൽ വൈദ്യുതി എത്തിക്കുകയുണ്ടായി. നേപ്പിൾസ്, സിസിലി, സർദീനിയ, മാൾട്ടാ തുടങ്ങിയ സ്ഥലങ്ങളിലും കാറ്റക്കൂമ്പുകൾ കണ്ടെത്തിയിട്ടുണ്ട്. പരസ്യാരാധന സാധ്യമല്ലാതിരുന്ന ഘട്ടങ്ങളിൽ വിശ്വാസികൾ രഹസ്യത്തിൽ കാറ്റക്കൂമ്പുകളിൽ ഒത്തുകൂടി അപ്പംമുറിക്കൽ ശുശ്രൂഷകൾ നടത്തിയിരുന്നു അതുകൊണ്ടുതന്നെ ഇവയെ ദേവാലയങ്ങളായും പരിഗണിക്കാം. പ്രാകൃതവും പരിഷ്കൃത വാസ്തുശില്പതന്ത്രങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ളതുമായ കാറ്റക്കൂമ്പുകളുടെ നിർമ്മിതി ശൈലിയും നമ്മുടെ ദേവാലയനിർമ്മാണശാഖയുടെ ഭാഗമായി കണക്കാക്കാം.

## മിഷണറിസംഭാവന

കേരളത്തിലെ ഭാഷാസാഹിത്യവ്യാകരണങ്ങളിൽ വിദേശമിഷണിമാർ നല്കിയ അത്യുദാരമായ സംഭാവനകൾ ആർക്കു വിസ്മരിക്കാനാവും! ആത്മാവിലേറ്റുവാങ്ങിയ വചനപ്രഘോഷണദൗത്യവുമായി കടൽതാണ്ടി 16,17,18 നൂറ്റാണ്ടുകളിൽ അവരിവിടെയെത്തി. അതിനുമുമ്പും ഇവിടെ മിഷണറി സാന്നിദ്ധ്യമുണ്ടായിരുന്നതിന് രേഖകളുണ്ട്, പക്ഷേ, ഇപ്പറഞ്ഞ മൂന്നു നൂറ്റാണ്ടുകളിൽ കർമ്മലീത്താമിഷണറിമാർ കേരളത്തിന്റെ മത-സാംസ്കാരികമേഖലകളിൽ സമ്മാനിച്ച സംഭാവനകൾ അത്രമാത്രം കനത്തതാണ്. വേദപ്രചാരാർത്ഥം ഇവിടെയെത്തിയ മിഷണറിമാർക്ക് സാധാരണക്കാരെയാണ് മുഖ്യമായും ലക്ഷ്യമാക്കേണ്ടിയിരുന്നത്. ഇവിടെ നിലനിന്നിരുന്ന നിന്ദാപരമായ ജാതിവ്യവസ്ഥയുടെ തിക്തഫലങ്ങൾ അനുഭിക്കേണ്ടിവന്നവരുടെ ഉദ്ധാരണമായിരുന്നു മിഷണറിമാരുടെ ഉന്നം. അവർണർക്കും ഹീനജാതിക്കാരെന്നു കരുതപ്പെടുന്നവർക്കും സമൂഹത്തിന്റെ പുറമ്പോക്കുകളിലെങ്ങോ ആയിരുന്നു സ്ഥാനം. അവരെ മനുഷ്യരാക്കുകയായിരുന്നു മിഷണറിമാരുടെ ആദ്യയജ്ഞം. അധഃകൃതർക്കും മാനുഷികാന്തസ്സ് നിഷേധിപ്പെട്ടവർക്കും മിഷണറിമാർ അക്ഷരവെളിച്ചംനല്കി. പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം കെട്ടി. ആദ്യജനെയും ചണ്ഡാളനെയും ഒരേ ബെഞ്ചിലിരുത്തിയായിരുന്നു മിഷണറിമാരുടെ വിദ്യാദാനപ്രേഷിതത്വം

## ഗദ്യാതീത വ്യാകരണം

സാധാരണക്കാരന്റെ വ്യവഹാരഭാഷയായ ഗദ്യത്തിന്റെ അവസ്ഥ തുലോം പരിതാപകരമായിരുന്നു. ഗദ്യം പ്രാകൃതന്റെ ആശയപ്രകാശനോപാധിയാണെന്നു പറഞ്ഞ് അവഗണിക്കപ്പെട്ടിരുന്നകാലം. അതുകൊണ്ട് അതിന് നിയതമായ രൂപഘടനയോ ക്രമസംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. ഭാഷയുടെ ശാസ്ത്രമാണു വ്യാകരണം. ഭാഷ എങ്ങനെ കൈകാര്യംചെയ്യണമെന്നു വിധിക്കുന്നത് വ്യാകരണമാണ്. അങ്ങനെയൊരു വ്യാകരണവിധി ഇവിടത്തെ ഗദ്യത്തിന് ആദ്യമായി സംഭാവനചെയ്തത് വിദേശകർമ്മലീത്താമിഷണരിമാരാണ്. മലയാളഗദ്യത്തിന് പ്രഥമവ്യാകരണഗ്രന്ഥമെഴുതിയത് ഡോ. ആഞ്ചലോ ഫ്രാൻസിസ് ഒ.സി.ഡി.യാണ്. വരാപ്പുഴ വികാരിയാത്തിലെ പ്രഥമമെത്രാനാണ് (1700 മുതൽ 1712 വരെ) ഡോ. ആഞ്ചലോ ഫ്രാൻസിസ്. അദ്ദേഹംതന്നെയാണ് മലയാളത്തിലെ ആദ്യശബ്ദകോശത്തിന്റെയും കർത്താവ്. തുടർന്ന് ബിഷപ്പ് ജോൺ ദ് ബാപ്റ്റിസ്റ്റ് (1673-1750), ഫാ. സ്റ്റീഫൻ ഓഫ് സെന്റ് പീറ്റർ ആൻഡ് പോൾ (1692-1767), ഫാ. ജെമിനിയാനി ഓഫ് സെന്റ് ഒക്ടാവിയ (1702-1763) എന്നീ കർമ്മലീത്തരും ഗദ്യത്തിന് വ്യാകരണങ്ങളെഴുതി. ഈശോസഭാംഗമായ അർണോസ്പാതിരിയും (1681-1732) സംസ്കൃതവ്യാകരണമെഴുതിയ പണ്ഡിതവൈദികനാണ്.

വ്യാകരണത്തിൽ മാത്രമല്ല പുത്തൻപാനയും മറ്റു പദ്യസാഹിത്യത്തിലും അദ്വിതീയസംഭാവനകൾ നല്കിയ ഈശോ സഭാംഗമായ അർണോസ് പാതിരിയെപ്പറ്റി കേരളഭാഷാസാഹിത്യചരിത്രത്തിൽ ശ്രദ്ധേയമായ പരാമർശങ്ങളുണ്ട്. ഹൈന്ദവഭവനങ്ങളിൽ സന്ധ്യാനേരത്ത് രാമായണാദികൾ ഭക്തിപൂർവം പാരായണംചെയ്യപ്പെടുന്നത് അർണോസ്പാതിരി ശ്രദ്ധിച്ചു. അതുപോലൊരു കീർത്തന സാഹിത്യശാഖ കേരളത്തിലെ ക്രൈസ്തവർക്കായി അദ്ദേഹം ഉദ്ഘാടനംചെയ്തു. അർണോസ്പാതിരിയുടെ ഏറെ വിഖ്യാതമായ കീർത്തനകൃതിയാണ് പുത്തൻപാന. അത് സന്ധ്യകളിൽ, പ്രത്യേകിച്ച് വലിയ നോമ്പുകാലത്ത്, ക്രിസ്ത്യൻഭവനങ്ങളിൽ പരക്കേ പാരായണംചെയ്യപ്പെടുകയുണ്ടായി. പുത്തൻപാനയുടെ പന്ത്രണ്ടാംപാദമാണ്, 'അമ്മ കന്യാമണി തന്റെ നിർമ്മലദുഃഖങ്ങളിപ്പോൾ, നന്മയാലേ മനസ്സുറ്റു കേട്ടുകൊണ്ടാലും', എന്നാരംഭിക്കുന്ന മരിയവിലാപം. കുരിശിൽ മരിച്ച യേശുവിന്റെ മൃതമേനി മടിയിൽവച്ചുകൊണ്ട് അമ്മയായ മറിയംനടത്തുന്ന ഹൃദയഭേദകമായ വിലാപമാണ് ഈ പന്ത്രണ്ടാംപാദം. എന്നാൽ നതോന്നതവൃത്തത്തിലെഴുതിയ പന്ത്രണ്ടാംപാദം, പുത്തൻപാനയുടെ ഭാഗമല്ല, മറ്റൊരുകൃതിയാണ് എന്നു വാദിക്കുന്ന ഗവേഷകരുമുണ്ട്. ഉമ്മാപർവം, ചതുരന്ത്യം, വ്യാകുലപ്രബന്ധം, ജനോവപർവം തുടങ്ങിയ പദ്യരചനകളും അർണോസ്പാതിരിയുടെ വകയായുണ്ട്. സംസ്കൃതത്തിൽ കൈവരിച്ച അഗാധവ്യുത്പത്തികൊണ്ട്, ഇന്നാട്ടുകാരായ സംസ്കൃതപണ്ഡിതന്മാർ പലരും അർണോസ് പാതിരിയെ ഗുരുവായി കണ്ടിരുന്നുവത്രേ.

ഗദ്യത്തിലും പദ്യത്തിലും നിരവധി ഗ്രന്ഥങ്ങളെഴുതിയ മറ്റൊരു കർമ്മലീത്താ വൈദികനാണ് പൗലീനോസ് പാതിരി (1748–1806). പതിമൂന്നുകൊല്ലമേ അദ്ദേഹം കേരളത്തിലുണ്ടായിരുന്നുള്ളൂ. എങ്കിലും അതിവിപുലമായിരുന്നു പൗലീനോസിന്റെ വ്യക്തിബന്ധങ്ങൾ. ധർമ്മരാജാ എന്നറിയപ്പെട്ടിരുന്ന തിരുവിതാംകൂർ മഹാരാജവ് രാമവർമ്മയ്ക്ക് പൗലിനോസ് ഏറെ ആദരണീയനായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ വ്യാകരണം, ഇന്ത്യാ ഓറിയന്താലിസ്, ക്രിസ്ത്യാന (പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമതം), നൂറു പഴഞ്ചൊല്ലുകളുടെ ശേഖരം, മാർ ത്രേസ്യാ പുണ്യസ്ത്രീയുടെ ചരിത്രം, ദേവസ്യ ഷഡ്ചിഹ്നഗാനം എന്നിങ്ങനെ പലതുമുണ്ട്.

### മാർഗംകളി

ക്രൈസ്തവ ദൃശ്യകലാരൂപങ്ങളിൽ വിശ്രുതങ്ങളത്രേ മാർഗംകളിയും ചവിട്ടുനാടകവും. മാർത്തോമ്മായുടെ ഭാരതപ്രേഷിതത്വമാണ് മാർഗംകളിയുടെ ഇതിവൃത്തം. സുറിയാനി സംഗീതവും കർണാട്ടിക് സംഗീതവും സമൃക്കായി ഇതിന്റെ ആലാപനവിധികളിൽ സമന്വയിപ്പിച്ചിരിക്കുന്നു. മുണ്ടുംചട്ടയും മേക്കാമോതിരവുമണിഞ്ഞ സ്ത്രീകൾ

നിയതമായ താളത്തിൽ നടത്തുന്ന വട്ടത്തിലുള്ള ചുവടുവയ്പുകളാണ് ഇതിൽ. മധ്യ കേരളത്തിലെ ക്നാനായക്രൈസ്തവർക്കിടയിലാണ് കല്യാണതലേന്ന് മാർഗംകളി അരങ്ങേറിയിരുന്നത്. മാർഗംകളിക്കാരിൽ ഒരാൾ മുഖ്യഗായികയായി ചെറിയ ഇല ത്താളവുമായി അരങ്ങിന്റെ ഒരരികിൽ നിലയുറപ്പിക്കുന്നു. ഗായികയുടെ അപദാനഗീ തികളും വായ്ത്താരികളുമനുസരിച്ചാണ് നർത്തകരുടെ ചുവടുവയ്പ്. ആദ്യകാലങ്ങ ളിൽ പുരുഷന്മാർ മാത്രമായും മാർഗംകളി അവതരിപ്പിച്ചിരുന്നു. ആഘോഷാവസര ങ്ങൾ ഭക്തിദ്യോതകമാക്കാൻ നടത്തപ്പെട്ടിരുന്ന മാർഗംകളി 1984 മുതൽ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിലെ ഒരിനമാണ്.

### ചവിട്ടുനാടകം

കേരളത്തിന്റെ തീരപ്രദേശങ്ങളിലെ ലത്തീൻ ക്രൈസ്തവർക്കിടയിൽ വേരാഴ്ത്തി നിന്ന ഒരു അവതാരണകലാരൂപമാണ് ചവിട്ടുനാടകം. ചവിട്ടുനാടകത്തിന്റെ സാഹി ത്യരൂപ(Script)മാണ് 'ചുവടി' എന്നറിയപ്പെടുന്നത്. കേരളത്തിലെ കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവയും പാശ്ചാത്യരംഗകലയായ ഓപ്പറയും ഒരുമിച്ചുകൂടിയതാണ് ചവി ട്ടുനാടകം എന്ന് ചവിട്ടുനാടകത്തെപ്പറ്റി ഗവേഷണപഠനങ്ങൾ നടത്തിയ ശ്രീമതി സെബീ



നറാഫി നിരീക്ഷിക്കുന്നു. കഥാപാത്രങ്ങൾ പാട്ടുപാടി താണ്ഡവപ്രധാനമായ ചുവടുകൾവച്ച് ആടിക്കളിക്കുന്നതാണ് ഇതിന്റെ ശൈലി. രംഗവേദി ഇളക്കിപ്പറിക്കാൻപോരുന്ന ഉജ്ജ്വലമായ ചവിട്ടുകൾ ഇതിന്റെ രീതിയാണ്. വീരരസപ്രധാനരായ കഥാപാത്രങ്ങളാണ് മിക്കവാറും ചവിട്ടുനാടകങ്ങളിലുള്ളത്. അതിനാൽ ഇത്തരം ചവിട്ടുരീതികൾ ഉപയോഗിക്കാതെ വയ്യ. പക്ഷേ, അത് അങ്ങേയറ്റം ശാസ്ത്രീയവും ചിട്ടയോടുകൂടിയതുമായിരിക്കും. നടീനടന്മാർതന്നെ പാടുകയും അഭിനയിക്കുകയുംവേണം. ചെണ്ട, ഇലത്താളം, ക്ലാരനേറ്റ് എന്നിവയാണ് മുഖ്യ അകമ്പടിവാദ്യങ്ങൾ. ക്രൈസ്തവചരിത്രേതിവൃത്തങ്ങളും ബൈബിൾക്കഥകളുമാണ് ചവിട്ടുനാടകത്തിൽ പ്രായേണ സ്വീകരിച്ചിരിക്കുന്നത്. കാറൽസ്മാൻചരിത്രം, അഞ്ചേലിക്ക നാടകം, അൽഫോൺസ് നാടകം, ബൃശീനനാടകം എന്നിവ മുഖ്യചവിട്ടുനാടകചുവടുകളത്രേ. ചെല്ലാനം വി.എസ്. ആൻഡ്രൂസ് ഈ രംഗത്തെ അതികായനാണ്. കണ്ണഞ്ചിപ്പിക്കുന്ന വേഷവിധാനങ്ങളും രംഗസാമഗ്രികളും വേണമെന്നതിനാൽ ചവിട്ടുനാടകത്തിന്റെ അവതരണം ചെലവേറിയതായിരിക്കും. യുദ്ധങ്ങളും മറ്റും രംഗത്തവതരിപ്പിക്കുന്നതിനാൽ, ആയുധാഭ്യാസവും കളരി പഠനവും മെയ്‌വഴക്കവും നിർബന്ധമാണ്. വേദതത്ത്വപ്രചാരണമാണിതിന്റെ മുഖ്യലക്ഷ്യം.

### പരിചമുട്ടുകളി, ദേവാസ്തുവിളി

നമ്മുടെ തീരദേശങ്ങളിലും കടലോരഗ്രാമങ്ങളിലും നിലവിലിരുന്ന ആയോധനസമ്പ്രദായത്തിലുള്ള ഒരു ക്രൈസ്തവ കലാരൂപമാണ് പരിചമുട്ടുകളി. ആരോഗ്യദൃഢഗാത്രരായ ചെറുപ്പക്കാർ വാളും പരിചയുമേന്തി, പ്രത്യേകതാളക്രമം ദീക്ഷിച്ച് പാട്ടു



പാടി നടത്തിയിരുന്ന ഒരു നൃത്താവിഷ്കാരമാണ് പരിചമുട്ടുകളി. മാർത്തോമാ സ്തുതിപോലുള്ളവയായിരുന്നു മുഖ്യ ഇതിവൃത്തം. പാട്ടിനുപുറമേ, ദ്രുതതാളത്തിലുള്ള വായ്ത്താരികളുമുണ്ടാകും. മുമ്പിത് തിരുനാൾ പ്രദക്ഷിണത്തിലും വിവാഹം പോലുള്ള ആഘോഷാവസരങ്ങളിലും അവതരിപ്പിച്ചിരുന്നു. നീട്ടിമടക്കിക്കുത്തിയ മുണ്ടും ചുവന്നതുണികൊണ്ടുള്ള തലക്കെട്ടും പരിചമുട്ടുകലാകാരന്മാർ അണിഞ്ഞിരുന്നു. കളരിപ്പയറ്റിന്റെ ശൈലിയിലുള്ള ആയോധനാരൂപം പ്രകടം. രാഗം ചൊല്ലൽ, രാഗവന്ദനം, ചുവടുകൾ, വെട്ട് തുടങ്ങിയവയ്ക്ക് നേതൃത്വംവഹിക്കുന്നത് കളിക്കാരുടെ മധ്യത്തിൽ നില്ക്കുന്ന കളിയാശാനാണ്. സാധാരണക്കാരന്റെ ശൈലിയിൽ കഥപാടിയും നൃത്തമാടിയും ഇവിടെ നടത്തുന്നത് വേദപ്രഘോഷണംതന്നെ.

ദേവാസ്തുവിളിയും തീരദേശങ്ങൾ കേന്ദ്രീകരിച്ചു പ്രചരിച്ച ഒരു ഭക്ത്യാചരണമാണ്. വലിയ നോമ്പുകാലത്ത് സന്ധ്യകളിൽ കുരിശുമണികൊട്ടിക്കഴിയുമ്പോഴാണ് ദേവാസ്തുതിവിളി കലാകാരന്മാർ ഇതാരംഭിക്കുന്നത്. തികഞ്ഞ നിശ്ശബ്ദതയിൽനിന്നാണ് ദേവാസ്തുവിളിയുടെ ആലാപനവും പ്രാർത്ഥനാഭാഗങ്ങളുമുയരുന്നത്. തനിസംസ്കൃതത്തിലും പഴംതമിഴിലും ദേവാസ്തുവിളി നടത്തിയിരുന്നു. പീഡാനുഭവസ്മൃതികളുയർത്തി, കേൾവിക്കാരിൽ പ്രാർത്ഥനാനുഭൂതിയുണ്ടാക്കുകയാണ് ലക്ഷ്യം. വീട്ടുമുറ്റത്തും വിജനപ്രദേശങ്ങളിലും ഒരു മെഴുകുതിരിയുടെ വെളിച്ചത്തിൽ ദൃശ്യമാകുന്ന മരക്കുരിശു കേന്ദ്രീകരിച്ച് ദേവാസ്തുവിളി നടത്തുന്നു. പാതിരാവരെ പലസ്ഥലങ്ങളിലായി ഇതു നടത്തും. അന്യംനിന്നുകൊണ്ടിരിക്കുന്ന ഇത്തരം പ്രാചീന ക്രൈസ്തവ കലാരൂപങ്ങൾ നിലനിറുത്താൻ ഗോതുരുത്ത്, ആലപ്പുഴ 'കൃപാസനം' നടത്തുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമത്രേ.

### സഭയുടെ വീക്ഷണം

കലാസാഹിത്യാദികൾ സഭ വചനപ്രഘോഷണത്തിലും ആരാധനക്രമത്തിലും എന്നും യഥോചിതം സ്വാംശീകരിച്ചിട്ടുണ്ട്. സഭാധികാരികളായ മാർപാപ്പാമാർ കഴിവുറ്റ കലാകാരന്മാരെ എന്നും പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും അംഗീകരിച്ച് ആദരിക്കുകയും ചെയ്തിട്ടുമുണ്ട്. മാർപാപ്പാമാർ കലാകാരന്മാരുടെ സംരക്ഷകരായിരുന്നതായി ചരിത്രം പറയുന്നു. ദേവാലയനിർമ്മാണം, ചിത്രശില്പനിർമ്മാണം എന്നിവപോലെതന്നെ സംഗീതവും സഭയുടെ മുന്തിയ പരിഗണനയിലുണ്ടായിരുന്നു. നമ്മുടെ ആരാധനക്രമത്തിൽ സംഗീതത്തിന് വലിയ സ്ഥാനമുണ്ട്. ദിവ്യപൂജയ്ക്കും ആരാധനയ്ക്കും മറ്റുമായി ഗ്രിഗോറിയൻ ചാന്റ് പോലുള്ള സവിശേഷസംഗീത ആലാപനവിധികൾ സഭയ്ക്കുണ്ട്. 'ഒരുതവണ പാടുന്നയാൾ രണ്ടുതവണ പ്രാർത്ഥിക്കുകയാണ്' എന്നുപറഞ്ഞത് വിശുദ്ധ അഗസ്റ്റിൻ. സുപ്രസിദ്ധങ്ങളായ നിരവധി ദിവ്യകാരുണ്യഗീതികളുടെ രചയിതാവാണ് വേദപാരംഗതനായ വിശുദ്ധ തോമസ് അക്വിനാസ്.

ദേവാലയസംഗീതത്തിന് സഭ അങ്ങേയറ്റം ചിട്ടയോടുകൂടിയ മാർഗരേഖകൾതന്നെ കലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതും ഓർക്കുക.

## സഭാപ്രബോധനങ്ങളും മറ്റും

കലാവിഭാഗങ്ങൾ സുവിശേഷവത്കരണത്തിൽ പ്രയോജനപ്പെടുത്തുന്നതിനെ ആധാരമാക്കിയുള്ള സഭയുടെ ആശയങ്ങൾ രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിൽ വായിച്ചെടുക്കാം. 1962 മുതൽ 1965 വരെ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെയും അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് പോൾ ആറാമൻ മാർപാപ്പായുടെയും നേതൃത്വത്തിൽ വത്തിക്കാനിൽ നടന്ന മതമഹാസമ്മേളനമാണ് ചരിത്രത്തിൽ ഇടംപിടിച്ച രണ്ടാംവത്തിക്കാൻ കൗൺസിൽ. അതിന്റെ പതിനാറു പ്രമാണരേഖകളിൽ ഒന്നത്രേ, 'സഭ ആധുനിക ലോകത്തിൽ' (Gaudium et spes) അതിൽനിന്ന് പ്രസക്തമായ ചില ഭാഗങ്ങൾ:

'സാഹിത്യവും കലകളും അവയുടേതായ രീതിയിൽ സഭയുടെ ജീവിതത്തിൽ വളരെ പ്രാധാന്യമുള്ളവയാണ്. കാരണം, തങ്ങളെത്തന്നെയും ലോകത്തെയും അറിയാനും പരിപൂർണമാക്കാനുമുള്ള ഉദ്യമത്തിൽ ഇവ കൈകാര്യംചെയ്യുന്നവർ, മനുഷ്യന്റെ യഥാർത്ഥസ്വഭാവവും പ്രശ്നങ്ങളും അനുഭൂതികളും പഠിച്ചറിയാൻ പരിശ്രമിക്കുന്നു. ചരിത്രത്തിലും പ്രപഞ്ചത്തിലുമുള്ള മനുഷ്യന്റെ സ്ഥാനം വെളിപ്പെടുത്താനും അവന്റെ ദുരിതങ്ങളും സന്തോഷങ്ങളും ആവശ്യങ്ങളും കഴിവുകളും പ്രകാശിപ്പിക്കാനും കുറെക്കൂടി മെച്ചപ്പെട്ട ഒരു മനുഷ്യജീവിതം വരച്ചുകാട്ടാനുമുള്ള പരിശ്രമത്തിൽ അവർ (കലാകാരന്മാരും സാഹിത്യകാരന്മാരും) ഏർപ്പെട്ടിരിക്കുന്നു. അങ്ങനെ വിവിധ സ്ഥലകാലങ്ങളനുസരിച്ച് ബഹുവിധ കലാരൂപങ്ങളിൽ പ്രകടിതമാകുന്ന ജീവിതം അവർക്ക് ഉന്നമിപ്പിക്കാൻ കഴിയും... ഈ കലകൾ പരിപോഷിപ്പിക്കുന്നവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ സഭ അംഗീകരിക്കുന്നെന്ന് അനുഭവവേദ്യമാക്കാൻ ആവശ്യമായതെല്ലാം ചെയ്യേണ്ടതാണ്... നമ്മുടെ കാലത്തിനിണങ്ങിയ നവീന കലാരൂപങ്ങൾ സഭ അംഗീകരിക്കണം... മനുഷ്യമനസ്സിനെ ദൈവസന്നിധിയിലേക്കുയർത്താൻ ഈ കലാരൂപങ്ങൾക്കു കഴിയുമെങ്കിൽ, അവയെ വിശുദ്ധസ്ഥലത്തു സ്വീകരിക്കാവുന്നതാണ് (സഭ ആധുനിക ലോകത്തിൽ - 62).

'ആരാധനക്രമം' എന്ന പ്രമാണരേഖയും സഭയുടെ ഈ നിലപാടുകൾതന്നെ വ്യക്തമാക്കുന്നുണ്ട്. "ദൈവത്തിന്റെജനം പരിശുദ്ധരൂപിയുടെ ഐക്യത്തിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിന്റെ മൗതികശരീര(Mystical Body)മെന്ന നിലയിൽ പിതാവായ ദൈവത്തിന് പരസ്യാരാധന നല്കേണ്ടിയിരിക്കുന്നു. ആരാധനക്രമ

ത്തിന്റെ സിരാകേന്ദ്രം അൾത്താരയിലെ ദിവ്യബലിയാണെന്നും ഇതിൽ വിശ്വാസിക ളുടെ സജീവപങ്കാളിത്തം അവശ്യാവശ്യമാണെന്നും ലിറ്റർജിയെന്ന പ്രമാണരേഖ അനു സ്മരിപ്പിക്കുന്നു. ഇതിൽ കലയ്ക്കും സാഹിത്യത്തിനും ചിലതു ചെയ്യാനുണ്ട്. അതിൽത്തന്നെ തിരുകർമ്മസംഗീതത്തിന് സവിശേഷധർമ്മമുണ്ട്. തിരുകർമ്മചൈത ന്യത്തിന് അനുരൂപമായിരിക്കുന്നിടത്തോളം അത് ആരാധനക്രമത്തിൽ പ്രയോജന പ്പെടുത്തണം. 'കലകൾ സ്വഭാവത്താൽത്തന്നെ അനന്തമായ ദൈവികസൗന്ദര്യത്തിന് മാനുഷികയത്നത്തിലൂടെ പ്രകാശംനല്കുന്നു. മനുഷ്യമനസ്സിനെ ഭക്തിപൂർവം ദൈവ ത്തിങ്കലേക്കു തിരിക്കാൻ ഏറ്റവുംകൂടുതൽ സഹായകമെന്ന നിലയിൽ ദൈവത്തിനും അവിടത്തെ ഉപരിമഹത്ത്വത്തിനുമായി കലകൾ സമർപ്പിതങ്ങളാണ്... വൈദികാർത്ഥി കളെ വിശുദ്ധകലയുടെ ചരിത്രം, വളർച്ച എന്നിവയും കലാസൃഷ്ടികളുടെ അടിസ്ഥാ നമായിരിക്കേണ്ട ശരിയായ തത്ത്വങ്ങളും പഠിപ്പിക്കണം... അങ്ങനെ കലാസൃഷ്ടിയിൽ ഏർപ്പെട്ടിരിക്കുന്നവരെ ശരിയായ ഉപദേശങ്ങൾവഴി സഹായിക്കുന്നതിന് അവർ പ്രാപ്ത രാകുകയും ചെയ്യും. (ആരാധനക്രമം 122,129).

സാമൂഹികസമ്പർക്കമാധ്യമങ്ങൾ (Intermerifiea) പ്രമാണരേഖയും ഇത്തരുണ ത്തിൽ നമ്മുടെ ശ്രദ്ധയിൽ വരേണ്ടതുണ്ട്. സുവിശേഷവത്കരണത്തിൽ ആശയവിനി മയമാധ്യമങ്ങളായ അച്ചടിവിഭാഗവും (Print media), ദൃശ്യവിഭാഗവും (Visual media) തുല്യപ്രാധാന്യമർഹിക്കുന്നു എന്ന് ഈ പ്രമാണരേഖ വിലയിരുത്തുന്നു. പത്രം, സിനി മ, നാടകം, റേഡിയോ, ടെലിവിഷൻ എന്നിവ സർഗാത്മകമായി എങ്ങനെ വിനിയോ ഗിക്കണമെന്ന് ഈ ഡിക്രി പറയുന്നുണ്ട്. ഈ മേഖലയിൽ വ്യാപരിക്കുന്ന എഴുത്തു കാർ, നടീനടന്മാർ, ശില്പസാധകർ, നിർമ്മാതാക്കൾ, ഇതരനിരൂപകർ, കലാപ്രവർത്ത കർ, എന്നിവർ കൈക്കൊള്ളേണ്ട സമീപനംവരെ ഇവിടെ ചർച്ചചെയ്യുന്നുണ്ട്. കത്തോ ലിക്കാപ്രസിദ്ധീകരണങ്ങൾ സർവാത്മനാ പ്രോത്സാഹിക്കപ്പെടണം. വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും പ്രത്യേകം പ്രത്യേകം - പരിശീലന-പരിചയപ്പെ ടൽ സൗകര്യമുണ്ടാക്കണം. രൂപതാതലത്തിൽ പ്രത്യേക സമ്പർക്കമാധ്യമകേന്ദ്ര(Mass media)ങ്ങളും കലാപരിശീലനനിലയങ്ങളും സ്ഥാപിക്കപ്പെടണം. ഇത് മിക്കരൂപതക ളിലും ഇപ്പോൾ നിലവിലുണ്ടെന്നത് ശുഭോദർക്കമാണ്. അഖിലേന്ത്യാതലത്തിലും ആഗോളരംഗത്തും സഭയ്ക്കിതിന് ഇപ്പോൾ സംവിധാനങ്ങളുണ്ട്. സുഭഗസ്മരണാർഹ നായ പീയൂസ് പാപ്പായാൽ സമാരംഭിച്ച വത്തിക്കാൻ റേഡിയോ വചനപ്രഘോഷണ രംഗത്തുചെയ്യുന്ന സേവനങ്ങൾ നിസ്തുലങ്ങളത്രേ. വത്തിക്കാന്റെ ഔദ്യോഗിക പത്രം 'ഒസ്സെർവാത്തോരെ റോമാനോ' സഭാവാർത്തകളുടെ വിതരണവും

നയവിശദീകരണവും മാത്രമല്ല, മികവാർന്ന രീതിയിൽ സുവിശേഷകൈമാറ്റവും നടത്തുന്നുണ്ടല്ലോ.

### സഭയുടെ പ്രോത്സാഹനങ്ങൾ

സമകാലികരായ ക്രൈസ്തവ എഴുത്തുകാരും നടീനടന്മാരും വേദപ്രഘോഷണരംഗത്ത് കലാരൂപങ്ങളിലൂടെയും സാഹിത്യരചനകൾവഴിയും ചെയ്തുകൊണ്ടിരിക്കുന്ന പ്രേഷിതയത്നങ്ങൾ സഭയ്ക്ക് വലിയ മുതല്ക്കൂട്ടാണ്. ആ രംഗത്ത് നിസ്തുലസംഭാവനകൾ നല്കി മൺമറഞ്ഞുപോയ നിരവധി മഹിതവ്യക്തിത്വങ്ങളുണ്ട്. ആദരപൂർവം അവരെ അനുസ്മരിക്കുന്നതിൽ സഭ പ്രത്യേകംശ്രദ്ധിക്കുന്നുണ്ട്. ജീവിച്ചിരിക്കുന്ന കലാകാരന്മാരെയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിക്കാനും അംഗീകരിച്ചാദരിക്കാനുമായി കെ.സി.ബി.സി.യുടെ മാധ്യമകമ്മീഷൻവഴി വർഷംതോറും പുരസ്കാരങ്ങൾ നല്കിവരുന്നു.

കലയുടെയും സാഹിത്യത്തിന്റെയും അമേയമായ സ്വാധീനശക്തിയെപ്പറ്റി സഭ എന്നും ബോധവതിയായിരുന്നു. അതുകൊണ്ട് സുവിശേഷവത്കരണത്തിൽ അവ സജീവം ഉൾച്ചേർക്കാൻ സഭ എന്നും ദത്താവധാനയായിട്ടുണ്ട്. മാർപാപ്പാമാരുടെ വാത്സല്യപൂർണമായ സംരക്ഷണത്തിൽ കലാസപര്യം നടത്തിയിരുന്ന മഹാരഥന്മാരെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചുവല്ലോ. അവരുടെ ദൈവദത്തമായ സിദ്ധികൾ സഭ എന്നും ആദരപൂർവം കണക്കിലെടുത്തിട്ടുണ്ട്. പുരസ്കാരങ്ങളും ബഹുമതികളും നൽകി പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്.

### ഉപസംഹാരം

ക്രൈസ്തവകലാദർശനത്തിന് ഉള്ളുറപ്പ് നല്കുന്നത് ആദ്ധ്യാത്മികതതന്നെയാണ്. കലയും സാഹിത്യവും സന്ദേശവാഹിയും മൂല്യപ്രസാരണിയും പ്രചോദനദായിനിയുമായിരിക്കണം. കല കലയ്ക്കുവേണ്ടിയെന്നതല്ല, കല നല്ല ജീവിതത്തിനുവേണ്ടി എന്നതാണ് സഭയുടെ വീക്ഷണം. കല ദൈവികമായ സൗന്ദര്യപ്രകാശനോധിയാണെന്നും അതുകൊണ്ട് കലാകാരൻ ദൈവത്തിന്റെ മുഖ്യസഹകാരിയാണെന്നും പറയാം. ദൈവദത്തമായ കലാവാസന പ്രകടിപ്പിക്കുന്ന ഒരാൾ, ദൈവത്തോടുള്ള നന്ദിപ്രകാശനമായി അതു നിർവഹിക്കുന്നു. സദാശയങ്ങളുടെ രൂപവത്കരണത്തിനും നന്മയുടെ അനുവർത്തനത്തിനുമാണ് കല പ്രയോജനപ്പെടേണ്ടത്. അഹന്തയല്ല, വിനയമായിരിക്കണം കലാകാരന്റെ ആഭരണം.

സുവിശേഷവത്കരണമെന്നത് സൂക്ഷ്മാർത്ഥത്തിൽ, ദൈവത്തെ ആവിഷ്കരിക്കലാണ്. അനന്തകാരുണികനും അമേയ സ്നേഹനിധിയുമാണ് ദൈവം എന്ന ആശയമാണ് കലയും സാഹിത്യവും അവശേഷമാക്കേണ്ടത്. സ്നേഹത്തിലും സാഹോദ

ര്യത്തിലും സഹവർത്തിത്വത്തിലും മനുഷ്യർ പുലരണം. സേവനശുശ്രൂഷകളിലൂടെ ദൈവമഹത്ത്വം പ്രഖ്യാപിക്കണം. സാഹിത്യവും കലയും മൂർച്ചയുള്ള ഇരുതല വാൾപോലെയാണ്. അത് സൂക്ഷിച്ചുകൈകാര്യംചെയ്യണം. അല്ലെങ്കിൽ ആപത്തു വിതയ്ക്കും. ഉത്തമമായ കല മനുഷ്യമനസ്സ് ദൈവോന്മുഖമാക്കുന്നു. അനന്തസൗന്ദര്യമായ ദൈവത്തിൽ അലിഞ്ഞുചേരാൻ ഇടയാക്കുന്നു. എന്നാൽ അവിശുദ്ധവും അശ്ലീലവും അപക്വവുമായ കലാഭാസങ്ങൾ മനസ്സുകൾ വിഷമാക്കുന്നു. വികലഭാവനകളും ആപ്തകാരിയായ വികാരങ്ങളുമുദ്ദീപിപ്പിച്ച് മനസ്സു ദുഷിപ്പിക്കുന്നവയെ കല എന്നു വിശേഷിപ്പിക്കാനാവില്ല.

സുവിശേഷമില്ലാത്തിടത്ത് സുവിശേഷമെത്തിക്കുന്നതാണ് സുവിശേഷവത്കരണം (Evangalisation). ആധുനിക സാഹചര്യമനുസരിച്ച് പുതിയ ആശയതലങ്ങൾ സമ്മാനിക്കുംവിധം സുവിശേഷമെത്തിക്കുന്നതാണ് നവസുവിശേഷവത്കരണം (New Evangalisation) സുവിശേഷമറിഞ്ഞിട്ടും അതിന്റെ സദ്ഫലങ്ങൽ ലഭിക്കാത്തിടത്ത് വീണ്ടുമൊരിക്കൽക്കൂടി സുവിശേഷപ്രഭ വിതറുന്നതാണ് പുനഃസുവിശേഷവത്കരണം (Re Evangalisation). അതാണ് ഇപ്പോഴത്തെ ആവശ്യം. ഇത്തരം സുവിശേഷകൈമാറ്റത്തിന് സഭ നമ്മെ ക്ഷണിക്കുന്നു. അതിന് പുതിയ സങ്കേതങ്ങളും പുതിയ ശൈലിയും ആവശ്യമാണ്. അതുകൊണ്ട് സഭ കലയും സാഹിത്യവും പ്രയോജകീഭവിപ്പിക്കുന്നത് സർവദാ, സർവഥാ സുവിഷേഷഘോഷണത്തിനു തന്നെയായിരിക്കും. സഭ പുതിയ ആകാശവും പുതിയ ഭൂമിയും തേടുകയാണ്...

### പ്രവർത്തിക്കാൻ

1. മൂല്യപ്രസാരണികളായ കലയും സാഹിത്യവും കാലഘട്ടത്തിന്റെ ആവശ്യമാണെന്ന ആശയം പുരസ്കരിച്ച് ഒരു സിമ്പോസിയം നടത്തുക.

2. നമ്മുടെ ടിവി ചാനലുകൾ സംപ്രേഷണംചെയ്യുന്ന വാർത്താധിഷ്ഠിത പരിപാടികളും വിനോദപരിപാടികളും വിലയിരുത്തി, ഇവ ചെയ്യുന്നത് സാംസ്കാരികനവോത്ഥാനമാണോ എന്നു വിലയിരുത്തുക.

3. ആദർശസുരഭിലമായ ഒരു ഇതിവൃത്തം ലഘുനാടകമായോ സ്കിറ്റ് രൂപത്തിലോ എഴുതി അവതരിപ്പിക്കുക.

4. പ്രാചീന ക്രൈസ്തവ കലാരൂപമായ ചവിട്ടുനാടകം പുരസ്കരിച്ച് ഒരു സോദാഹരണ ക്ലാസ്സ് സംഘടിപ്പിക്കുക.

5. വിജ്ഞാനപ്രദമായ ഡോക്യുമെന്ററിയോ കലാമൂല്യമുള്ള ഫീച്ചർഫിലിമോ പ്രദർശിപ്പിച്ച് ഗുണദോഷവിചാരണ ചെയ്യുക.

6. ഇടവകയിൽ കലാരംഗത്തു പ്രവർത്തിക്കുന്നവരെ വിളിച്ചുചേർത്ത് അവരുടെ കലാസങ്കല്പങ്ങൾ പങ്കുവയ്ക്കാൻ അവസരമുണ്ടാക്കുക.

7. രൂപതയിലെ സമ്പർക്ക മാധ്യമകേന്ദ്രം സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ അടുത്തു പരിചയപ്പെടുക.

8. ഇടവകതലത്തിലോ ഫൊറോനാതലത്തിലെങ്കിലുമോ ഒരു മീഡിയ ലൈബ്രറി തുടങ്ങാൻ നിങ്ങൾക്കെന്തു ചെയ്യാനാവും?

7



# മരണവും
# മരണാനന്തരജീവിതവും



മനുഷ്യൻ എത്ര ഉന്നതനായാലും മരണത്തിനു വിധേയനാണെന്ന സത്യം മേരി ജോൺ തോട്ടത്തിന്റെ (സിസ്റ്റർ മേരി ബെനീഞ്ഞ) 'കവിതാരാമം' എന്ന കവിതയിലെ വരികളിൽ വ്യക്തമാണ്:

സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്രവിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തുശങ്ക?
വിസമ്മതങ്ങളൊന്നുമേഫലപ്പെടാ!.

മനുഷ്യനെ വിവക്ഷിക്കുന്ന മർത്യൻ എന്ന പദത്തിന്റെ അർത്ഥം 'മരണമുള്ളവൻ' അഥവാ 'മരിക്കേണ്ടവൻ' എന്നാണ്. ജർമ്മൻ താത്ത്വികനായ ഹൈഡഗർ മനുഷ്യനെ നിർവചിക്കുന്നത് ഇങ്ങനെയാണ്: 'മനുഷ്യൻ മരണത്തിനു സമർപ്പിക്കപ്പെട്ട ഒരു ജീവിയാണ്'. ചുരുക്കത്തിൽ, ഈ ലോകത്തിൽ ജനിച്ചിട്ടുള്ള ആർക്കും മരണത്തിൽനിന്നു മോചനമില്ല. കാരണം, മരണം സുനിശ്ചിതമാണ്.

'നാമെല്ലാവരും മരിക്കും; നിലത്തുവീണു ചിതറിയാൽ

തിരിച്ചെടുക്കാൻ വയ്യാത്ത വെള്ളംപോലെയാണ് നാം' (2 സാമു 14,14).

## മരണം എന്ന യാഥാർത്ഥ്യം

തുടക്കമുള്ള എന്തിനും ഒരു ഒടുക്കവുമുണ്ട്; മനുഷ്യരായാലും പ്രപഞ്ചത്തിലെ മറ്റു ജീവജാലങ്ങളായാലും. ആദിയും അന്തവുമില്ലാത്തവൻ ദൈവം മാത്രമാണ്. നിത്യനായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുകയും ദൈവിക ജീവനിൽ പങ്കുപറ്റുകയുംചെയ്യുന്ന മനുഷ്യന്റെ ആത്മാവ് (ഉത്പ 1,26.27) അനശ്വരമായി നിലകൊള്ളുന്നു. എന്നാൽ, പഞ്ചേന്ദ്രിയങ്ങൾക്കു വിധേയമാകുന്ന ശരീരത്തിന് ഒരു തുടക്കവും പരിധിയുമുള്ളതിനാൽ അത് നശ്വരമാണ്. ക്രൈസ്തവദൈവശാസ്ത്രമനുസരിച്ച് ശരീരത്തിൽനിന്നുള്ള ആത്മാവിന്റെ വേർപിരിയലാണ് മരണം. ശരീരശാസ്ത്രത്തിന്റെ വെളിച്ചത്തിലാകട്ടെ, കോശങ്ങളുടെ നാശമാണ് മരണത്തിനു കാരണമായിത്തീരുന്നത്.

ശരീരം ക്ഷയിച്ചുകൊണ്ടിരിക്കുന്നവേളയിലും പ്രഭാവത്തോടെ പ്രകടമാക്കപ്പെടുന്ന ഒരു ആന്തരികശക്തി എല്ലാ മനുഷ്യരുടെയുംതന്നെ ജീവിതത്തിൽ നമുക്കു ദർശിക്കാനാവും. വെല്ലുവിളികളുടെയും ശാരീരികപീഡനങ്ങളുടെയും നടുവിൽ തളരാതെ സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ടിട്ടുള്ള രക്തസാക്ഷികളുടെയും നേതാക്കന്മാരുടെയും ജീവിതവും ശാരീരിക-മാനസിക പീഡനങ്ങൾക്കും അംഗവൈകല്യങ്ങൾക്കു നടുവിലും ജ്വലിച്ചുനില്ക്കുന്ന മാതൃസ്നേഹവും പിതൃസ്നേഹവും മേല്പറഞ്ഞ ആന്തരികശക്തിക്ക് ഉത്തമോദാഹരണങ്ങളാണ്.

പഞ്ചേന്ദ്രിയങ്ങൾക്കു വിധേയമാകുന്ന ശരീരം നശ്വരമാണെന്നു നാം കണ്ടു. നശ്വരതയുടെ പൂർണതയാണ് മരണം. ശരീരം നശ്വരതയ്ക്കു വിധേയമാകുമ്പോഴും ആത്മാവ് പ്രഭയോടെ നിലകൊള്ളുമെന്നും നാം മനസ്സിലാക്കിയല്ലോ. ആത്മാവിന്റെ ഈ നിലനില്പ് മരണാനന്തരവും തുടരുന്നു എന്നത് സ്വാഭാവികംമാത്രം.

### പ്രവർത്തനം 1

### ലോകശ്രദ്ധ പിടിച്ചുപറ്റിയ ഏതാനുംപേരുടെ അന്തിമമൊഴികൾ ശ്രദ്ധിക്കുക

“ക്രിസ്ത്യാനി ജീവിതം വെള്ളംപോലെ കുടിക്കുമെങ്കിൽ മരണം സ്വാദുള്ള വീഞ്ഞുപോലെ ആസ്വദിക്കും”. - ജി.കെ.ചെസ്റ്റർട്ടൺ.

“ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ടസമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെകിരീടം ഒരുക്കിയിരിക്കുന്നു. നീതി

പൂർവം വിധിക്കുന്ന കർത്താവ് ആ ദിവസം അതെനിക്കു സമ്മാനിക്കും; എനിക്കുമാത്രമല്ല, അവന്റെ ആഗമനം സ്നേഹപൂർവം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും" (2 തിമോ 4,6-8).

"എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി, 1,21).

"ഞാൻ ദൈവവുമായുള്ള എന്റെ ഭയാനകമായ അഭിമുഖീഭവിക്കൽ പ്രതീക്ഷിച്ചു കിടക്കുന്നു" (ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാവായ മാവോ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹെൻറി കിസിംഗറോട്).

"ഇപ്പോഴത്തെ എന്റെ സഹനത്തിൽ എന്റെ തത്ത്വശാസ്ത്രത്തിനുപോലും ദൈവത്തെക്കൂടാതെ എന്നെ രക്ഷിക്കാൻ സാധ്യമല്ല" (ജർമൻ നാസ്തികനായ ഷോപ്പൻഹോവർ തന്റെ ഡോക്ടറോട്).

"അനേകം ഡോക്ടറുമാരുടെ പരിചരണത്തോടെ ഞാൻ മരിക്കുന്നു. ഞാൻ ലെനിനെ വിഷംകൊടുത്തുകൊന്നു. ട്രോഡ്സ്കിയെ ചാരന്മാരെ അയച്ച് വധിച്ചു. എന്റെ അധികാരം നിലനിർത്താൻവേണ്ടി അമ്പതുലക്ഷംപേരെ ഞാൻ കൊന്നൊടുക്കി. ഇപ്പോൾ എനിക്ക് ജീവിക്കാനും മരിക്കാനും ഭയമാണ്. എന്റെ നിഴലിനെപ്പോലും ഭയപ്പെടുന്നു. ഇതാ ഞാൻ അന്ധകാരത്തിലേക്കു പതിക്കുന്നു" - കമ്മ്യൂണിസ്റ്റ് നേതാവായ സ്റ്റാലിൻ.

"എന്റെ മരണസമയം സമീപിച്ചിരിക്കുന്നു. നിങ്ങൾ പാട്ടുപാടുവിൻ, മരണം എന്ന സോദരീ, നീ ഇത്ര മാധ്യുര്യപൂർണയാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ലല്ലോ"- വിശുദ്ധ ഫ്രാൻസിസ് അസ്സീസി.

ഒരു മിലിട്ടറിജനറൽ തന്റെ സ്മാരകശിലയിൽ ഇപ്രകാരം എഴുതണമെന്ന് അഭ്യർത്ഥിച്ചു. "ഇവിടെ ഒരു ഭോഷൻ കിടക്കുന്നു". അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തോടു ചോദിച്ചു: "അപ്രകാരം രേഖപ്പെടുത്തണം എന്ന് ആവശ്യപ്പെടാൻ കാരണമെന്താണ്?" ജനറൽ പറഞ്ഞു: "ഈ ഭോഷൻ എല്ലാകാര്യങ്ങളെയുംകുറിച്ച് ചിന്തിച്ചു. എന്നാൽ മരണാനന്തരജീവിതത്തെക്കുറിച്ചുമാത്രം ചിന്തിച്ചില്ല".

### പ്രവർത്തനം 2

ഇതുപോലെ, സന്തോഷത്തോടെ മരണംവരിക്കുന്നവരും ഭീതിയോടും, സംഭ്രമ ത്തോടുംകൂടെ മരണം നോക്കിക്കാണുന്നവരുമുണ്ട്. മേല്പറഞ്ഞവരുടെ അന്തിമമൊഴി കളുടെ വെളിച്ചത്തിൽ, അവരുടെ ജീവിതം എപ്രകാരമുള്ളതായിരുന്നെന്ന് ഗ്രൂപ്പുതി രിഞ്ഞ് വിലയിരുത്തുക.

ഒരിക്കൽ ഒരു പേർഷ്യൻരാജാവ് ലോകത്തിലെ വലിയ പണ്ഡിതന്മാരെ വിളി ച്ചിട്ട് അവരോട് ഒരു ചോദ്യംചോദിച്ചു: “ഒരു മനുഷ്യന് ഈ ലോകത്തിൽ അഭിമുഖീ കരിക്കേണ്ട എറ്റവും വലിയ ദുഃഖമെന്താണ്?” സംരക്ഷിക്കാൻ ആരുമില്ലാത്ത വാർദ്ധ ക്യമാണ് ഏറ്റവും വലിയ ദുഃഖമെന്ന് ഒരു ഗ്രീക്ക് താത്വികൻ പറഞ്ഞു. ആശ്വസിപ്പി ക്കാൻ ആരുമില്ലാത്ത വേദനയാണ് ഏറ്റവുംവലിയ ദുഃഖമെന്നാണ് പേർഷ്യൻ പണ്ഡി തൻ മറുപടികൊടുത്തത്. എന്നാൽ ഒരു ഇന്ത്യൻ പണ്ഡിതൻ അഭിപ്രായപ്പെട്ടത്, സുകൃ തജീവിതം കൂടാതെയുള്ള മരണമാണ് ഒരു മനുഷ്യന് അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവുംവലിയ ദുഃഖം. അദ്ദേഹത്തിന്റെ ഉത്തരം സമ്മാനർഹമായി.

മനുഷ്യജീവിതം സമയബന്ധിതമാണ്. നമ്മുടെ ജീവിതം സാക്ഷാത്കാരത്തിലേ ക്കെത്തിക്കുന്നതിന് പരിമിതമായ സമയമേ നമുക്കുള്ളൂ. മർത്യതയെപ്പറ്റിയുള്ള സ്മരണ ജീവിതം ശരിയായവിധത്തിൽ കുരുപ്പിടിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

### മരണവും മരണാനന്തരജീവിതവും വിവിധ മതങ്ങളുടെ കാഴ്ചപ്പാടിൽ

ഹൈന്ദവവീക്ഷണമനുസരിച്ച്, മനുഷ്യജീവിതത്തിന്റ ലക്ഷ്യം ഈ ലോക ത്തിൽനിന്ന് മുക്തിപ്രാപിച്ച് പരമാത്മാവിൽ (ബ്രഹ്മത്തിൽ) ലയിക്കുക എന്നതാണ്. ലോകത്തിലുള്ളതെല്ലാം മായയാണെന്നും ശരിയായ ജ്ഞാനവും ധ്യാനവുംവഴി ആത്മ ബോധമുള്ളവരായി ഇതിൽനിന്നെല്ലാം മുക്തിപ്രാപിക്കാമെന്നും ഹിന്ദുമതം പഠിപ്പി ക്കുന്നു.

മനുഷ്യന്റെ തിന്മകളുടെയെല്ലാം മൂലകാരണം ആഗ്രഹമാണെന്നും അതിനാൽ ആഗ്രഹത്തിൽനിന്നും നിർവാണംപ്രാപിക്കുകയാണ് മനുഷ്യജീവിതലക്ഷ്യമെന്നും ബുദ്ധമതം പഠിപ്പിക്കുന്നു.

മരണാനന്തരമുള്ള വ്യക്തിഗതസൗഭാഗ്യമാണ് ജീവിതലക്ഷ്യമെന്ന് ഇസ്ലാംമതം പഠിപ്പിക്കുന്നു.

കൺഫ്യൂഷനിസം ആത്മസംയമനത്തിലും മാവോയിസം നിഷ്കാമമായ ജീവിതത്തിലുമാണ് മുക്തി എന്നു നിർദ്ദേശിക്കുന്നു.

ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കുന്നത്, ലൗകികജീവിതത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും ദൈവത്തോടൊത്തുള്ള വാസമാണ് മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമെന്നുമൊക്കെയാണ്. സുകൃതജീവിതം നയിച്ചുകൊണ്ട് മരണാനന്തരം ദൈവസന്നിധിയിലെത്തിച്ചേരാമെന്നും ഈ ചിന്തകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

## മരണാനന്തരജീവിതം-യഹൂദവീക്ഷണത്തിൽ

മരണാനന്തരജീവിതത്തെക്കുറിച്ച് യഹൂദമതത്തിൽ കേന്ദ്രീകൃതമായൊരു പഠനമില്ല. ചരിത്രത്തിലുടനീളം അവരുടെ വിശ്വാസങ്ങൾ പരിണാമവിധേയമായിക്കൊണ്ടിരുന്നതായിക്കാണാം. ആദിമകാലത്ത് മരണാനന്തരജീവിതത്തെക്കുറിച്ച് യഹൂദരുടെ ജ്ഞാനം തീർത്തും അവ്യക്തമായിരുന്നു. മരിച്ചവർ കുഴിമാടങ്ങളിൽ വസിക്കുന്നുവെന്നാണ് അവർ വിശ്വസിച്ചിരുന്നത്. മരിച്ചവർക്ക് ഒരു പൊതുവായ സ്ഥലമുണ്ടെന്ന വിശ്വാസത്തിന് കാലക്രമേണ പ്രചാരംലഭിച്ചു. മരണാനന്തരം മനുഷ്യൻ ചെന്നുപറ്റുന്ന ഈ പൊതുസ്ഥലത്തെ പാതാളം (Sheol) എന്നാണവർ പറഞ്ഞിരുന്നത്. പാതാളം ഭൂമിക്കും സമുദ്രങ്ങൾക്കുമിടയിലുള്ള അത്യഗാധമായ ഒരു ഗർത്തമാണെന്നായിരുന്നു പൊതുവായവിശ്വാസം. ബി.സി.6-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെയാണ്, ദൈവം നീതിമാനായതുകൊണ്ട് ജീവിതത്തിന്റെ നന്മയോ തിന്മയോ അനുസരിച്ച് മരണാനന്തരപ്രതിഫലം കിട്ടുമെന്നവിശ്വാസം യഹൂദമതത്തിൽ പ്രചരിച്ചുതുടങ്ങിയത്. യഹൂദരുടെ വീക്ഷണത്തിൽ നരകം നിത്യമല്ല, ഒരു ശുദ്ധീകരണ സ്ഥലം മാത്രമാണ്, പറുദീസ മരണാനന്തരസമ്മാനത്തിന്റെ പ്രതീകവും. മനുഷ്യാത്മാവിന്റെ അനശ്വരതയും ഉത്ഥാനവും യഹൂദമതത്തിന്റെ കാതലായ വിശ്വാസങ്ങളാണ്.

## മരണാനന്തരജീവിതം-ക്രൈസ്തവവീക്ഷണത്തിൽ

ക്രിസ്തീയവീക്ഷണത്തിൽ, ക്രിസ്തുവിന്റെ തിരുവുത്ഥാനം മരണത്തിന്റെമേലുള്ള പരിപൂർണവിജയമാണ്. ഉത്ഥാനവും മരണാനന്തരജീവിതവും ക്രൈസ്തവവിശ്വാസജീവിതത്തിന്റെ കേന്ദ്രതത്ത്വമാണ്. യേശു തിരുവുത്ഥാനം ചെയ്തുകൊണ്ട് മരണത്തിന്മേൽ പരിപൂർണവിജയം വരിച്ചെന്ന് സുവിശേഷകന്മാർ എല്ലാവരും രേഖപ്പെടുത്തിയിരിക്കുന്നു (മത്താ. 28,1-10; മർക്കോ 16,1-8, ലൂക്കാ24,1-12; യോഹ 20,1-10; അപ്പ 1,3.4; 1 കോറി 15,4-8).

ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും" (യോഹ 12,24).

മരണം നിത്യമായ ഭവനത്തിലേക്കുള്ള യാത്രയാണെന്ന് യേശുതന്നെ വ്യക്തമാക്കുന്നു.

"ഞാൻ ജീവനും ഉത്ഥാനവുമാകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്നിൽ വിശ്വാസമർപ്പിച്ചു ജീവിക്കുന്നവൻ നിത്യമായി മരിക്കുകയില്ല" (യോഹ 11,25.26).

മരണത്തെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം സഭയുടെ ആരാധനക്രമത്തിലും സവിശേഷമായി പ്രകാശിപ്പിക്കപ്പെടുന്നു.

"കർത്താവേ, അങ്ങേ വിശ്വസ്തതരുടെ ജീവിതത്തിന് അവസാനമുണ്ടാകുന്നില്ല, മാറ്റം വരുന്നുവെന്നേയുള്ളൂ. ഞങ്ങളുടെ ഭൗമികവാസം അവസാനിക്കുമ്പോൾ സ്വർഗത്തിൽ ഞങ്ങൾക്ക് ശാശ്വതമായ വാസസ്ഥലം ലഭിക്കുന്നുവല്ലോ!"

(Roman Missal, Preface of Christian Death)

## ക്രിസ്തുവിന്റെ മരണം

മനുഷ്യാവതാരമെടുത്ത ദൈവപുത്രൻ മരണവിധേയനായി എന്ന വസ്തുത നാലു സുവിശേഷങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ക്രൈസ്തവകാഴ്ചപ്പാടിൽ മരണം എന്ന യാഥാർത്ഥ്യത്തിന് ഉൽകൃഷ്ടമായ അർത്ഥവും വ്യാപ്തിയും കൈവന്നത് മനുഷ്യപുത്രന്റെ മരണത്തോടെയാണ്. വചനം മനുഷ്യപ്രകൃതി സ്വീകരിച്ചപ്പോൾ അതിന്റേതായ മർത്യതയും മറ്റെല്ലാ ബലഹീനതകളും കൈക്കൊണ്ടു. ലോകപാപങ്ങൾ തന്നിൽ സംവഹിച്ച ബലിവസ്തുവായ ക്രിസ്തുനാഥൻ പാപത്തിന്റെ ഫലങ്ങളും സ്വയം ഏറ്റെടുത്തു. അങ്ങനെ ക്രിസ്തുവിന്റെ മരണം രക്ഷാകരപ്രവൃത്തിയുടെ പരകോടിയായിമാറി. പാപകരമായ ഈ ലോകത്തിൽനിന്ന് പിതാവിന്റെ പക്കലേക്കുള്ള കടന്നുപോകലായി ക്രിസ്തു മരണത്തെ മാറ്റിയെടുത്തു. തന്റെ മരണത്തിലൂടെ ജീവിതവും മരണവും തമ്മിലുള്ള അകല്ച്ച അവിടന്നു മാറ്റിക്കളഞ്ഞു.

"നമ്മിലൊരുവനും തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നില്ല, തനിക്കുവേണ്ടിമാത്രം മരിക്കുന്നില്ല. നാം ജീവിക്കുന്നെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാകുന്നു. എന്തെന്നാൽ, ജീവിക്കുന്നവരുടെയും മരിച്ചവരുടെയും കർത്താവായിരിക്കുന്നതിനാലാണ് അവിടന്ന് മരിച്ചതും ഉത്ഥാനംചെയ്തതും" (റോമ 14,7-9).

അതുകൊണ്ടുതന്നെ, ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതവും മരണവും ഒന്നുപോലെ അനുഗ്രഹപ്രദമാണ്.

## ക്രിസ്തുവിന്റെ തിരുവുത്ഥാനം

ക്രിസ്തുവിന്റെ തിരുവുത്ഥാനമാണ് അവിടത്തെ മരണം അർത്ഥപൂർണമാക്കുന്നത്. തെയ്യാർദ് ഷെർദ്ദാന്റെ വീക്ഷണത്തിൽ, ക്രിസ്തു മരണത്തെ കീഴടക്കിയിരിക്കുന്നു. അതിന്റെ ദൂഷ്യഫലങ്ങൾ അമർച്ചചെയ്തിരിക്കുന്നു. മരണത്തിന്റെ മാരകമായ വിഷം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിലൂടെ ജീവാമൃതമായി മാറിയിരിക്കുന്നു. നാം ഇനിമേൽ മരണത്തിനുള്ളവരല്ല, പ്രത്യുത, മരണം നമ്മുടെ അവകാശമാണ്.

"യേശു ഉത്ഥാനംചെയ്തു" എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുക? കല്ലറയിൽ സംസ്കരിച്ച അവിടത്തെ ശരീരം വീണ്ടും ജീവൻ പ്രാപിച്ചു എന്നാണോ? തീർച്ചയായും അല്ല. ലാസറും നായിമിലെ വിധവയുടെ പുത്രനും ജായ്റോസിന്റെ പുത്രിയുമെല്ലാം പുനർജീവിക്കപ്പെടുകയാണു (Resuscitation) ചെയ്തത്. വീണ്ടും മരണത്തിനു വിധേയമായിക്കൊണ്ടുതന്നെയാണ് അവർ ജീവിതത്തിലേക്കു മടങ്ങിവന്നത്. എന്നാൽ, യേശുവിന്റെ കാര്യത്തിൽ സംഭവിച്ചത് ഉത്ഥാനമാണ് (Resurrection), പുനർജീവൻ പ്രാപിക്കലല്ല. ഉത്ഥാനം സ്ഥലകാലങ്ങളിലേക്കുള്ള അവിടത്തെ തിരിച്ചുവരവല്ല, സ്ഥലകാലത്തിനതീതമായി രൂപാന്തരം പ്രാപിക്കലാണ്. പ്രാപഞ്ചികതലത്തിൽനിന്ന് ദൈവികതലത്തിലേക്കുള്ള പ്രവേശനമാണത്.

## യേശു ഉയിർത്തു എന്നതിനു തെളിവായി ബൈബിൾ എടുത്തുകാട്ടുന്ന തെളിവുകൾ

- ശൂന്യമായ കല്ലറ
- യേശുവിന്റെ മൃതശരീരത്തിൽ ചുറ്റിയിരുന്ന ശീല കല്ലറയിൽ കാണപ്പെട്ടത്.
- ഉത്ഥാനത്തിനുശേഷമുള്ള പ്രത്യക്ഷീകരണങ്ങൾ

യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രമാണ്. എന്നുമാത്രമല്ല, മരിച്ചവരുടെ ഉത്ഥാനത്തെക്കുറിച്ചുള്ള പഴയനിയമവിശ്വാസം പുതിയനിയമവും അംഗീകരിക്കുന്നുണ്ട്. മർത്തായുടെ വാക്കുകൾ ഇതിന് ഉദാഹരണമാണ്:

"അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ എന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് എനിക്കറിയാം" (യോഹ 11,24).

അപ്പസ്തോലപ്രവർത്തനങ്ങളിൽ ഫരിസേയരുടെ പുനരുത്ഥാനപ്രത്യാശയപ്പെറ്റി പരാമർശിക്കുന്നതു കാണുക:

"നീതിമാന്മാർക്കും നീതിരഹിതർക്കും പുനരുത്ഥാനമുണ്ടാകും എന്നാണ് ദൈവത്തിലുള്ള എന്റെ പ്രത്യാശ. ഇവരും ഇതുപോലെതന്നെ പ്രത്യാശിക്കുന്നവരാണ്" (അപ്പ 24,15). പഴയ നിയമവിശ്വാസംകൊണ്ട് അവസാനിക്കാതെ ക്രിസ്തുവിന്റെ തിരുവുത്ഥാനത്തിന്റെ വെളിച്ചത്തിൽ വികസിക്കുന്നതാണ് പുതിയനിയമത്തിലെ ഉത്ഥാനവിശ്വാസം.

## മരണാനന്തരജീവിതം - യേശുവിന്റെ പഠനങ്ങളിൽ

യേശുവിന്റെ സമകാലികർക്ക് ഒരു ഭൗതികവീക്ഷണമാണ് മരണാനന്തര ജീവിതത്തെക്കുറിച്ചുണ്ടായിരുന്നത്. എന്നാൽ, യേശുവിന്റെ ചിന്താഗതി ഇതിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള യേശുവിന്റെ പഠനങ്ങൾ അവിടത്തെ വാക്കുകളിലും അന്യാപദേശങ്ങളിലുംനിന്ന് മനസ്സിലാക്കാവുന്നതാണ്.

മരണാനന്തരജീവിതത്തെക്കുറിച്ച് ക്രിസ്തു നടത്തുന്ന ചില പരാമർശങ്ങൾ കാണുക:

1. യഥാർത്ഥനിക്ഷേപം (മത്താ 6,19.20)
2. ഇടുങ്ങിയവാതിൽ (മത്താ 7,13-14)
3. പത്തുകന്യകമാരുടെ ഉപമ (മത്താ 25,1-13)
4. പത്തുനാണയങ്ങളുടെ ഉപമ (ലൂക്കാ 19,12-29)
5. ധനവാന്റെയും ലാസറിന്റെയും കഥ (ലൂക്കാ 16,19-31)
6. കുരിശിൽവച്ച് നല്ല കള്ളനു കൊടുക്കുന്ന വാഗ്ദാനം (ലൂക്കാ 23:43).

ഇവയെല്ലാം മരണാനന്തരജീവിതം സംബന്ധിക്കുന്നതാണ്. പലപ്പോഴും യേശു തന്റെ തിരുവുത്ഥാനം മുൻകൂട്ടി പ്രഖ്യാപിക്കുന്നതായും സുവിശേഷങ്ങളിൽ കാണാം.

## യേശു മരിച്ചവരെ ഉയിർപ്പിക്കുന്നു

യേശു മരിച്ചവരെ ഉയിർപ്പിക്കുന്ന മൂന്നുസംഭവങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജായ്റോസിന്റെ പുത്രിയെ (മത്താ 9,18-36), നായിമിലെ വിധവയുടെ ഏകപുത്രനെ (ലൂക്കാ, 7,11-16), യേശുവിന്റെ സ്നേഹിതനായ ലാസറിനെ (യോഹ 11,1-44). ജീവനും തിരുവുത്ഥാനവുമായ ക്രിസ്തുവിന് സാക്ഷ്യംവഹിക്കുന്ന അടയാളങ്ങളാണ് ഈ അദ്ഭുതങ്ങൾ.

### മരിച്ചവരുടെ ഉത്ഥാനം

മരിച്ചവരുടെ ഉത്ഥാനംസംബന്ധിച്ച വെളിപാട് ദൈവം തന്റെ ജനത്തിന് പടിപടിയായാണു നല്കിയത്. ആത്മാവും ശരീരവുമുള്ള സമ്പൂർണമനുഷ്യന്റെ സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസത്തിന്റെ ആന്തരികപരിണതഫലമാണ്, മരണമടഞ്ഞവരുടെ ശാരീരികമായ ഉത്ഥാനത്തിലുള്ള പ്രത്യാശ. "ക്രിസ്തു മരിച്ചവരിൽനിന്ന് സത്യമായി ഉയിർത്ത് നിത്യമായി ജീവിക്കുന്നതുപോലെ അവസാനദിവസം എല്ലാവരെയും അതുപോലെ അനശ്വരമായ ശരീരത്തോടെ ഉയിർപ്പിക്കും; "നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിലേക്കും തിന്മചെയ്തവർ വിധിയുടെ ഉയിർപ്പിലേക്കും" (യോഹ 5,28-29).

### മരണാനന്തര അവസ്ഥകൾ

### ശുദ്ധീകരണസ്ഥലം

ശുദ്ധീകരണം ആവശ്യമായി വരുന്നത് പാപമുള്ളിടത്താണ്. പാപമില്ലാത്തവരായി ദൈവതിരുമുമ്പിൽ ആരുമില്ല. മോചിക്കപ്പെടാത്ത ലഘുപാപങ്ങളും അതുപോലെതന്നെ ക്ഷമിക്കപ്പെട്ട പാപങ്ങളുടെ കടവും, അവ നമ്മിൽ ഏല്പിച്ച കറകളുംനീക്കാൻ കാലിക ശിക്ഷയിലൂടെയുള്ള ശുദ്ധീകരണം ആവശ്യമാണ്. അശുദ്ധമായ ഒന്നിനും പരമപരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുക സാധ്യമല്ല (വെളി 21,27). അതുകൊണ്ട് സ്വർഗത്തിലേക്കു സ്വീകരിക്കപ്പെടുന്നതിനുമുൻപ് പരേതനായ ആത്മാക്കൾ തങ്ങളുടെ സകലപാപക്കറകളിലുംനിന്നു ശുദ്ധീകരിക്കപ്പെട്ട് നിർമലമാകുന്നതിന് ശുദ്ധീകരണസ്ഥലത്തിലൂടെ കടന്നുപോകേണ്ടതുണ്ട്.

ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ഈ പ്രബോധനം സഭയുടെ ഔദ്യോഗികപഠനങ്ങളിൽപ്പെട്ട ഒരു വിശ്വാസസത്യ(dogma)മാണ്. അതുകൊണ്ട് ശുദ്ധീകരണസ്ഥലം ഉണ്ടോ ഇല്ലയോ എന്ന സംശയത്തിന് അവകാശമില്ല. എന്നാൽ, സ്ഥലം എന്നതിനെക്കുറിച്ചോ കാലയളവ് എന്നതിനെക്കുറിച്ചോ ശിക്ഷയുടെ അഥവാ പീഡനത്തിന്റെ സ്വഭാവം എന്നതിനെക്കുറിച്ചോ എല്ലാം എങ്ങനെയാണ് നാം മനസ്സിലാക്കേണ്ടത് എന്നതിൽ വ്യത്യസ്ത കാഴ്ചപ്പാടുകളുണ്ടാകാം. ശുദ്ധീകരണസ്ഥല കാലം, വേദനയുടെ കാഠിന്യം എന്നിവയ്ക്ക് അമിതപ്രാധാന്യംനല്കാതെതന്നെ ശുദ്ധീകരണസ്ഥലത്തെക്കുറിച്ചും അവിടെ വേദനയനുഭവിക്കുന്ന ആത്മാക്കളെക്കുറിച്ചും സ്നേഹത്തോടെ ഓർക്കാനും വിശ്വാസപൂർവം അവർക്കുവേണ്ടി ദിവ്യബലികളർപ്പിച്ച് പ്രാർത്ഥിക്കാനും ദാനധർമ്മങ്ങളും പരിഹാരപ്രവൃത്തികളുംചെയ്ത് അവർക്കായി കാഴ്ചവയ്ക്കാനും നമുക്കുകഴിയും.

## ശുദ്ധീകരണസ്ഥലം നിർവചനം

"ദൈവവുമായുള്ള സൗഹൃദത്തിൽമരിക്കുന്നവർ, അവരുടെ, നിത്യരക്ഷ സംബന്ധിച്ച് ഉറപ്പുള്ളവരെങ്കിലും സ്വർഗീയഭാഗ്യത്തിൽ പ്രവേശിക്കാൻ വീണ്ടും ശുദ്ധീകരണത്തിന്റെ ആവശ്യമുള്ളവരാണ്. ഈ അവസ്ഥയെയാണ് ശുദ്ധീകരണസ്ഥലമെന്നതുകൊണ്ടുദ്ദേശിക്കുന്നത്" (CCC.1030) ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് വിശുദ്ധർ പറയുന്നത് കേൾക്കുക:

"ശുദ്ധീകരണസ്ഥലത്തിലെ അഗ്നി അതിന്റെ കാഠിന്യത്തിൽ നരകാഗ്നിക്കു സമം തന്നെയാണ്. ആ അഗ്നിസ്പർശം എത്ര ചെറുതായിരുന്നാൽപ്പോലും ഈ ലോകത്തിലെ സമസ്തവേദനകളെക്കാളും ഭയാനകമാണ്" (വിശുദ്ധ തോമസ് അക്വിനാസ്).

"സ്വർഗത്തിലേക്കു സ്വീകരിക്കപ്പെടുന്നതിനുമുമ്പ് പരേതരായ ആത്മാക്കളെ അവരുടെ പാപക്കറകളിൽനിന്നു ശുദ്ധീകരിക്കുന്നതിനായി, ലോകത്തിൽ ഒരിക്കലും ദർശിച്ചിട്ടില്ലാത്തതും അനുഭവിച്ചിട്ടില്ലാത്തതും ഊഹിക്കാൻപോലും സാധ്യമല്ലാത്തതും എല്ലായിടത്തേക്കും തുളച്ചുകയറുന്നതും ഭയാനകവുമായ അഗ്നിയിലൂടെ കടത്തിവിടുന്നു. ആത്മാക്കളെ ശുദ്ധീകരിക്കാനും നിർമലരാക്കാനുംവേണ്ടിയുള്ളതാണെങ്കിലും ഈ ലോകത്തുവച്ച് സഹിക്കാവുന്നവേദനകളെക്കാൾ എത്ര ശക്തമാണത്!" (വിശുദ്ധ അഗസ്റ്റിൻ) "വിധിദിവസംവരെ ഭൂമിയിലെ എല്ലായാതനകളും സഹിക്കുന്നതാണ്, ശുദ്ധീകരണസ്ഥലത്ത് ഒരുദിവസം കഴിയുന്നതിനെക്കാൾ ഭേദം!" (അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിൾ).

തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമശുദ്ധീകരണത്തെ സഭ 'ശുദ്ധീകരണസ്ഥലം' (Purgatory) എന്നുവിളിക്കുന്നു. ശപിക്കപ്പെട്ടവരുടെ ശിക്ഷയിൽനിന്ന് അത് തികച്ചും വിഭിന്നമാണ്. ശുദ്ധീകരണസ്ഥലം സംബന്ധിച്ച സഭയുടെ പ്രബോധനങ്ങൾ പ്രത്യേകമായും ഫ്ളോറൻസിലെയും ട്രെന്റിലെയും സൂനഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ടവയാണ്.

ലഘുവായകുറ്റങ്ങൾ സംബന്ധിച്ചിടത്തോളം അവസാനവിധിക്കുമുൻപ് ഒരു ശുദ്ധീകരണാഗ്നിയുണ്ടെന്ന് നാം വിശ്വസിക്കണം. പരിശുദ്ധാത്മാവിനെതിരേ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ വരും യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്നും സത്യം തന്നെ ആയവൻ പറയുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും എന്നാൽ മറ്റുചിലത് വരാനുള്ള യുഗത്തിലും ക്ഷമിക്കപ്പെടില്ലെന്നും ഈ വാചകത്തിൽനിന്നു നാം മനസ്സിലാക്കുന്നു.

## വിധി

ഒരിക്കൽ ബൾഗേറിയായിലെ രാജാവ് രാജ്യത്തുള്ള കലാകാരന്മാരോട്, ആരു കണ്ടാലും ഭയപ്പെടുന്ന ഒരു ചിത്രം വരയ്ക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ, കലാകാരന്മാർക്ക് അതിനു സാധിച്ചില്ല. ബൾഗേറിയായുടെ പ്രേഷിതനായ വിശുദ്ധ മെത്തോഡിയൂസ് വിധികർത്താവായ ക്രിസ്തുവിന്റെ രൂപംവരച്ചുകൊണ്ട് രാജാവിന്റെ പക്കലെത്തി. രാജാവ് ചിത്രം കണ്ടപ്പോൾ ഭയാധീനായി ആ ചിത്രം എന്താണെന്നു ചോദിച്ചു. അത് ലോകാവസാനത്തിലെ വിധികർത്താവായ ക്രിസ്തുവിന്റെ ചിത്രമാണെന്നു പറഞ്ഞപ്പോൾ, രാജാവും കുടുംബാംഗങ്ങളും മാത്രമല്ല, രാജ്യത്തിലെ പ്രജകളും ക്രിസ്തുമതം അവലംബിക്കുകയുണ്ടായി.

വിധി എന്ന വാക്കിന്റെ അർത്ഥം കല്പന, ആജ്ഞ, കോടതി ഉത്തരവ്, തീർപ്പ്, നിർമാണം, സൃഷ്ടി എന്നെല്ലാമാണ്. മനുഷ്യന്റെ നല്ലതും മോശവുമായ എല്ലാ പ്രവൃത്തികളും അവയുടെ നന്മതിന്മകൾ ആധാരമാക്കി വിധിക്കപ്പെടണമെന്നും നന്മയ്ക്ക് പ്രതിസമ്മാനവും തിന്മയ്ക്ക് ശിക്ഷയും ലഭിക്കണമെന്നുമുള്ള തികച്ചും സ്വാഭാവികമായ ധാർമികനിയമത്തിൽനിന്നാണ് ഇത്തരമൊരു വിധി ആവശ്യമായി വരുന്നത്. ഭൂമിയിൽ മനുഷ്യന്റെ വിധികൾ പരിമിതങ്ങളും അപക്വങ്ങളും സത്യവിരുദ്ധങ്ങളുമാകയാൽ മരണാനന്തരജീവിതത്തിൽ വസ്തുനിഷ്ഠമായ വിധിയെ ആധാരമാക്കി സമഗ്രവും സമ്പൂർണവുമായൊരു പ്രതിഫലംലഭിക്കുക നീതിപൂർവകമാണ്.

## രണ്ടുവിധത്തിലുള്ള വിധി

ഒരു മനുഷ്യാത്മാവിന് രണ്ടുവിധത്തിലുള്ള വിധി അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

### 1. തനതു വിധി

ഒരു വ്യക്തി മരിച്ചുകഴിയുമ്പോൾ ഉടൻതന്നെ തനതുവിധി നടക്കും. അതിൽ ആ വ്യക്തി ജീവിതകാലത്തു ചെയ്തിട്ടുള്ള സകല സൽകൃത്യങ്ങളും ദുഷ്കൃത്യങ്ങളും സ്വാധീനം ചെലുത്തും. കാലത്തിന്റെ ഉപമ (മത്താ 25,14-29), ലാസറിന്റെയും ധനവാന്റെയും ഉപമ (ലൂക്കാ 16,19-31) എന്നിവ തനതുവിധിക്ക് ഉദാഹരണങ്ങളാണ്.

വിശുദ്ധന്മാർപോലും വിധിയെ ഭയപ്പെട്ടിരുന്നതായി താഴെക്കാണുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു:

➢ വിശുദ്ധഗ്രന്ഥത്തിന്റെ ലത്തീൻപരിഭാഷ നിർവഹിച്ച വിശുദ്ധ ജെറോം കല്ലെടുത്ത് മാറിടത്തിൽ ഇടിച്ചുകൊണ്ട് "കർത്താവേ, വിധിയുടെദിവസത്തിൽ എന്നോട് കരുണ തോന്നണമേ" എന്നു പ്രാർത്ഥിച്ചിരുന്നു.

➢ വിശുദ്ധ ഫിലിപ്പ്നേരി, ഒരു കഠിനപാപിയെ മാനസാന്തരപ്പെടുത്താൻവേണ്ടി അയാളോടു പറഞ്ഞു: ഇന്നുരാത്രി കിടക്കുന്നതിനുമുൻപ് കിടക്കയിൽ മുട്ടുകുത്തി ഇന്നു മരിക്കുകയാണെങ്കിൽ ഞാൻ പാപാവസ്ഥയിലാണ്, തന്നിമിത്തം ഈശോ എന്നെ വിധിക്കുമ്പോൾ എനിക്കു നരകമാണു ലഭിക്കുക എന്ന് മൂന്നുപ്രാവശ്യം പറഞ്ഞിട്ട് കിടന്നുറങ്ങണം അയാൾ രണ്ടുപ്രാവശ്യം അപ്രകാരം പറഞ്ഞു. മൂന്നാംപ്രാവശ്യം പറയാൻ അയാൾക്കു സാധിച്ചില്ല. അയാൾ ഉടനടി എഴുന്നേറ്റ് ഫിലിപ്പ് നേരിയുടെ അടുക്കൽചെന്ന് മുഴുവൻ കുമ്പസാരം നടത്തി, പുതിയ വ്യക്തിയായിത്തീർന്നു.

## 2. പൊതുവിധി

ലോകാവസാനത്തെയും പൊതുവിധിയെയുംപറ്റി സമാന്തര സുവിശേഷകന്മാർ (മത്തായി, മർക്കോസ്, ലൂക്കാ) മൂന്നുപേരും പരാമർശിച്ചിട്ടുണ്ട് (മത്താ: 24,29-35; മർക്കോ 13,24-37; ലൂക്കാ 21,25-37).

മത്താ 25,31-46 സുവിശേഷഭാഗം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നത് സഹോദരങ്ങളിൽ ക്രിസ്തുവിനെ ദർശിച്ച് സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നത് നമ്മെ നിത്യ സൗഭാഗ്യത്തിനർഹരാക്കും എന്നാണ്. അപ്രകാരം ചെയ്യാതിരിക്കുന്നത് നിത്യ ശിക്ഷയ്ക്കു കാരണമാകും.

1979-ൽ സമാധാനത്തിനുള്ള നോബൽസമ്മാനം ലഭിച്ച മദർ തെരേസായുടെ വിജയകാരണം "ഈ ചെറിയവരിൽ ഒരുവനുചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തത്" എന്ന ക്രിസ്തുവിന്റെ വചനം പ്രാവർത്തികമാക്കിയതാണ്.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ 25-ാം അദ്ധ്യായത്തിലുള്ള പത്തുകന്യകമാരുടെ ഉപമ പൊതുവിധിയെ സൂചിപ്പിക്കുന്നു. അവിടെ ഭോഷത്തികളായ കന്യകമാർ വിളക്കിനോടുകൂടെ എണ്ണ എടുക്കാതിരുന്നതിനാൽ പരിത്യക്തരായി. ദൈവസ്നേഹവും സഹോദരസ്നേഹവുമാണ് ഇവിടെ വിവക്ഷിക്കുന്നത്.

(മത്താ 22, 34-40; മർക്കോ 12,28-34; ലൂക്കാ 10,25-28; 1 കോറി 13, 1-3 എന്നീ ബൈബിൾ ഭാഗങ്ങളെല്ലാം വിശുദ്ധിയുടെ സാരസംഗ്രഹമെന്തെന്ന് നമ്മെ പഠിപ്പിക്കുന്നു).

വെളിപാടുപുസ്തകത്തിൽ നാം വായിക്കുന്നു: "മരിച്ചവരെല്ലാം വലിയവരും ചെറിയവരും സിംഹാസനത്തിനുമുൻപിൽ നില്ക്കുന്നതു ഞാൻ കണ്ടു. ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു, മറ്റൊരു ഗ്രന്ഥവും തുറക്കപ്പെട്ടു. അതു ജീവന്റെ ഗ്രന്ഥമാണ്. ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന പ്രവൃത്തികൾക്കനുസൃതം മരിച്ചവർ വിധിക്കപ്പെടും" (വെളി 20,12) ഈ വചനങ്ങളെല്ലാം ഓരോ മനുഷ്യനും ദൈവതിരുമുൻപിൽ നേരിടാൻപോകുന്ന വിധി ഓർമപ്പെടുത്തുന്നു.

## സ്വർഗം

"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (മത്താ 25,34).

'സ്വർഗം' എന്നാൽ പരമോന്നതവും ആത്യന്തികവുമായ ആനന്ദത്തിന്റെ അവസ്ഥയാണ്. മറ്റൊരു ശുദ്ധീകരണപ്രക്രിയയും ആവശ്യമില്ലാതെ ദൈവകൃപയിൽ മരിക്കുന്നവർ യേശു, മറിയം, മാലാഖമാർ, വിശുദ്ധർ എന്നിവർക്കു ചുറ്റും ഒന്നിച്ചു കൂട്ടപ്പെട്ടിരിക്കുന്നു. ഇപ്രകാരം, സ്വർഗത്തിലെസഭ രൂപംകൊള്ളുന്നു, അവർ ദൈവത്തെ "മുഖാമുഖം" (Beatific) (1 കോറി 13,12) കാണുന്നു. പരിശുദ്ധത്രിത്വവുമായി സ്നേഹത്തിന്റെ കൂട്ടായ്മയിൽ ജീവിക്കുന്നു. നമുക്കായി മാദ്ധ്യസ്ഥ്യംയാചിക്കുന്നു (CCC.1024).

"യഥാർത്ഥവും നിലനില്ക്കുന്നതുമായ ജീവിതം അടങ്ങിയിരിക്കുന്നത് ഇതിലാണ്; പിതാവ് പുത്രനിലൂടെയും പരിശുദ്ധാത്മാവിലൂടെയും തന്റെ സ്വർഗീയഭാഗ്യങ്ങൾ ഒരു ഉറവയിൽ നിന്നെടുത്തതുപോലെ നാമെല്ലാവരുടെയുംമേൽ ചൊരിയുന്നു. അവിടത്തെ കാരുണ്യംമൂലം മനുഷ്യരായ നമുക്ക് നിത്യജീവന്റെ നന്മകൾ വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നു" – ജറുസലേമിലെ വിശുദ്ധസിറിൾ.

## ക്രിസ്തുവും സ്വർഗവും തമ്മിലുള്ളബന്ധം

അനാദിയിലേ പിതാവിനോടൊത്ത് സ്വർഗത്തിൽ വസിച്ചിരുന്നവനാണ് യേശു (യോഹ 17,5). അവിടന്ന് പിതാവിന്റെ മടിയിൽ മറഞ്ഞിരുന്നവനാണ് (യോഹ 1,18). യേശു ഭൂമിയിലേക്കുവന്നത് സ്വർഗത്തിൽനിന്നാണ് (യോഹ 3,13). താൻ സ്വർഗത്തിൽനിന്നിറങ്ങി, വന്ന ജീവനുള്ള അപ്പമാണെന്ന് യേശു സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,33 –51) യേശുവിന്റെ മാമ്മോദീസാവേളയിലും (മത്താ 3,16–17), രൂപാന്തരീകരണസമയത്തും (മത്താ 17,5) അവിടന്ന് അസ്വസ്ഥനായപ്പോഴും (യോഹ 12,27) സ്വർഗത്തിൽനിന്നുള്ള അശരീരി വാക്യങ്ങൾ യേശുവിന്റെ ദൈവികതയ്ക്ക് സാക്ഷ്യംവഹിച്ചു. ഉത്ഥാനത്തിനുശേഷം യേശു സ്വർഗത്തിലേക്കാണ് മടങ്ങിപ്പോയത്.

ജീവിതവിശുദ്ധിയാണ് സ്വർഗീയജീവിതത്തിലേക്ക് നമ്മെ നയിക്കുന്നത്. ദൈവ സ്നേഹത്തിലും പരസ്പരസ്നേഹത്തിലും ജീവിച്ചിട്ടുള്ള വ്യക്തി മരണാനന്തരം ദൈവത്തെ അഭിമുഖമായി ദർശിച്ച് ആനന്ദിക്കുന്ന അവസ്ഥയാണ് സ്വർഗം.

യേശുവിന്റെ സ്വർഗാരോഹണം, സ്വർഗീയജീവിതത്തെക്കുറിച്ചുള്ള ഉറപ്പ് നമുക്കു നല്കുന്നു (മത്താ 16,19; ലൂക്കാ 24,50.51; അപ്പ 1,6-11). പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗാരോപണവും നമുക്ക് സ്വർഗീയമായജീവിതത്തിനുള്ള കൂടുതൽ പ്രത്യാശയും ഉറപ്പും നല്കുന്നുണ്ട്. മനുഷ്യവ്യക്തികളിൽ ആത്മശരീരസമന്വിതയായി സ്വർഗാരോഹണം ചെയ്തത് പരിശുദ്ധ കന്യകാമറിയം മാത്രമാണ്.

## സ്വർഗസൗഭാഗ്യം

സ്വർഗസൗഭാഗ്യം എന്താണെന്ന് നമുക്ക് പൂർണമായി മനസ്സിലാക്കാൻ സാദ്ധ്യമല്ല. ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതാണ് അവിടത്തെ സൗഭാഗ്യത്തിന്റെ ഏറ്റവും ഉന്നതമായ സത്ത. സ്വർഗസൗഭാഗ്യത്തിന്റെ രഹസ്യാത്മകത വെളിവാക്കുന്ന വചനങ്ങൾ ശ്രദ്ധിക്കുക:

“ദൈവം തന്റെ നീതിമാന്മാർക്കായി ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യം കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ല” (1 കോറി 2,9).

“നമുക്കു വെളിപ്പെടാനുള്ള മഹത്ത്വത്തോട് തുലനംചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു” (റോമാ 8,18). അപ്പോൾ, “നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും” (മത്താ 13,43).

വിശുദ്ധ അഗസ്റ്റിന്റെ വാക്കുകളിൽ, സ്വർഗത്തിൽ സുനിശ്ചിതവും പരമോന്നതവുമായ സുരക്ഷിതത്വമുണ്ട്. സുരക്ഷിതമായഹൃദ്യത, ഹൃദയപൂർണമായ സൗഭാഗ്യം, സൗഭാഗ്യപൂർണമായ നിത്യത, നിത്യമായ ദൈവസ്പർശം. അവിടെ നാം വിശ്രമിക്കുന്നു, വിശ്രമിച്ചുകൊണ്ട് കാണുന്നു, കണ്ടുകൊണ്ട് സ്തുതിക്കുന്നു. സ്തുതിച്ചുകൊണ്ട് സ്നേഹിക്കുന്നു. സ്നേഹിച്ചുകൊണ്ട് ദൈവികസൗഭാഗ്യത്തിൽ പങ്കാളികളാകുന്നു.

## സ്വർഗസൗഭാഗ്യത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ

ജ്ഞാനസ്നാനം സ്വീകരിച്ചശേഷം ഒരുവിധ പാപക്കറയും സ്പർശിച്ചിട്ടില്ലാത്തവരും പാപത്താൽ മലിനമായശേഷം ആ മാലിന്യത്തിൽനിന്നെല്ലാം ശുദ്ധീകരിക്കപ്പെട്ടവരും സ്വർഗത്തിലേക്ക് സംവഹിക്കപ്പെടും (രണ്ടാം ലിയോൺസ് കൗൺസിൽ 1274).

- ✸ പാപക്കറയിൽനിന്ന് ശുദ്ധീകൃതരായവരും മോക്ഷത്തിൽ ഉടനടി സ്വീകരിക്കപ്പെടുന്നവരുമായവർക്ക് ത്രിത്വൈകദൈവത്തെ, അവിടത്തെ തനിരൂപത്തിൽ വ്യക്തമായി കാണാൻസാധിക്കും. തങ്ങൾ സമ്പാദിച്ചിട്ടുള്ള പുണ്യയോഗ്യതകളുടെ ഏറ്റക്കുറവനുസരിച്ച് അവർക്ക് ദൈവദർശനം ലഭിക്കും (ഫ്ളോറൻസിലെ എക്യുമെനിക്കൽ സൂനഹദോസ്).
- ✸ ശുദ്ധീകരണം ആവശ്യമില്ലാത്ത എല്ലാ ആത്മാക്കളും, ആവശ്യമെങ്കിൽ അതു കഴിഞ്ഞവരും തങ്ങളുടെ മരണശേഷം ക്രിസ്തുവിനോടും വിശുദ്ധരായ മാലാഖമാരുടെ ഗണത്തോടുകൂടെ സ്വർഗത്തിൽ ദൈവസത്തയെത്തന്നെ അഭിമുഖം ദർശിക്കുന്നു (ബെനഡിക്ട് XII).
- ✸ സ്വർഗത്തിൽ ലഭിക്കുന്ന ദൈവദർശനത്തിൽ ആത്മാവ് അതിസ്വാഭാവികമായ പ്രകാശത്താൽ ഉയർത്തപ്പെടുന്നതുമൂലം അതിന്റെ ദൃഷ്ടികൾക്കും ശക്തികൾക്കും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നേരിൽകാണുന്നതിനും പരിശുദ്ധവും അവിഭാജ്യവുമായ ത്രിത്വം അനുഭവിക്കുന്ന സൗഭാഗ്യത്തിനു സദൃശമായ സൗഭാഗ്യമനുഭവിക്കുന്നതിനും ഇടയാകുന്നു (പന്ത്രണ്ടാം പിയൂസ് പാപ്പാ, മിസ്റ്റിക്കൽ ബോഡി, 1943).

സഭയുടെ ഈ പ്രബോധനങ്ങളെല്ലാം സൂചിപ്പിക്കുന്നത് മനുഷ്യമനസ്സ് അഭിലഷിക്കുന്നത് നന്മയിൽ ആനന്ദംകണ്ടെത്താനും നിർവൃതിയടയാനുമാണ് എന്നത്രേ. കാരണം, എല്ലാവരും അവിടത്തെ നന്മയിൽ പങ്കാളികളാകുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പരമനന്മയായ ദൈവംതന്നെയാണ് മനുഷ്യന്റെ ആത്യന്തിക ലക്ഷ്യവും ജീവിതസാക്ഷാത്കാരവും.

### സൗഭാഗ്യപൂർണമായ മരണത്തിനുള്ള മാർഗങ്ങൾ

അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക.
പരിശുദ്ധകന്യകാമറിയത്തോടുള്ളഭക്തി.
ജപമാലഭക്തി.
വിശുദ്ധ യൗസേപ്പിതാവിനോടുള്ള പ്രത്യേകമാദ്ധ്യസ്ഥ്യം.
ലൗകികജീവിതത്തിന്റെ നിസ്സാരതയെക്കുറിച്ച് ബോദ്ധ്യമുള്ളവരാകുക.
നമ്മുടെ സഹനം ക്രിസ്തുവിന്റെ സഹനങ്ങളോട് ചേർത്തുമനസ്സിലാക്കുക.
മറ്റുള്ളവരിൽ ദൈവത്തെ ദർശിച്ച് അവർക്ക് നന്മചെയ്യുക.
പ്രതികാരം, വെറുപ്പ്, പക എന്നിവ ഉപേക്ഷിക്കുക.
സുവിശേഷാദർശങ്ങൾക്കൊത്ത് ജീവിക്കുക.

## നരകശിക്ഷ

ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുന്ന ഒരു നരകമുണ്ടെന്നും അവർ പീഡയനുഭവിക്കുന്ന അവസ്ഥയാണതെന്നും പല മതങ്ങളും പഠിപ്പിക്കുന്നു. ഹൈന്ദവദർശനത്തിൽ നിത്യമായ നരകത്തെപ്പറ്റി പ്രതിപാദിക്കുന്നത് മത്വാചാര്യരാണ്. പാപികൾ പരസ്പരം കുറ്റപ്പെടുത്തുകയും ശപിക്കുകയുംചെയ്യുന്ന ശാശ്വതപീഡകളുടെ സ്ഥലമായ നരകത്തിലേക്ക് സത്യനിഷേധികളെ അള്ളാഹു കൈവിടുമെന്ന് ഖുർആൻ പഠിപ്പിക്കുന്നു. തിന്മ പ്രവർത്തിച്ചവർക്ക് മരണാനന്തരം നരകശിക്ഷ ലഭിക്കുമെന്നാണ് സൊരവാസ്ട്രിയൻ മതം കരുതുന്നത്. ആധുനിക യഹൂദപണ്ഡിതരുടെ വീക്ഷണത്തിൽ, നരകം ഒരു ശുദ്ധീകരണസ്ഥലമാണ്. അതായത്, താത്കാലികശിക്ഷയുടെ സ്ഥലം.

## നരകശിക്ഷ വിശുദ്ധഗ്രന്ഥത്തിൽ

മരണശേഷമുള്ള ശിക്ഷയെക്കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലും ധാരാളം പരാമർശങ്ങൾ കാണാം. പലസ്തീനായിലെ ജനങ്ങൾ വച്ചുപുലർത്തിയിരുന്ന വിശ്വാസങ്ങളോട് വളരെയേറെ ബന്ധപ്പെട്ടവയാണ് പഴയനിയമപഠനങ്ങൾ. പുതിയനിയമപഠനങ്ങളാകട്ടെ, യഹൂദവിശ്വാസത്തിന്റെയും സമകാലികചിന്താധാരകളുടെയും പശ്ചാത്തലത്തിൽ രൂപപ്പെട്ടവയാണ്. ഈ വസ്തുത മനസ്സിലാക്കിവേണം, നിത്യശിക്ഷ സംബന്ധിച്ച വേദപുസ്തകഭാഗങ്ങൾ വിലയിരുത്താൻ.

## പഴയനിയമത്തിൽ

ദുഷ്ടർക്കെതിരായ ദൈവകോപത്തെക്കുറിച്ച് പഴയനിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്:

"എല്ലാജനവും എന്നെ ആരാധിക്കാൻ എന്റെ മുമ്പിൽവരും. അവർ വെളിയിലേക്കുപോവുകയും എനിക്കെതിരായി പാപംചെയ്ത മനുഷ്യരുടെ മൃതശരീരങ്ങൾ കാണുകയും ചെയ്യും. അവരുടെ പുഴു ഒരിക്കലും നശിക്കുകയോ അവരുടെ അഗ്നി ഒരിക്കലും ശമിക്കുകയോ ഇല്ല" (ഏശ 66,23.24).

യഹൂദവിശ്വാസപ്രകാരം മരിച്ചവൻ ഷെയോളിലേക്കുപോകുന്നു. ഷെയോൾ എന്നതുകൊണ്ട് യഹൂദർ അർത്ഥമാക്കിയിരുന്നത് ഒരിക്കലും തിരിച്ചുവരാനാകാത്ത, ഭൂമിക്കിടയിൽ സ്ഥിതിചെയ്യുന്ന അന്ധകാരത്തിന്റെയും പീഡകളുടെയും സ്ഥലമെന്നാണ്. സർവരാലും അവമതിക്കപ്പെട്ട ഇവിടം ഭൂമിക്കടിയിലെവിടെയോ ഉള്ള ഒരു ഗർത്തമാണെന്ന് യഹൂദർ വിശ്വസിച്ചു. ഈ ആശയം ജോബിന്റെ പുസ്തകത്തിൽ കാണുന്നുണ്ട്

(ജോബ് 7,9). ചെളിയും പുഴുവുംനിറഞ്ഞസ്ഥലമാണ് ഷെയോൾ. ഇവിടെ തങ്ങളുടെ പൂർവപിതാക്കന്മാരെ ദർശിക്കാമെന്നതാണ് മരിച്ചവരുടെ ഏക ആശ്വാസം.

യഹൂദരുടെ ഈ ചിന്താഗതിയിൽ പില്ക്കാലത്ത് മാറ്റംവന്നു. മരണാനന്തരം, രണ്ടു വ്യത്യസ്തസ്ഥലങ്ങളുള്ളതായി അവർ ചിന്തിച്ചുതുടങ്ങി. ഗേഹന്നാ(Gehanna)യും പറുദീസയും. ദുഷ്ടന്മാർ ഗേഹന്നായിൽ പീഡിപ്പിക്കപ്പെടുന്നു. നല്ലവരാകട്ടെ, പറുദീസയിൽ, അഥവാ അബ്രാഹത്തിന്റെ മടിയിൽ പുനരുത്ഥാനവും കാത്തുകഴിയുന്നു. പഴയനിയമത്തിൽ നരകത്തെപ്പറ്റിയും ഷെയോളിനെപ്പറ്റിയുമെല്ലാം പ്രതിപാദനങ്ങളുണ്ട്. എങ്കിലും, നരകത്തിന്റെ സ്വഭാവം അവ്യക്തമായേ അവ വെളിപ്പെടുത്തുന്നുള്ളൂ. പുതിയനിയമത്തോടെമാത്രമാണ് നിത്യനരകവും നിത്യസ്വർഗവും കൂടുതൽ വ്യക്തമാക്കപ്പെടുന്നത്.

## പുതിയനിയമത്തിൽ

യഹൂദരുടെ മരണാനന്തര ജീവിതസങ്കല്പങ്ങളിൽനിന്നാണ് നരകത്തെയും ശുദ്ധീകരണസ്ഥലത്തെയും സംബന്ധിക്കുന്ന ആശയങ്ങൾ പുതിയനിയമത്തിൽ രൂപപ്പെട്ടത്. ക്രിസ്തുവിന്റെ അന്യാപ്രദേശങ്ങളിൽ നിത്യവിധിയെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ ധാരാളമായി കാണാം. കളകളുടെ ഉപമ (മത്താ 13,24-43), വലയുടെ ഉപമ (മത്താ 13,47 -50), വിവാഹവിരുന്നിന്റെ ഉപമ (മത്താ 22,1-14) കന്യകമാരുടെ ഉപമ (മത്താ 25,1-13) താലന്തുകളുടെ ഉപമ (മത്താ 15,14-30) എന്നിവയിലെല്ലാം, 'വിലാപവും പല്ലുകടിയുമുള്ള', പുറത്തുള്ള സംസ്കാരത്തെക്കുറിച്ചും 'എരിയുന്ന തീയെക്കുറിച്ചും' മറ്റുമുള്ള പ്രസ്താനവനകൾ കാണാം. യേശുവിന്റെ പ്രബോധനങ്ങളിലും നരകത്തെപ്പറ്റി ധാരാളം പരാമർശങ്ങളുണ്ട്. ഉദാഹരണത്തിന്, സഹോദരനെ വിഡ്ഢി എന്നുവിളിക്കുന്നവൻ നരകാഗ്നിക്കിരയായിത്തീരും (മത്താ 5,2).

“ശരീരമാകെ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത് അവയവങ്ങളിലൊന്ന് നഷ്ടപ്പെടുകയാണ്” (മത്താ 5:29).

വിശുദ്ധയോഹന്നാനും വിശുദ്ധപൗലോസും നരകശിക്ഷയെക്കുറിച്ചു പ്രതിപാദിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ പ്രകാശംനഷ്ടപ്പെട്ട് ജീവനില്ലാത്ത അവസ്ഥയാണു 'മരണം' 'രണ്ടാമത്തെ മരണ'മെന്നാണ് നിത്യനരകത്തെ യോഹന്നാൻ വിളിക്കുന്നത്. നിത്യമായി മരിക്കുന്നവർ അഗ്നിത്തടാകത്തിലേക്ക് എറിയപ്പെടുന്നുവെന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (വെളി 20,14).

ക്രിസ്തുവിലുള്ള നീതിമത്കരണത്തോടുബന്ധപ്പെടുത്തിയാണ് വിശുദ്ധപൗലോസ് നരകത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ദൈവത്തിൽനിന്നുള്ള നിത്യമായ അകല്ച്ചയായാണ് അദ്ദേഹം നരകത്തെ കാണുന്നത്.

"സ്വാർത്ഥമതികളായി, സത്യം അനുസരിക്കാതെ, ദുഷ്ടതയ്ക്കു വഴങ്ങുന്നവർ കോപത്തിനും ക്രോധത്തിനും പാത്രമാകും" (റോമാ 2,8) ഗ്രസിക്കുന്ന അഗ്നിയാണു പാപംചെയ്യുന്നവർക്കു പ്രതിസമ്മാനമെന്ന് ഹെബ്രായർക്കുള്ള ലേഖനം വ്യക്തമാക്കുന്നു (ഹെബ്രാ 10:27).

സ്വർഗസൗഭാഗ്യത്തിനുവിരുദ്ധമായി ദുഷ്ടരെ പീഡിപ്പിക്കുന്ന രണ്ടുവ്യത്യസ്ത സ്ഥലങ്ങളെപ്പറ്റി, പാതാളവും (Hades) നരകവും (Gehanna), സുവിശേഷങ്ങൾ സൂചിപ്പിക്കുന്നുണ്ട്. പാതാളത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങളിൽ, സുവിശേഷം ഒരിടത്തു മാത്രമേ പീഡയുടെ സ്ഥലമായി പാതാളത്തെ കണക്കാക്കുന്നുള്ളൂ. ധനവാന്റെയും ലാസറിന്റെയും ഉപമ (ലൂക്കാ 16,22,23) കാണുക.

## ഗേഹന്ന (Gehenna)

ഈ പദമാണ് നരകമെന്നു വിവർത്തനം ചെയ്തിട്ടുള്ളത്. ഹിന്നോം (Hinnom) എന്ന പദത്തിൽനിന്നാണ് ഗേഹന്ന എന്ന വാക്ക് ഉദ്ഭവിക്കുന്നത്. പഴയനിയമകാലത്ത് ദൈവഭയവും ദൈവവിശ്വാസവുമില്ലാത്ത രാജാക്കന്മാർ ഇവിടെ നരബലി നടത്തിയിരുന്നതായി ചരിത്രരേഖയുണ്ട്. ആഹാസ്‌രാജാവ് തന്റെ പുത്രന്മാരെ ബലികഴിപ്പിച്ചതയി ദിനവൃന്താന്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (2 ദിന 28,3). പില്ക്കാലത്ത് ഹിന്നോം സർവരാലും വെറുക്കപ്പെട്ട സ്ഥലമായിത്തീർന്നു. കാലന്തരത്തിൽ നഗരത്തിലെ ചപ്പുചവറുകളിടുന്ന സ്ഥലമായി ഇതുമാറി. ചപ്പുചവറുകൾ കൂടിക്കിടക്കുമ്പോൾ അവിടെ പുഴുക്കളുണ്ടാകുന്നു. കൂടിക്കിടക്കുന്ന ചപ്പുചവറുകൾ കത്തിച്ചുകളയാനായി തീയിടുന്നു. വീണ്ടും ചപ്പുചവറുകൾ കൂടുമ്പോൾ പുഴുക്കൾ ഉണ്ടാവുകയും തീയിടുകയും ചെയ്യും. ഇ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നതിനാൽ അവിടെ പുഴുക്കളും തീയും ഒരിക്കലും ഇല്ലാതാകുന്നില്ല. ക്രമേണ ഹിന്നോം തീയുംപുഴുവുംനിറഞ്ഞ അശുദ്ധിയുടെ പ്രതീകമായി മാറി. ഈ പ്രതിരൂപത്തിന്റെ പശ്ചാത്തലത്തിലാണ് കാലക്രമത്തിൽ നിത്യശിക്ഷയുടെ പ്രതീകമായി ഗേഹന്ന അഥവാ നരകം പ്രയോഗത്തിൽവന്നത്. ശിക്ഷ സൂചിപ്പിക്കാൻ ഈ പ്രതിരൂപംതന്നെ ഏശയ്യാപ്രവാചകനും ഉപയോഗിച്ചിട്ടുണ്ട് (ഏശ 66,24).

ഇംഗ്ലീഷ്സാഹിത്യകാരനും ആംഗ്ലിക്കൻസഭാംഗവുമായ ആർനോൾഡ് ലൺ കത്തോലിക്കാവിശ്വാസം സ്വീകരിക്കുകയുണ്ടായി. എന്തുകൊണ്ട് കത്തോലിക്കാവിശ്വാസം സ്വീകരിച്ചു എന്നു ചോദിച്ചപ്പോൾ ഇപ്രകാരം മറുപടിപറഞ്ഞു: "ക്രിസ്തു ദൈവമാണെങ്കിൽ ആർക്കും നരകത്തിന്റെ അസ്തിത്വം നിഷേധിക്കാൻ സാധ്യമല്ല. ലോകചരിത്രവും വിശുദ്ധഗ്രന്ഥവും പഠിക്കുമ്പോൾ ക്രിസ്തു ദൈവമാണെന്നു ബോധ്യമാകും. സത്യദൈവമായ ക്രിസ്തു ഇരുപത്തൊമ്പതുപ്രാവശ്യം നരകത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അരുൾചെയ്തിട്ടുണ്ട്. ആ ഒരു ചിന്തയാണ് ആംഗ്ലിക്കൻസഭ പരിത്യജിച്ച് കത്തോലിക്കാവിശ്വാസം സ്വീകരിക്കാൻ എന്നെ പ്രേരിപ്പിച്ചത്".

### പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന

എല്ലാ മതസ്ഥരും പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പഴയകാലത്തും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പാരമ്പര്യമുണ്ട്.

മരിച്ചവർ തങ്ങളുടെ പാപങ്ങളിൽനിന്നു വിമുക്തമാകുന്നതിന് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് പരിശുദ്ധവും നല്ലതുമാകുന്നു.



"പുനരുത്ഥാനം ഉണ്ടാകുമെന്നുറച്ച് യൂദാസ് ചെയ്ത ഈ പ്രവൃത്തി ശ്രേഷ്ഠവും ഉചിതവും തന്നെ" (2 മക്ക 12,43-45).

സഭാപിതാക്കന്മാരും വേദപാരംഗതരും വിശുദ്ധരും വിശുദ്ധഗ്രന്ഥപണ്ഡിതരും ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വവും അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുന്നു.

"മരണമടഞ്ഞ നമ്മുടെ സഹോദരന്മാരുടെ ആത്മാക്കളുടെ പാപങ്ങൾ സർവേശ്വരൻ കൃപചെയ്തു പൊറുത്ത് അവരെ മോക്ഷത്തിൽ ചേർത്തുകൊള്ളുവാൻ തക്കവണ്ണം നാം പ്രാർത്ഥിക്കണം" - വിശുദ്ധ ക്ലെമന്റ് പാപ്പാ.

ആരെങ്കിലും മനുഷ്യപുത്രനെതിരായി ഒരു വാക്കുപറഞ്ഞാൽ അത് ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല (മത്താ 12,32; മർക്കോ 3,28.29). ഇത് ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വത്തിനുതെളിവായി പറയാവുന്നതാണ്.

ശുദ്ധീകരണാത്മാക്കൾ ലോകത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികളുടെ അപേക്ഷയാൽ മോചിതരാകുമെന്നത് സത്യമാകയാൽ, അവർക്കുവേണ്ടി ബലിയർപ്പിക്കുന്നതും പ്രാർത്ഥിക്കുന്നതും സത്കൃത്യങ്ങൾ അനുഷ്ഠിക്കുന്നതും തിരുസഭയുടെ പാരമ്പര്യവും കല്പനയുമാകുന്നുവെന്ന് ഫ്ളോറൻസ് സൂനഹദോസ് പ്രഖ്യാപിച്ചു (1431 -1445).

"ശുദ്ധീകരണസ്ഥലമുണ്ട്; അതിൽ ഉൾപ്പെട്ടിരിക്കുന്ന ആത്മാക്കൾ ദിവ്യപൂജയാലും വിശ്വാസികളുടെ പ്രാർത്ഥനയാലും ആശ്വാസവും സമാധാനവും അനുഭവിക്കും" (ത്രെന്തോസ് സൂനഹദോസ്).

നമ്മുടെ മാതാപിതാക്കന്മാർ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ എന്നിവരുടെ ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തു വേദനയനുഭവിക്കുന്നുണ്ടെങ്കിൽ അവരെ അവിടെനിന്നു മോചിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. അവർക്ക് മോചനത്തിനായി ഒന്നും തന്നെ ചെയ്യാൻ സാധ്യമല്ല. എന്നാൽ, അവർക്ക് അവരുടെ പ്രാർത്ഥനകളാലും സഹനത്താലും നമ്മെ സഹായിക്കാൻ സാധിക്കും. ദൈവം അനുവദിക്കുന്നിടത്തോളം നമ്മുടെ കാര്യങ്ങൾ അറിയാൻ സാധിക്കും.

വിശുദ്ധ ജോൺബോസ്കോയും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ കമില്ലോയും ഒരു ഉടമ്പടി ചെയ്തു: അവരിൽ ആദ്യം മരിക്കുന്ന വ്യക്തി അപരനു പ്രത്യ

ക്ഷനാകണം. കമില്ലോ ആദ്യം മരിച്ചു. ഒരു ദിവസം ജോൺബോസ്കോക്ക് കമില്ലോ പ്രത്യക്ഷനായി, പ്രാർത്ഥന അഭ്യർത്ഥിച്ചശേഷം അദ്ദേഹം അപ്രത്യക്ഷനായി (വിശുദ്ധ ജോൺ ബോസ്കോയുടെ ജീവചരിത്രം) ഇതുപോലെ എല്ലാവരും പ്രത്യക്ഷപ്പെട്ടു എന്നുവരില്ല. എന്നാൽ അവർ നമ്മുടെ പ്രാർത്ഥന പ്രതീക്ഷിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

## ഉപസംഹാരം

മനുഷ്യനായ ഒരാൾക്കും ഒഴിച്ചുകൂടാനാവാത്ത യാഥാർത്ഥ്യമാണ് മരണം. ഒരു ക്രൈസ്തവന് മരണം എന്നത് സ്വാഭാവികപരിണാമം എന്നതിനപ്പുറം നിത്യജീവിതത്തിലേക്കുള്ള കവാടമാണ്. മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നില്ല. ക്രിസ്തുവിന്റെ തിരുവുത്ഥാനം മരണത്തിന്റെമേലുള്ള പരിപൂർണവിജയമാണ്. മരണം മാത്രമാണ് ദൈവസന്നിധിയിൽ എത്തിച്ചേരാനും ദൈവവുമായി പരിപൂർണഐക്യം പ്രാപിക്കാനുമുള്ള ഏകമാർഗം. "പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും... ജീവിക്കുന്ന പിതാവ് എന്നെ അയച്ചു. ഞാൻ പിതാവു മൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" (യോഹ 6,40.57).

തയ്യാർദ് ഷർദ്ദാൻ ഇപ്രകാരം പറയുന്നു: "മരണത്തിൽ ദൈവത്തെ കണ്ടെത്താൻ നിങ്ങൾക്കു കഴിഞ്ഞാൽ മരണത്തെ നിങ്ങൾക്കു കീഴടക്കാനാവും". മരണത്തിൽ ദൈവത്തെ കണ്ടെത്തണമെങ്കിൽ നാം ക്രിസ്തുവിന്റെ പ്രബോധനമനുസരിച്ചു ജീവിക്കണം. ഒരു വൃക്ഷം എങ്ങോട്ടു ചാഞ്ഞുനില്ക്കുന്നുവോ ആ വശത്തേക്കാണു വീഴുക. ഇതുപോലെ, നമ്മുടെ ജീവിതകാലത്ത് ദൈവത്തോടും ക്രിസ്തുവിനോടുമുള്ള ആഭിമുഖ്യമുണ്ടായിരുന്നാൽമാത്രമേ ദൈവത്തെ പ്രാപിക്കാൻ നമുക്കു സാധിക്കുകയുള്ളൂ.

## സംശയനിവാരണം

### 1. മരിച്ചവർക്കുവേണ്ടി ജീവിച്ചിരുന്നവരായ നാം പ്രാർത്ഥിക്കേണ്ടതുണ്ടോ?

മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം. അതിനുശേഷം വിധി എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു (ഹെബ്രാ 9,27.8). എന്നാൽ വിധിക്കപ്പെടുന്ന ആ നിമിഷത്തിൽത്തന്നെ, പരമാനന്ദദായകമായ സൗഭാഗ്യദർശനത്തിന് എല്ലാവരും അർഹരാകുമെന്ന് ബൈബിൾ പറയുന്നില്ല. അന്തിമവിധിയെക്കുറിച്ചുള്ള കർത്താവിന്റെ വാക്കുകൾ കേൾക്കുക: "കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയംവരുന്നു. അപ്പോൾ നന്മചെ

യ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും" (യോഹ 5,28.29). സുകൃതം ചെയ്തവരോട് കർത്താവ് വീണ്ടും പറയുന്നു: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്നാൽ ദുഷ്ടരോട് അവിടന്നു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" (മത്താ 25,34-41). അതോടൊപ്പംതന്നെ മരിച്ചുപോയവർക്കുവേണ്ടി ഭൂവാസികൾ പ്രാർത്ഥനകളും സത്കൃത്യങ്ങളും നിർവഹിക്കുന്നത് രക്ഷാകരമായ ഒരു കൃത്യമാണെന്നും ബൈബിൾ പഠിപ്പിക്കുന്നു (2 മക്ക 13).

വിശന്നുപൊരിയുന്ന ഓരോ അഗതിക്കും ജീവൻ നിലനിറുത്താൻവേണ്ട ഭക്ഷണം നല്കാതിരിക്കുന്നത് പൈശാചികമായ തെറ്റാണ്. വെള്ളത്തിൽ മുങ്ങിത്താഴുന്ന ഒരുവനെക്കണ്ടിട്ട് സഹായഹസ്തം നീട്ടിക്കൊടുക്കാതിരിക്കുന്നത് കൊടുംപാപമാണ്. എങ്കിൽ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെക്കാൾ അടിയന്തിരസഹായം ആവശ്യമുള്ള വേറെ ആരാണുള്ളത്? ഭൂമിയിലെ ഏതുവിശപ്പും ദാഹവും മറ്റുവേദനകളും ശുദ്ധീകരണസ്ഥലവുമായി താരതമ്യംചെയ്യുമ്പോൾ ഒന്നുമല്ല. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ അടിയന്തിരസഹായം അർഹിക്കുന്നവരാണ്. അവർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകളും സത്കൃത്യങ്ങളും അവരെ ശുദ്ധീകരിച്ച് ദൈവസന്നിധിയിൽ പ്രവേശിക്കാൻ യോഗ്യരാക്കുന്നു.

### 2. എത്രകാലം ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തു കഴിയണം?

ആത്മാക്കൾ ശുദ്ധീകരണസ്ഥലത്ത് എത്രനാൾ കഴിയേണ്ടിവരുമെന്നത് താഴെപ്പറയുന്ന കാര്യങ്ങൾ ആശ്രയിച്ചിരിക്കുന്നു.

1 അവരുടെ തെറ്റുകളുടെ എണ്ണം.

2. എത്രമാത്രം ദുരുദ്ദേശ്യത്തോടും മനഃപൂർവമായും അവ ചെയ്തു?

3. ജീവിതകാലത്തു ചെയ്തപാപത്തിന്, ചെയ്ത പരിഹാരത്തിന്റെ അഥവാ ചെയ്യാത്ത പരിഹാരത്തിന്റെ തോത്.

4. അവർക്കായി മരണശേഷം സമർപ്പിക്കപ്പെടുന്ന പ്രാർത്ഥനകളുടെ അളവ്.

### 3. എങ്ങനെയാണ് ശുദ്ധീകരണാത്മാക്കളെ സഹായിക്കാൻ കഴിയുക

സഹായിക്കാനുള്ള ഒന്നാമത്തെ മാർഗം 'ശുദ്ധീകരണാത്മാക്കളുടെ സംഘ'ത്തിൽ ചേരുക എന്നതാണ്. അതിനുള്ള വ്യവസ്ഥകൾ ലളിതമാണ്:

ശുദ്ധീകരണാത്മാക്കൾക്കായി എന്നും ഒരു പ്രാർത്ഥന ചൊല്ലുക.

ആഴ്ചയിൽ ഒരു ദിവസത്തെ എല്ലാ പുണ്യപ്രവൃത്തികളും പ്രാർത്ഥനകളും സഹനങ്ങളും അവർക്കായി സമർപ്പിക്കുക.

എല്ലാ ദണ്ഡവിമോചനങ്ങളും അവർക്കായി അർപ്പിക്കുന്നു.

രണ്ടാമത്തെ മാർഗം ശുദ്ധീകരണാത്മാക്കൾക്കായി കുർബാനയർപ്പിക്കുക എന്നതാണ്. അവരെ മോചിപ്പിക്കാൻ അതാണ് ഏറ്റവും ഫലപ്രദമായ മാർഗം.

പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് കൂടുതൽ കുർബാനയർപ്പിക്കാൻ കഴിയാത്തവർ ഈ നിയോഗത്തോടെ കഴിയുന്നത്ര ദിവ്യബലികളിൽ പങ്കെടുക്കുക.

ധാരാളം ദണ്ഡവിമോചനമുള്ള ജപമാല ചൊല്ലുന്നതും ദണ്ഡവിമോചനം ഉൾക്കൊള്ളിച്ചിട്ടുള്ള കുർബാനവഴി നടത്തുന്നതും ശുദ്ധീകരണാത്മാക്കളെ സഹായിക്കുന്നതിനുള്ള വളരെ നല്ല മാർഗങ്ങളാണ്.

### 4. ശരീരത്തിന്റെ ഉയിർപ്പ് എന്നാലെന്താണ്?

"മനുഷ്യന്റെ ആത്യന്തികാവസ്ഥ ശരീരത്തിൽനിന്നു വേർപെട്ട അഭൗകികമായ ആത്മാവു മാത്രമാവില്ല, നമ്മുടെ മർത്യശരീരങ്ങളും ഒരുദിനം ജീവൻ വീണ്ടെടുക്കും" (CCC 203).

"ഒരു വ്യക്തിയുടെ മരണത്തോടെ ശരീരവും ആത്മാവും തമ്മിൽ വേർപിരിയുകയും ശരീരം ജീർണിക്കുകയും ചെയ്യുന്നു. എന്നാൽ അമർത്യമായ ആത്മാവാകട്ടെ, ദൈവിക വിധിയിലേക്കുനീങ്ങുകയും ക്രിസ്തുവിന്റെ തിരിച്ചുവരവിൽ രൂപാന്തരപ്പെട്ട് ഉയിർപ്പിക്കപ്പെടുന്ന ശരീരവുമായി സംയോജിതമാകാൻ കാത്തിരിക്കുകയും ചെയ്യുന്നു. ഉയിർപ്പ് എങ്ങനെ സംഭവിക്കും എന്ന അറിവ് നമ്മുടെ ബുദ്ധിയുടെയും ഭാവനയുടെയും കഴിവുകളെ അതിശയിക്കുന്നതാണ്" (CCC 997).

# വിശുദ്ധ അൽഫോൺസ



പ്രതിഭാശാലികളായ ചെമ്പകശ്ശേരി തമ്പുരാക്കന്മാരുടെ ആസ്ഥാനമായിരുന്നു കോട്ടയം ജില്ലയിലെ ആർപ്പൂക്കര എന്ന കൊച്ചുഗ്രാമം. മീനച്ചിലാറിന്റെ കൊച്ചോളങ്ങളുടെ താരാട്ടിൽ ശാന്തമായി ശയിക്കുന്ന ആ കൊച്ചുഗ്രാമത്തിലെ കുടമാളൂർ ഇടവകയിൽ 1910 ഓഗസ്റ്റ് 19-ന് ഒരു കൊച്ചുസുന്ദരി പിറന്നു. മുട്ടത്തുപാടത്ത് ഔസേപ്പിന്റെയും മുട്ടുചിറ പുതുക്കരയിൽ മറിയത്തിന്റെയും ദാമ്പത്യവല്ലരിയിൽ നാലാമത്തെ കുസുമമായി വിരിഞ്ഞ ആ കുഞ്ഞുമാലാഖയാണ് അന്നക്കുട്ടി- നമ്മുടെ അൽഫോൻസാമ്മ.

35-ാം വയസ്സിൽ അന്നക്കുട്ടിക്ക് ജന്മം നല്കി അധികം കഴിയുംമുമ്പേ അമ്മ മരിച്ചു. അമ്മയുടെ വേർപാടിൽ ദുഃഖിതയായ അന്നക്കുട്ടിയെ വളർത്തിയത് അവളുടെ പേരമ്മ (മാതൃസഹോദരി) മുറിക്കൽ കുടുംബത്തിൽ അന്നമ്മയാണ്. പേരമ്മയുടെ ആത്മീയ ചൈതന്യത്തിലും വാത്സല്യംനിറഞ്ഞ ശിക്ഷണത്തിലും അന്നക്കുട്ടി വളർന്ന് സുന്ദരിയായിത്തീർന്നു. അവൾക്ക് 15 വയസ്സ് പ്രായമായപ്പോൾമുതൽ ധാരാളം വിവാഹാലോചനകൾ വരാൻ തുടങ്ങി.

യേശുവിലുള്ള സ്നേഹത്തിലും പ്രാർത്ഥനയിലും വളർന്നുവന്ന അന്നക്കുട്ടിക്ക് വിവാഹജീവിതത്തെക്കുറിച്ച് സങ്കല്പിക്കാൻപോലും കഴിഞ്ഞിരുന്നില്ല. തന്റെ ജീവിതം പൂർണമായും യേശുവിനുള്ളതാണെന്ന് അവൾ കരുതി.

അന്നക്കുട്ടി ഈശോയെ തന്റെ മണവാളനായി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കിയ പേരമ്മ അവളെ വിവാഹത്തിനു നിർബന്ധിച്ചു. അന്നക്കുട്ടിയെ വിശേഷപ്പെട്ട ആഭരണങ്ങളും വസ്ത്രങ്ങളും കൊണ്ടുമോടിപിടിപ്പിക്കുന്നതിൽ പേരമ്മ വലിയ താത്പര്യം കാണിച്ചിരുന്നു. കസവുകവിണിയും വിലകൂടിയ മുണ്ടും ചട്ടയും അവളെ ധരിപ്പിച്ചു. അന്നക്കുട്ടിയുടെ പിതാവിനോടു ചോദിക്കാതെ അവർ കാരുപറമ്പിൽ കുട്ടിച്ചൻ എന്ന യുവാവുമായുള്ള അന്നക്കുട്ടിയുടെ വിവാഹത്തിന് വാക്കുകൊടുത്തു. എന്നാൽ അന്നക്കുട്ടി സമ്മതിച്ചില്ല. കൊച്ചുത്രേസ്യാപുണ്യവതിയെപ്പോലെ കന്യാസ്ത്രീയായി, ഈശോയുടെ മണവാട്ടിയായി ജീവിക്കാനും പുണ്യവതിയാകാനും അവൾ ആഗ്രഹിച്ചു. മഠത്തിൽചെന്ന് ചെറുപുഷ്പത്തെപ്പോലെ പുണ്യജീവിതം നയിക്കണമെന്ന് കർമലീത്ത മഠത്തിലെ മദർമരിയ അന്നക്കുട്ടിയെ ഉപദേശിക്കുമായിരുന്നു.

എന്നാൽ പേരമ്മയ്ക്ക് വാശിയായി. അന്നക്കുട്ടിയെ മഠത്തിൽ അയയ്ക്കുന്നതിനെക്കാൾ താൻ മരിക്കുകയാണു നല്ലതെന്ന് അവർ ചിന്തിച്ചു. താൻ കൊടുത്ത വാക്കിന് വിലയില്ലതാകരുതല്ലോ. ചെറുക്കന്റെവീട്ടുകാർ വിവാഹത്തിനായി ആഭരണം പണിതുകഴിഞ്ഞു. കാരുപറമ്പ് പള്ളിയിലെ വികാരിയച്ചനോടു പറഞ്ഞ് ഒത്തുകല്യാണത്തിന്റെ തീയതി നിശ്ചയിച്ചു.

അന്നക്കുട്ടി ആകെ ദുഃഖിതയായി. തന്റെ സൗന്ദര്യമാണ് എല്ലാത്തിനും കാരണമെന്നു ചിന്തിച്ച അവൾ തന്റെ സൗന്ദര്യം ഏതുവിധേനയും നശിപ്പിക്കണമെന്നു തീരുമാനിച്ചു. മുറിക്കൽ വീടിന്റെ കിഴക്കുവശത്തായി കൊയ്ത്തുകഴിയുമ്പോൾ പതിരും ഉമിയും കൂട്ടി തീയിട്ടു കത്തിച്ചിരുന്ന ഒരു വലിയ ചാരക്കുഴിയുണ്ടായിരുന്നു. ചാരക്കുഴിയിൽ കാലിറക്കിവച്ച് പൊള്ളി

ക്കാൻ അവർ തീരുമാനിച്ചു. 15 അടി നീളവും 3 അടി ഉയരവുമുണ്ടായിരുന്നു ചാരക്കുഴിക്ക്. അവൾ അരഭിത്തിയിൽ കയറിയിരുന്നു. പിന്നീടെന്താണു സംഭവിച്ചതെന്ന് അവൾക്കറിയില്ല. അവൽ ബാലൻസുതെറ്റി കുഴിയിൽവീണു. കാലുകൾ ഉമിയുടെ അടിത്തട്ടിലേക്ക് താഴ്ന്നുപോയി. അവിടെ അഗ്നികുണ്ഠം എരിഞ്ഞിരുന്നു. പൊള്ളലേറ്റ് അന്നക്കുട്ടി വാവിട്ടുകരഞ്ഞു. കരച്ചിൽകേട്ട് ഓടിയെത്തിയ വീട്ടുകാർ അവളെ രക്ഷിച്ചെങ്കിലും പൊള്ളലേറ്റ ഭാഗത്തെ വേദന അവൾ നീണ്ടകാലം അനുഭവിച്ചു. തന്റെ ദിവ്യമണവാളനായ ഈശോയ്ക്ക് ബലിവസ്തുവായി സമർപ്പിതമായ ശരീരം പൂർണമായും പ്രതിഷ്ഠിക്കാൻ അവൾ പ്രദർശിപ്പിച്ച അസാമാന്യത്യാഗവും സഹനവും സ്വർഗത്തിൽ അംഗീകരിക്കപ്പെട്ടു.

1927-ൽ 17 വയസ്സുള്ളപ്പോൾ അന്നക്കുട്ടി ഭരണങ്ങാനത്ത് ക്ലാരമഠത്തിൽ ചേർന്നു. പിറ്റേവർഷം ഓഗസ്റ്റ് 21-ന് വിശുദ്ധ അൽഫോൺസ് ലിംഗോരിയുടെ തിരുനാൾ ദിവസം അവൾക്ക് ശിരോവസ്ത്രം കിട്ടി. അവൾ അൽഫോൺസ എന്ന പേരും സ്വീകരിച്ചു.

ദിവ്യനാഥനുവേണ്ടി അത്യന്തം തീക്ഷ്ണതയോടെ പ്രവർത്തിക്കാനാരംഭിച്ച ആ സാധുകന്യക താമസിയാതെ രോഗബാധിതയായി. 1930-31 കാലഘട്ടത്തിൽ അവൾക്ക് രക്തസ്രാവം പിടിപെട്ടു. രോഗം അലട്ടിയ അസ്വസ്ഥതയും വേദനയുംനിമിത്തം അവൾ ഏറെസഹിച്ചു. ഒരു ഓപ്പറേഷനിലൂടെ അവൾക്ക് അല്പം ആശ്വാസം ലഭിച്ചെങ്കിലും പൂർണമായും സുഖംപ്രാപിച്ചില്ല. സന്ന്യസ്തജീവിതത്തിന്റെ ഭൂരിഭാഗവും അവൾക്ക് രോഗശയ്യയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു.

ശാരീരികമായ എല്ലാ കഷ്ടപ്പാടുകളും രോഗങ്ങളും സഹിക്കാൻ അൽഫോൺസ പ്രാർത്ഥനയിലൂടെ ശക്തി നേടിയിരുന്നു. എന്നാൽ മറ്റ് സഹോദരിമാർക്കുണ്ടായിരുന്ന ബുദ്ധിമുട്ടുകളോർത്തായിരുന്നു അവൾ കൂടുതൽ വേദനിച്ചിരുന്നത്.

1932 ജൂൺ മാസത്തിൽ വാകക്കാട്ട് സെന്റ് പോൾസ് സ്കൂളിൽ മൂന്നാംക്ലാസിലെ അധ്യാപികയായി അൽഫോൺസ നിയോഗിക്കപ്പെട്ടു. ഭരണങ്ങാനത്തുനിന്ന് പത്തുമൈൽ ആയിരുന്നു ഈ സ്കൂളിലേക്കുള്ള ദൂരം. രോഗത്തിന്റെ അലോസരങ്ങൾക്കിടയിലും അൽഫോൺസ സന്തോഷവതിയായിരുന്നു. ഒരു നല്ല മാതൃകാദ്ധ്യാപികയായി അവൾ കുട്ടികളുടെയും മാതാപിതാക്കളുടെയും സ്നേഹവും ആദരവും നേടിയെത്തു. കുഞ്ഞുങ്ങളിൽ ദൈവഭക്തി, സദാചാരം, ശുചിത്വം, സത്യസന്ധത, ഹൃദയശുദ്ധി എന്നീ പുണ്യങ്ങൾ വളർത്തിയെടുക്കാൻ അവൾ ഏറെ ശ്രമിച്ചിരുന്നു.

1935-ഓഗസ്റ്റ് 12-ന് വിശുദ്ധ ക്ലാരയുടെ തിരുനാളിൽ അല്ഫോൺസ നൊവിഷ്യേറ്റിൽച്ചേർന്നു. യുവസന്ന്യാസിനിമാരുടെ പരിശീലനത്തിന്റെ ചുമതല മദർ ഊർസ്വലയ്ക്കായിരുന്നു. മദർ ഊർസ്വലയെ അൽഫോൺസ സ്വന്തംമാതാവായി ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തു. കഠിനമായ പരിശീലനത്തിന്റെയും പരീക്ഷത്തിന്റെയും കാലമായിരുന്നു നൊവിഷ്യേറ്റ്. ദാരിദ്ര്യം, കന്യാത്വം, അനുസരണം എന്നീ മൂല്യങ്ങളിൽ ഉറച്ചുനില്ക്കാനുള്ള മനോധൈര്യവും പക്വതയും ശിക്ഷണബോധവും ഇക്കാലത്താണ് സന്യാസിനിമാർ ആർജിച്ചെടുക്കുന്നത്.

ഈശോയെ പ്രീതിപ്പെടുത്താനുള്ള ഒരവസരവും അൽഫോൺസ പാഴാക്കിയിരുന്നില്ല. രോഗശയ്യയിൽനിന്ന് എഴുന്നേല്ക്കാൻ ആരോഗ്യമുണ്ടായിരുന്നപ്പോഴെല്ലാം അവൾ മറ്റുരോഗികളെ ശുശ്രൂഷിക്കാനും അടുക്കളയിൽ പാചകജോലിയിൽ സഹായിക്കാനും ഏറെ താത്പര്യപ്പെട്ടു. അതുപോലെ, അലങ്കാരവേലകൾ ചെയ്തും കേടുവന്നതുണികൾ കേടുപാടുനീക്കിയും അവൾ പ്രവർത്തനനിരതയായി. “ദൈവമഹത്ത്വത്തിനും തിരുസഭയുടെ നന്മയ്ക്കുംവേണ്ടി എന്നാൽ സാധിക്കുന്നതെല്ലാം ചെയ്യുക എന്റെ കടമയാണ്” എന്ന് അവൾ പറഞ്ഞിരുന്നു.

അൽഫോൺസ മറ്റ് ചില തീരുമാനങ്ങളുമെടുക്കുകയും കർശനമായി പാലിക്കുകയും ചെയ്തു. അവൾ പറഞ്ഞു: “മറ്റുള്ളവരുടെ പ്രശംസയ്ക്കുവേണ്ടി ഞാൻ ഒന്നും ചെയ്യുകയില്ല. ആരെങ്കിലും എന്നെപ്പറ്റി എന്തെങ്കിലും പറഞ്ഞാൽ എതിർവാക്കുപറയാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കും. കഴിയുമെങ്കിൽ നല്ല വാക്കുപറയും. അതുമല്ലെങ്കിൽ ഒന്നും മിണ്ടാതെ

സഹിക്കും... കണ്ണടക്കത്തിൽ ഞാൻ പ്രത്യേകം ശ്രദ്ധിക്കും. ആറടി മുന്നോട്ടു മാത്രമേ ഞാൻ നോക്കുകയുള്ളൂ. മനസ്സറിവോടെയും സൂക്ഷ്മതയില്ലാതെയും എന്തെങ്കിലും നോക്കിപ്പോയാൽ ഞാനതിന് പ്രായശ്ചിത്തം ചെയ്യുന്നതാണ്..."

"ഈശോയേ, കാളാശ്ശേരി പിതാവിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുണ്ട്... ഞാനൊരു ജോലിയുമില്ലാതെ ഇവിടെ കട്ടിലിൽ കിടക്കുകയാണല്ലോ... അതിനാൽ, കർത്താവിന് ഇഷ്ടമാണെങ്കിൽ പിതാവിന്റെ രോഗം എനിക്കു തരണമേ". അൽഫോൺസാമ്മ പ്രാർത്ഥിച്ചതുപോലെ സംഭവിച്ചു. മെത്രാനച്ചന്റെ പനി വിട്ടുമാറി; അൽഫോൺസാമ്മ മലേറിയ ബാധിച്ച് കിടപ്പിലുമായി.

മറ്റുരോഗങ്ങൾക്കുപുറമേ, മലേറിയ കൂടിയായപ്പോൾ അവൾ കൂടുതൽ തളർന്നു. വിശപ്പുണ്ടെങ്കിലും കഴിക്കാനായില്ല. ഉറക്കം വരുന്നുണ്ടെങ്കിലും ഉറങ്ങാനായില്ല. ഈയവസ്ഥയിലും അവൾ പരാതിയില്ലാതെ പ്രാർത്ഥനയിലും ധ്യാനത്തിലുമായി സമയം ചെലവഴിച്ചു.

രോഗാവസ്ഥ മൂർച്ഛിച്ചപ്പോൾ അവൾ പറഞ്ഞു: "ഭാരക്കുറവുള്ള പക്ഷികൾക്ക് വളരെ വേഗത്തിൽ പറക്കാനാവും. ചില പക്ഷികൾ പറന്നാൽ ചിറകടിക്കുന്ന ശബ്ദംപോലും കേൾക്കില്ല. ഞാനും അതുപോലെ പറന്നുപോകും. നിങ്ങളാരും അറിയില്ല. ഒരു പാരവശ്യത്തോടെയായിരിക്കും എന്റെ മരണം".

1946- ജൂലൈ 28 ഞായറാഴ്ച. അന്ന് അമാവാസിയായിരുന്നു. അൽഫോൺസാ അതിരാവിലേ ഉണർന്നു. മുറിയുടെ അടുത്ത വരാന്തയിലിരുന്ന് അവൾ വിശുദ്ധകുർബാനയിൽ സംബന്ധിച്ചു. വൈദികൻ ദിവ്യബലിമധ്യേ സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ മുഴുകി. പെട്ടെന്ന് അവളുടെ രോഗം മൂർച്ഛിച്ചു. ഉടനേ അവൾ എഴുന്നേറ്റ് വേച്ചുവേച്ചു മുറിയിലെത്തി. കട്ടിലിൽകിടന്നു. ദുസ്സഹമായ വേദനയിൽ അവൾ പരവശയായി. സിസ്റ്റർമാരെല്ലാവരും ഓടി മുറിയിലെത്തി. സഹിക്കാൻ ശക്തി കിട്ടുമ്പോൾ "നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ", എന്ന് അവൾ സഹോദരിമാരോടു പറഞ്ഞു. "ഈശോ, മറിയം, യൗസേപ്പ്" എന്ന് ചെറിയസ്വരത്തിൽ അവൾ ഉരുവിട്ടു. പിന്നെ വൈകിയില്ല. അവർ പ്രവചിച്ചതുപോലെ ഒരു ശബ്ദംപോലുമുണ്ടാക്കാതെയാണ് ആ കിളി പറന്നുയർന്നത്.

ജൂലൈ 29 തിങ്കളാഴ്ച 9 മണിയോടെ സംസ്കാരചടങ്ങുകൾ ആരംഭിച്ചു. അവളുടെ ശരീരം സെമിത്തേരിയിലേക്ക് എടുത്തത് കന്യാസ്ത്രീമാർ തന്നെയായിരുന്നു. ക്ലാരമഠത്തിന്റെ ചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു അത്.

ചരമപ്രസംഗം നടത്തിയത് അവളുടെ കുമ്പസാരക്കാൻ റോമുളൂസ് അച്ചനായിരുന്നു. അദ്ദേഹം പറഞ്ഞു: "ഈ കന്യകയെ ഏറ്റവും അടുത്തറിഞ്ഞിട്ടുള്ള ചുരുക്കം ആളുകളിലൊരാൾ എന്ന നിലയിൽ ഞാൻ പറയുന്നു, കേരളത്തിലെന്നല്ല ഭാരതത്തിൽത്തന്നെ ഈ രണ്ടായിരം വർഷങ്ങൾക്കിടയിലുണ്ടായിട്ടുള്ള ഉൽകൃഷ്ട വ്യക്തികളിൽ, ദൈവസമക്ഷം വളരെ മാഹാത്മ്യംനേടിയ ഒരു പുണ്യകന്യകയുടെ ശവസംസ്കാരത്തിലാണ് നാം പങ്കുകൊള്ളുന്നത്. ദൈവം തിരുമനസ്സാകുന്നെങ്കിൽ, ഈ ഭരണങ്ങാനം, ഭാരതത്തിന്റെ ലിസ്യൂ ആയി പരിണമിക്കും. ദൈവം തിരുമനസാകുന്ന പക്ഷം, കർദ്ദിനാളന്മാർ തന്നെ ഇന്ന് അജ്ഞാതമായ ഈ കുഴിമാടം സന്ദർശിച്ചു പ്രാർത്ഥിക്കും.

ആത്മീയപിതാവിന്റെ പ്രവചനം ഫലമണിഞ്ഞുതുടങ്ങി. 1953-ഡിസംബർ 2-ന് അൽഫോൺസാമ്മയുടെ നാമകരണനടപടികൾ ആരംഭിച്ചു. 1957 ഏപ്രിൽ 13-ന് കബറിടം തുറന്ന് ആദ്യപരിശോധന നടത്തി. 1984-നവംബർ 9-ന് അവളെ ധന്യപദവിയിലേക്കുയർത്തി. 1985-ഏപ്രിൽ 12-ന് കബറടക്കം തുറന്നുള്ള രണ്ടാമത്തെ പരിശോധന നടത്തി. 1986-ഫെബ്രുവരി 8-ന് അൽഫോൺസാമ്മയെ വാഴ്ത്തപ്പെട്ടവളായി ആദരിച്ചു. 2008-ഒക്ടോബർ 12-ന് അൽഫോൺസാമ്മയെ ഭാരതത്തിലെ പ്രഥമ വിശുദ്ധയായി പ്രഖ്യാപിച്ചു. ഇന്നവർ സ്വർഗത്തിൽനിന്ന് ഏവർക്കും ധാരാളമായി അനുഗ്രഹധാര ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.